മോക്ഷത്തിന്റേയും കാമത്തിന്റേയും....
കാരുണ്യത്തിന്റേയും
കിനാവിന്റേയും....
സ്നേഹത്തിന്റേയും
സ്നേഹരാഹിത്യത്തിന്റേയും...



ബന്ധങ്ങളുടെ
അഴിയാചങ്ങലകളിലൂടെ,
മഹാനായ എഴുത്തുകാരൻ
നടത്തുന്ന
അവസാനിക്കാത്ത യാത്ര.

എം.ടി.വാസുദേവൻനായർ
എഴുതിയ നോവൽ

വാരാണസി

അടുത്ത ലക്കം മുതൽ (ഡിസംബർ 14) പ്രസിദ്ധീകരിച്ചുതുടങ്ങുന്നു

ഉള്ളടക്കം

7.12.2001

[illegible]

ആർ.എസ്.എസ്സിന്റെ ക്രൈസ്തവ രാഷ്ട്രീയം

28 ക്രൈസ്തവസമൂഹവുമായി പാലം നിർമ്മിക്കാൻ ആർ.എസ്.എസ് നേതൃത്വം നടത്തുന്ന ശ്രമങ്ങളിലെ രാഷ്ട്രീയത്തെപ്പററി നൈനാൻ കോശി

റിപ്പോർട്ട്

മലപ്പുറത്ത് സ്ത്രീകളുടെ ഉയിർത്തെഴുന്നേല്പ്

22 മലപ്പുറത്തെ സി.ഡി.എസിന്റെ ഭരണം കൈയടക്കാൻ ലീഗ് നടത്തുന്ന നീക്കങ്ങൾ
സജി ജെയിംസിന്റെ റിപ്പോർട്ടിൽ

കരിപുരണ്ട ജീവിതം കൊതിച്ചവരല്ല ഞങ്ങൾ

19 മേധാ പട്ക്കറുടെ കൊച്ചിയാത്രയെക്കുറിച്ചാണ് പി.രാമൻ എഴുതുന്നത്

ഗാന്ധിജിയെ എന്തിന് പഠിക്കണം

7 ഗാന്ധിജിക്ക് എതിരെ മുഖം തിരിഞ്ഞുനിൽക്കുന്ന കേരള യൂണിവേഴ്സിററിയെക്കുറിച്ച് ശശിധരൻ

എഴുത്തിന്റെ കാണാപ്പുറങ്ങൾ

60 സാഹിത്യവാരഫലം
എം.കൃഷ്ണൻ നായർ

പുസ്തകം: മാർക്സിനെ മനസ്സിലാക്കാൻ
അജയ് പി.മങ്ങാട്ട് 64

പുസ്തകം: കവിതയിലെ ആധുനികത: ഒരു സൂക്ഷ്മവായന
കെ.കെ.ഹിരണ്യൻ 65

പുസ്തകക്കുറിപ്പ് 67

പുസ്തകം: എഴുത്ത് പ്രതിരോധ പ്രവർത്തനമാകുമ്പോൾ
പി.എം.ഷുക്കൂർ 68

മുഖപ്രസംഗം

ആർ.എസ്.എസ്സിന്റെ (ബി.ജെ.പിയുടെ) ഗൂഢലക്ഷ്യങ്ങൾ 5

പംക്തികൾ

ഓർമ്മക്കുറിപ്പ്: വി. ജഗന്നാഥപണിക്കർ
എസ്.ജെ. 6

ആത്മകഥ: എന്റെ ജീവിതം
ജി.ജനാർദ്ദനക്കുറുപ്പ് 44

ജീവിതകഥ: ഞാൻ അതിജീവിച്ച അഗ്നിപരീക്ഷകൾ
കിഷോർ ശാന്താബായ് കാലേ
പരിഭാഷ: കെ.എസ്. വിശ്വംഭരദാസ് 46

ദൂരദർശനം: ഷാജി ജേക്കബ് 69

ജീവിതരേഖ: ചെന്താരശ്ശേരി
ചെറായി രാമദാസ് 71

ജീവിതം എന്നെ എന്തുപഠിപ്പിച്ചു: പി.കെ.പാറക്കടവ്
സമ്പാദകൻ: ടി.എൻ.ജയചന്ദ്രൻ 74

സമകാലികം

റിപ്പോർട്ട്: ഗാന്ധിജിയെക്കുറിച്ച്..
പി.ടി. തോമസ് 9

സ്പോർട്സ്: ക്രിക്കറ്റിൽ ഒരു മലയാളി
എൻ.എസ്. വിജയകുമാർ 10

കുറിപ്പ്: ധാർമ്മിക തകർച്ച.. 11

റിപ്പോർട്ട്: അരുവക്കോട് ക്ലബ്ബും ലീഗ് രാഷ്ട്രീയവും
കളത്തിൽ രാമകൃഷ്ണൻ 12

കുറിപ്പ്: ജലരേഖകൾ
എസ്. ഗോപാലകൃഷ്ണൻ 14

കുറിപ്പ്: ജീവിതത്തിന്റെ ആകുലതകൾ...
പി.എ. ഇബ്രാഹിംകുട്ടി 18

ലേഖനം: ചുവപ്പും പച്ചയും ഒരു സംവാദത്തിന്റെ ദിശാസൂചി
ജി.മധുസൂദനൻ 31

ലേഖനം: റബ്ബർമേഖലയിലെ പ്രതിസന്ധി
എസ്.മോഹനകുമാർ 34

സിനിമ: ഒരു ഉപവനത്തിൽ
ബിനു ശാർങ്ഗധരൻ 37

ലേഖനം: മാർക്കേസിന്റെ ജീവിതത്തിൽനിന്ന്
ജോൺ ലീ ആൻഡേഴ്സൺ
പരിഭാഷ: എലിസബത്ത് കോശി 40

ലേഖനം: കഥയറിയാതെ ആട്ടം കാണുന്നു
എൻ.പി.വിജയകൃഷ്ണൻ 50

കുറിപ്പ്: പ്രസാദാത്മകമായ കർമ്മധീരത
എ. പ്രഭാകരൻ 73

സാഹിത്യം

കഥ: ജാനുവമ്മ പറഞ്ഞ കഥ
മാധവിക്കുട്ടി 16

കവിത: ആത്മഹത്യയെക്കുറിച്ച് ഒരു പ്രബന്ധം
പ്രസാദ് 48

കഥ: ഗാഗുൽത്ത, മരങ്ങാട്ടുപിള്ളി വഴി
രാമചന്ദ്രൻ 52

നോവൽ: വിഷയവിവരം
പി.മോഹനൻ 55

നുറുങ്ങുകഥ: ഒരു സൈനികന്റെ അനുഭവം
ടി.ഗോപിനാഥ് 58

കവർ ഫോട്ടോ: കെ.രാജേഷ്കുമാർ

മുഖപ്രസംഗം

ആർ.എസ്.എസ്സിന്റെ (ബി.ജെ.പിയുടെ) ഗൂഢലക്ഷ്യങ്ങൾ

വടക്കേയിന്ത്യയിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾക്ക് മതപരിവർത്തന പരിപാടിയുമായി ബന്ധമുള്ളതായി ചിലരെങ്കിലും സംശയിക്കാറുണ്ട്. ഇന്ത്യയിൽ, വിശേഷിച്ച് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ബീഹാറിലെയും ഉത്തർപ്രദേശിലെയും പിന്നോക്ക പ്രദേശങ്ങളിലും ക്രൈസ്തവ മിഷണറിമാർ ഏർപ്പെട്ടിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായാണ് മതംമാറ്റപ്രവർത്തനങ്ങൾ നടക്കുന്നത്. (അഭ്യുന്നതി ആഗ്രഹിച്ച് ക്രൈസ്തവമതം സ്വീകരിച്ച കേരളത്തിലെ പിന്നോക്ക വിഭാഗക്കാർ അവശ ക്രിസ്ത്യാനികളായി അവശേഷിച്ചത് മറ്റൊരു ദുഃഖകഥ.) ഹിന്ദുക്കളുടെ മൊത്തം രക്ഷ സ്വയമേറ്റെടുത്തിരിക്കുന്ന ആർ.എസ്.എസ്സിനെ ഈ പ്രവർത്തനങ്ങൾ ക്ഷുഭിതമാക്കുന്നത് സ്വാഭാവികമാണ്.

ക്രൈസ്തവസഭ സ്വദേശിയാവണമെന്നും 'ഹിന്ദുരാഷ്ട്ര' ക്രമത്തിൽ അവർക്കുള്ള പങ്ക് പുനർനിർവചിക്കണമെന്നുമൊക്കെ ആർ.എസ്.എസ് നേതൃത്വം പറയുന്നതും ഈ ക്ഷോഭത്തിൽനിന്നാണ്. അങ്ങനെ അതിജീവനം ഉറപ്പാക്കാൻ 'കപ്പം' കൊടുത്തേ തീരൂ എന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ് ക്രൈസ്തവരുടെ എസ്റ്റാബ്ലിഷ്മെന്റ്. ആ തിരിച്ചറിവിൽനിന്നാണോ ആർ.എസ്.എസ് നേതാക്കളും ക്രൈസ്തവസഭാ നേതൃത്വവും കൂടിയാലോചനകളും കൂടിക്കാഴ്ചകളും ആരംഭിച്ചിരിക്കുന്നത്?

എന്നാൽ തെക്ക്, കേരളത്തിൽ ഇതല്ല സ്ഥിതി. ഇവിടെ ക്രൈസ്തവ ജനസാമാന്യം ന്യൂനപക്ഷമാണെങ്കിലും, പ്രധാന ധാരയിലെ നിർണ്ണായകശക്തിയാണ്.. കേരളത്തിന്റെ സാമ്പത്തിക ജീവിതത്തിൽ അവരുടെ സ്ഥാനം സുപ്രധാനമാണ്. അസൂയാവഹമായ ആ സ്ഥാനത്തെത്താൻ, അവരെ സഹായിച്ചത് കൊടുംകാടുകൾ വെട്ടിത്തെളിച്ച് പൊന്നുവിളയിച്ച മഹായാനങ്ങളുടെ ദുരിതചരിത്രമാണെന്ന് പക്ഷേ, പലരും ഓർക്കുന്നുണ്ടാവില്ല. വിദ്യാഭ്യാസ- ആതുരസേവന മേഖലകളിൽ അവർ നൽകിയിട്ടുള്ള സംഭാവന ആധുനിക കേരളത്തിന്റെ ചരിത്രംകൂടിയാണ്. അങ്ങനെ കേരളീയ ജീവിതത്തിൽ സമർഹമായ സ്ഥാനം നേടിയ ക്രൈസ്തവർ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ, എക്കാലവും വളരെ കരുതിയേ പ്രവർത്തിച്ചിട്ടുള്ളൂ. കോൺഗ്രസിന് പിന്തുണ നൽകുന്നതിൽപോലും, അവർ ദീക്ഷിച്ചിരുന്ന ഔചിത്യപൂർവ്വമായ വിവേകം ഇവിടെ ഓർമ്മിക്കാവുന്നതാണ്. അങ്ങനെയുള്ള ഒരു വിഭാഗം ജനങ്ങളുമായി സൗഹാർദ്ദം പുലർത്തുക മാത്രമാണോ ആർ.എസ്.എസ്സിന്റെ ഉദ്ദേശ്യം? ആർ.എസ്.എസ്സുകാർക്കുപോലും അത്തരമൊരു വ്യാമോഹം ഉണ്ടാവുമെന്നു തോന്നുന്നില്ല.

മതപരിവർത്തനത്തിനെതിരെ അക്രമത്തിന്റെ സ്വരത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുവഴി ക്രൈസ്തവരെ വരുതിയിൽ കൊണ്ടുവരുന്നതോടൊപ്പം അവരിലേയ്ക്ക് രാഷ്ട്രീയത്തിന്റെ സ്വാധീനം നിശ്ശബ്ദമായി എത്തിക്കാനും ആർ.എസ്.എസ് ശ്രമിക്കുന്നുണ്ട്. ആ തന്ത്രം പ്രാവർത്തികമാക്കുന്നതിൽ വ്യാപൃതമായിരിക്കുന്നത് ആർ.എസ്.എസ്സിൽനിന്നും ബി.ജെ.പിയിലേയ്ക്കും അതുവഴി കേന്ദ്ര മന്ത്രിസഭയിലും എത്തിയ രാജഗോപാലാണ്. ആർ.എസ്.എസ്സിന്റെ ഒരു 'മൃദുമുഖ'മാണദ്ദേഹം. ക്രൈസ്തവ ജനസാമാന്യത്തിലേയ്ക്ക് പതുക്കെയെങ്കിലും ചെന്നുകയറാൻ അദ്ദേഹത്തിന് അധികാരത്തിനു പുറമെ ഈ ഇമേജും സഹായകമായിട്ടുണ്ട്. ക്രൈസ്തവരെ, പ്രത്യേകിച്ച് സഭാ അദ്ധ്യക്ഷന്മാരെ സംബന്ധിച്ചിടത്തോളം അധികാരവുമായുള്ള സാമീപ്യസമ്പർക്കങ്ങൾ അത്യാവശ്യവുമാണ്. അങ്ങനെ സഹായം പരസ്പരപൂരകമാകുമ്പോൾ, മദ്ധ്യതിരുവിതാംകൂറിലെങ്കിലും സ്വന്തമായി ഒരിടം ഉണ്ടാക്കാൻ സാധിക്കുമെന്ന കണക്കുകൂട്ടലിലാണ് ആർ.എസ്.എസ്. ഹിന്ദുക്കളിലെ സവർണ്ണവിഭാഗങ്ങളിൽ ചെറുതല്ലാത്ത സ്വാധീനം സ്ഥാപിക്കാനായിട്ടുള്ള ആർ.എസ്.എസ്സിന് ക്രൈസ്തവരിലേയ്ക്കുകൂടി അത് വികസിപ്പിക്കാനായാൽ ഉണ്ടാവുന്ന രാഷ്ട്രീയനേട്ടം വളരെ വലുതായിരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കും നടന്ന തിരഞ്ഞെടുപ്പുകളിലെ കണക്കുകൾ സൂക്ഷ്മമായി അപഗ്രഥിക്കുന്നവർക്ക്, സാവധാനമെങ്കിലും പെരുകിവരുന്ന ഈ സ്വാധീനം കാണാതിരിക്കാനാവില്ല.

കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരിക്കും, ഈ ബന്ധം. രണ്ടു മുന്നണികളിലായി തട്ടുതിരിഞ്ഞുനിൽക്കുന്ന കേരളത്തിന്റെ രാഷ്ട്രീയചിത്രത്തെ അടിസ്ഥാനപരമായി തകിടം മറിക്കാൻ മാത്രമല്ല, ഇത് വഴിതെളിയിക്കുക. ഹിന്ദുത്വത്തിന്റെ തീക്കാറ്റിനായി പെരിയാറിന്റെയും പമ്പയുടെയും സമതലങ്ങൾ തുറന്നുകൊടുക്കൽ കൂടിയാവും ഇത്.■

ഓർമ്മക്കുറിപ്പുകൾ

വി.ജഗന്നാഥപ്പണിക്കർ

ഒരുപാട് സ്വപ്നങ്ങളും അതിഗൗരവമായ നിരവധി പരിപാടികളും സഫലമാക്കാതെയാണ് എഴുപതാമത്തെ വയസ്സിൽ ജഗന്നാഥപ്പണിക്കർ അന്തരിക്കുന്നത്. ആകസ്മികമായി പക്ഷാഘാതത്തിന്റെ പ്രഹരമേറ്റ് അവശനാകുമ്പോൾ, പൂർത്തീകരിക്കാത്ത തന്റെ സ്വപ്നപദ്ധതികൾ വൈകിയെങ്കിലും പൂർത്തിയാക്കാനാകുമെന്നുതന്നെ അദ്ദേഹം വിശ്വസിച്ചിരുന്നു. പക്ഷേ, വിധി മറിച്ചായിരുന്നു തീരുമാനിച്ചത്.

രാഷ്ട്രീയവും സാമൂഹികവുമായ ജീവിതത്തിൽ സഫലമായി ഇടപെടേണ്ടത്, ഏതൊരു ജനാധിപത്യ വിശ്വസിയുടെയും ബാദ്ധ്യതയാണെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രായോഗിക ജീവിതത്തിൽ അത്തരം ഇടപെടലുകൾ അപ്രതീക്ഷിതമായ എതിർപ്പുകളെ ക്ഷണിച്ചുവരുത്തുമെന്നു അറിയാമായിരുന്നിട്ടുകൂടി തന്റെ വിശ്വാസത്തിൽനിന്നും അകന്നുമാറാൻ പണിക്കർ തയ്യാറായില്ല. ജനസംഖ്യാ നിയന്ത്രണത്തിലൂടെ മാത്രമേ ഇന്ത്യക്ക് നിലനിൽക്കാനാവൂയെന്ന് ഏവരും അംഗീകരിക്കുകയും അതിനായി ഔദ്യോഗികവും അനൗദ്യോഗികവുമായ വിവിധ പദ്ധതികൾ നടപ്പാക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോഴാണ് അതിന്റെ ഭവിഷ്യത്ത് ഭയാനകമായിരിക്കുമെന്ന മുന്നറിയിപ്പുമായി, ക്രൂസിഫ്ക്ഷൻ ഓഫ് ദ അൺബോൺ എന്ന കൃതി അദ്ദേഹം രചിച്ചത്. മനുഷ്യവിഭവത്തെ ഒരു നാടിന്റെ അമൂല്യമായ മൂലധനമായാണ് അദ്ദേഹം സമീപിച്ചത്. വർത്തമാനകാലം, ആ സമീപനത്തെ ശരിവച്ചിരിക്കുകയല്ലേ? രാഷ്ട്രീയത്തിലും അതുപോലെ അദ്ദേഹത്തിന് കടുത്ത ഇഷ്ടങ്ങളും ഇഷ്ടക്കേടുകളുമുണ്ടായിരുന്നു. മാർക്സിസത്തിൽ അദ്ദേഹം സമ്പൂർണ്ണമായി വിശ്വസിച്ചു. ആ വിശ്വാസത്തിൽ ശാസ്ത്രീയമായ അടിത്തറയുണ്ടാക്കാൻ അദ്ദേഹം ക്യാപിറ്റലിസ്റ്റ് ഇക്കണോമിക്സിൽ വിദഗ്ദ്ധനായി. സാമുവൽസനെപ്പോലുള്ളവരുടെ കൃതികൾ ഓർമ്മയിൽനിന്ന് ഉദ്ധരിക്കാൻപോലും അദ്ദേഹത്തിന് സാധിച്ചിരുന്നു. മാർക്സിസത്തോടുള്ള പ്രതിജ്ഞാബദ്ധത, ഒരു പരിധിവരെ മറ്റു വിശ്വാസങ്ങളോടുള്ള അസഹിഷ്ണുതപോലും അദ്ദേഹത്തിൽ വളർത്തിയിരുന്നു. ഒരർത്ഥത്തിൽ, മാർക്സിസത്തോടുള്ള പണിക്കരുടെ സമീപനം യാഥാസ്ഥിതികമായിരുന്നു. അതുകൊണ്ടുതന്നെ സ്റ്റാലിനിസത്തിന്റെ കൊടുംക്രൂരതകളെ അമേരിക്കൻ ചാരഏജൻസിയുടെ കൃത്രിമക്കഥകളായി അദ്ദേഹം കണ്ടു. അവസാനം സോവിയറ്റ് യൂണിയൻ തകരുമ്പോൾ ഗോർബച്ചേവിനെ അതിന്റെ വില്ലനായാണ് പണിക്കർ ചിത്രീകരിച്ചത്.

റിസർവ് ബാങ്ക് ഉദ്യോഗസ്ഥനും അദ്ധ്യാപകനുമൊക്കെയായി പ്രവർത്തിക്കുമ്പോഴും അദ്ദേഹത്തിന്റെ ലക്ഷ്യം പത്രപ്രവർത്തനമായിരുന്നു. ഇന്ത്യൻ എക്സ്പ്രസിലും ദിനമണിയിലും കലാകൗമുദിയിലും കേരളകൗമുദിയിലും പ്രവർത്തിച്ചശേഷം സ്വന്തം ആശയാഭിലാഷങ്ങൾക്കനുസൃതമായി പത്രപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സ്വന്തമായി ഒരു പത്രം അദ്ദേഹം ആരംഭിച്ചു. ഈനാട് എന്ന പേരിൽ തുടങ്ങിയ ആ ദിനപത്രത്തെ വാർത്താപത്രമെന്നതിലുപരി, ആശയപ്രചാരണത്തിനുള്ള ഒരു വേദിയായാണ് അദ്ദേഹം കണ്ടത്. ഒരുപക്ഷേ, പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിലെ അപൂർവതയായിരിക്കാം, തന്റെ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനായി അദ്ദേഹം എഴുതിയ രണ്ടും മൂന്നും ലക്കങ്ങൾ നീണ്ടുപോകുന്ന മുഖപ്രസംഗങ്ങൾ. പലപ്പോഴും അവ തന്റെ വാദഗതികൾ സ്ഥാപിക്കുന്നതിനായി നടത്തിയ യുദ്ധങ്ങളായി.

എഴുത്തിനെയും എഴുത്തുകാരനെയും അഗാധമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന പണിക്കർ, സാമൂഹ്യജീവിതത്തിന് നൈതികത സംഭാവന ചെയ്യുന്നത് ചിന്താധനരായ എഴുത്തുകാരാണെന്ന് വിശ്വസിക്കുക മാത്രമല്ല, അതേപ്പറ്റി എഴുതുകയും ചെയ്തിരുന്നു. എഴുത്തുകാരോടുള്ള പണിക്കരുടെ ആദരവിന് നിത്യസാക്ഷി, അദ്ദേഹം വാങ്ങിക്കൂട്ടിയ പുസ്തകങ്ങളുടെ ശേഖരമാണ്. ആരെയും അസൂയപ്പെടുത്തുന്നതാണ്, അദ്ദേഹത്തിന്റെ 'പെഴ്സണൽ ലൈബ്രറി.' തന്റെ പേരക്കുട്ടികൾ ഈ പുസ്തകങ്ങൾക്കിടയിൽ വളരണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു.

വളരെക്കുറച്ച് സുഹൃത്തുക്കളേ പണിക്കർക്കുണ്ടായിരുന്നുള്ളൂ. മറ്റുള്ള ബന്ധങ്ങളെല്ലാം പരിചയങ്ങൾക്കപ്പുറം പോയിരുന്നുമില്ല. ആശയങ്ങളുമായി നിരന്തരം സംവദിച്ചുകൊണ്ടിരുന്ന സംസ്കൃതചിത്തനായ ഒരു നല്ല മനുഷ്യനാണ് നമുക്കിടയിൽനിന്ന് അപ്രത്യക്ഷനായിരിക്കുന്നത്——■

എസ്.ജെ

സമകാലിക
മലയാളം
വാരിക
എല്ലാ വെള്ളിയാഴ്ചയും അക്ഷരത്തിന്റെ വെളിച്ചം.

പുസ്തകം അഞ്ച്; ലക്കം മുപ്പത്തിഒന്ന്
2001 ഡിസംബർ 7 : 1177 വൃശ്ചികം 22

പത്രാധിപർ
എസ്. ജയചന്ദ്രൻ നായർ
ചിത്രമെഴുത്ത്: **നമ്പൂതിരി**
സ്ഥിരം പംക്തികൾ
സാഹിത്യം : **എം. കൃഷ്ണൻനായർ**
സംസ്കാരം : **ഒ.വി. വിജയൻ**
പത്രാധിപ സമിതി
എം.വി. ബെന്നി, എൻ.ജെ. ഗിരീഷ്
ബിന്ദു കെ. പ്രസാദ് (ഗവേഷണം)
സജി ജെയിംസ്

സ്വന്തം ലേഖകന്മാർ
എം. ശങ്കർ (തിരുവനന്തപുരം)
ജോണി എം.എൽ. (ന്യൂഡെൽഹി)
അക്കിത്തം നാരായണൻ (പാരീസ്)
ഉണ്ണി നാരായണൻ നമ്പൂതിരി (ലണ്ടൻ)
കെ. മോഹനചന്ദ്രൻ (ടെക്സാസ്)
മുസാഫിർ (ഗൾഫ്)
രൂപകല്പന
നാരായണ ഭട്ടതിരി,
ഷാജൻ സി. കുമാർ, കെ. ഗോപകുമാർ
റീജണൽ മാനേജർ: **എച്ച്.വി.ഡി. പ്രസാദ്**
മാനേജർ : **കെ. ദാമോദരൻ**
സീനിയർ സെയിൽസ് മാനേജർ :
ബി. കൃഷ്ണകുമാർ
സീനിയർ ബിസിനസ് മാനേജർ :
സുനിൽ നമ്പ്യാർ
സീനിയർ പ്രസ് സൂപ്രണ്ട് :
കുരിയാസ് എൻ. ചാക്കോ
ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പ് പ്രസിദ്ധീകരണം.
A New Indian Express Group Publication
Express House, Kaloor, Kochi - 682 017
Phone : 402220, 400667. Fax : 0484-401799
Web Site: http://www.malayalamvarikha.com
Chairman of the Board
Manoj Kumar Sonthalia
Editorial Advisor: **T.J.S George**
Director (Finance): **R. Srinivasan**
Vice President (Mktg): **Vinod Kumar**
General Manager (PAP): **M.G. Balakrishnan**
General Manager (Technical): **K. Nanda Kumar**
General Manager (Sales): **C.V. Subba Row**

Space Marketing Offices:
Bangalore: **R. Sureshkumar**
Phone : 2860959. Fax : 080-2866617
Bhubaneswar: **Prasanna Panda**
Phone : 535274. Fax : 0674-535634
Calcutta: **Aloka Kapur**
Phone : 2430857. Fax : 033-2205814
Chennai: **Lakshmi Menon**
Phone : 8522514. Fax : 044-8524500
Delhi: **Avnish Singh**
Phone : 4327912. Fax : 011-4317907
Hyderabad: **A.N. Chatterjee**
Phone : 3413910/3413912. Fax. 040-3413909
Kochi:
Phone : 400218. Fax. 0484-401799
Mumbai: **Kiran Joseph**
Phone : 2886540. Fax. 022-2886954

Samakalika Malayalam Vaarika
Printed and published by H.V.D. Prasad,
on behalf of Express Publications (Madurai) Ltd.,
at Express Press, Kaloor, Kochi - 17, Kerala
Editor : **S. Jayachandran Nair**
55, Vrindavan Colony,
Pattom, Trivandrum - 4

കുറിപ്പ്

ഗാന്ധിജിയെ എന്തിന് പഠിക്കണം?

ശശിധരൻ

ഗാന്ധിജിയെ തമസ്കരിക്കാൻ കേരള യൂണിവേഴ്സിറ്റിയിൽ നടക്കുന്ന നിന്ദ്യമായ ശ്രമങ്ങളെപ്പറ്റി

എൺപതുകളുടെ ആദ്യത്തിൽ മലബാറിലെ ഒരു കോളേജിൽ പണിയെടുക്കുന്ന കാലം. കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്കുള്ള ഒരു പകൽ തീവണ്ടി യാത്രയ്ക്കിടയിൽ പട്ടാമ്പി സ്റ്റേഷനിൽ നിന്ന് ഒരു സുഹൃത്ത് കമ്പാർട്ടുമെന്റിലേക്ക് കടന്നുവരുന്നു. പട്ടാമ്പി ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് അധ്യാപകനായ സുഹൃത്ത് കോളേജ് വിശേഷങ്ങൾ പറയവെ ഒരു സമരത്തിന്റെ കഥയും പറഞ്ഞു. 'And Gandhi Came' എന്ന പ്രസിദ്ധമായ പാഠഭാഗം പഠിപ്പിക്കാനായി അധ്യാപകൻ പുസ്തകം തുറക്കുന്നു. തലക്കെട്ട് വായിച്ച് അവസാനിപ്പിക്കും മുൻപ് മുദ്രാവാക്യങ്ങൾ. 'Gandhi go back' ഗാന്ധിയ്ക്കു മാത്രമല്ല പഠിപ്പിയ്ക്കാൻ ചെന്ന അധ്യാപകനെതിരെയും 'ഗോ ബാക്ക്' വിളിയുയർന്നു. ഇടതുപക്ഷ വിദ്യാർത്ഥി യൂണിയൻ കോളേജ് ഭരിക്കുന്ന കാലം, എതിർത്ത് ഒന്നും പറയാതെ അധ്യാപകൻ ആ പാഠം മറിക്കുന്നു! കേരളാ സർവ്വകലാശാലയിൽ പൊളിറ്റിക്കൽ സയൻസ് സിലബസ്സിൽ നിന്ന് ഗാന്ധിജിയെ ഒഴിവാക്കിയ സാമൂഹ്യശാസ്ത്രജ്ഞന്മാരെപ്പറ്റി ആലോചിച്ചപ്പോൾ പെട്ടെന്ന് പഴയ സംഭവം ഓർക്കുകയായിരുന്നു. പട്ടാമ്പി കോളേജിൽ കുട്ടികൾ അതുവരെ കേട്ട് ശീലിച്ചുപോയ പാർട്ടി മുദ്രാവാക്യങ്ങൾ ഏറ്റുവിളിക്കുകയായിരുന്നു. ഗാന്ധിജിയെയും ദേശീയപ്രസ്ഥാനത്തെയും അപമാനിക്കുകയെന്നത് ഇടതുപക്ഷത്തിന്റെ പ്രധാന അജൻഡകളിൽ ഒന്നായിരുന്ന കാലം. ഗാന്ധിയൻ രാഷ്ട്രീയത്തിൽ ആകൃഷ്ടനായി കടന്നുവന്ന ഇ.എം.എസ്സിനെപ്പോലുള്ളവർതന്നെ പിൽക്കാലത്ത് ഗാന്ധിജിയെ എത്രയേറെ പരിഹസിച്ചിട്ടുണ്ടെന്ന് ഓർക്കുക. ഇന്നിപ്പോൾ സ്ഥിതിയൊക്കെ മാറിയിരിക്കുന്നു. മാർക്സിനൊപ്പം ഗാന്ധിജിയേയും വിവേകാനന്ദനെയും പ്രതിഷ്ഠിക്കുന്നതിൽ ഇടതുപക്ഷത്തിന് എതിർപ്പില്ലാതായിരിക്കവേയാണ് സിലബസ്സ് കമ്മിറ്റിയുടെ വെട്ടിനിരത്തൽ!

എം.എ.സിലബസ്സ് ചർച്ചകൾ കഴിഞ്ഞ മാർച്ച് മാസത്തിൽ കാര്യവട്ടത്തെ യൂണിവേഴ്സിറ്റി പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിൽ നടക്കുമ്പോൾ ഗാന്ധി സജീവമായ ഒരു ചർച്ചാവിഷയമായിരുന്നു. ചർച്ചയിൽ പങ്കെടുത്ത അധ്യാപകരിൽ ബഹുഭൂരിപക്ഷവും ബി.എ പേപ്പറിൽ നിന്ന് ഗാന്ധിജിയെ ഒഴിവാക്കി ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായ ഗ്രാംഷിയെ കൂട്ടിച്ചേർത്തതിൽ പ്രതിഷേധിച്ചു. എം.എ. സെമസ്റ്റർ സിസ്റ്റത്തിൽ ഗാന്ധി ഒരു പേപ്പറാകണമെന്ന് ഭൂരിപക്ഷം അധ്യാപകരും ആവശ്യപ്പെട്ടു. മിക്കവാറും യൂണിവേഴ്സിറ്റികളിലും അതാണ് സ്ഥിതി. സിലബസ്സ് ചർച്ചകൾക്കായി വീണ്ടും ഒരു അവസരം നൽകാമെന്ന് പറഞ്ഞ സോഷ്യൽസയൻസ് ഡീൻ ആ വാഗ്ദാനം പാലിച്ചില്ലെന്ന് മാത്രമല്ല ഭൂരിപക്ഷാഭിപ്രായത്തിന് വിരുദ്ധമായ സിലബസ് കോളേജുകളിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

ഒരു സിലബസ്സിന് ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ ചിട്ടകളൊന്നും അതിലുണ്ടായിരുന്നില്ല. ഏത് സാധാരണക്കാരനും മനസ്സിലാകുന്ന നിരുത്തരവാദിത്വം ആ സിലബസ്സിൽ പ്രകടമായിരുന്നു. ആകെയുള്ള മുപ്പത്തിരണ്ടു പേപ്പറുകളിൽ മൂന്ന് പേപ്പറുകളും മറ്റ് വിവിധ പേപ്പറുകളിലായി 16 യൂണിറ്റുകളും മാർക്സിസത്തിനു വേണ്ടി മാറ്റിവെച്ചവർ ഗാന്ധിസത്തെ ഇന്ത്യൻ സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ തോട്ടിലെ ഒരു അദ്ധ്യായത്തിൽ ഒതുക്കി. ഗാന്ധിജിയോട് അത്രയും ഔദാര്യം കാണിച്ചവർ എഴുപതുകളിലെ കമ്മ്യൂണിസ്റ്റ് തകർച്ചപോലും സിലബസ്സിൽ നിന്ന് മറച്ചുവച്ചു. കേരള സമൂഹത്തെയും രാഷ്ട്രീയത്തെയുംകുറിച്ച് പഠിക്കുമ്പോൾ. ഏതു സാധാരണക്കാരനും ആദ്യം ഓർക്കുക സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തെക്കുറിച്ചായിരിക്കും. ശ്രീനാരായണൻ ഉഴുതുമറിച്ചിട്ട മണ്ണിൽ കമ്മ്യൂണിസ്റ്റുകാർ വിത്തിട്ടുവെന്ന് നമ്മൾ കുട്ടികളെ പഠിപ്പിച്ചിരുന്നു. കേരളത്തിലെ കമ്മ്യൂണിസത്തിന്റെ വേര് ശ്രീനാരായണനിലാണെന്ന് ആവർത്തിക്കുന്നത് ഒഴിവാക്കാനായിട്ടാകും ഒരുപക്ഷേ, സിലബസ്സ് കമ്മിറ്റി സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തെ ഒഴിവാക്കിയത്. സിലബസ്സ് കീറി പരിശോധിക്കുകയല്ല ഉദ്ദേശ്യം. പ്രകടമായ ചില പോരായ്മകൾ പറയുന്നുവെന്നേയുള്ളു. ഈ എം.എ.സിലബസ്സിന്റെ റീഡിങ്ങ് ലിസ്റ്റ് നോക്കുക. ഇത്രയേറെ പക്ഷപാതവും രാഷ്ട്രീയവിധേയത്വവും മറ്റൊരു കാലത്തും സിലബസ്സിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടാവില്ല. കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ ചിന്തകളിൽ എക്കാലത്തും ഓർക്കപ്പെടേണ്ടതും പഠിപ്പിക്കേണ്ടതുമായ നിരവധി പുസ്തകങ്ങൾ ഒഴിവാക്കിയപ്പോഴും ഡോ.തോമസ് ഐസക്കിന് സിലബസ്സിൽ ഇടംകിട്ടി. ബോർഡ് ഓഫ് സ്റ്റഡീസിലെ ചർച്ചകൾക്കിടയിൽ ഒരു അധ്യാപകൻ പറയുകയുണ്ടായി, 'തോമസ് ഐസക് സാമ്പത്തിക വിദഗ്ധനാണ്, അദ്ദേഹത്തെ ഞങ്ങൾ അംഗീകരിക്കുന്നു, ഐസക്കും ജനകീയാസൂത്രണവും സിലബസ്സിൽ തുടരട്ടെ. പക്ഷേ അദ്ദേഹം ഒരു പാർട്ടിക്കാരനും എം.എൽ.എയുമാണ്. കേരളത്തിന്റെ വികസന പ്രതിസന്ധിയെക്കുറിച്ച് നാളെ ഉമ്മൻചാണ്ടി ഒരു പുസ്തകമെഴുതിയാൽ അതും നിങ്ങൾ എം.എ സിലബസ്സിൽ ഉൾപ്പെടുത്തണം..... എങ്കിൽ നിങ്ങളുടെ ജനാധിപത്യ മര്യാദയേയും അക്കാദമിക് താൽപ്പര്യത്തെയും ഞങ്ങൾ അംഗീകരിക്കും...."

ഈ നിലയിൽ എം.എ സിലബസ്സ് തരംതാഴ്ന്ന രാഷ്ട്രീയ ചർച്ചയായി അധഃപതിക്കേണ്ട അവസ്ഥ എന്തുകൊണ്ട് ഉണ്ടായി. ഉന്നത വിദ്യാഭ്യാസത്തിൽ നന്മയുടെ അംശങ്ങൾ ചോർന്നുപോയിരിക്കുന്നു. സുജനമര്യാദയും വിനയവും നഷ്ടപ്പെട്ട ഒരു യൂണിവേഴ്സിറ്റി സംസ്കാരം അരങ്ങ് തകർക്കുന്നു. കേരളത്തിന്റെ കാർഷിക-വ്യവസായിക മേഖലകളെയും സാമൂഹികജീവിതത്തെ തന്നെയും ആകെ തകർത്താടിയ മാർക്സിസ്റ്റുപാർട്ടിയുടെ ഫാസിസ്റ്റ് സംസ്കാരം സ്വാഭാവികമായ രീതിയിൽ യൂണിവേഴ്സികളിലും പ്രതിഫലിക്കുന്നതാണ് നാം കാണുന്നത്. മാർക്സിസ്റ്റുകാർ ഭരിക്കുന്ന ഒരു യൂണിവേഴ്സിറ്റിയിൽ ഒരു സിലബസ്സിലും ഗാന്ധി വരരുതെന്ന വാശി ഇതിന് പിന്നിൽ ഉണ്ടായിരുന്നുവോയെന്ന് ആരും സംശയിക്കും. ഓർക്കുക യൂണിവേഴ്സിറ്റിയിലെ ഈ പ്രതിഭകളാണ് 'കാവിവൽക്കരണത്തിന്' എതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്നത്. ഓർമ്മിക്കുക ഇവരായിരുന്നു ചരിത്ര കൗൺസിൽ പിരിച്ചുവിട്ടപ്പോൾ അട്ടഹാസം മുഴക്കിയതും. ഇവരാണ് ഇപ്പോൾ 'താലിബാനൈസേഷൻ' എന്ന മുദ്രാവാക്യത്തിനു പിന്നിലും. ഗാന്ധിജിയെ സിലബസ്സിൽ നിന്ന് വെട്ടിമാറ്റിയ വാർത്ത പത്രത്തിൽ വന്ന ദിവസം തിരുവനന്തപുരം വിമൻസ് കോളേജിലെ ലൈബ്രറിക്കു മുന്നിൽ കുട്ടികൾ എഴുതിവച്ചു, ''രാഷ്ട്രപിതാവില്ലാത്ത രാഷ്ട്രമീംമാംസയോ?" ഈ പാവം കുട്ടികളുടെ വികാരം അക്കാഡമിക് സമൂഹത്തിനുണ്ടായില്ല. അധികാരവും സ്ഥാനമാനങ്ങളും അവരെ മത്ത് പിടിപ്പിച്ചിരിക്കുന്നു.

ഇക്കഴിഞ്ഞ ഒക്ടോബറിലെ ആദ്യ 'മലയാളം' ലക്കത്തിലാണ് 'ഗാന്ധിജിയിൽ നിന്ന് ഗ്രാംഷിയിലേക്കുള്ള ദൂരം' എന്ന എഡിറ്റോറിയൽ വന്നത്. യൂണിവേഴ്സിറ്റി അന്ന് ഒന്നും പ്രതികരിച്ചില്ല. രണ്ടാഴ്ച മുമ്പ് പത്രങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചപ്പോൾ വൈസ്ചാൻസലർ ബോർഡ് ഓഫ് സ്റ്റഡീസിന്റെ അടിയന്തിരയോഗം വിളിച്ചുകൂട്ടി. എങ്കിലും യൂണിവേഴ്സിറ്റി പതിവ്പോലെ നിഷേധക്കുറിപ്പ് കൊടുക്കാൻ മറന്നില്ല. അച്ചടിച്ച സിലബസ്സ് കയ്യിൽവച്ച്, തങ്ങൾ പഠിക്കുന്ന യൂണിവേഴ്സിറ്റിയുടെ സത്യസന്ധതയെക്കുറിച്ച് കുട്ടികൾ ചർച്ച ചെയ്തിരിക്കണം. ഗവൺമെന്റ് യൂണിവേഴ്സിറ്റിയോട് വിശദീകരണം ചോദിക്കുകയും ചെയ്തു. ബോർഡ് ഓഫ് സ്റ്റഡീസ് മീറ്റിങ്ങിൽ യൂണിവേഴ്സിറ്റിയിലെ ഉന്നതാധികാരികൾ ആദ്യം പരിഭവം പറഞ്ഞു, ഇത് പത്രങ്ങളിൽ അലക്കേണ്ടിയിരുന്നില്ല, നമുക്ക് ഒതുക്കാവുന്ന ചെറിയ പ്രശ്നങ്ങളല്ലേ ഉണ്ടായിരുന്നുള്ളു. വാർത്തയ്ക്കു പിന്നിലെ കുബുദ്ധികളെ കണ്ടെത്താനും അവർ മറന്നില്ല. തീർച്ചയായും ഉന്നത സ്ഥാനങ്ങളിലിരിക്കുന്ന പ്രൊഫസർമാരിൽ നിന്നും നമ്മൾ പ്രതീക്ഷിക്കുക, സംഭവിച്ചുപോയ വീഴ്ചയിൽ (അതുകൊണ്ടായിരുന്നുവല്ലോ വൈസ്ചാൻസലർ ബോർഡ് ഓഫ് സ്റ്റഡീസ് വിളിച്ചു കൂട്ടിയത്) ഖേദ പ്രകടനമാണ്. അതു പ്രകടിപ്പിക്കാനുള്ള ധൈഷണികമായ മാന്യത ഉന്നതാധികാരികൾക്കുണ്ടായില്ല. ഡോ.വി.കെ.സുകുമാരൻനായരും, ഡോ. ആർ.രാമകൃഷ്ണൻനായരും. ഡോ.എൻ.രാമൻപിള്ളയുമടക്കമുള്ള പ്രഗത്ഭർ നയിച്ച ഡിപ്പാർട്ടുമെന്റ് ഇത്തരമൊരു അവസ്ഥയിൽപ്പെട്ടുപോയത് ദയനീയമാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസിലെ പല അംഗങ്ങളും സൂചിപ്പിച്ചു. ഇത്തരമൊരു പാർട്ടി വിധേയത്വത്തെ അംഗീകരിക്കാൻ തങ്ങൾ തയ്യാറല്ലെന്ന് അവർ പറഞ്ഞു. അങ്ങനെ ഗാന്ധിജി വീണ്ടും ബി.എ സിലബസ്സിലും എം.എ സിലബസ്സിലും കയറിപ്പറ്റി! നോക്കണേ പാവം ഗാന്ധിജിയുടെ അവസ്ഥ. സിലബസ്സ് മുഴുവൻ പരിശോധിക്കാൻ ഒരു കമ്മിറ്റിയും നിയോഗിക്കപ്പെട്ടു. കാര്യവട്ടം പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ പ്രതാപകാലത്ത്, ഡോ. വി.കെ.സുകുമാരൻനായരും, ഡോ. ആർ.രാമകൃഷ്ണൻനായരും അധ്യാപകരായിരിക്കെ അവിടെ പഠിച്ച ഒരു വിദ്യാർത്ഥിയാണ് ഈ ലേഖകൻ. യൂണിവേഴ്സിറ്റികളിലൂടെ ഗാന്ധിസം നിലനിർത്തുക എന്ന പഴയ ചിന്തയുടെ ഭാഗമായിട്ടായിരുന്നു അക്കാലത്ത് കേരളായൂണിവേഴ്സിറ്റിയിലും ഗാന്ധിഭവൻ ആരംഭിച്ചതും, അത് പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നതും. എന്റെ പോസ്റ്റ്ഗ്രാജ്വേറ്റ് വിദ്യാഭ്യാസകാലത്ത് ശ്രീമൻ നാരായണനും, സുശീലാനമ്പ്യാരും, ജി.രാമചന്ദ്രനുമൊക്കെ ആ ഗാന്ധിഭവനിൽ എത്തി പൊളിറ്റിക്സ് വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തത് ഓർത്തുപോകുന്നു. ആ കാലങ്ങളൊക്കെ കഴിഞ്ഞ്, ഗാന്ധിഭവൻ കാട് കയറി കോലം കെട്ടു. യൂണിവേഴ്സിറ്റികൾ തെരുവ് രാഷ്ട്രീയക്കാരന്റെ ഗോദകളായി മാറിയപ്പോൾ, ഏത് ഗാന്ധി എന്ന ചോദ്യമുയർന്നു? യൂണിവേഴ്സിറ്റി ഭരണമാറ്റങ്ങൾക്കിടയിൽ, കൊടികളുടെ നിറം മാറുന്നതിനനുസരിച്ച് അക്കാദമിക് സമൂഹവും താളം ചവുട്ടി. മാർക്സിസമായാലും ഗാന്ധിസമായാലും തങ്ങളുടെ കാര്യം നടക്കണം, സ്ഥാനമാനങ്ങൾ കിട്ടണം അത്രയേയുള്ളു. അപ്പോൾ സിലബസ്സ് ഉൾപ്പെടെ എല്ലാക്കാര്യങ്ങളിലും യജമാനന്മാരെ ബോധ്യപ്പെടുത്തേണ്ട അവസ്ഥ വന്നു. പുസ്തകം വായിക്കാത്ത കോൺഗ്രസുകാരൻ സിലബസ്സ് അത്ര പ്രശ്നമാക്കില്ല. മാർക്സിസ്റ്റുകാർ വളരെ ശ്രദ്ധയോടെ അമൂല്യ ശാസ്ത്രവിഷയങ്ങളിൽ ഇടപെടാൻ തുടങ്ങി. അവർക്കു പറ്റിയ അക്കാദമിക് സമൂഹത്തെയും രൂപപ്പെടുത്തി. ഇത്തരം രാഷ്ട്രീയ ബോധ്യപ്പെടുത്തലുകളുടെ ഇരയാണ് പൊളിറ്റിക്സ് സിലബസ്സും. ഇതിൽ നിങ്ങളെ അത്ഭുതപ്പെടുത്തുന്ന ഒരു വൈരുദ്ധ്യമുണ്ട്. കുട്ടികൾ ആരോ പറഞ്ഞപോലെ ഇതിൽ പകുതി മാർക്സും മറുപകുതി അമേരിക്കയുമാണ്. പരിഹാസരൂപേണ പറഞ്ഞതെങ്കിലും ഇതിൽ വാസ്തവമില്ലാതില്ല. നമ്മുടെ നാട്ടിൽ സ്ഥിരമായി യൂണിവേഴ്സിറ്റികളിലൂടെ, മാദ്ധ്യമങ്ങളിലൂടെ പ്രചണ്ഡമായി പ്രചരിപ്പിക്കപ്പെടുന്ന അമേരിക്കൻ തിയറികളും ജാർഗനുകളും യഥേഷ്ടം കുത്തിനിറച്ചിട്ടുണ്ട്. ബിഹേവിയറിലിസം, പോസ്റ്റ് ബിഹേവിയറിലിസം, സ്ട്രക്ചറലിസം, മോഡേണിസം, പോസ്റ്റ് മോഡേണിസം... അങ്ങനെപോകുന്നു. മെത്തഡോളജി ഒന്നുമില്ലാത്ത പാവം ഗാന്ധി സ്വഭാവികമായും പുറത്തായതിൽ അത്ഭുതപ്പെടേണ്ട കാര്യമില്ല. ഗ്രാംഷിയും ദരിദയും, ഹാബർമാസും.. എന്ത് വിചിത്രമായ കൂട്ടിയിണക്കലുകൾ. ഗാന്ധി പുറത്തായതിൽ എന്താണ് അത്ഭുതം. തനിക്ക് ദർശനങ്ങളൊന്നുമില്ലെന്ന് ഗാന്ധി തന്നെ പറയവെ എന്തിനാണ് ആ പാവം മനുഷ്യനെ കുട്ടികൾക്കു മുന്നിലേക്ക് തള്ളിവിടുന്നത്. ഹ്യൂമൻറൈറ്റ്സ്, വിമൻസ എംബവർമെന്റ്, എൻവയേൺമെന്റൽ പൊളിറ്റിക്സ് ഒക്കെ പഠിപ്പിച്ചാൽ എത്ര പ്രോജക്ടുകൾ, അന്താരാഷ്ട്ര സെമിനാറുകൾ, യാത്രകൾ, ഒരുപാട് പണവും. ദരിദ്രവാസിയായ ഗാന്ധിജിയെക്കുറിച്ച് ഒരു വിദേശ രാഷ്ട്രവും സെമിനാർ സംഘടിപ്പിക്കില്ല, ഗാന്ധിപഠനത്തിൽ ഫെല്ലോഷിപ്പും പ്രോജക്ടും കിട്ടാനുമിടയില്ല. പിന്നെന്തിനാണീ ഗാന്ധി? ■

റിപ്പോർട്ട്

ഗാന്ധിജിയെക്കുറിച്ച് ഒരു സായാഹ്നചർച്ച

പി.ടി.തോമസ്

സിലബസിൽനിന്നും ഗാന്ധിയെ കുടിയിറക്കിയതിനെതിരെ ഗാന്ധിയൻമാർ ഒത്തുചേർന്നപ്പോാം

മഹാത്മജി നേടിത്തന്ന സ്വാതന്ത്ര്യം അനുഭവിക്കുമ്പോൾതന്നെ ഗാന്ധിജിയെ അന്യവൽക്കരിക്കുന്ന പ്രവണത ഏറിവരികയാണോ? കേരള യൂണിവേഴ്സിറ്റി പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റ് ബിരുദാനന്തര ബിരുദപഠനത്തിന്റെ സിലബസിൽ ഗാന്ധിജിയെ കുടിയൊഴിപ്പിക്കുകയും കാറൽമാർക്സിനെ മഹത്വവൽക്കരിക്കുകയും ചെയ്ത നടപടി നിശിതമായ വിമർശനത്തിന് വഴിമരുന്നിട്ടിരിക്കുകയാണല്ലോ! കേരള നിയമസഭയിൽ കഴിഞ്ഞ ദിവസം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതുസംബന്ധിച്ചുള്ള ആശങ്ക പ്രകടിപ്പിച്ചു. ഇതിന് മറുപടി പറഞ്ഞുകൊണ്ട് ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗത്തിൽ ഇതുസംബന്ധിച്ച പുനർചിന്തനം ഉണ്ടാകുമെന്ന് യൂണിവേഴ്സിറ്റി അധികൃതർ ഉറപ്പു നൽകിയതായി വിദ്യാഭ്യാസമന്ത്രി നിയമസഭയെ അറിയിച്ചിരുന്നു. ഈ പുതിയ വിവാദം ഗാന്ധിയന്മാരെ വേദനിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തൈക്കാട് ഗാന്ധിഭവനിൽ ഒരു യോഗം നവംബർ 23ന് ചേരുകയുമുണ്ടായി. ഗാന്ധിസ്മൃതിദർശൻ സമിതി ഡയറക്ടർ ഡോ. എൻ.രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മുൻ എം.പിമാരായ കെ.വി.സുരേന്ദ്രനാഥ്, പി.വിശ്വംഭരൻ, മുൻ വൈസ് ചാൻസലർമാരായ ടി.എൻ.ജയചന്ദ്രൻ, എ.സുകുമാരൻനായർ, നബീസത്തുബീവി, കെ.ഇ.മാമ്മൻ, അജിത് വെണ്ണിയൂർ, ഡോ. ജേക്കബ്, പുളിക്കൽ പി.ഗോപിനാഥൻനായർ, പ്രൊഫ. വി.രാംദാസ് തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.

ഗാന്ധിജിയെ കുത്തിനോവിക്കുക എന്നത് ഒരു ഹരമായി ചിലർ കാണുകയാണെന്നും നാടകങ്ങളും സിനിമകളും കഥകളും ഇത്തരത്തിൽ പ്രാമുഖ്യം നേടുന്നതും ഒരു ഫാഷൻ ആയിരിക്കുകയാണെന്നും ഡോക്ടർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ബെൽജിയൻകാരനായ 'ആർതർ' എല്ലനി 'വോയ്സ് ഓഫ് പബ്ലിക്കേഷൻ' പ്രസിദ്ധീകരിച്ച 'ഗാന്ധി ആന്റ് ഗോഡ്സേ' എന്ന ഗ്രന്ഥത്തിൽ ഗാന്ധിവധത്തെക്കുറിച്ചുള്ള വിചാരണവേളയിൽ ജഡ്ജിയായിരുന്ന 'ജി.സി. ഖോ 'സ്ല'യെ ഉദ്ധരിച്ചുകൊണ്ട് ചേർത്തിരിക്കുന്ന പല ഭാഗങ്ങളും നിറംപിടിപ്പിച്ച കഥകളാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ദൂരദർശൻ ഡയറക്ടറായിരുന്ന 'ഗിൽ' ഗാന്ധിജിയെക്കുറിച്ച് എഴുതിയ ഗ്രന്ഥവും. 'ഗാന്ധിജിയും അംബേദ്കറും' എന്ന സിനിമയും എല്ലാം ഗാന്ധിദർശനത്തിന് നേരെ പുറംതിരിഞ്ഞുനിൽക്കാൻ പരോക്ഷമായി വായനക്കാരെ പ്രേരിപ്പിക്കുന്ന തരത്തിലാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഭാരതത്തിന്റെ ഔദ്യോഗിക മാദ്ധ്യമമായ ദൂരദർശന്റെ മൊത്തമുള്ള പരിപാടികളിൽ ഗാന്ധിജിക്കും അദ്ദേഹത്തിന്റെ ദർശനങ്ങൾക്കും കേവലം .17 ശതമാനം മാത്രമാണ് സ്ഥാനമുള്ളതെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.

ഈ രാജ്യത്തിന്റെതന്നെ നിലനില്പിനെ തകർക്കാൻ ശ്രമിക്കുന്ന ശക്തികൾ രാജ്യഭരണം നടത്തുമ്പോൾ ഗാന്ധിജിയെ ഇപ്രകാരം അവഹേളിക്കുന്നതിൽ അത്ഭുതമില്ലെന്ന് സി.പി.ഐ നേതാവ് കെ.വി.സുരേന്ദ്രനാഥ് തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി. ഇപ്പോഴത്തെ ചില ദളിതുകാർ 'ഗാന്ധിജിയെ സ്ഥാനത്തും അസ്ഥാനത്തും കടന്നാക്രമിക്കുകയാണെന്നുപറഞ്ഞ സുരേന്ദ്രനാഥ് ഗാന്ധിജിയെ ഭർത്സിച്ചുകൊണ്ട് പുസ്തകം എഴുതിയ 'അരുൺഷൂരി'യും കൂട്ടരും ഭരിക്കുമ്പോൾ ഇതൊക്കെ സ്വാഭാവികമാണെന്ന ആത്മഗതം കൊണ്ടു. ആരെന്തു പറഞ്ഞാലും ലോകത്തൊമ്പാടും ഗാന്ധിജിയുടെ പ്രസക്തി വർദ്ധിച്ചുവരികയേയുള്ളു എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, ഒരായിരം വർഷം കഴിഞ്ഞാലും ഗാന്ധിയൻ ചിന്തകൾക്കും ഗാന്ധിജിക്കും മരണമുണ്ടാകില്ലായെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.

കേരള യൂണിവേഴ്സിറ്റി ഇപ്രകാരം ഒരു വിവാദത്തിന് വഴിതുറന്നത് ഒരുതരത്തിൽ നന്നായി എന്നാണ് ചർച്ചയിൽ പങ്കെടുത്ത മുൻ വൈസ് ചാൻസലർകൂടിയായ ടി.എൻ.ജയചന്ദ്രന്റെ അഭിപ്രായം. കേരള യൂണിവേഴ്സിറ്റിയിൽ മാത്രമല്ല, മറ്റ് യൂണിവേഴ്സിറ്റികളിലും ഗാന്ധിയൻ സാരാംശം സിലബസ്സിൽ എത്രമാത്രമുണ്ടെന്ന് പഠനം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇന്ത്യയിൽ യൂണിവേഴ്സിറ്റിക്ക് സമാനമായ സ്ഥാപനങ്ങളടക്കം 244 യൂണിവേഴ്സിറ്റികളുള്ളതിൽ കേവലം മൂന്നെണ്ണം മാത്രമാണ് മഹാത്മാഗാന്ധിയുടെ പേരിലുള്ളത്. അതിൽത്തന്നെ കേരളത്തിലെ ഗാന്ധി യൂണിവേഴ്സിറ്റിയുടെ പേർ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നാക്കിയതുവഴി അത് എം.ജി. യൂണിവേഴ്സിറ്റിയായിരിക്കുകയാണെന്നും എം.ജി. റോഡും പി.ടി.പി.നഗറുംപോലെ അതിന്റെ മുഴുവൻ പേരും അറിയാത്ത തലമുറ വളർന്നുവരികയാണെന്നും പറയാൻ ജയചന്ദ്രൻ മടിച്ചില്ല. ഗാന്ധിയോടുള്ള അവഹേളനത്തിനെതിരെ ജനങ്ങളുടെ പ്രതിരോധനിര വളർന്നുവരണം. സർക്കാർതലത്തിൽ ഒന്നും നടക്കില്ലായെന്ന് വളരെക്കാലം സർക്കാരിന്റെ ഭാഗമായിരുന്ന തനിക്കറിയാമെന്നും ജയചന്ദ്രൻ തുടർന്നുപറഞ്ഞു.

പ്രമുഖ ഗാന്ധിയനായ കെ.ഇ.മാമ്മന്റെ അഭിപ്രായത്തിൽ ഇത്തരം പ്രവണതയ്ക്കെതിരെ വേണ്ടിവന്നാൽ കേരള യൂണിവേഴ്സിറ്റിക്കു മുന്നിൽ സത്യാഗ്രഹം ഇരിക്കാൻ ഗാന്ധിയന്മാർ തയ്യാറാകണം. വൈസ് ചാൻസലർ ഇക്ബാൽ അറിഞ്ഞുകൊണ്ടാണ് ഇതെല്ലാം നടക്കുന്നതെങ്കിൽ വളരെ മോശമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കേരള യൂണിവേഴ്സിറ്റിയിൽ മാത്രമല്ല, കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിലും, സ്കൂൾ തലത്തിലും ഗാന്ധിയൻ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ ന്യായമായ പ്രചരണം ആവശ്യമാണെന്നും, കേരള യൂണിവേഴ്സിറ്റി സിലബസ് ഉൾപ്പെടെ വിലയിരുത്താനും പഠിക്കാനും ഒരു സബ്കമ്മിറ്റിയെ നിയോഗിക്കണമെന്നും ഡി.പി.ഇ.പി സിലബസ്സിൽ ഗാന്ധിജിയെ അയാൾ എന്നു വിളിച്ചതും 'ആറ്റൻബറോ'യുടെ സിനിമയിലെ കഥ ഗാന്ധിജിയുടെ യഥാർത്ഥകഥയായി പഠിപ്പിച്ചതും (പുഴയിൽ കുളിച്ചുകൊണ്ടിരുന്ന സ്ത്രീക്ക് ഗാന്ധിജി രണ്ടാംമുണ്ട് ഇട്ടുകൊടുത്ത കഥ) ഈ ലേഖകൻ ചൂണ്ടിക്കാണിച്ചു. ആൾ ഇന്ത്യാ റേഡിയോയിൽ 'ഗാന്ധിസ്മൃതി' ആരും ശ്രദ്ധിക്കാത്ത സമയത്താണ് അവർ പ്രക്ഷേപണം ചെയ്യുന്നതെന്നും അതിന് മാറ്റമുണ്ടാക്കണമെന്ന് താൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അധികൃതർ അനങ്ങാപ്പാറനയം തുടരുകയാണെന്നും മുൻ ഡെപ്യൂട്ടി സ്പീക്കർ കൂടിയായ നബീസത്തുബീവി അഭിപ്രായപ്പെട്ടു.

ഗാന്ധിജിയെക്കുറിച്ച് നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ പ്രാധാന്യം ഇപ്പോൾ സിലബസിൽ ഉണ്ടെന്ന് റിസർച്ച് വിദ്യാർത്ഥി ലാൽ അഭിപ്രായപ്പെട്ടു. മാർക്സിസത്തിനൊപ്പം മാവോയുടെയും ഗ്രാംഷിയുടെയും മറ്റു പലരുടെയും ചിന്തകളെ പഠിപ്പിക്കുന്നതുകൊണ്ട് അതെല്ലാം മാർക്സിസപഠനമല്ലെന്ന് പറഞ്ഞ ലാൽ, തോമസ് ഐസക്കും ഒരു വിദേശിയും കൂടി എഴുതിയ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചുള്ള പുസ്തകം റീഡിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചു. ■

ലേഖകൻ നിയമസഭാംഗമാണ്

സ്പോർട്സ്

ടെസ്റ്റ് ക്രിക്കറ്റിൽ ഒരു മലയാളി

എൻ.എസ്.വിജയകുമാർ

ടിനു യോഹന്നാൻ ഇന്ത്യയുടെ ക്രിക്കറ്റ്തൊപ്പി അണിയുമ്പോൾ കേരളത്തിലെ ക്രിക്കറ്റ്പ്രേമികളുടെ പ്രാർത്ഥനയും ആ ചെറുപ്പക്കാരനോടൊപ്പം ഉണ്ടായിരിക്കും

ടിനു യോഹന്നാൻ– ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ പുതിയ പന്തെറിയുവാൻ കൊച്ചിയിലെ ഇടപ്പള്ളി ടോൾഗേറ്റിനു സമീപം തേജസ്സിൽ നിന്നും ആറടി മൂന്നിഞ്ച് ഉയരമുള്ള ഇരുപത്തിരണ്ടുകാരൻ യാത്രതിരിക്കുന്നു. ആഭ്യന്തര ക്രിക്കറ്റിൽ സ്വന്തമായ മേൽവിലാസമുണ്ടാക്കുവാൻ കഴിയാത്ത ദുർബ്ബല ടീമുകളിൽ ഒന്നായി കരുതുന്ന കൊച്ചുകേരളത്തിന്റെ സാന്നിധ്യം ഇതാദ്യമായി ദേശീയ ടീമിൽ അറിയിക്കുകയായി. ഇംഗ്ലണ്ടിനെതിരെ പഞ്ചാബിലെ മൊഹാലിയിൽ ഫാസ്റ്റ് ബൗളർമാരെ തുണയ്ക്കുന്ന പിച്ചിൽ, ദേശീയ ടീമിലെ ഫാസ്റ്റ്ബൗളിങ്ങ് നിര അപ്പാടെ അഴിച്ചു പണിത്, പുതുമുഖങ്ങൾക്ക് അവസരം നൽകിയിട്ടുള്ള ടെസ്റ്റിൽ ഡിസംബർ മൂന്നിന് ക്യാപ്റ്റൻ സൗരവ്ഗാംഗുലിയിൽ നിന്നും ന്യൂബോൾ എറിയുവാൻ ടിനു പന്തേറ്റുവാങ്ങുമ്പോൾ, ഇന്ത്യൻ ക്രിക്കറ്റ് ചരിത്രത്തിൽ കേരളത്തിന്റെ സുവർണ്ണ താൾ തുറക്കുകയായി.

1974-ൽ ടെഹ്റാൻ ഏഷ്യൻ ഗെയിംസിൽ, ലോങ്ങ്ജംപിൽ ആദ്യമായി എട്ടുമീറ്റർ കടമ്പ കടന്ന ഏഷ്യാക്കാരൻ എന്ന ബഹുമതിയിലൂടെ 8.06 മീറ്റർ മറികടന്ന് സ്വർണ്ണമെഡൽ നേടിയ ടി.സി.യോഹന്നാന്റെ ഇളയമകൻ ടിനുവിന് അച്ഛനെപ്പോലെ അത്‌ലറ്റിക്സിലായിരുന്നു ആദ്യകമ്പം. എളമക്കര ഭവൻസ് സ്കൂളിൽ പഠിക്കുമ്പോൾ, ഹൈജംപിൽ സംസ്ഥാന ചാമ്പ്യനായിരുന്ന ടിനു, അഞ്ച് വർഷങ്ങൾക്കു മുമ്പ് ഹാൻസ്ക്രോണ്യേയുടെ ദക്ഷിണാഫ്രിക്കൻ ടീമിന്റെ പര്യടനത്തിലെ കൊച്ചി മത്സരത്തോടെയാണ് ക്രിക്കറ്റിലേക്ക് തിരിഞ്ഞത്. അത്‌ലറ്റിക്സിലല്ലെങ്കിൽ ക്രിക്കറ്റിൽ മികച്ച താരമാവുകയെന്ന യോഹന്നാന്റെ ഉപദേശം ശിരസാവഹിച്ച ടിനു കൊച്ചിയിലെ സ്വാന്റൺസ് ക്രിക്കറ്റ് അക്കാദമിയിൽ ചേരുവാൻ തീരുമാനിക്കുമ്പോൾ കേരളക്രിക്കറ്റിൽ ഒരു രാജ്യാന്തരതാരം ഉദയം ചെയ്യുകയായിരുന്നു. ബൗളിങ്ങിനെ ഗൗരവമായെടുത്ത ടിനുവിന് കഴിഞ്ഞ നാലു വർഷമായി ചെന്നൈയിലെ എം.ആർ.എഫ് ഫൗണ്ടേഷനിലെ പരിശീലനം വലിയൊരു മുതൽക്കൂട്ടായി. പേസ് ഫൗണ്ടേഷനിൽ, ഇന്ത്യൻ ടീമിൽ അംഗമായിട്ടുള്ള സഹീർ ഖാനൊപ്പം ഒരൊറ്റ ദിവസമാണ് ടിനുവും മുൻ ടെസ്റ്റ് ബൗളർ ടി.എ.ശേഖറിന്റെ ശിഷ്യത്വം സ്വീകരിച്ചത്. ശേഖറിന്റെ കീഴിലുള്ള പരിശീലനത്തിലാണ് ടിനുവിന് തന്റെ ബൗളിങ്ങ് ചിട്ടപ്പെടുത്താൻ കഴിഞ്ഞത്. ഫൗണ്ടേഷനിൽ ഇടയ്ക്ക് സന്ദർശനം നടത്തുന്ന ആസ്ട്രേലിയൻ മുൻ ലോകോത്തര ഫാസ്റ്റ് ബൗളർ ഡെന്നീസ്‌ലില്ലിയുടെ വിദഗ്ധോപദേശങ്ങൾ ടിനുവിന് തന്റെ ബൗളിങ്ങ് നിലവാരം ഉയർത്താൻ ഏറെ സഹായകമായി.



കഴിഞ്ഞ വർഷം കേരളത്തിന്റെ രഞ്ജിട്രോഫി ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ടിനുവിന്, ഇക്കഴിഞ്ഞ ഒക്ടോബറിൽ നാഗ്പൂരിൽ ഇറാനിട്രോഫിയ്ക്ക് വേണ്ടിയുള്ള മത്സരത്തിൽ റസ്റ്റ് ഓഫ് ഇന്ത്യയ്ക്ക് വേണ്ടി രഞ്ജി ചാമ്പ്യൻ ബറോഡയ്ക്കെതിരെ കളിക്കുവാൻ കഴിഞ്ഞത് തന്റെ കരിയറിലെ ഒരു വഴിത്തിരിവായി കണക്കാക്കാം. വിദർഭ ക്രിക്കറ്റ് അസോസിയേഷന്റെ പേസ് ബൗളിങ്ങിനെ തുണയ്ക്കാത്ത പിച്ചിൽ, ടിനു കണ്ടെത്തിയ ബൗൺസും, വേഗവും ദേശീയ സെലക്ഷൻ കമ്മിറ്റി ചെയർമാൻ ചന്ദു ബോർഡെയുടെ ശ്രദ്ധ പിടിച്ചു പറ്റി. ഇന്ത്യൻ താരം ദേബാശിശ് മൊഹന്തിയ്ക്കൊപ്പം ബൗളിങ്ങ് ഓപ്പൺ ചെയ്ത ടിനുവിന്റെ ഇന്ത്യൻ ടീമിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനെക്കുറിച്ച്, ആ ദിവസം ജയ്പൂരിൽ പത്രസമ്മേളനത്തിൽ ബോർഡെ പറഞ്ഞ കാര്യങ്ങൾ ഈ യുവതാരത്തെ അദ്ദേഹം എത്രമാത്രം ശ്രദ്ധിച്ചിരുന്നു എന്നതിന്റെ തെളിവായിക്കാണാം. 'എ വണ്ടർഫുൾ പ്രോസ്പെക്ട്' എന്നാണ് ബോർഡെ ടിനുവിനെ പ്രകീർത്തിച്ചത്. വളരെ വേഗതയുള്ള മീഡിയം ഫാസ്റ്റ് ബൗളറായ ടിനുവിന് തക്കസമയത്ത് ഒരു അവസരം നൽകുവാൻ കഴിഞ്ഞുവെന്നതിൽ ബോർഡെ അഭിമാനിക്കുന്നു. ടിനുവിൽ താൻ നൽകിയ വിശ്വാസം ആ താരം സംശയലേശമന്യേ തെളിയിക്കുമെന്ന് ബോർഡെ പറയുമ്പോൾ ഇന്ത്യൻ ക്രിക്കറ്റിലെ ഈ മലയാളിയെ ദേശീയ സെലക്ടർമാർ ഗൗരവത്തോടെ വീക്ഷിച്ചതിന് മറ്റൊരു തെളിവും ആവശ്യമില്ല. കഴിഞ്ഞ രണ്ട് സീസണുകളിൽ, എട്ടു മത്സരങ്ങളിൽ നിന്ന് 24 വിക്കറ്റുകൾ കീശയിലാക്കിയിട്ടുള്ള ടിനുവിന്റെ വിക്കറ്റിന്റെ എണ്ണത്തിലല്ല, മറിച്ച് മികവിനെ പേരിലാണ് ഇന്ത്യൻ ടീമിലേക്ക് വിളിച്ചിരിക്കുന്നത്.

വെസ്റ്റ് ഇൻഡീസിന്റെ കോർട്നി വാൽഷിനേയും, ആംബ്രോസിനേയും മോഡലായി കാണുന്ന ടിനുയോഹന്നാൻ തന്റെ മാറ്റുരക്കുവാൻ കിട്ടിയിട്ടുള്ള ഈ അവസരം ശരിക്കും ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു മികച്ച ഫാസ്റ്റ് ബൗളർക്കുവേണ്ട ശക്തമായ ചുമലുകളും, ഉയരവും ഉള്ള ടിനു ബൗളിങ്ങിൽ വ്യത്യസ്തത പരീക്ഷിക്കുവാൻ തയ്യാറുള്ള ഒരു യുവതാരമാണ്. സ്വിങ്ങറുകൾക്ക് മൂർച്ച കൂട്ടുവാനും, സ്ലോബോളും, യോർക്കറും കൂടുതൽ കൃത്യതയോടെ എറിയുവാനും, ഒപ്പം വേഗത വർദ്ധിപ്പിക്കാനും കഴിയുകയാണെങ്കിൽ ടിനു വരുന്ന നാളുകളിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ ബാറ്റ്സ്മാന്മാർക്ക് ഒരു പേടിസ്വപ്നമായിരിക്കും. കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ ഈ യുവതാരത്തിനെ കൂടുതൽ ഔന്നത്യങ്ങളിലെത്തിക്കുക തന്നെ ചെയ്യും. മൊഹാലിയിലെ അരങ്ങേറ്റം തന്നെ, ടിനുവിന്റെ ടെസ്റ്റായി മാറട്ടെ. ഓവർ ടു മൊഹാലി, ടിനു! ■

ധാർമ്മികതകർച്ചയ്ക്ക് ഇടം നൽകുന്നു

നോബൽ സമ്മാനാർഹർ, കവികൾ, തത്വചിന്തകന്മാർ, ബുദ്ധിജീവികൾ, മനുഷ്യാവകാശ പ്രവർത്തകർ തുടങ്ങിയവർ അഫ്ഘാനിസ്ഥാനെതിരെ യുദ്ധം ഉടനടി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു

ഒരു ഭീകരവാദിയെ പിടികൂടാനുള്ള നീക്കങ്ങൾ, വിശപ്പും പട്ടിണിയുംകൊണ്ട് വലയുകയും വംശനാശത്തിന്റെയും മരണത്തിന്റെയും ഭീഷണി നേരിടുകയും ചെയ്യുന്ന ഒരു രാഷ്ട്രത്തിനും അവിടുത്തെ ജനങ്ങൾക്കും നേർക്കുള്ള വൻ ആക്രമണമായി കലാശിച്ചിരിക്കുകയാണ്.

സെപ്തംബർ 11ന് നടന്ന അതിഭീകരമായ ആക്രമണത്തിന് കാരണമായി ലോകത്തിലെ ദരിദ്ര–സമ്പന്നവിഭാഗങ്ങൾക്കിടയിലെ വിടവിനെ കാണാനാവില്ലെങ്കിലും, ആ വിടവിനെ കൂടുതൽ വർദ്ധിപ്പിക്കാനും പാശ്ചാത്യരാഷ്ട്രങ്ങളെയും അവയുടെ നാഗരികതയെയും വർദ്ധിച്ച അളവിൽ വെറുക്കാനും മാത്രമേ അഫ്ഘാനിസ്ഥാനെതിരെയുള്ള ആക്രമണം സഹായകമായിട്ടുള്ളു. പാശ്ചാത്യരാഷ്ട്രങ്ങൾ, ഭാവിയിൽ അവയുടെ ഏറ്റവും നല്ല ഗുണങ്ങളായ ജനാധിപത്യം, ഭരണഘടനാ വ്യവസ്ഥിതി, സമൃദ്ധി എന്നിവയേക്കാൾ അതിന്റെ ഇരുണ്ട വശങ്ങളുമായി, പ്രത്യേകിച്ച് അനാദരവ്, വ്യവസ്ഥയില്ലാത്ത പ്രവർത്തികൾ, അക്രമം എന്നിവയുമായി താദാത്മീകരിക്കാനാണ് സാദ്ധ്യത.

അഫ്ഘാനിസ്ഥാനിൽ ഓരോ ബോംബ് വീഴുമ്പോഴും അഫ്ഘാൻ മണ്ണിൽ ഓരോ പാശ്ചാത്യഭടനും മരിച്ചുവീഴുമ്പോഴും ലോകത്തിലെ സമ്പന്നമേഖല തെക്കൻദേശത്തെ മനുഷ്യരുടെ യാതനകൾക്കുനേരെ കണ്ണടയ്ക്കുകയാണ് ചെയ്യുന്നത്. ഇടയ്ക്കിടെ നേരിടുന്ന ഉപരിതലസ്പർശിയായ വിജയങ്ങൾപോലും കാര്യങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടാക്കുന്നില്ല. ഈ ആക്രമണനീക്കത്തിലൂടെ പാശ്ചാത്യരാഷ്ട്രങ്ങൾ ഭീകരതയ്ക്കെതിരെ കൂട്ടായ നിയമനടപടിയിലേയ്ക്കുള്ള സാദ്ധ്യതകളെ ഇല്ലാതാക്കുക മാത്രമല്ല അതിന്റെതന്നെ ചിരസമ്മതതത്വങ്ങളെ ബലികഴിക്കുക കൂടിയാണ് ചെയ്യുന്നത്. അവസാന വിശകലനത്തിൽ, ഈ യുദ്ധം നടക്കുന്നത് ഭീകരവാദത്തെ ചെറുക്കാൻ വേണ്ടിയല്ല, സ്വന്തം സൈനികമേൽക്കോയ്മയുടെ പ്രശസ്തി നിലനിർത്താൻ വേണ്ടിമാത്രമാണെന്ന് വ്യക്തമാകുന്നു. അവസാനമായി, അവിടെ ഓരോ ദിനവും യുദ്ധം നടക്കുകയും ഇവിടെ ഓരോ പുതിയ സുരക്ഷാനിയമങ്ങൾ പ്രാവർത്തികമാകുകയും ചെയ്യുന്നതിനിടയിൽ നാം ഉയർത്തിപ്പിടിക്കുന്ന സ്വാതന്ത്ര്യംതന്നെ ഭീഷണിയെ നേരിടുകയും ഈ സൈനികനടപടിയുടെയും അതിന്റെ പ്രത്യാഘാതങ്ങളുടെയും ഉല്പന്നങ്ങളായ അഭയാർത്ഥികൾ കൂടുതൽ അരികിലാക്കപ്പെടുകയും ചെയ്യുന്നു.

സെപ്തംബർ 11ന് ആയിരക്കണക്കിന് മനുഷ്യർ വേദന തിന്നുകൊണ്ടു മരിക്കുക മാത്രല്ല, പാശ്ചാത്യനാഗരികതതന്നെ ഒരു പരാജയത്തെ നേരിടുകയാണ് ചെയ്തത്. അന്നു മരിച്ച ഒരാളും താലിബാനെതിരെ നടത്തുന്ന ഈ യുദ്ധത്തിലൂടെ തിരിച്ചെത്തുകയില്ല. യുദ്ധം നടക്കുന്ന ഓരോ ദിവസവും കൂടുതൽ തീവ്രമായ ധാർമ്മിക– രാഷ്ട്രീയത്തകർച്ചയ്ക്ക് സാദ്ധ്യത വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഇന്നുവരെ സംഭവിച്ച പരാജയങ്ങളിൽനിന്ന് പാഠംപഠിക്കാൻ ഇനിയും സാദ്ധ്യതയുണ്ട്. അഫ്ഘാനിസ്ഥാനിലും ലോകത്തും സാമൂഹ്യതുല്യതയും നീതിയും ലഭ്യമാക്കാനും നിയമക്രമത്തെ പുനഃസ്ഥാപിക്കാനും സഹായിക്കുന്ന ചർച്ചകളിലേയ്ക്കും രാഷ്ട്രീയ തീരുമാനങ്ങളിലേയ്ക്കും തിരിച്ചുപോകാൻ ഇനിയും സമയമുണ്ട്.

ജോസ് സാരമാഗോ (പോർച്ചുഗൽ), ഗുന്തർഗ്രാസ് (ജർമ്മനി), അഡോൾഫോ പെരസ് എസ്കിവെൽ (അർജന്റീന), റിഗോബെർത മെൻചുതും (ഗ്വാട്ടിമാല), ജോസ് റാമോസ് ഹോർത (ഈസ്റ്റ് ടിമൂർ), അഡോണിസ് (അലി അഹമദ് സയിദ് എഡ്ബിർ) (ഫ്രാൻസ്/ ലെബനൻ), ഓർഹാൻ പാവുക്ക് (തുർക്കി), മഹമൂദ് ദർവീഷ് (പലസ്തീൻ), ഒഗാഗ ഇഫോവോദോ (നൈജീരിയ), ഹാരോൾഡ് പിന്റർ (ഗ്രേറ്റ് ബ്രിട്ടൺ), ഫറാജ് സറോക്കി (ഇറാൻ), ജുവാൻ വില്ലറോ (മെക്സിക്കോ), അബ്ദുറഹ്മാൻ എ.വാബേരി (ജിബൂതി/ഫ്രാൻസ്), സിൻ മക്ഗഫിൻ (അയർലന്റ്), ക്രിസ്റ്റ്വൂൾഫ് (ജർമ്മനി), യൂറി അവ്നേറി (ഇസ്രായേൽ), മൊൺസിഞ്ഞോർ സാമുവേൽ റൂയിസ് ഗാർഷിയ (മെക്സിക്കോ), ഡാനിയേൽ മിത്തറാങ്ങ് (ഫ്രാൻസ്– ലിബർത്, ഫ്രാൻസ്), ഡോ. പാസ് റോജാസ് ബയോൺ (ചിലി), അക്കിൻ ബിർദൻ (തുർക്കി), ഡോ. ഷാൻ ഡീഗ്ലർ (സ്വിറ്റ്സർലന്റ്), പ്രൊഫ. ജോർജിയോ അഗാംബെൻ (ഇറ്റലി), പ്രൊഫ. നെവിൻ അലക്സാണ്ടർ (തെ. ആഫ്രിക്ക), പ്രൊഫ. ഫ്രാൻസിസ് എ. ബോയൽ (അമേരിക്ക), പ്രൊഫ. ജൂഡിത് ബട്‌ലർ (അമേരിക്ക), പ്രൊഫ. ഹാജോ ഫുങ്ക് (ജർമ്മനി), പ്രൊഫ. അക്സൽ ഹൊനെത് (ജർമ്മനി), പ്രൊഫ. വാൾട്ടർ ജൻസ് (ജർമ്മനി), പ്രൊഫ. സ്റ്റീവ് ലൂക്ക്സ് (ബ്രിട്ടൻ/ ഇറ്റലി), പ്രൊഫ. ഷാൻലുക്ക് നാൻസി (ഫ്രാൻസ്), പ്രൊഫ. ബെർട്രാന്റ് ഒഗൾവി (ഫ്രാൻസ്) ■

റിപ്പോർട്ട്

അരുവക്കോട് ക്ലബ്ബും ലീഗ് രാഷ്ട്രീയവും

കളത്തിൽ രാമകൃഷ്ണൻ

അരുവക്കോടിലെ ക്ലബ്ബ്സ്ഥാപനമാണ് ആര്യാടൻ-ലീഗ് വിവാദത്തിന് കാരണമായത്

കോൺഗ്രസ് നേതാവായ ആര്യാടൻ മുഹമ്മദിന്റെ മുന്നിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് ആയുധംവച്ച് കീഴടങ്ങിയതിനുശേഷം ഒരു വിഭാഗം ലീഗണികളിൽ വ്യാപകമായ അസംതൃപ്തി പടരുകയാണ്. മുസ്ലിംലീഗ് കേരള ചരിത്രത്തിൽ ആദ്യമായാണ് കോൺഗ്രസിന്റെ മുന്നിൽ തോറ്റുകൊടുത്തതെന്നും ഇത്തരം സംഭവം ഇതിനുമുൻപ് ഉണ്ടായിട്ടില്ലെന്നുമാണ് ഔദ്യോഗികവിഭാഗത്തെ എതിർക്കുന്നവർ പറയുന്നത്. ആര്യാടൻ മുഹമ്മദിന്റെ വിമർശനങ്ങൾക്ക് മറുപടി പറയാൻ കോഴിക്കോട്ട് നവംബർ 24ന് നടത്താൻ ഉദ്ദേശിച്ചിരുന്ന പത്രസമ്മേളനം അവസാനനിമിഷത്തിൽ മുസ്ലിംലീഗ് വേണ്ടെന്നുവയ്ക്കുകയായിരുന്നു. കെ.പി.സി.സി പ്രസിഡന്റ് കെ.മുരളീധരൻതന്നെ ആര്യാടൻ മുഹമ്മദിന് മറുപടി പറഞ്ഞിരിക്കുന്നതിനാൽ പത്രസമ്മേളനം നടത്തി വീണ്ടും വിവാദം സൃഷ്ടിക്കേണ്ട ആവശ്യമില്ലെന്നായിരുന്നു ഔദ്യോഗികമായ വിശദീകരണം. എന്നാൽ ഈ വിശദീകരണം ലീഗിലെ വിമതവിഭാഗം സ്വീകരിക്കുന്നതേയില്ല. പത്രസമ്മേളനം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചതുവഴി മുസ്ലിം ലീഗ് ജനങ്ങളുടെ മുന്നിൽ പരിഹാസ്യപാത്രമായിയെന്ന് അവർ ആരോപിക്കുന്നു. മാത്രമല്ല, ഒരു കാലത്ത് കോൺഗ്രസിലെ ഗ്രൂപ്പുവഴക്കുകൾ കൊടുമ്പിരിക്കൊള്ളുമ്പോൾ തങ്ങൾ യു.ഡി.എഫ് വിടുകയാണെന്നുള്ള ലീഗിന്റെ ഒരു ചെറിയ പ്രസ്താവനപോലും കോൺഗ്രസിനുള്ളിൽ ഉൾക്കിടിലം ഉണ്ടാക്കാറുണ്ടായിരുന്നു. മുന്നണി വിടുകയാണെന്ന് ലീഗ് ഭീഷണിപ്പെടുത്തുമ്പോഴെല്ലാം മുതിർന്ന കോൺഗ്രസ് നേതാവ് കെ.കരുണാകരൻ ശിഹാബ്തങ്ങളുടെ കുടപ്പനക്കൽ വീട്ടിലെത്തി തങ്ങളെ അനുനയിപ്പിക്കാറുണ്ടായിരുന്നു. അത്രത്തോളം ഭയമായിരുന്നു പണ്ട് കോൺഗ്രസിന് മുസ്ലിംലീഗിനോട്.

മുസ്ലിംലീഗ് വാശിപിടിച്ചുനിന്നപ്പോൾ രണ്ടുതവണ രാജ്യസഭാ സീറ്റ് ലീഗിനു കൊടുക്കാൻ കോൺഗ്രസ് നിർബന്ധിതരായിത്തീരുകയായിരുന്നു. മുസ്ലിംലീഗിന്റെ സമുന്നത നേതാവായ ശിഹാബ്തങ്ങളുടെ പൊതുജീവിതത്തിന്റെ 50-ാം വാർഷികം കോഴിക്കോട്ട് ആഘോഷിച്ചപ്പോൾ എല്ലാ ഔദ്യോഗിക പരിപാടികളും മാറ്റിവച്ചുകൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ എത്തിയത് കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധിയായിരുന്നു. അത്രത്തോളം കോൺഗ്രസ് മുസ്ലിംലീഗിനെ ബഹുമാനിക്കുകയും ലീഗിന്റെ പ്രസക്തിയെപ്പറ്റി മനസ്സിലാക്കുകയും ചെയ്തിരുന്നു. എന്നാൽ അതേ മുസ്ലിംലീഗ് ഇന്ന് കോൺഗ്രസ് നേതാവ് ആര്യാടൻ മുഹമ്മദിന്റെ, തൊഴിയേറ്റ് ചോരയുംവാർന്ന് മലർന്നടിച്ചുകിടക്കുകയാണ്.

പ്രസ്താവനാഭീഷണി

ആര്യാടൻ മുഹമ്മദ് ലീഗിനെതിരെ ഉന്നയിച്ചത് പ്രധാനപ്പെട്ട മൂന്നു കാര്യങ്ങളാണ്. ലീഗിനെ സംബന്ധിച്ചിടത്തോളം ഗൗരവമായ പ്രശ്നമാണ് ആര്യാടൻ മുഹമ്മദ് ഉന്നയിച്ചതെന്ന് ലീഗിലെ വിമതവിഭാഗം കരുതുന്നു. ഒന്ന്, ആര്യാടൻ ഉന്നയിച്ച പ്രധാന കാര്യം ശിഹാബ് തങ്ങൾ ഒരു രാഷ്ട്രീയ നേതാവായിരിക്കുന്ന കാലത്തോളം അദ്ദേഹത്തെ വിമർശിക്കാനുള്ള അധികാരം കോൺഗ്രസിനുണ്ട് എന്നുള്ളതാണ്. ശിഹാബ് തങ്ങൾ വിമർശനത്തിന് അതീതനാണെന്നുള്ള വാദം ജനാധിപത്യവിരുദ്ധവും ഒരുതരത്തിലുള്ള ഫാസിസ്റ്റ് നിലപാടുമാണ്. മാത്രമല്ല, ശിഹാബ്തങ്ങളെ വിമർശിക്കാൻ പാടില്ലെന്നുള്ള വാദഗതി വഴി മുസ്ലിംലീഗ് ജിന്നയുടെ ലീഗിന്റെ കാലടികളാണ് പിന്തുടരുന്നത്. ഇത്തരം ഗൗരവപരമായ ആരോപണങ്ങൾ ലീഗിനെതിരെ എടുത്തു പ്രയോഗിച്ചിട്ടുപോലും അതിനു മറുപടി പറയാൻ ലീഗ് നേതൃത്വം തയ്യാറാവാതിരുന്നത് പാർട്ടി എന്തോ ഭയപ്പെടുന്നതുകൊണ്ടാണെന്നാണ് വിമതവിഭാഗത്തിന്റെ ആരോപണം. ലീഗ് ജനാധിപത്യവിരുദ്ധ പാർട്ടിയാണെന്നും അതിന്റെ, ചില നിലപാടുകൾക്ക് ഫാസിസത്തിന്റെ ചുവയുണ്ടെന്നുമുള്ള ആര്യാടന്റെ പരോക്ഷമായ സൂചനകൾ ഉണ്ടായിട്ടുപോലും അതിന് അതേ നാണയത്തിൽ മറുപടി പറയാൻ മുസ്ലിംലീഗ് നേതൃത്വം ഭയപ്പെടുകയാണ്. യഥാർത്ഥത്തിൽ കോഴിക്കോട്ടെ പത്രസമ്മേളനം വേണ്ടെന്നുവച്ചത് മറ്റു ചില കാരണങ്ങൾകൊണ്ടാണെന്ന് വിമതവിഭാഗം കരുതുന്നു. മലപ്പുറം ജില്ലാ യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റ് കെ.കെ.ഷാഹുൽ ഹമീദിന്റെ പ്രസ്താവനയാണ് പത്രസമ്മേളനം പിൻവലിക്കാൻ യഥാർത്ഥ കാരണമെന്നാണ് ലീഗിലെ വിമതവിഭാഗം പറയുന്നത്. ആര്യാടൻ മുഹമ്മദിന് ഉചിതമായ മറുപടി പറയുമെന്ന് ലീഗ് നേതൃത്വം തീരുമാനിച്ചതിനുശേഷം കെ.കെ.ഷാഹുൽഹമീദ് ഒരു പ്രസ്താവന ഇറക്കുകയുണ്ടായി. കോൺഗ്രസിലെ നേതാക്കളെ വ്യക്തിപരമായി ലീഗുകാർ ആക്ഷേപിക്കുകയാണെങ്കിൽ മുസ്ലിംലീഗ് നേതൃത്വത്തിന്റെ 'ചില കളികൾ' പുറത്തുകൊണ്ടുവരാൻ തങ്ങൾ നിർബന്ധിതമായിത്തീരുമെന്ന് ഷാഹുൽ ഹമീദ് പ്രസ്താവനയിൽ പറഞ്ഞിരുന്നു. അതിനുശേഷം കോൺഗ്രസിനെതിരെ നിലമ്പൂരിൽ ലീഗുകാർ പ്ലാൻ ചെയ്ത റാലി പിൻവലിക്കുകയായിരുന്നു ആദ്യം സംഭവിച്ചത്. അതിനുശേഷമാണ് കോഴിക്കോട്ടെ പത്രസമ്മേളനം വേണ്ടെന്നുവയ്ക്കാൻ തീരുമാനിച്ചത്.

എന്നാൽ, മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കൊരമ്പയിൽ അഹമ്മദ്ഹാജി പറയുന്നത് മറ്റൊന്നാണ്. കെ.പി.സി.സി പ്രസിഡന്റ് കെ.മുരളീധരനാണ് കേരളത്തിലെ ഔദ്യോഗിക വക്താവ്. ശിഹാബ് തങ്ങൾ കേരള മുസ്ലീങ്ങളുടെ ആത്മീയ നേതാവാണെന്ന് മുരളീധരൻ പറഞ്ഞതിന്റെ വെളിച്ചത്തിൽ ഇനി വീണ്ടും ഒരു വിവാദം സൃഷ്ടിക്കാൻ ലീഗ് ഒരുക്കമല്ലായിരുന്നു. അതുകൊണ്ടാണ് പത്രസമ്മേളനം പിൻവലിച്ചതെന്ന് കൊരമ്പയിൽ അഹമ്മദ്ഹാജി പറഞ്ഞു. മാത്രമല്ല, ലീഗിന്റെ ആത്മീയ നേതാവായ ശിഹാബ് തങ്ങളുടെ പേര് ഇക്കാര്യത്തിൽ വലിച്ചിഴയ്ക്കേണ്ട യാതൊരു ആവശ്യവുമുണ്ടായിരുന്നില്ലെന്നും കൊരമ്പയിൽ ചൂണ്ടിക്കാട്ടി.

മുസ്ലിംലീഗ് ഒരുവിഭാഗം നേതാക്കന്മാരുടെ സ്വാർത്ഥതാല്പര്യങ്ങൾക്ക് വേണ്ടിയാണ് നിലകൊള്ളുന്നതെന്നാണ് പാർട്ടിയിലെ വിമതവിഭാഗത്തിന്റെ ആരോപണം. നാട്ടിലെ സാമ്പത്തികപ്രശ്നങ്ങളെപ്പറ്റിയൊന്നും ഇന്ന് പാർട്ടി ചിന്തിക്കുന്നതേയില്ല. ജനങ്ങൾ സാമ്പത്തികവിഷമത്തിൽപ്പെട്ട് നട്ടംതിരിയുമ്പോൾ പാർട്ടി മീറ്റിങ്ങുകളിൽ ഇത്തരം വിഷയങ്ങളൊന്നും പരാമർശിക്കപ്പെടുന്നില്ലെന്നാണ് വിമതവിഭാഗം പറയുന്നത്. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളിൽ ഇടപെടാനും അതിന് പരിഹാരം കാണുവാനുമുള്ള ഒരു കർമ്മ പരിപാടിയും ഇന്ന് മുസ്ലിംലീഗിനില്ല. കഴിഞ്ഞ സംസ്ഥാന കമ്മിറ്റിയിൽ ചർച്ച ചെയ്തത് അഫ്ഘാനിസ്ഥാനിൽ അമേരിക്ക നടത്തുന്ന യുദ്ധത്തെപ്പറ്റിയാണ്. അത്രയും പാർട്ടി ജനങ്ങളിൽനിന്നു അകന്നുകഴിഞ്ഞിരിക്കുകയാണ്. ലീഗ് അണികൾ മുസ്ലിം ജനകീയ മുന്നണിയുടെയും എൻ.ഡി.എഫിന്റെയും വർഗ്ഗീയ പ്രചരണങ്ങളിൽ അടിപ്പെട്ട് വർഗ്ഗീയവൽക്കരിക്കപ്പെടുമ്പോൾ ലീഗ് നേതൃത്വം അവരെ അതിൽനിന്നു പിന്തിരിപ്പിച്ച് ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ കൊണ്ടുവരാനുള്ള യാതൊരു പരിശ്രമവും നടക്കുകയുണ്ടായിട്ടില്ല. മുസ്ലിംലീഗ് ഇന്ന് ഒരു വലിയ ആൾക്കൂട്ടം മാത്രമാണ്. പാർട്ടി അദ്ധ്യക്ഷൻ ശിഹാബ് തങ്ങളുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന ഉപഗ്രഹങ്ങളായി മാറിയിരിക്കുകയാണ് മിക്കവാറും ലീഗ് നേതാക്കന്മാർ. ഈ ഉപഗ്രഹങ്ങൾ ഭൂരിപക്ഷവും സ്വയം പ്രകാശിതങ്ങളല്ല. നേരെമറിച്ച് ശിഹാബ് തങ്ങൾ ചൊരിയുന്ന വെളിച്ചത്തിൽ അല്പമാത്രപ്രകാശം പരത്തുന്നവരാണ് മിക്ക നേതാക്കന്മാരും.

കൊരമ്പയിൽ

മുരളീധരൻ

നാദാപുരത്തും മലപ്പുറത്തും സി.പി.എമ്മിന് രണ്ടുനയമാണ്. ഒരിടത്ത് വർഗസമരം, മറ്റൊരിടത്ത് വർഗസഹകരണം

ലീഗിന്റെ അധോഗതി ആരംഭിച്ചത് കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പോടുകൂടിയാണ്. ലീഗുമായുള്ള കൂട്ടുകെട്ട് മോഹിച്ച സി.പി.എം പാർട്ടിയിലെ ഒരു വിഭാഗവുമായി അടുക്കുകയായിരുന്നു. ഈ വിഭാഗത്തെ പല കാര്യങ്ങളുംപറഞ്ഞ് ബ്ലാക്ക്മെയിൽ ചെയ്യുകയായിരുന്നു സി.പി.എം. അങ്ങനെയാണ് മലപ്പുറം ജില്ലയിലെ 16 ഗ്രാമ പഞ്ചായത്തുകളിൽ ലീഗും സി.പി.എമ്മും അടവുനയത്തിന്റെ പേരിൽ കൂട്ടുകെട്ടുകളുണ്ടാക്കിയത്. എന്നാൽ, ഈ കൂട്ടുകെട്ട് തിരഞ്ഞെടുപ്പിൽ പരാജയപ്പെടുകയായിരുന്നു.

ബ്ലാക്ക്മെയിൽ

ഇതേ 'ബ്ലാക്ക്മെയിൽ' തന്ത്രമാണ് കോൺഗ്രസിലെ ഒരു വിഭാഗം ഇന്ന് ലീഗിനെതിരെ എടുത്തുപയോഗിക്കുന്നത്. ലീഗിനെ ഏതു പാർട്ടിക്കും 'ബ്ലാക്ക്മെയിൽ' ചെയ്യാൻ പറ്റുമെന്ന് വിമതവിഭാഗം പറയുന്നു. ലീഗിലെ ചില ഉന്നത നേതാക്കന്മാർ ഉൾപ്പെട്ട 'കേസുകൾ' ചൂണ്ടിക്കാട്ടിയാണ് 'ബ്ലാക്ക്മെയിൽ' തന്ത്രം അരങ്ങേറുന്നത്. ആര്യാടൻ മുഹമ്മദും ലീഗ് നേതൃത്വവും തമ്മിലുള്ള കലഹത്തിൽ ഒടുവിൽ ആയുധംവച്ച് കീഴടങ്ങാൻ ലീഗ് നേതൃത്വം നിർബന്ധിതമായതും ഇതേ കാരണംകൊണ്ടുതന്നെയാണ്.

ആര്യാടൻ മുഹമ്മദും മുസ്ലിംലീഗും തമ്മിലുള്ള വടംവലി തുടങ്ങിയത് അരുവക്കോട് സംഭവത്തോടുകൂടിയാണ്. നിലമ്പൂരിനടുത്തുള്ള ഒരു ഗ്രാമമാണ് അരുവക്കോട്. അവിടെ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികുടുംബങ്ങളിലെ സ്ത്രീകൾക്ക് അവരുടെ വ്യവസായം തകർന്നപ്പോൾ ജീവിക്കാൻ മറ്റു മാർഗ്ഗങ്ങളില്ലാതെ വേശ്യാവൃത്തിയെ ആശ്രയിക്കേണ്ടിവന്നു. പത്രമാദ്ധ്യമങ്ങളിൽ അവരുടെ കഥകൾ നിറഞ്ഞുനിന്നപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളും ചില സന്നദ്ധ സംഘടനകളും അവരെ പുനരധിവസിപ്പിക്കാൻ എത്തി. അങ്ങനെ മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടവർ ഒരു പുതിയ ജീവിതം കണ്ടെത്തി. അരുവക്കോട് ഗ്രാമത്തിൽ വേശ്യാവൃത്തി പൂർണ്ണമായും അവസാനിക്കപ്പെട്ടു.

ഈ അവസരത്തിലാണ് പ്രദേശങ്ങളിലെ ഗൾഫ് പണച്ചാക്കുകൾ അരുവക്കോട് ഒരു ക്ലബ്ബ് രൂപീകരിക്കാൻ ആരംഭിച്ചത്. അരുവക്കോട് ഗ്രാമത്തിൽ മൺപാത്ര തൊഴിലാളികളുടെ കോളനിക്കടുത്തുള്ള ഒരു കുന്ന് ഇടിച്ചുനിരപ്പാക്കി അവിടെ ക്ലബ്ബിനുവേണ്ടിയുള്ള കെട്ടിടം പണിയാനായിരുന്നു പ്ലാൻ. നിർമ്മാണത്തിന്റെ പുറകിൽ മുസ്ലിംലീഗിന്റെ പണച്ചാക്കുകളാണുണ്ടായിരുന്നത്. അവരുടെ ഉദ്ദേശം മറ്റൊന്നായിരുന്നു: വേശ്യാവൃത്തി അവസാനിപ്പിച്ച് നല്ല ജീവിതം നയിക്കാൻ തുടങ്ങിയ അരുവക്കോട്ടെ സ്ത്രീകളെ ലക്ഷ്യമാക്കിയായിരുന്നു ക്ലബ്ബ് രൂപീകരണത്തിന് അവർ തുനിഞ്ഞത്. സമീപത്തെ കോൺഗ്രസ് പ്രവർത്തകർ ക്ലബ്ബ് നിർമ്മാണത്തിനെതിരെ ഒരു ജനകീയ കമ്മിറ്റി രൂപീകരിച്ചു. അവർ ഹൈക്കോടതിയിൽനിന്നും അതിനെതിരെയുള്ള സ്റ്റേ സമ്പാദിക്കുകയും ചെയ്തു.

ഇതിനു മുന്നിട്ടിറങ്ങിയത് ആര്യാടൻ മുഹമ്മദിന്റെ മകനായിരുന്നു. ക്ലബ്ബ് രൂപീകരണത്തിനു ശ്രമിച്ചവർക്ക് നിലമ്പൂരിലെ ഒരു പ്രമുഖ സ്കൂളുമായി ബന്ധമുണ്ടായിരുന്നു. ഇവിടം മുതലാണ് ആര്യാടൻ മുഹമ്മദും മുസ്ലിംലീഗിലെ സമ്പന്നവർഗ്ഗവും തമ്മിൽ ഇടയാൻ തുടങ്ങിയത്. അത് ഒടുവിൽ പീവീസ് റസിഡൻഷ്യൽ സ്കൂളിൽ നാല്പതോളം തൊഴിലാളികളെ പിരിച്ചുവിട്ടതിനെതിരായുള്ള സമരത്തിലും അതിനോടനുബന്ധിച്ചുള്ള രാഷ്ട്രീയകലഹങ്ങൾക്കും കാരണമായി.

ഒരു സി.പി.എം പോളിറ്റ് ബ്യൂറോ അംഗം ഇക്കാര്യത്തിൽ മദ്ധ്യസ്ഥത വഹിക്കാൻ അന്നും നിലമ്പൂരിൽ ഓടിയെത്തിയിരുന്നു എന്നുള്ളതാണ് ഒരു രസകരമായ വസ്തുത. പ്രസ്തുത നേതാവ് അവിടെയുള്ള ഒരു മുസ്ലിം ഓർഫനേജ് ഉദ്ഘാടനം ചെയ്യുകയും പ്രദേശത്തെ ഒരു പ്രമുഖ മുസ്ലിംലീഗ് ധനാഢ്യന്റെ വീട്ടിൽനിന്നു ഉച്ചഭക്ഷണം കഴിക്കുകയുമുണ്ടായി എന്നുള്ളതാണ് അരുവക്കോട് സംഭവത്തിന്റെ പിന്നിലുള്ള മറ്റൊരു സൈഡ്സ്റ്റോറി. പ്രസ്തുത ധനാഢ്യനായിരുന്നു പ്രമുഖ മാർക്സിസ്റ്റ് നേതാവിനെ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോവുകയും പാർട്ടി ചാനലിനുവേണ്ടിയുള്ള പണം സ്വരൂപിക്കുകയും ചെയ്തത്. എന്നാൽ പ്രതീക്ഷിച്ചതുപോലെതന്നെ ആര്യാടനും മുസ്ലിംലീഗും തമ്മിലുള്ള വിവാദത്തിൽ സി.പി.എം എടുത്ത നിലപാട് കോൺഗ്രസ് വിരുദ്ധമായിരുന്നു. ചുരുക്കംപറഞ്ഞാൽ, ഗൾഫ് പണച്ചാക്കുകൾ നടത്തുന്ന മലപ്പുറം ജില്ലയിലെ സ്ഥാപനങ്ങളിലൊന്നുംതന്നെ തൊഴിലാളിവർഗ്ഗ വിപ്ലവം പ്രസംഗിക്കുന്ന സി.പി.എം ഒരിക്കലും ചൂഷിതരായ തൊഴിലാളികളെ സംഘടിപ്പിക്കാറുണ്ടായിരുന്നില്ല. നാദാപുരത്തും മലപ്പുറത്തും രണ്ടു വ്യത്യസ്തനയമാണ് സി.പി.എം സ്വീകരിച്ചിട്ടുള്ളത്. നാദാപുരത്ത് 'വർഗ്ഗസമര'മാണെങ്കിൽ മലപ്പുറത്ത് വർഗ്ഗസഹകരണമാണ്. കാരണം, അവിടെയാണല്ലോ പാർട്ടി ചാനലിന്റെ നിലനില്പുതന്നെ കിടക്കുന്നത്. ■

കുറിപ്പ്

ജലരേഖകൾ

ഡൽഹി തപാൽ

എസ്.ഗോപാലകൃഷ്ണൻ

ജയപ്രകാശ് നാരായണനും ഊരുഭംഗവും

ജയപ്രകാശ് നാരായണൻ ജീവിച്ചിരുന്നെങ്കിൽ ഇക്കൊല്ലം അദ്ദേഹം നൂറാം വയസ്സിലെത്തുമായിരുന്നു. ഓർക്കേണ്ടവയെ അരിച്ചെടുത്തു സൂക്ഷിക്കുന്ന ഒരു തലമുറ, മറക്കാനായി കരുതിവച്ച ജീവിതങ്ങളിലൊന്നായി ജയപ്രകാശ് നാരായണൻ മാറി. ആരാണ് ജയപ്രകാശിനെ ഓർക്കേണ്ടിയിരുന്നത്? നെഹ്റുവിയൻ ലിബറലിസത്താൽ പിൻബഞ്ചിലേയ്ക്ക് തള്ളപ്പെട്ട ഗാന്ധിയൻ മൗലികവാദത്തെ വംശനാശം വരാതെ കൊണ്ടുനടന്ന ആളായിരുന്നതിനാൽ ഗാന്ധിസെമിനാരികളോ? അതോ, 1930-കളിൽ ഗാന്ധിയൻ ചണ്ഡവാതം ഉത്തരേന്ത്യയിൽ ആഞ്ഞടിച്ചപ്പോഴും മാർക്സ്, മാർക്സ്... എന്ന് വിത്തുവിതച്ച് നടന്നിരുന്നതിനാൽ ഈ നാട്ടിലെ മാർക്സിസ്റ്റ് സെമിനാറിസ്റ്റുകളോ? അതെന്തുതന്നെയായിരുന്നാലും, ജയപ്രകാശ് നാരായണൻ ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ നിങ്ങൾ വായിച്ച വാചകങ്ങളിലെ ഹിംസയുടെ അംശത്തിൽ അദ്ദേഹം വ്യസനിച്ചേനെ. സത്യസന്ധനും ധൈര്യശാലിയുമായ ഏതൊരു സന്ദേഹിയെയുംപോലെ താനും വിസ്മൃതനായി എന്ന് വിശ്വസിച്ചേനെ.

ജയപ്രകാശ് നാരായണന്റെ ജീവിതം അടുത്തു നിരീക്ഷിച്ചാൽ അദ്ദേഹത്തിനുള്ളിൽ എപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഒരു സംഘർഷം അനുഭവപ്പെടും. അത് ഗാന്ധിയും മാർക്സും തമ്മിൽ നടന്ന ആശയസംവാദമായിരുന്നു. ആ കടുത്ത സംഘർഷത്തിന്റെ പ്രോജ്ജ്വല പരാജയത്തിലേയ്ക്കുള്ള യാത്രയായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയശബ്ദങ്ങളും 'നി'ശ്ശബ്ദങ്ങളും.

1930-50 കാലങ്ങളിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയും ഇന്ത്യൻ കമ്യൂണിസ്റ്റുകളും തമ്മിൽ നടന്ന ആശയസംവാദങ്ങളെ മുൻനിർത്തി 'ജയപ്രകാശും ഇടതുപക്ഷവും' എന്നൊരു കുറിപ്പെഴുതാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. എന്നാൽ ജയപ്രകാശിനുള്ളിൽതന്നെ ഒരിക്കലും പൂർത്തിയാകാതെ കിടന്ന ഒരു സംഘർഷമായിരുന്നു ഇതെന്ന് അറിയാൻ കഴിഞ്ഞു.

ക്രോധം നങ്കൂരമിട്ട ഹൃദയം

അമേരിക്കയിലെ പഠനശേഷം 1929-ൽ ജയപ്രകാശ് നാരായണൻ ഇന്ത്യയിൽ തിരിച്ചെത്തി. ഇരുപത്തേഴുകാരനായ, കറകളഞ്ഞ യുവമാർക്സിസ്റ്റായി. 1929-1939 കാലത്തെ അദ്ദേഹത്തിന്റെ രചനകൾ ചുവന്നിരുന്നു. അമേരിക്കയിലായിരുന്നപ്പോൾ മാർക്സിസത്തിന്റെ ജലപ്രവാഹത്തിൽനിന്നും ആവോളം ഞാൻ കുടിച്ചു എന്നദ്ദേഹം പറഞ്ഞു. അമേരിക്കയിലെ മുതിർന്ന കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികരോടുള്ള അടുപ്പവും അദ്ദേഹത്തിന്റെ അവിടുത്തെ ജീവിതരീതിയും ജയപ്രകാശിനെ കടുത്ത നിലപാടുകളുള്ള ആളാക്കി മാറ്റി. അമേരിക്കയിൽ താൻ ഖനികളിലും ഫാക്റ്ററികളിലും അറവുശാലകളിലും പണിയെടുത്താണ് പഠിച്ചതെന്ന് അദ്ദേഹം പറഞ്ഞു. ഇക്കാലത്ത് ആ യുവാവിൽ ആരൂഢമായതാണ് തലകീഴായി നിൽക്കുന്ന ലോകത്തെ നേരെയാക്കി നിർത്താമെന്ന കമ്മ്യൂണിസ്റ്റ് ചിന്താഗതി. പിൽക്കാലത്ത് സോവിയറ്റ് യൂണിയനെ തള്ളിപ്പറഞ്ഞപ്പോഴും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടികളെ തന്നിൽനിന്നും അകറ്റിനിർത്തിയപ്പോഴും പൂർണ്ണ സർവ്വോദയ പ്രവർത്തകനും ഗാന്ധിയനും ആയിരുന്നപ്പോഴും. തന്റെ സ്വത്വത്തിന്റെ ഏതോ അംശത്തിലിരുന്ന് ക്രോധമാനസനായ ഒരു ചെങ്കുപ്പായക്കാരൻ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. ജയപ്രകാശിന്റെ ഈ ആശയസംഘർഷം ഏറ്റവും നന്നായി മനസ്സിലാക്കിയത് ഗാന്ധിയായിരുന്നുതാനും.

സോഷ്യലിസ്റ്റ് പാർട്ടി വിട്ട് ഗാന്ധിസത്തിലേയ്ക്ക് മാനസാന്തരംവന്ന നേതാക്കളുടെ പേരുവിവരം ഗാന്ധിയോട് പറഞ്ഞ ഒരു നേതാവ്, ജയപ്രകാശ് ഒരു മുൻകോപക്കാരനാണെന്നേയുള്ളൂ, അദ്ദേഹത്തിലും മാറ്റം വന്നിട്ടുണ്ട് എന്നറിയിച്ചപ്പോൾ ഗാന്ധിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

''ഇല്ല. ജയപ്രകാശിന് എടുത്തുചാട്ടമൊന്നുമില്ല. അയാളുടെ ഹൃദയത്തിൽ ക്രോധം നങ്കൂരമിട്ടിട്ടുണ്ട്!'' ഒരു വിധിപോലെ കനംതൂങ്ങുന്ന ഗാന്ധിവാചകം ജയപ്രകാശിൽ വ്യസനമുണ്ടാക്കി. മറ്റൊരവസരത്തിൽ ആർതർ കെസ്ലറുടെ പ്രശസ്ത പുസ്തകമായ 'The Yogi and Commissar'നെ ഉദ്ധരിച്ചുകൊണ്ട് താൻ യോഗി ഭാവങ്ങളുള്ള ഒരു കമ്മിസ്സാറാണ് (മറിച്ചല്ല) എന്നു പറഞ്ഞു. കടുത്ത കമ്മ്യൂണിസ്റ്റായിരുന്നപ്പോഴും കൂടെയുള്ള സഖാക്കൾ ഗാന്ധിയെ കാണുമ്പോൾ' ഔപചാരികമായ ഹസ്തദാനം നടത്തുമ്പോൾ ജയപ്രകാശ് അദ്ദേഹത്തിന്റെ കാലിൽതൊട്ടു തൊഴുമായിരുന്നു എന്നതുമോർക്കുക.


LOOK HOW HE IS TRYING TO SPREAD DISCONTENT! CLEARLY SOME OUTSIDE FORCE IS BEHIND HIM!
JOIN J.P.'S MOVEMENT

പ്രഭാവതീദേവി

ബീഹാർ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റും ദർഭംഗയിലെ കുലീന നേതാവുമായിരുന്ന ബ്രജ്കിഷോർ പ്രസാദിന്റെ മകളായിരുന്നു പ്രഭാവതീദേവി. ഇംഗ്ലീഷുകാരന്റെ ഉറക്കം കെടുത്തിയ ചമ്പാരനിലെ സമരവേദിയിലേയ്ക്ക് ഗാന്ധിയെ കൊണ്ടുവന്ന ആളായിരുന്നു ബ്രജ്കിഷോർ. നാല് ആൺമക്കളുടെ അച്ഛനായിരുന്ന ഗാന്ധി അപ്പോഴേയ്ക്കും ബ്രഹ്മചര്യവ്രതം എടുത്തിരുന്നു. പ്രഭാവതിയെ മകളായി ദത്തെടുക്കണമെന്ന് ഗാന്ധിയും കസ്തൂർബായും ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ 1920-ൽ പ്രഭാവതിയെ ജയപ്രകാശിന് വിവാഹം ചെയ്തുകൊടുക്കുകയാണ് ബ്രജ്കിഷോർ ചെയ്തത്. 1922-ൽ അമേരിക്കയിലേയ്ക്ക് ജയപ്രകാശ് പഠിക്കുവാൻ പോയപ്പോൾ അദ്ദേഹത്തിന്റെ സമ്മതത്തോടെ പ്രഭാവതി അഹമ്മദാബാദിലെ ഗാന്ധി ആശ്രമത്തിലേയ്ക്കു പോയി. അന്ന് ബ്രഹ്മചര്യനിഷ്ഠ സ്വീകരിച്ച പ്രഭാവതി തികഞ്ഞ ഗാന്ധിയനായി തുടർന്നു. വിദേശത്തുനിന്നും തിരികെവന്ന ജയപ്രകാശ്, ഭാര്യയുടെ ബ്രഹ്മചര്യനിഷ്ഠ അംഗീകരിച്ചു. ജീവിതാന്ത്യംവരെ. കമ്മ്യൂണിസ്റ്റായി തിരികെവന്ന ജയപ്രകാശിനുമേൽ ഗാന്ധിയുടെ സ്വാധീനം ശക്തമായിത്തുടരാൻ പ്രഭാവതീദേവിയുടെ സാന്നിദ്ധ്യം വലിയ പങ്കുവഹിച്ചിരുന്നു എന്നുപറയാനാണ് ഇതെഴുതിയത്.


AH, ALL SET. NOW, I MUST GET SOMEONE TO BOWL IT!
TOTAL REVOLUTION

കമ്മ്യൂ. ഇന്റർനാഷണൽ

1928-ലെ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ, വിമോചന സമരങ്ങൾ നടക്കുന്ന രാഷ്ട്രങ്ങളിലെ ദേശീയ ബൂർഷ്വാസിയുടെ പോരാട്ടങ്ങളിൽനിന്നും മാറിനിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടികൾ സ്വന്തം സമരമുഖങ്ങൾ വളർത്തിയെടുക്കണമെന്ന് ആവശ്യപ്പെട്ടു. ദേശാതീതങ്ങളായി വർത്തിക്കുന്ന 'പോരാട്ടനെറ്റ്-വർക്കുകൾ' ഇക്കാലത്തും അക്കാലത്തും അതിർത്തികളെയോ ദേശാഭിമാനത്തെയോ അംഗീകരിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റായിരുന്ന ജയപ്രകാശ് ഇന്ത്യയിൽ കോൺഗ്രസിൽ ചേർന്നതിനെക്കുറിച്ച് പിന്നീടൊരിക്കൽ പറഞ്ഞു:

''ഞാൻ ഇന്ത്യയിലേയ്ക്ക് തിരിച്ചുവന്നപ്പോൾ കമ്മ്യൂണിസ്റ്റായിരുന്നു. എന്നാൽ കോൺഗ്രസിലാണ് ചേർന്നത്. ലെനിന്റെ രചനകൾ എന്റെ ദേശാഭിമാനത്തെ കൂടുതൽ ശക്തമാക്കി. ലെനിൻ പറഞ്ഞിട്ടുണ്ട്, സ്വാതന്ത്ര്യസമരങ്ങളുടെ നേതൃത്വത്തിൽ ബൂർഷ്വാസികളാണെന്നിരിക്കിലും ഒരു കമ്മ്യൂണിസ്റ്റുകാരനും നാട്ടിൽ ഒറ്റപ്പെടാൻ അവസരമുണ്ടാക്കരുതെന്ന്. കമ്മ്യൂണിസ്റ്റുകാർ ലെനിനെ മറന്നു. ഗാന്ധിജി ജയിലിലായിരുന്നപ്പോൾ ഡാങ്കെ സി.ഐ.ഡിമാരെ സഹായിക്കുകയായിരുന്നു.''

തന്നിലെ ഗാന്ധിയന് കമ്മിസ്സാറുടെ സാക്ഷിപത്രവും കമ്മിസ്സാറിന് ഗാന്ധിയന്റെ സാക്ഷിപത്രവും ആഗ്രഹിച്ച് അവസാനംവരെ ജീവിച്ചയാളായിരുന്നു ജെ.പി. അവസാനകാലത്തെ സമഗ്രക്രാന്തിയുടെ നിലപാടുകൾ രൂപപ്പെടുത്തുമ്പോഴും ഈ 'ഗാന്ധിയൻ സോഷ്യലിസ്റ്റ്' വലിയ സംഘർഷങ്ങൾ അനുഭവിച്ചതുകാണാം.

ചുമടുതാങ്ങികൾ

കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തെയോ അതിന്റെ ഇന്ത്യൻ പ്രയോഗങ്ങളെയോ തള്ളിപ്പറയാൻ ജയപ്രകാശ് വിസമ്മതിച്ച ഒരവസരം പറയാം. റഷ്യൻ വംശജനായ അമേരിക്കൻ കമ്മ്യൂണിസ്റ്റ് യൂജിൻ ലൈക്കോൺസ് എഴുതിയ 'Assignment in Utopia' എന്ന പുസ്തകം ഒരു സുഹൃത്ത് അദ്ദേഹത്തിന് കൊടുത്തു. സോവിയറ്റ് യൂണിയനിലെ മനുഷ്യാവസ്ഥയിൽ മനംമടുത്ത് അവിടംവിട്ട ലൈക്കോൺസിന്റെ പുസ്തകം മുഴുവൻ വായിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. കാരണമായി ജയപ്രകാശ് പറഞ്ഞത് പ്രസ്തുത പുസ്തകം സത്യസന്ധമാണെന്ന് തോന്നുന്നുണ്ടെങ്കിലും, അതൊക്കെ സോവിയറ്റ് യൂണിയനെ സംബന്ധിച്ച് ശരിയായിരിക്കാമെന്നേയുള്ളുവെന്നാണ്. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർ അങ്ങനെ ആകണമെന്ന് നിർബന്ധമില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയിലെ ജനാധിപത്യപ്രക്രിയയിൽ എപ്പോഴും സജീവമായി പങ്കെടുക്കുകയും ജനാധിപത്യ സംരക്ഷണത്തിനുള്ള സമരങ്ങളിൽ പിന്നണിയിൽ അല്ലാതെ നിൽക്കുകയും ചെയ്തിട്ടുള്ള ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ തങ്ങളുടെ കൊമിന്റേൺ ചുമടുകളും ഭരണകൂടങ്ങളുടെ അതിക്രമങ്ങളും തള്ളിപ്പറയാത്തത് എന്തുകൊണ്ടാണാവോ?

അതേസമയം, സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം ഇന്ത്യയിലെ സോഷ്യലിസ്റ്റുകൾ ആഗോള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ സംശയത്തോടെ വീക്ഷിക്കുകയും ഇന്ത്യൻ നാഷണൽ കോൺഗ്രസിനോട് അകൽച്ച പുലർത്തുകയും ചെയ്ത്, ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പുറമ്പോക്കിൽ സ്ഥിരതാമസമാക്കി. ജയപ്രകാശ് നാരായണൻ സജീവരാഷ്ട്രീയം വെടിഞ്ഞ് സർവോദയ പ്രവർത്തകനായതും ഇന്ത്യ കണ്ട മഹാനായ സോഷ്യലിസ്റ്റ്, പണ്ഡിറ്റ് നെഹ്റു കോൺഗ്രസിൽ തുടർന്നതും ഈ പുറമ്പോക്കുജീവിതം ഉറപ്പാക്കിയതിന് കാരണങ്ങളായിരുന്നു.

നല്ലവനെത്തേടി

എന്തുകൊണ്ട് മനുഷ്യൻ നന്നാകണം? അല്ലെങ്കിൽ എന്തുകൊണ്ട് ഏതൊരാളും നന്മയുള്ളതാകണം? എന്ന ചോദ്യത്തിന് വൈരുദ്ധ്യാത്മക ഭൗതികവാദത്തിന് ഉത്തരമില്ല എന്നുപറഞ്ഞാണ് ജയപ്രകാശ് പുതിയ വഴി തേടിപ്പോയത്. അവിടെയും അദ്ദേഹം അസ്വസ്ഥനായി തുടർന്നു. തന്റെയുള്ളിൽ ഗാന്ധി-മാർക്സ് സംവാദത്തിന്റെ സംഘർഷം അദ്ദേഹം ഒരു തീയായി കൊണ്ടുനടന്നു. അതുകൊണ്ടാണല്ലോ വിനോബഭാവെയുടെ ആത്മീയമൗനങ്ങളെ തിരസ്കരിച്ച്, ബീഹാറിലെ യുവാക്കളെ സംഘടിപ്പിക്കുവാൻ വൃദ്ധനും ക്ഷീണിതനുമായ ജയപ്രകാശ് ഇറങ്ങിത്തിരിച്ചത്. സമ്പൂർണ്ണ വിപ്ലവത്തിന്റെ അടിസ്ഥാനമായി അദ്ദേഹം ഉയർത്തിയ 'ഗാന്ധിയൻ സോഷ്യലിസം' ഉള്ളിൽ നടക്കുന്ന നിതാന്തസംഘർഷത്തിന്റെ മറ്റൊരു പ്രതിഫലനമായിക്കാണാവുന്നതേയുള്ളു. സ്വതന്ത്രഭാരതം കണ്ട ഏറ്റവും വലിയ ജനമുന്നേറ്റത്തിന്റെ മഹാസംഘാടകനായിരുന്ന ജയപ്രകാശ് ജയിലിലടയ്ക്കപ്പെട്ടപ്പോൾ, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനുഗ്രഹം ജയിലറുടെ മേലായിരുന്നു എന്നതോർക്കുക. നല്ലവനെത്തേടിയുള്ള ജയപ്രകാശിന്റെ സമ്പൂർണ്ണക്രാന്തി, പുത്തൻ ഇന്ത്യക്കു സംഭാവന ചെയ്ത നേതാക്കന്മാരൊക്കെ ജയിൽ സന്ദർശിക്കുന്നത് മറ്റു കാരണങ്ങളാലാണ് എന്നതും നമുക്കോർക്കാം.

'ഊരുഭംഗം' എന്ന സംസ്കൃത നാടകത്തിൽ നായകനിൽ രണ്ടു ഭാവങ്ങൾ തമ്മിൽ നടന്ന അന്തഃസംഘർഷം പരാമർശിക്കുന്നുണ്ട്. ആ സംഘർഷം അവസാനിച്ചത് ഊരുഭംഗത്താലാണ്. ഊരുഭംഗത്തിന് ഊരിന്റെ ഭംഗം എന്നും മലയാളത്തിൽ വേണമെങ്കിൽ പറയാം. ജയപ്രകാശ് 1979 ഒക്ടോബർ എട്ടാംതീയതി മരിച്ചു. പിറ്റേന്ന് ജി.കുമാരപിള്ള എഴുതിയ ഒരു കവിത ഇങ്ങനെ അവസാനിക്കുന്നു:

''പിന്നെയോ ഗംഗാദത്തം
പാടലീപുത്ര പ്രാന്തം
നിന്മുഖം സമാധിസ്ഥം
ശരശയ്യയോ ശൂന്യം...'' ■

ജാനുവമ്മ പറഞ്ഞ കഥ

മാധവിക്കുട്ടി

എല്ലാ ദിവസോം ഓരോരുത്തര് കെട്ടിത്തൂങ്ങി ചാവണ വർത്താനാ പേപ്പറില് കാണ്ാ. കെട്ടിത്തൂങ്ങാൻ മരം വേണം. ഇല്ല്യെങ്കി സൊന്തം വീടിന്റെ തട്ട്മ്മന്ന് തൂങ്ങാം. പൊട്ടാത്ത ലേശം കയറും വേണം. ഇതൊന്നുല്യെങ്കി ആരും തൂങ്ങിച്ചാവില്യ. വീടുണ്ടാക്കണോന്ന് വേങ്കിന്ന് കടം വാങ്ങിരിക്കും. അല്ലെങ്കി ബ്ലേഡ്കാരടെ കാശ് വാങ്ങിരിക്കും. കടംവാങ്ങിയോര് കാശ് മടക്കിക്കൊടക്കണ്ടേ? കടം വാങ്ങുമ്പൊ അതൊന്നും ആലോചിക്കില്യ. കടം വാങ്ങി സുഖിച്ചോരല്ലേന്നും തൂങ്ങിമരിക്കണ്? അല്ലെങ്കി ലേശം എലിവെഷം ആത്താക്കും. എന്തിന് പറേണു. മരിച്ചോന്റെ പേരും പോട്ടോം ഒക്കേം രാവിലത്തെ പേപ്പറിൽ കാണാം.

ഇയ്ക്കാ? ഇയ്ക്ക് തൂങ്ങിച്ചാവാൻള്ള യോഗം വരില്യ. ഞായെപ്പഴാ കടം വാങ്ങീത്? കടം വാങ്ങീട്ട്ണ്ടെങ്കി ഇയ്ക്ക് അത് അശേഷം ഓർമ്മല്യ. എന്റെ മിറ്റത്ത് ആരും കേറീട്ടില്യ കാശ് മടക്കണംന്ന് പറഞ്ഞോണ്ട്. ഇയ്ക്ക് കാശില്യെങ്കി ഞാനപ്പൊ പഷ്ണി കെടക്കും. അത്രന്നെ. ഉണ്ണാൻ അരില്യാത്ത കാലത്ത് പച്ചച്ചക്ക വേവിച്ച് തിന്നടക്കുണു. ചേന വേവിച്ച് മൊളക് ചതച്ച് അതും തിന്നിട്ടുണ്ട്. ഇയ്ക്കും എല്ലാം ശീലണ്ട്. കപ്പേം കാച്ചിലും നനക്കെഴങ്ങും കാവിത്തും ഒക്കേം ഞാൻ പുഴുങ്ങിത്തിന്നടക്കുണു. ഇന്റെ വയറിന് അരി വേണംന്ന് നിർബന്ധൊന്നുല്യ. വെശക്കുമ്പൊ എന്തേങ്കിലും തിന്നണം. അത്രന്നെ. ബോംബേല് താമസിക്കുമ്പഴ് മറാട്ടിയോള് തിന്നണ ബജ്റാറൊട്ടീം ഞാൻ തിന്നടക്കുണു. അയിന്റെ സ്വാദൊന്നു വേറെയാ. അത് കയ്യിമ്മല് വച്ച് കട്ടീല് പരത്തണം. എന്നിട്ട് ദോശത്തട്ട്മ്മെ വച്ച് ചുട്ടെടുക്കണം. അത് പുളീഞ്ചി കൂട്ടീട്ടാ ഞാൻ തിന്നത്. ഗോൽഗപ്പാന്ന് വിളിക്കണെ പൂരില്യേ? ഉറുപ്യടെയന്തി ചെറീത്? അത് ചിന്നക്കുട്ടന് വെല്യേ ഇഷ്ടേർന്ന്. ഒറ്റയിരിപ്പില് നൂപ്പതെണ്ണം കഴിക്കും. അയിന്റെ ഒപ്പം ശകലം ഉരുളൻകെഴങ്ങ് വേവിച്ചതും പുളിവെള്ളോം ചിന്നക്കുട്ടൻ കഴിക്കും. ഗോൽഗപ്പാന്നും വിളിക്കാം പാനീപൂരീന്നും വിളിക്കാം ആ പൂരീനെ. പിന്നെ കുട്ട്യോളക്ക് ഇഷ്ടം ചൌപ്പാത്തീല് വൃത്തില്യാത്തോര് വിക്കണ ബേൽപ്പൂരി തിന്നാനാ. അയില് നനച്ച അവിലും പച്ചമാങ്ങേം ഉള്ളീം മിക്സ്ചറും ഒക്കെണ്ടാവും. ചെറുനാരങ്ങ്ടെ നീരും ഉണ്ടാവും. അത് കുട്ട്യോള് അമ്മേം അച്ഛനും കാണാണ്ടെയാ തിന്ന്. ഇന്തിക്കാരും മറാട്ടിയോളും കയ്യ് കഴ്കാണ്ടെയാ ബേൽപ്പൂരി കൊഴയ്ക്കണത്. വയറെളക്കം പിടിക്കുംന്നാ ദാസ്മേനോൻ പറയ്. ദാസ്മേനോന് വെല്യ ചിട്ടയാ. തെളയ്ക്കാത്ത വെള്ളം കുട്ട്യോൾക്ക് കൊടക്കരത്ന്ന് ഒരു നൂറുകുട്ടം പറയും. ഇന്നേം വിശ്വാസല്യ. നൂപ്പര് അടക്കളേല് വന്ന് ചോയിക്ക്യാ. വെള്ളം കൊറേനേരം തെളച്ചില്യേ. പാല് തെളച്ച് മൂന്നു വട്ടം പൊങ്ങിവന്നില്യേ. പച്ചക്കറി മൂന്നുതവണ കഴുകിയോ... ശിവശിവ ചെലേപ്പൊ ഇയ്ക്ക് ചട്ടകം വലിച്ചെറിഞ്ഞ് നാട്ടിലേയ്ക്ക് മടങ്ങാൻ തോന്നും. ഇങ്ങനേണ്ടാ ഒരു സംശയം? ശങ്കയാണേയ്. കുട്ട്യോളക്ക് പനി വരും. അവറ്റയ്ക്ക് വയറെളക്കം പിടിക്കുംന്നൊക്കെയാ നൂപ്പരടെ പേടി.

സൂക്കേട് വരണതൊക്കെ ഒരു യോഗാ. കാശ്ള്ളോർക്കും വയറെളക്കം കിട്ടാറില്ലേ? ഈച്ച്യുണ്ടാത് ഇരുന്നിട്ട് വേണോ ടൈഫോയിഡ് പിടിക്കാൻ? ഇതൊക്കെ ഗുരുവായൂരപ്പന്റെ നിശ്ചയല്ലേ. നുമ്മടെ നിശ്ചയല്ലല്ലോ.

നുമ്മടെ വെല്യമ്മയില്ലേ? സാക്ഷാൽ വാലാമണിയേമ? അയിന് ടൈഫോയിഡ് പിടിച്ചത് പരിപ്പ് പ്രഥമൻ കുടിച്ചിട്ടാത്രെ. നൂപ്പത്തിയാർക്ക് പ്രഥമൻ വെല്യേ ഇഷ്ടാ. പൊറന്നാളിൻടന്ന് പറേം ജ്ജാനോ പരിപ്പ് പ്രഥമൻ മതി. സേമിയാപ്പായസം വേണ്ടാന്ന്. സേമിയപ്പായസം കുടിക്കില്യ. കണ്ടാത്താനേ അറപ്പാത്രെ. കൃമിയോളെപ്പോലെയാന്നാ പറേണടക്ക്ണ്. വാലാമണിയേമക്ക് പാലിന്റെ പായസോം ഇഷ്ടല്യ. പാല് കുടിക്കൂല്യ. മോറിൻവെള്ളം കുടിക്കും. വെണ്ണ അപ്പിടി കടഞ്ഞെടുത്ത മോരാവണം. സംഭാരം. അയിന് തയിരും വേണ്ട നെയ്യും വേണ്ട. ശരീരം നന്നാവണത് ഒന്നും വേണ്ട. അതോണ്ടല്ലേന്നും നൂപ്പത്തിയാര് ഇത്ര പരോശായിടക്ക്ണ്?

കർക്കടമാസത്തിലെങ്കിലും ലേശം മരുന്നൊക്കെ സേവിക്കണംന്ന് ഞായെത്ര പറഞ്ഞടക്കുണു. കേക്കില്യ. ശരീരം നോക്കണംന്ന് അശേഷം മോഹല്യ. പിണ്ണത്തൈലം തേച്ചൂടെ? ഇല്ലെങ്കി മുക്കൂട്ട്. അതിവിശേഷല്ലേ മുക്കൂട്ട്? രാവിലെ തേച്ച്തിരുമ്മി പയറും തേച്ച് ചൂടുവെള്ളത്തില് കുളിച്ചാ കാണാൻ ചേല്ണ്ടാവും. ഇല്യാത്തോര് തൈലം തേയ്ക്കാത്തത് കാശില്യാത്തോണ്ടാ. കാശ്ള്ളോര് കർക്കടത്തിലും തൈലം തേയ്ക്കാത്തത് എന്തോണ്ടാ? ഇയ്ക്കിശ്ശല്യ.

ഞാൻ പണ്ട് കേട്ടടക്കുണു നമ്മടെ പുതുവീട്ടിലെ ഉണ്ണികൃഷ്ണൻ ദിവസോം തൈലം തേച്ച് കുളിക്കുംന്ന്. അതോണ്ടാ അദ്യത്തിന്റെ മോത്ത് തെളക്കം. ഞാനാരെപ്പറ്റിയാ പറേണ്ന്ന് നിശ്ശണ്ടാ? കൊയിലാണ്ടി അമ്മുട്ട്യേമടെ മോനെപ്പറ്റിയാ പറേണ്. ഖദറാ വേഷം. നല്ലോണം തടീണ്ട്. പുതുവീട്ടാരൊക്കേം തടിച്ചിട്ടാ. നുമ്മടെ സരോജിനി മാത്രേള്ളു ഒരശുവായിട്ട്. പാവം. എന്തു സ്ഥായിള്ള കുട്ടിയാ. അപ്പൊ ഞാൻ പറഞ്ഞോണ്ട്വന്നത്... നുമ്മടെ ഉണ്ണികൃഷ്ണൻ എന്നും തൈലം തേയ്ക്കും. വാക്കിള്ള മന്ത്രിയോളക്ക് ആ ശീലല്യ. അതോണ്ടല്ലേന്നും അവറ്റടെ മോന്തയൊക്കെ കരിഞ്ഞോണ്ട്. കോംഗ്രസ്സാ? അതിക്കിശ്ശല്യ. ഉണ്ണികൃഷ്ണൻ കോംഗ്രസ്സേരിക്കും. കമ്യൂണിസ്റ്റല്ലാന്ന് ഇയ്ക്കിശ്ശണ്ട്. കമ്യൂണിസ്റ്റോള് കാണാൻ കൊള്ളില്ല. കയ്യിമ്മല് മൊരിണ്ടാവും. മുട്ടിമ്മല് ഒന്നുകില് ചൊറി. ഇല്ലെങ്കി ചൊറിപിടിച്ച പാട്. അവറ്റയ്ക്ക് കൊടീം പിടിച്ച് റോട്ടിക്കൂടി നടക്കാനേ അറിയൂ. ശ്രീത്തല്യാത്ത ഒരു വർഗ്ഗം. ശ്രീത്തം കോംഗ്രസ്സുകാർക്കാ. നുമ്മടെ കരുണാകരനെ നോക്കീട്ട്ണ്ടാ? പാലിന്റെ നെറാ. അദ്യം രാവിലെ എണീറ്റാ ചായേം കാപ്പീം കുടിക്കില്യാത്രെ. എളന്നീര് കുടിക്കും. ഇല്ല്യെങ്കി വാർളിവെള്ളം. വലിച്ച്വാരി തിന്നൂല്യ. ഇഡ്ഢലിയെങ്കി രണ്ടേ രണ്ട് ഇഡ്ഢലി. ഞാനാ? ഞാനിതൊക്കെ കേട്ടറിഞ്ഞതാ. അദ്യത്തിന്റെ പഴയ ഡൈവറ് ഇബടെ വന്നപ്പൊ പറഞ്ഞ്തന്നതാ. അയ്യാളിപ്പൊ ആര്ടെ കൂടെയാ നിക്കണ്ന്ന് നിശ്ശണ്ടാ? നുമ്മടെ വസന്താമ്മടെ കൂടെ. ഡോക്ടറേയ്. സുന്ദരമേനോന്റെ വാര്യ. തമിഴരും തെലുങ്കരും ഗുജറാത്തിമേരും ഒക്കെ [illegible] വരുന്നോ വസന്താമ്മ വന്ന് കാണുമ്പോ സൂക്കേട് മാറും ചിലപ്പോ.

സൂക്കേട് മാറണത് മരുന്നിന്റെ ഗുണംകൊണ്ടല്ല നായരേ. മരുന്ന് മരുന്നുകടേല് കിട്ടും. കാശുള്ളോർക്ക് ഏത് മരുന്ന് വേണെങ്കിലും വാങ്ങാം. സേവിക്കാം. പക്ഷേ കൈപ്പുണ്യോം വേണം. നമ്മളെ ചികിത്സിക്കണോരടെ കൈപ്പുണ്യം കൊണ്ടാ സൂക്കേട് മാറണത്. അത് ഇങ്ങക്ക് നിശ്ശല്ലേ? ദെഹണ്ണത്തിലും വേണ്ടേ കൈപ്പുണ്യം. നുമ്മടെ ടീവീല് ചെലപ്പൊ ഒരു പാചകക്കാരിപ്പെണ്ണ് കോഴിക്കറീം, മീൻകറീം, ഒക്കെ ഉണ്ടാക്കണത് കാണാം. ഉണ്ടാക്ക്യതൊക്കെ പാത്രത്തില് നെരത്തിവയ്ക്കും. നുമ്മക്ക് തോന്നും അതിന് നല്ല സ്വാദാന്ന്. തിന്നുമ്പോഴല്ലേ അറിയൂ? മോത്ത് പൗഡറും ചുണ്ടത്ത് ലിപ്സ്റ്റിക്കും ഒക്കെ ഇട്ടിച്ചിട്ട് കോഴിക്കറിക്ക് സ്വാദ്ണ്ടാവണംന്നില്യ. നുമ്മടെ കവിനാരായണന്നായരുടെ മോത്ത് പൗഡറ്ണ്ടാർന്നോ? അയ്യാടെ ചുണ്ടത്ത് ലിപ്സ്റ്റിക്കും ഉണ്ടാർന്നില്യ. ഉവ്വോ? പക്ഷേ അയ്യാള് കലച്ചട്ടീല് ഉണ്ടാക്കീർന്ന കുറുക്കുകാളന്റെ രുചി എന്തേർന്നു? കൊച്ചമ്മ പറഞ്ഞേര്ന്ന് നാരായണൻ നായര് സാക്ഷാൽ നളനാണ്. അയാളടെ കാലം കഴിഞ്ഞപ്പൊ നാലപ്പാട്ടെ സാമ്പാറും കാളനും ഒക്കേം ശറശറാന്നാവും ചീത്യ. നേന്ത്രക്കായ തോല് കളയാതെ അരിഞ്ഞിട്ട് ഒരു മെഴുക്ക്പെരട്ടി ഉണ്ടാക്കിയേർന്നു. ആ! ഇയ്ക്ക് ഇപ്പൊ വായില് വെള്ളം വരണു. ഇഞ്ഞി ആ മെഴുക്കുപെരട്ടി ഇജ്ജന്മം ഇയ്ക്ക് കിട്ടില്യ.

ഇങ്ങക്ക് എന്തു കൂട്ടാനാ ഇഷ്ടം, നായരേ? ഒരീസം ഇബടെ ഊണ് കഴിച്ചോളിൻ. ഇങ്ങള് ബ്രാഹ്മണന്റെ മോനല്ലേ? മീനും എറച്ചീം കൂട്ടില്യാലൊ. അതോണ്ട് ചേമ്പിൻതണ്ടോണ്ട് പുളിശ്ശേരിവച്ച് ഇങ്ങള് കഴിച്ചിട്ട്ണ്ടാ? ഞാൻണ്ടാക്കിത്തരാം. മത്തടെ എല അതിവിശേഷാ. ചീനച്ചട്ടീല് അടച്ച് വേവിക്കണം. ഒടുല് ഉപ്പ് ചേർത്ത് ഉലുവ വറത്തിട്ടാ മതി. കൊണ്ടാട്ടം കൂട്ടില്യേ? നാലപ്പാട്ട് കുമ്പളങ്ങടെ തോലും ഒണക്കി കൊണ്ടാട്ടണ്ടാക്ക്യേർന്നു? മോരുകൂട്ടി ഉണ്ണുമ്പൊ കൊണ്ടാട്ടം വേണം. അല്ലേ നായരേ? വടോപ്പുളി നാരങ്ങടെ ഉപ്പിലിട്ടതും. ഓ. ഇന്റെ വായ്ല് വെള്ളം വര്ണു.

ഞാനാ? ഭക്ഷണപ്രിയയാ? അതെന്തുട്ടാ? ഇയ്ക്കിശ്ശല്യ. ഞായൊരു നായര് സ്ത്രീ. നായരാച്ചാ കിരിയത്തെ നായരൊന്നല്ല. വെറും പള്ളിച്ചാനാ. പക്ഷെ ഇയ്ക്ക് ഇത്തിരി ശുദ്ധാം അശുദ്ധാം ഒക്കെണ്ട്. വാലാമണിയമ്മ പറഞ്ഞ് കേട്ടടക്കുണു നുമ്മടെ ഗാന്ധിജി വാര്യോക്കൊണ്ട് പെലയര്ടേം ജ്ലോനോമ്മാരടേം ഒക്കെ തീട്ടം കോരിച്ചൂന്ന്. അന്നൊക്കെ തോട്ടിയോളാ മറപ്പൊരേന്ന് തീട്ടംകോരിക്കൊണ്ടോവാ. വാര്യ എന്താ ചീയ്യാ? കരഞ്ഞോണ്ട് തീട്ടം കോരി. ഇന്റെ വർത്താവാ തീട്ടം കോരാൻ പറഞ്ഞ്ച്ചാ ഞാൻ കോരില്യ. കെട്ട്താലി എടത്ത് വലിച്ചെറിയും. എന്നിട്ട് ഒറ്റനട. എവിടെക്കാന്നാ? അതിക്കിശ്ശല്യ. കാശിക്കാവും. ഇല്ല്യെങ്കി കടലിച്ചാടി മരിക്കും. സമ്മന്തക്കാരൻ പറേണതൊക്കേം അനുസരിക്കണംന്ന് വല്ല നെയമോണ്ടാ. നുമ്മളും മനിഷ്യരല്ലേന്നും? പെണ്ണുങ്ങളും മനിഷ്യരല്ലേ നായരേ?

ആണുങ്ങളെ നിക്കണോടത്ത് നിർത്തണം. അവര് നമ്മള് വരച്ച വരേല് നിക്കണം. ഇല്ലെങ്കി ശീലാവതീടെ വർത്താവിന്റെ ഗതി നമ്മളടെ ചോല്ല്ക്കേറി കുത്തിരിക്കും. എന്നിട്ട് നമ്മളോട് പറയും ഇന്നെ ദേവിടിശ്ശിയോളടെ കുടിലിയ്ക്ക് കൊണ്ടോവണംന്ന്. അഹമ്മതി! മഹർഷിയേന്ന് എന്ന് കേട്ടു. മഹർഷിക്ക് കൊറേശ്ശെ കുഷ്ഠോം ഉണ്ടാർന്നു. എന്നിട്ടോ. പാവം ശീലാവതി അയിനേം ചോല്ലേറ്റി നടന്ന്പോയി ദേവിടിശ്ശിയോളടെ കുടിലിയ്ക്ക്. ഓ. ഇയ്ക്ക് കാലിന്റെ അടീന്ന് ഒരു വൊ [illegible] ലാവതിച്ചാ ഒടനെ ഓനെ നെലത്തിട്ട് എങ്ങിട്ടേങ്കിലും പൂവും. ആദ്യം മേലാസകലം സോപ്പ് തേച്ച് കുളിക്കും. കുഷ്ഠരോഗിനെയല്ലേ ചോല്ലിക്കേറ്റീത്? പണ്ടത്തെ കാലത്ത് കുഷ്ഠത്തിന് മരുന്നില്യ. ഇപ്പഴത്തെ ഡോക്ടർമാര് കുഷ്ഠോം മാറ്റിക്കൊടുക്കും. ക്ഷയോം മാറ്റിക്കൊടുക്കും. ഒക്കേറ്റിനും ഓരോ ഗുളികയാ. ചെലപ്പൊ തുണി പൊക്കീട്ട് ചന്തിമ്മല് ഒരു കുത്തിവെപ്പാ. ഇയ്ക്ക് ആലോചിക്കുമ്പോ ചിരിവരാ. ഡോക്ടർമാര് എത്ര ചന്തി കണ്ടടക്കുണു. ഇന്നെ കുത്തിവയ്ക്കണംന്ന് പ്രഭാകരൻ ഡോക്ടറ് പറഞ്ഞപ്പൊ ഞാൻ പറഞ്ഞു ഇന്റെ കയ്യിമ്മല് കുത്തിവച്ചോളൊ. ഇന്റെ ചന്തി ഈജ്ജന്മം ഇങ്ങള് കാണില്യാന്ന്. പ്രഭാകരൻ ഡോക്ടറ് അങ്ങട്ട് ഇല്യാണ്ടെയായി ■

MODERN
BOOK CENTRE

NOW ON SALE

Yossef Bodansky :
BIN LADEN
The Man who Declared War on America
Rs. 684/-

V S Naipaul :
Letters Between A Father and Son
Rs. 475/-

RAFIQ ZAKARIA :
The Man Who Divided India:
An insight Into Jinnah's Leadership
and his aftermath
Rs. 350/-

Fernando Pessoa :
The Book of Disquiet
Rs. 1108/-

MODERN BOOK CENTRE
G.P.O Jn., Trivandrum - 1
Tel: 331826, 331816 Fax: 333186
E-Mail: modern@techpark.net

റിപ്പോർട്ട്

ജീവിതത്തിന്റെ ആകുലതകൾ നിറഞ്ഞ കാവ്യജീവിതം

പി.എ. ഇബ്രാഹിംകുട്ടി

വിജയലക്ഷ്മിയുടെ 'ഹിമസമാധി' എന്ന കാവ്യസമാഹാരത്തിൻെറ പ്രകാശനച്ചടങ്ങ്

വിജയലക്ഷ്മിയുടെ 'ഹിമസമാധി' ഇ. ഹരികുമാർ പ്രകാശനംചെയ്യുന്നു

വിജയലക്ഷ്മിയുടെ ഇതേവരെയുള്ള കാവ്യസമാഹാരങ്ങളെല്ലാം പ്രകാശനച്ചടങ്ങ് കൂടാതെയാണ് വായനക്കാരിലേയ്ക്കു കടന്നുചെന്നത്. മൃഗശിക്ഷകൻ, തച്ചന്റെ മകൾ, മഴതൻ മറ്റേതോ മുഖം എന്നീ കാവ്യഗ്രന്ഥങ്ങൾ വായനക്കാർക്ക് പ്രിയപ്പെട്ടവയായി മാറിയപ്പോൾ വിജയലക്ഷ്മി എന്ന കവി മലയാള കവിതയിൽ സ്ഥാനം ഉറപ്പിക്കുകയായിരുന്നു. വായനക്കാരെ ആവർത്തിച്ചു വായിക്കാൻ പ്രേരിപ്പിക്കുന്ന വിജയലക്ഷ്മിയുടെ കവിതകൾക്ക് ഇതാ ഇപ്പോൾ മാത്രമാകുന്നു ഒരു പ്രകാശനചടങ്ങുണ്ടാകുന്നത്.

ഹൃദ്യമായ ഒരു സുഹൃദ്സദസ്സിൽവച്ചാണ് വിജയലക്ഷ്മിയുടെ പുതിയ കാവ്യസമാഹാരം പ്രകാശനം ചെയ്തത്. കൊച്ചിയിൽ മഹാകവി ജി ഓഡിറ്റോറിയത്തിൽ കഥാകൃത്ത് ഇ.ഹരികുമാർ ബാലചന്ദ്രൻ വടക്കേടത്തിന് ആദ്യപ്രതി നൽകിക്കൊണ്ട് 'ഹിമസമാധി'യുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു. ''കവിതയുടെ പ്രാധാന്യം എന്തെന്ന് എനിക്കറിയാം. വർഷങ്ങളായി കഥയെഴുതുന്ന ഒരാളായിട്ടും ഇന്നും സാംസ്കാരിക കേരളം എന്നെ കാണുന്നത് മഹാകവി ഇടശ്ശേരിയുടെ മകനായിട്ടാണ്. കുട്ടിക്കാലം മുതൽക്കേ കവിതകൾ കേട്ടുവളർന്ന എനിക്ക് വിജയലക്ഷ്മിയുടെ കവിതകൾ ഇഷ്ടമാണ്. ഈ കാവ്യസമാഹാരം പ്രകാശനം ചെയ്യാൻ എനിക്കുള്ള അർഹത അതുതന്നെയാണെന്ന് ഞാൻ കരുതുന്നു.'' പ്രകാശനം നിർവ്വഹിച്ചുകൊണ്ട് ഹരികുമാർ പറഞ്ഞു.

വർത്തമാനകാല മലയാള കവിതയിൽ കാണുന്ന പ്രവണതകൾ പലതും ആശാസ്യമല്ലെന്നു വാദിച്ചുകൊണ്ടാണ് ബാലചന്ദ്രൻ വടക്കേടത്ത് സംസാരിച്ചത്. ''ഗ്രൂപ്പും ക്ലിക്കുകളുമുണ്ടാക്കി യുവകവികളെ വാഴിക്കാനാണ് ചിലർ ശ്രമിക്കുന്നത്. മൂന്നാംകിട കിസ് കവിതകളായി അവർ നമ്മുടെ കവിതയെ അധഃപതിപ്പിക്കുന്നു. സമകാലിക കവിതയുടെ ഈ പരിതാപകരമായ അവസ്ഥയിൽനിന്ന് വേറിട്ടു നിൽക്കുകയാണ് വിജയലക്ഷ്മിയുടെ കവിതകൾ. കാവ്യാനുശീലനമുള്ള വായനക്കാർ വിജയലക്ഷ്മിയുടെ കവിതകളെ സ്വീകരിച്ചത് അതുകൊണ്ടാണ്.'' ബാലചന്ദ്രൻ വടക്കേടത്ത് പറഞ്ഞു.

വിജയലക്ഷ്മിയുടെ കവിതകളെ സൂക്ഷ്മമായി അപഗ്രഥിച്ചുകൊണ്ട് ഡോ. കെ.എം.വേണുഗോപാൽ സംസാരിച്ചു. 'ആധുനികതയുടെ കുട്ടയോട്ടം മലയാളകവിതയിൽ സംഭവിച്ചപ്പോഴും അതിൽ പങ്കെടുക്കാതെ സ്വന്തം കവിതകൾ എഴുതാൻ ശ്രമിച്ച് വിജയിച്ച കവിയാണ് വിജയലക്ഷ്മി. ഇപ്പോഴും അവർ അവരുടെ ബോദ്ധ്യങ്ങൾ അനുസരിച്ച് കവിതകളെഴുതുന്നു. മറ്റുള്ളവർ നിർണ്ണയിച്ചുകൊടുക്കുന്ന മാനദണ്ഡങ്ങൾ അല്ല അവർക്കു കവിത. അവർ കവിതയിൽ സ്വന്തം മാനദണ്ഡങ്ങൾ നിർണ്ണയിക്കുകയാണ്. ഓരോ കവിതയെഴുതുമ്പോഴും അവർ രചനയിലും സമീപനത്തിലും പൂർണ്ണത തേടുകയാണ്. ആലോചനാമൃതമാണ് വിജയലക്ഷ്മിയുടെ കാവ്യലോകം. പഴമയുടെ ബലവും പുതിയ കാലത്തിന്റെ ഉത്കണ്ഠകളും ആ കവിതകളിലുണ്ട്''- ഡോ. കെ.എം.വേണുഗോപാൽ വിശദീകരിച്ചു.

ബാലചന്ദ്രൻ ചുള്ളിക്കാടിനെയും വിജയലക്ഷ്മിയെയുംക്കുറിച്ച് ഒബ്ജക്റ്റീവായി സംസാരിക്കാൻ തനിക്കാകുമോ എന്നത് സംശയമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച എം.വി. ബെന്നി പറഞ്ഞു. ''ഞങ്ങളെല്ലാം മഹാരാജാസ് കോളേജിൽ പഠിക്കുമ്പോൾമുതൽ സുഹൃത്തുക്കളാണ്. വിജയലക്ഷ്മി എം.എ ക്ലാസിൽ സഹപാഠിയും. ബാലചന്ദ്രനും വിജയലക്ഷ്മിയും ചേർന്ന് അക്കാലത്ത് കുടിച്ച ജീവിതത്തിന്റെ കയ്പുനീർ കണ്ടുനിന്ന ഒരാളെന്ന നിലയിൽ അവരുടെ വളർച്ചയിൽ എനിക്ക് സന്തോഷമുണ്ട്. ഇപ്പോഴും അവരാണ് നമ്മുടെ കവിദമ്പതിമാർ. ഇടശ്ശേരിയുടെയും പി.കുഞ്ഞിരാമൻനായരുടെയും ഭാര്യമാർ അവരുടെ വിവാഹകാലത്ത് മാതൃഭൂമിയിൽ കവിതകളെഴുതിയിരുന്ന പ്രശസ്ത കവികളായിരുന്നു. പക്ഷേ, വിവാഹശേഷം അവരുടെ കവിത നഷ്ടപ്പെട്ടു. ഭർത്താക്കന്മാർ മഹാകവികളാകുന്നതിനുപിറകിൽ ഇത്തരം ദാരുണമായ സംഭവങ്ങളുണ്ടെന്ന കാര്യം ആരും ഓർക്കാറില്ല. ആ ദുരന്തം വിജയലക്ഷ്മിയുടെ കാര്യത്തിൽ ഉണ്ടായില്ല എന്നതിന് നമ്മൾ വിജയലക്ഷ്മിയോടു മാത്രമല്ല, ബാലചന്ദ്രനോടും നന്ദി പറയേണ്ടതുണ്ട്.'' എം.വി.ബെന്നി വ്യക്തിപരമായ സൗഹാർദ്ദാനുഭവങ്ങൾ അനുസ്മരിച്ച് സംസാരിച്ചു.

ചടങ്ങിൽ വിജയലക്ഷ്മിയുടെ കാവ്യാലാപനമുണ്ടായിരുന്നു. ഡി.സി. ബുക്സിലെ എൻ. രാജേഷ്കുമാർ നന്ദി പറഞ്ഞു.

പ്രൊഫ. എം. അച്യുതൻ, സി.ആർ.ഓമനക്കുട്ടൻ, ഡോ. കെ.എസ്.രാധാകൃഷ്ണൻ, വി.എം.ഗിരിജ, പി.രാമൻ, സെബാസ്റ്റ്യൻ, മുഹമ്മദ്ഷഫീർ, പ്രേമ ജയകുമാർ, രവി കുറ്റിക്കാട്, ഒ.പി.ജോസഫ് തുടങ്ങി നിരവധി എഴുത്തുകാരുടെ സാന്നിദ്ധ്യം ചടങ്ങിനെ ധന്യമാക്കി. ■

റിപ്പോർട്ട്

ഫോട്ടോ: ജീവൻജോസ്

കരിപുരണ്ട ജീവിതം കൊതിച്ചവരല്ല ഞങ്ങൾ

നർമ്മദാ ബചാവോ മാനവ് ബചാവോ.
കരിപുരണ്ട ജീവിതം കൊതിച്ചതല്ല ഞങ്ങൾ
രണ്ടു പതിറ്റാണ്ടുകൊണ്ട് നിങ്ങൾ
കൊന്ന ജീവനെ
അവരുടെ ശവകുടീരം തൊട്ടു
ഞങ്ങൾ പറയുന്നു
അവരോടൊപ്പം ചേരുംവരെ
ഇല്ല ഞങ്ങൾ പിറകോട്ട്
ഗാന്ധിജി പാടി: ഗ്രാമീണ ഇന്ത്യ ഗ്രാമീണ ഇന്ത്യ
ഉദ്യോഗസ്ഥർ ഏറ്റുപാടി:
ഗ്രാമൺ ഇന്ത്യ, ഗ്രാമൺ ഇന്ത്യ

പി.രാമൻ

ഇന്ത്യയിൽ സാവധാനം ശക്തിപ്പെട്ടു വരുന്ന ജനകീയ കൂട്ടായ്മയുടെ പതാക വാഹകയായിരിക്കയാണ് മേധാ പട്കർ

മേധാപട്കർ
കൊച്ചിയിൽ

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മുഴങ്ങിക്കേൾക്കുന്ന ഈ സമരഗാഥകൾ നവംബർ 26-ാംതീയതി എറണാകുളം ടൗൺഹാളിൽ ഒന്നുചേർന്നുയർന്നു. ഒറ്റത്തൊണ്ടയിൽ നിന്നെന്നപോലെ.

ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയസഖ്യം സംഘടിപ്പിച്ച ജനകീയസമരങ്ങളുടെ കൂട്ടായ്മ മലയാളപത്രങ്ങൾക്ക് ഒരു ലോക്കൽ പേജ് വാർത്ത മാത്രമായിരിക്കാം. എന്നാൽ തലതിരിഞ്ഞ വികസന സങ്കല്പത്തിനെതിരെ, ആഗോളവൽക്കരണത്തിനെതിരെ, പരിസ്ഥിതി വിനാശത്തിനെതിരെ, ജീവന്റെ നിലനിൽപ്പിനായി വിവിധ ജനസമൂഹങ്ങൾ ഒന്നിക്കുന്നതിന്റെ നാന്ദിയായിരുന്നു അത്. അങ്ങനെയൊരു മുന്നേറ്റം വെറും കിനാവല്ല എന്ന് നമ്മെ ധൈര്യപ്പെടുത്തുന്നതായി മേധയുടെ സാന്നിധ്യം.

കരിമുകൾ, ഏലൂർ, ഗുജറാത്തിലെ ഉമർഗാം തീരം, പശ്ചിമകൊച്ചി, നർമ്മദാ- സമരമുഖങ്ങളുടെ സമന്വയത്തിനു നേരമായി എന്നതാണ് നവംബർ 26-ന്റെ സന്ദേശം.

പടുകൂറ്റൻ പ്രകടനവുമായി വന്ന കരിമുകളുകാർ കരിപിടിച്ചു പശിമപോയ മണ്ണും ആ മണ്ണിൽ തളർന്നു നിൽക്കുന്ന വാഴത്തയ്യും പേറിയാണ് വന്നത്. മഞ്ഞയിൽ കറുപ്പുകൊണ്ടെഴുതിയ പ്ലക്കാർഡുകൾ കൊണ്ട് ടൗൺഹാൾ പരിസരം നിറഞ്ഞു. ഫിലിപ്സ് കാർബൺ കമ്പനിക്കെതിരെ മുദ്രാവാക്യങ്ങൾ ഉയർന്നു.

ബി.ഒ.ടി പാലത്തിനെതിരെ സമരം നയിക്കുന്ന പശ്ചിമകൊച്ചിക്കാരെത്തിയത് പാലത്തിന്റെ, മുളകൊണ്ടുണ്ടാക്കിയ വൻ മാതൃകയും കൊണ്ടാണ്. രാവിലെ മെർക്കം കമ്പനിക്കു മുന്നിൽ ധർണ്ണ നടത്തിയ ശേഷം ഏലൂരുകാർ, വൻകിട ചെമ്മീൻ വാറ്റുപാടങ്ങൾക്കെതിരെ പോരാടുന്ന മത്സ്യത്തൊഴിലാളികൾ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മറവിൽ മണ്ണു നഷ്ടപ്പെട്ടവർ ഒക്കെ ടൗൺഹാളിലെത്തി.

നർമ്മദയിൽനിന്നും മേധ തനിച്ചായിരുന്നില്ല. നർമ്മദാ ബചാവോ ആന്ദോളന്റെ 17 പ്രവർത്തകർ. ചുകന്ന തലപ്പാവുവെച്ച മൻസാരാംഭായ്, ജഗന്നാഥ് കാക്ക, മോഹൻഭായ് തുടങ്ങിയ മുതിർന്ന നേതാക്കൾ, ആദിവാസി പ്രവർത്തകൻ വാണ്യഭായ്, അനിത, സ്വപ്ന, അർച്ചന തുടങ്ങിയ വനിതാ പ്രവർത്തകർ, സംഘത്തെ അനുഗമിച്ച സിക്കുകാരൻ അംഗദ്. പാട്ടിലും നൃത്തത്തിലും സാധാരണ സംഭാഷണങ്ങളിൽ പോലും സമരാവേശത്തിന്റെ നാളങ്ങൾ. വെറുതേ സംസാരിച്ചിരിക്കുമ്പോഴാകും ഇവർ പെട്ടെന്ന് മുദ്രാവാക്യം വിളിച്ചു തുടങ്ങുക. ഈ ഐക്യപ്പെടൽ ('അമു അക്കാ ഏക്ഛെ'- നമ്മളെല്ലാം ഒന്നാണ്) മലയാളിക്കു മനസ്സിലാവുക വിഷമം.

സമരങ്ങളുടെ തീച്ചൂള

ഗുജറാത്തിലെ ഉമർഗാവിൽ ഉനോക്കൽ എന്ന ബഹുരാഷ്ട്രകുത്തകക്കെതിരെ സമരം ചെയ്യുകയാണ് കിനാരാ ബചാവോ സംഘർഷ് സമിതി. അവിടുത്തെ യുവ പ്രവർത്തകർ ഫാ.തോമസ് കോച്ചേരിയുടെ നേതൃത്വത്തിലാണ് സമ്മേളനത്തിനെത്തിയത്. ആ സമരത്തിൽ രക്തസാക്ഷിയായ കേണൽ പ്രതാപ് സാവേയുടെ ഓർമ്മയാൽ ഉത്തേജിതരായി അവർ ചുവടുവെച്ചു. സ്വന്തം സഹനത്തിന്റെ യഥാർത്ഥമുഖം ചടുലനൃത്തമായി അവർ അവതരിപ്പിച്ചു. പൊലീസ് മർദ്ദനത്തിന്റെ ദൃശ്യാവിഷ്കാരമുണ്ടായിരുന്നു അതിലൊന്നിൽ.

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ മേധയെ സ്വാഗതംചെയ്യുന്നു

വ്യക്തികളല്ല ജനകീയ പ്രശ്നങ്ങളാണ് പ്രധാനം എന്നു ബോധ്യമുള്ള സംഘാടകർ വിഷയാവതരണങ്ങൾക്കാണ് ഊന്നൽ നൽകിയത്. കേരളത്തിലെ കാർഷിക പ്രതിസന്ധിയും ആഗോളവൽക്കരണവും, വൈദ്യുതിരംഗവും പൂയംകുട്ടി പദ്ധതിയും, പെരിയാർ മലനീകരണം, വൻകിട ചെമ്മീൻകെട്ടുകൾ ഉയർത്തുന്ന പ്രശ്നങ്ങൾ, മട്ടാഞ്ചേരി ബി.ഒ.ടി പാലത്തിലെ അന്യായമായ ടോൾപിരിവ്, നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം എന്നീ വിഷയങ്ങൾ അതതു സമരവുമായി ബന്ധപ്പെട്ട സജീവ പ്രവർത്തകർ തന്നെ അവതരിപ്പിച്ചു.

സമ്മേളനത്തിനൊടുവിൽ, സുകുമാർ അഴീക്കോടിനു തൊട്ടുമുമ്പായാണ് മേധാപട്കർ സംസാരിച്ചത്. മലയാള വിവർത്തനം ആവശ്യമില്ലാത്തത്ര ലളിതവും ഒഴുക്കുള്ളതുമായ ഇംഗ്ലീഷിൽ. ചെറുചെറുകൂട്ടായ്മകൾ ഒന്നിച്ചുചേർന്ന് ആഗോളവൽക്കരണത്തിനെതിരായ ജനകീയ യുദ്ധമായി എത്രയും പെട്ടെന്ന് വികസിക്കേണ്ടതിന്റെ [illegible]ത ബോധ്യപ്പെടുത്തുന്നതായിരുന്നു ആ വാക്കുകൾ. കർഷകരും മത്സ്യത്തൊഴിലാളികളും ആദിവാസികളുമെല്ലാം ജീവിക്കാനുള്ള അവകാശത്തിനായി സമരം ചെയ്യുകയാണ്. നമ്മുടെ വികസനരീതിയുടെ വൈകല്യം തന്നെയാണ് ഇത്രയേറെ ജനങ്ങളെ സമരമുഖത്തെത്തിച്ചത്.

എന്താണ് ആ വൈകല്യം? ഭൂരിപക്ഷം ജനതക്കും വികസനമായി അംഗീകരിക്കാൻ പറ്റാത്ത വികസനമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്രീകൃത വികസന സങ്കല്പമാണ് നമ്മെ ഭരിക്കുന്നത്. നഗരങ്ങളിൽ ഹൈവേകൾക്കും പാലങ്ങൾക്കും വിമാനത്താവളങ്ങൾക്കുമായി കോടികൾ മറിയുമ്പോൾ ഗ്രാമങ്ങൾക്ക് ഒന്നുമില്ല. തൊട്ടുതലേന്ന്, സി.കെ.ജാനുവിന്റെ പരിപാടിക്കു പോകുമ്പോൾ കണ്ട വയനാടൻ റോഡുകളുടെ കഷ്ടസ്ഥിതി മേധ ഉദാഹരിച്ചു. വിഭവശേഷിയുടെ നിയന്ത്രണത്തിലും കൈകാര്യത്തിലും തുല്യതയും നീതിയുമാണ് ജനത ആവശ്യപ്പെടുന്നത്. വിഭവങ്ങൾക്കുള്ള അവകാശവും വികസന പദ്ധതി തയ്യാറാക്കാനുള്ള അവകാശവും അവർക്കുണ്ട്.

ലഗാനിലെ കളിപോലെ

ലോകത്തിന്റെ അധികാര കേന്ദ്രങ്ങൾ - ഐ.എം.എഫും ലോകബാങ്കും- എല്ലാം നമുക്കിടയിൽ കൂത്താടുകയാണ്. ലോകബാങ്കിന്റെ കളി 'ലഗാൻ' സിനിമയിലെ ക്രിക്കറ്റുകളിപോലെയാണ്. "നിങ്ങൾ കളിച്ചു പഠിക്കുക, എന്നിട്ട് ഞങ്ങളോടൊപ്പം കളിക്കാനുള്ള നിലവാരത്തിലേക്കുയരുക" ലോകബാങ്കിന്റെ ഔദാര്യം അതാണ്. കഴിഞ്ഞ എട്ടുവർഷമായി ഞങ്ങൾ കാണുന്നതാണ് നർമ്മദയിൽ ലോകബാങ്കിന്റെ കളി. സർദാർ സരോവർ പദ്ധതിക്ക് ലോകബാങ്ക് പണം വാഗ്ദാനം ചെയ്തതും ജനം അതിനെതിരെ ഇളകിയപ്പോൾ വാഗ്ദാനം പിൻവലിച്ചതും മേധ സൂചിപ്പിച്ചു. ഓരോ പദ്ധതിയും കൃത്യമായ പഠനം നടത്താതെ, ഭൂമിനഷ്ടത്തെക്കുറിച്ചു പഠിക്കാതെ, അംഗീകരിക്കുകയും സാമ്പത്തികസഹായം ചെയ്യുകയുമാണ് ലോകബാങ്ക്. ഡബ്ല്യു.ടി.ഒ നിയന്ത്രിക്കുന്ന ആഗോള സമ്പദ്ഘടനയെ ജനമുന്നേറ്റങ്ങൾ തള്ളിപ്പറയണം. രാഷ്ട്രീയത്തിന്റെ ധനതത്വശാസ്ത്രമാണ് ആഗോളവൽക്കരണം. പണമുണ്ടാക്കുന്നതിന്റെ ഏറ്റവും ചീത്ത വഴി. ലോകമെങ്ങുമുള്ള പ്രകൃതിവിഭവത്തെ മാത്രമല്ല, മനുഷ്യവിഭവത്തെയും അത് ഭരിക്കുന്നു. ഡബ്ല്യു.ടി.ഒയുടെ ദോഹാ സമ്മേളനമാണ് ഏറ്റവും പുതിയ കെണി. സമരവഴിയിലൂടെ പോകുന്ന നമ്മൾ ഗാന്ധിയൻ കാലത്തേക്കു മടങ്ങുകയാണു വേണ്ടത്. വികസനത്തിന്റെ പ്രതീകങ്ങളായ വൻ അണക്കെട്ടുകൾ നമുക്കുണ്ട്. എന്നാൽ ജലസുരക്ഷിതത്വമോ ഊർജ്ജസുരക്ഷിതത്വമോ ഭക്ഷ്യസുരക്ഷിതത്വമോ നമുക്കില്ല.

സുകുമാർ അഴീക്കോട്, മേധാപട്കർ, ഫാദർ കോച്ചേരി

ജനകീയപ്രസ്ഥാനങ്ങളുടെ ദേശീയസഖ്യം (National Allaince of Peoples Movement) ഡിസംബർ 21 മുതൽ 23 വരെ ചെന്നൈയിൽ യോഗം ചേരുകയാണ്. തിരഞ്ഞെടുപ്പു രാഷ്ട്രീയത്തിലേക്ക് എൻ.എ.പി.എം പ്രവേശിക്കണമോ എന്ന ചർച്ച അവിടെ ചൂടുപിടിക്കും. ഇതേക്കുറിച്ചുള്ള അഭിപ്രായങ്ങൾ എഴുതിയറിയിക്കാൻ കേരളീയരോട് അപേക്ഷിച്ചുകൊണ്ടാണ് മേധ പ്രഭാഷണം അവസാനിപ്പിച്ചത്.

സദസ്സിൽനിന്നും മേധക്കു കിട്ടിയ ചോദ്യങ്ങളിൽ ചിലതെങ്കിലും, എന്തിനേയും സംശയത്തോടെ കാണുന്ന മലയാളി മനസ്സിന്റെ മുദ്രകളായിരുന്നു. അരുന്ധതിറോയിയുടെ പ്രവർത്തനങ്ങളെ സംശയിക്കുന്ന ഒരു ചോദ്യം. നർമ്മദാ ബചാവോ ആന്ദോളന് ഫോറിൻ ഫണ്ട് ഉണ്ടോ എന്നന്വേഷിക്കുന്ന മറ്റൊന്ന്. യാതൊരു വിദേശ സഹായവും ഇല്ല എന്ന് മേധ അറിയിച്ചു. മാത്രമല്ല, നല്ലൊരു തുക കടത്തിലുമാണ്. വക്കീൽമാരും ഡോക്ടർമാരുമെല്ലാം സൗജന്യസേവനം നൽകുന്നുണ്ട്. ജനപിന്തുണ മാത്രമാണ് ആധാരം. ഈ വിശദീകരണം നമ്മുടെ അന്വേഷണ കൗതുകത്തെ തൃപ്തിപ്പെടുത്തുമോ എന്തോ! നമ്മുടെ വികസന സങ്കല്പം പോലെതന്നെ ഉപരിപ്ലവമാണ് മിക്കപ്പോഴും നമ്മുടെ സമരാവേശവും. വിഗ്രഹങ്ങളിലാണ് മലയാളിക്കു കണ്ണ്. മേധയെപ്പോലൊരാൾക്ക് ഇതിഷ്ടമാകില്ല. അതാണ് മരം നടാൻ ക്ഷണിച്ച വിദ്യാർത്ഥികൾ തനിക്കു മുദ്രാവാക്യം മുഴക്കിയപ്പോൾ മേധ അതു നിർത്താൻ പറഞ്ഞത്.

ദുരിതം നേരിട്ടനുഭവിക്കുന്നവർക്കേ സമരം ആത്മാർത്ഥമായിച്ചെയ്യാനാവൂ, ആ ആത്മാർത്ഥതയാണ് കരിമുകളിലും മട്ടാഞ്ചേരിയിലും നാം കണ്ടത്. സമ്മേളനത്തിൽ മേധയുടെ പ്രസംഗം അവസാനത്തേക്കു മാറ്റിവച്ചത് പിടിക്കാത്ത നമ്മുടെ പ്രമുഖ പത്രങ്ങൾക്കുണ്ടോ ഈ ആത്മാർത്ഥത മനസ്സിലാവുന്നു? ഒരു മേധാ പട്കറല്ല, ഒരായിരം ജനങ്ങളുടെ പ്രശ്നങ്ങളാണ് പ്രധാനം എന്ന് മേധക്കുതന്നെ പറയേണ്ടിവരുന്നു. സുകുമാർ അഴീക്കോട് തന്റെ പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചപോലെ ലോകവിനാശത്തിന്റെ 29-ാം ദിനമാണിത്. അഹന്തകളെല്ലാം മാറ്റിവച്ച് ഒത്തുചേരേണ്ട സന്ദർഭം. വികസനം എന്ന് ഒരു ന്യൂനപക്ഷം കരുതുന്നത് ഭൂരിപക്ഷം ജനങ്ങൾക്കും ദ്രോഹകരമാണ് എന്ന് മേധ വ്യക്തമാക്കി. ഫാക്ടറികളാൽ, പാലത്താൽ, വിമാനത്താവളത്താൽ ദ്രോഹിക്കപ്പെട്ട ജനങ്ങൾ ഐക്യനിര കെട്ടിപ്പടുക്കുമെന്നുതന്നെ വിശ്വസിക്കാം. പ്രാദേശിക പ്രശ്നങ്ങളെല്ലാം പരസ്പരബന്ധിതം കൂടിയാണ്. അതുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങളും പരസ്പരബന്ധിതമാകണം. ജനകീയസമരങ്ങളുടെ കൂട്ടായ്മയും മേധാപട്കറുടെ സാന്നിധ്യവും അതിന് പ്രേരകമാകും എന്ന് കരുതാം. നർമ്മദാ ബചാവോ ആന്ദോളൻ പ്രവർത്തകരുടെ ഒരു മുദ്രാവാക്യം ഇങ്ങനെ:

നർമ്മദാ ഓർ കേരള് കീ ലഡായി ഏക്ഹെ ഏക്ഹെ.

നർമ്മദയുടേയും കേരളത്തിന്റേയും സമരങ്ങൾ ഒന്നാണ് ഒന്നാണ്. ■

റിപ്പോർട്ട്

മലപ്പുറത്ത് സ്ത്രീകളുടെ ഉയിർത്തെഴുന്നേല്പ്

സി.ഡി.എസിനെ ഞെക്കിക്കൊല്ലാൻ ലീഗ്

സജി ജെയിംസ്

മലപ്പുറം ജില്ലയിൽ സാമൂഹ്യ സാമ്പത്തിക രംഗത്ത് മാറ്റത്തിന്റെ പ്രകാശം വിതച്ച ഒരു നിശ്ശബ്ദ വിപ്ലവത്തിന്റെ കഥയാണിത്. അതോടൊപ്പം, ആ പ്രസ്ഥാനത്തെ രാഷ്ട്രീയ കാഴ്ചയോടെ അട്ടിമറിക്കാൻ നടത്തുന്ന ഗൂഢനീക്കങ്ങളുടെ വെളിപ്പെടുത്തലും. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) എന്ന പേരിൽ 1994-ൽ രൂപംകൊണ്ട ഏഷ്യയിലെതന്നെ ഏറ്റവും വലിയ വനിതാ പ്രസ്ഥാനമാണ് ദാരിദ്ര്യത്തിന്റെ ദുരിതങ്ങളിൽ നിന്നും മലപ്പുറത്തെ സ്ത്രീകളെ സ്വയംപര്യാപ്തതയുടെ തലത്തിലേക്കുയർത്താൻ ഒരു പക്ഷേ, അവിശ്വസനീയമായ തരത്തിൽ പ്രവർത്തിച്ചത്. എന്നാൽ തങ്ങളുടെ രാഷ്ട്രീയ നിലനിൽപ്പിന്റെ അന്ത്യം സി.ഡി.എസ് ആകുമെന്നു ഭയക്കുന്ന ഭരണപക്ഷപാർട്ടിയായ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ആ പ്രസ്ഥാനത്തെ ഞെക്കിക്കൊല്ലാൻ രംഗത്തിറങ്ങിയിരിക്കയാണ്.

സി.ഡി.എസിന് യുനിസെഫിന്റെ അംഗീകാരം

സ്ത്രീകളുടെ ഉയിർത്തെഴുന്നേല്പിൻെറ
ആവേശകരമായ ഇതിഹാസമായിരിക്കുകയാണ്
മലപ്പുറത്തെ സി.ഡി.എസ്.
പക്ഷേ, ഭരണം മാറിയതോടെ
അതിനെ നശിപ്പിക്കുവാനും ലീഗിൻെറ
മറ്റൊരു സംഘടനയാക്കാനും
ഗൂഢമായ ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു

സാക്ഷരതയിൽ തുടക്കം

സാക്ഷരതാപ്രസ്ഥാനം ഓർക്കുന്നുണ്ടാകും. എൺപതുകളുടെ അവസാനത്തിൽ കേരളം ആവേശപൂർവ്വം ഏറ്റെടുത്ത അക്ഷരപ്രസ്ഥാനം. കോട്ടയം നഗരസഭയിൽ ആദ്യം പൂർത്തീകരിച്ച ആ കാമ്പയിനിൽ പക്ഷേ, നമ്മെ വിസ്മയിപ്പിച്ചത് മലപ്പുറം ജില്ലയായിരുന്നു. തികച്ചും യാഥാസ്ഥിതികമായ ഗൃഹാന്തരീക്ഷത്തിൽ നിന്നും അക്ഷരപ്രകാശം തേടി വീടിനുപുറത്തേക്കിറങ്ങിവന്ന മുസ്ലീം സ്ത്രീകളടക്കമുള്ളവർ മലപ്പുറത്തെ സാക്ഷരതായജ്ഞത്തെ നിറമുള്ള അനുഭവമാക്കി. കൊട്ടും കുരവയും ആഘോഷങ്ങളുമൊക്കെയായി അവസാനിച്ച ആ പ്രസ്ഥാനം പുതിയ രീതിയിൽ ആരംഭിച്ചതാണ് സാമൂഹികാധിഷ്ഠിത പോഷകാഹാര ദാരിദ്ര്യശമന പരിപാടി (CBNP). സാക്ഷരതാപ്രസ്ഥാനം സജീവമായി നിർത്തുകയും വിജയത്തിലെത്തിക്കുകയും ചെയ്ത ഒരു വൻ മനുഷ്യവിഭവശേഷിയെയും യൂണിസെഫും, കേരളസർക്കാരും നേതൃത്വം നൽകിയ സി.ബി.എൻ.പിയേയും ഉപയോഗിക്കാൻ സർക്കാർ തീരുമാനിച്ചു. അതിനായി രൂപം കൊടുത്ത, ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയാണ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) 1860 ലെ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഈ സംഘടന ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വനിതാ പ്രസ്ഥാനമാണ്. 1,66.665 അംഗങ്ങളുള്ളതാണ് ഈ സംഘടന. ഇതിൽ എല്ലാവരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ് എന്നതാണൊരു പ്രത്യേകത. 1994-ൽ മലപ്പുറം ജില്ലയിൽ 8625 സന്നദ്ധ സേവകർ നടത്തിയ 'റാപ്പിഡ് സർവ്വേയിൽ' കണ്ടെത്തിയ ആൾക്കാരെയാണ് സി.ഡി.എസ് അംഗങ്ങളാക്കിയത്. സർവ്വേയുടെ ഭാഗമായി ഒരു ലക്ഷത്തി അറുപത്തിയാറായിരം പേരെ ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾ സ്ഥാപിച്ചു. ഈ അയൽക്കൂട്ടങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഏരിയാ ഡവലപ് സൊസൈറ്റിയും നൂറ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികളും അതിനുമുകളിൽ പതിനാല് ബ്ളോക്ക് ഡവലപ്മെന്റ് സൊസൈറ്റികളും സ്ഥാപിച്ചു. ഇതിനെല്ലാം പുറമെ ജില്ലാ സി.ഡി.എസ്സും അതിന്റെ ഭരണസമിതിയും രൂപീകരിച്ചു. അങ്ങേയറ്റം സ്വതന്ത്രമായ ഘടനയാണ് സി.ഡി.എസ്സിന്റേത്. തികച്ചും ജനാധിപത്യപരമായ രീതികൾ. ഇങ്ങനെയുള്ള സംഘടനയാണ് സാക്ഷരതാ പ്രസ്ഥാനംപോലെ തിളക്കമേറിയ മറ്റൊരു വികസനപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ഇന്ന് സി.ഡി.എസ്സിന്റെ സമ്പാദ്യം മൂന്നു കോടി രൂപയിലധികംവരും. ഈ സമ്പാദ്യവും നബാർഡ്, രാഷ്ട്രീയ മഹിളാഘോഷ്, എച്ച്.ഡി.എഫ്.സി, എസ്.ബി.ടി, കനറാ ബാങ്ക് തുടങ്ങിയവയിൽനിന്നുള്ള വായ്പകളുമാണ് സി.ഡി.എസ് ഉപയോഗിച്ചത്. ജില്ലയിൽ ഏതാണ്ട് രണ്ടായിരത്തിലധികം ചെറുകിട യൂണിറ്റുകൾ, ഉല്പാദന വിതരണ സംവിധാനങ്ങൾ എട്ടുവർഷംകൊണ്ട് ദാരിദ്ര്യരേഖയ്ക്കുതാഴെ ദുരിതവുംപേറി ജീവിച്ചവർക്ക് വലിയൊരാശ്വാസമായി മാറി. അതോടൊപ്പം മലപ്പുറത്തിന്റെ സാമൂഹ്യമണ്ഡലത്തിൽ അഗാധമായ ചലനങ്ങളും സൃഷ്ടിച്ചു.

നിശ്ശബ്ദ വിപ്ലവം

'ബ്ടെ ആളില്ല. ങ്ങ് ള് പൊയ്ക്കോളീ' എട്ടു വർഷംമുൻപ് സി.ബി.എൻ.പി പ്രവർത്തനങ്ങളുടെ ഭാഗമായി സി.ഡി.എസിന്റെ സന്നദ്ധ പ്രവർത്തകർ ഓരോ വീടുകളിലും കയറിയിറങ്ങുമ്പോൾ കേട്ട മറുപടിയാണിത്. പലപ്പോഴും അവർക്കുനേരെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടു. സി.ഡി.എസിൽ ചേരരുതെന്ന് വീടുകളിൽ നിന്നും കർശനനിർദ്ദേശങ്ങളുണ്ടായി. പക്ഷേ, സി.ഡി.എസിന്റെ പ്രവർത്തകർ അടങ്ങിയിരുന്നില്ല. അവർ ഓരോ വീടുകളും വീണ്ടും കയറിയിറങ്ങി. ദാരിദ്ര്യം നിത്യസാന്നിദ്ധ്യമായിരുന്നു ആ വീടുകളിൽ ഏറെയും. പതിയെപതിയെ സ്ത്രീകൾ അടുക്കാൻ തുടങ്ങി. സ്ത്രീകൾക്കും കുട്ടികൾക്കും ഒരു നേരമെങ്കിലും വയറുനിറച്ച് ആഹാരം കഴിക്കണമെങ്കിൽ വീട്ടമ്മമാർതന്നെ എന്തെങ്കിലും ചെയ്തേ മതിയാവൂ എന്ന് സി.ഡി.എസിന്റെ പ്രവർത്തകർ അവരെ പറഞ്ഞുമനസ്സിലാക്കി. സാക്ഷരതാ പ്രസ്ഥാനത്തിൽപോലും സജീവമായി പങ്കെടുക്കാത്ത പലരും പുറത്തിറങ്ങാൻ തുടങ്ങി.

ഓരോ സ്ഥലത്തും അയൽക്കൂട്ടങ്ങൾ രൂപംകൊണ്ടു. ഓരോ അയൽക്കൂട്ടത്തിലെയും പ്രായമുള്ള സ്ത്രീകൾ അതിന്റെ നേതൃത്വം ഏറ്റെടുത്തു. പിന്നീടങ്ങോട്ട് ഗൗരവമായ ചർച്ചകളും പദ്ധതി നടത്തലുമായിരുന്നു. വ്യക്തിഗതമായും കൂട്ടമായും നിരവധി തൊഴിൽയൂണിറ്റുകൾ രൂപംകൊണ്ടു. പലരും നിത്യദാരിദ്ര്യത്തിൽനിന്നും കരകയറാൻ തുടങ്ങി.

താനൂരിലെ കടപ്പുറത്താണ് ഉമൈബയുടെ കുടിൽ. സി.ഡി.എസിൽനിന്നും ആദ്യം വായ്പയെടുത്ത് ചെറിയൊരു കട തുടങ്ങി. ഇന്ന് സാമാന്യം നല്ലനിലയിൽ ഒരു ഹോട്ടൽ നടത്തുകയാണ് ഉമൈബ. ആ ഹോട്ടലാണ് ഉമൈബയുടെയും മക്കളുടെയും ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. അവിടെത്തന്നെയുള്ള ആയിഷ സി.ഡി.എസിന്റെ സഹായത്തോടെ മണ്ണെണ്ണക്കച്ചവടം തുടങ്ങി. കാലിന് സുഖമില്ലാതെ മറ്റ് ജോലിക്കൊന്നും പോകാൻ കഴിയാത്ത ഭർത്താവും നാല് പെൺമക്കളുമടങ്ങുന്ന ആയിഷയുടെ കുടുംബത്തിന്റെ ഏകവരുമാനമാണ് മണ്ണെണ്ണക്കച്ചവടം. വിവാഹപ്രായമെത്തിയ ഒരു പെൺകുട്ടിയുൾപ്പെടെ മൂന്നു മക്കളെ പുലർത്തുന്ന ഫാത്തിമ സി.ഡി.എസിന്റെ സഹായത്തോടെ പലഹാരങ്ങളുണ്ടാക്കുന്ന യൂണിറ്റാണ് തുടങ്ങിയത്. നിർമ്മാണവും വിതരണവും എല്ലാം ഫാത്തിമ തന്നെ. ഇങ്ങനെ എത്രവേണമെങ്കിലും ഉദാഹരണങ്ങൾ ഈ കടപ്പുറത്തിന് പറയാൻ കഴിയും.

മലപ്പുറത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലാവട്ടെ ആദിവാസികൾക്കിടയിലാണ് ആവേശം നിറഞ്ഞ പ്രവർത്തനങ്ങൾ സി.ഡി.എസ് നടത്തുന്നത്. ഊർങ്ങാട്ടിരി. അരീക്കോട്, ചീങ്കണ്ണിപ്പാല കോളനിയിലെ തിരമാല അവരിലൊരാളാണ്. വനത്തിനു നടുവിൽ ചെറിയ പലചരക്കുകട നടത്തിയാണ് തന്റെ സഹജർക്ക് അവർ മാതൃകയായത്. രാവെളുക്കുവോളം പണിയെടുത്ത ശേഷം ആണും പെണ്ണും വ്യത്യാസമില്ലാതെ മദ്യഷാപ്പിൽ പണമൊഴുക്കുന്ന ആദിവാസികൾക്കിടയിലാണ് സി.ഡി.എസ് പ്രവർത്തനം ഊർജ്ജിതമാക്കിയത്. അവർ ആദ്യം ചെയ്തത് അവരെ

ഒരു സി.ഡി.എസ്. തൊഴിൽ പരിശീലനകേന്ദ്രം.
താഴെ: പൊന്നാനി നഗരസഭയിലെ സി.ഡി.എസ്. വിപണനകേന്ദ്രം



സമ്പാദിക്കാൻ പഠിപ്പിക്കുകയായിരുന്നു.

ചുങ്കത്തറ, നിലമ്പൂരിനടുത്ത പ്രദേശം. സി.ഡി.എസിന്റെ പ്രവർത്തനം വളരെ ഭംഗിയായും ക്രിയാത്മകമായും നടന്ന പ്രദേശമാണിവിടെ. ഒരു ആദിവാസിമേഖലകൂടിയാണ് ചുങ്കത്തറ. ചുങ്കത്തറ പഞ്ചായത്തിൽ സി.ഡി.എസിന്റെ പ്രസിഡന്റ് ഉഷ ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ ഇങ്ങനെ വിശദീകരിച്ചു: "പഴയതുപോലെ വനത്തിൽമാത്രമല്ല ആദിവാസികളുടെ ജീവിതം. അവരിൽ പലരും കാടുവിട്ട് നാട്ടിലേയ്ക്കു വരാൻ തുടങ്ങിക്കഴിഞ്ഞു. പക്ഷേ, അവരുടെ ജീവിതരീതിയിലാകട്ടെ അത്രയൊന്നും വ്യത്യാസം വന്നുമില്ല. അപ്പോഴാണ് സി.ഡി.എസ് ആ മേഖലയിൽ ശ്രദ്ധിക്കാൻ തുടങ്ങിയത്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ അവർക്കിടയിൽ നിരന്തരമായി ഞങ്ങൾ കാമ്പെയിനുകൾ നടത്തി. പ്രധാനമായും അവരുടെതന്നെ ഇടയിലുള്ള ചെറുപ്പക്കാരെ കണ്ടെത്തി അവരിലൂടെയാണ് ഞങ്ങളത് ചെയ്തത്. അവരുടെ കുട്ടികളെ നിർബന്ധപൂർവ്വം സ്കൂളിലേയ്ക്കയയ്ക്കാൻ ഞങ്ങൾ പ്രേരിപ്പിച്ചു. അവർക്കിഷ്ടപ്പെടുന്ന രീതിയിലുള്ള ജോലികൾ ചെയ്യാനും അതിൽനിന്നുള്ള വരുമാനം കുറേശ്ശെയായി സമ്പാദിക്കാനും ഞങ്ങൾ പ്രോത്സാഹിപ്പിച്ചു." ഉഷയുടെ വാക്കുകൾ നിലമ്പൂർ മേഖലയിലെ ആദിവാസികളുടെ ഇപ്പോഴത്തെ ജീവിതവുമായി ചേർത്തുവായിക്കുമ്പോൾ മാത്രമേ കഴിഞ്ഞ എട്ടുവർഷം ഒരു സന്നദ്ധ സംഘടന നടത്തിയ പ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാകൂ.

ഈ സാമൂഹ്യമാറ്റം മുസ്ലിം സ്ത്രീകൾക്കിടയിലും വ്യക്തമാണ്. ഇന്നലെവരെ വീടിനുപുറത്തിറങ്ങാൻ മടിച്ചുനിന്നവർ തങ്ങളുടെ ജീവിതത്തെ സ്വയം നിർമ്മിക്കാൻ ഇറങ്ങിത്തിരിച്ചതു കാണുമ്പോൾ നാം അത്ഭുതപ്പെടും. ചുങ്കത്തറയിൽതന്നെ എരുമമുണ്ട, കുറുമ്പലംമേട്, കുറ്റിമുണ്ട, കയ്പ്പിനി തുടങ്ങിയ മേഖലകളിൽ ഭൂരിഭാഗവും മുസ്ലിംസ്ത്രീകളാണ് സി.ബി.എൻ.പി പദ്ധതികൾക്ക് നേതൃത്വം നൽകുന്നത്. "മതപരമായ വിലക്ക്, പ്രത്യേകിച്ച് വായ്പ നൽകുന്നതും പലിശ അടയ്ക്കുന്നതും വാങ്ങിക്കുന്നതുമൊക്കെ പാപമാണെന്നു കരുതുന്ന മുസ്ലിം സമുദായത്തിൽനിന്നുള്ള സ്ത്രീകൾ ആദ്യമൊക്കെ ഞങ്ങളുമായി സഹകരിക്കുന്നതിൽ വിമുഖരായിരുന്നു. പിന്നീട് ഞങ്ങൾതന്നെ അവരെ നേരിട്ടുകണ്ട് തുടക്കത്തിൽ ബദൽ സംവിധാനങ്ങൾ നടത്തിയാണ് അവരെ ആകർഷിച്ചത്. മലപ്പുറം ജില്ലയുടെ ശാപമാണ് ശൈശവവിവാഹങ്ങൾ. അതിനെതിരെ ഞങ്ങൾ അയൽക്കൂട്ടങ്ങളിലൂടെ പ്രചരണങ്ങൾ നടത്തുന്നുണ്ട്. കുറേയൊക്കെ ഫലപ്രദമാവുന്നുണ്ട് എന്നാണ് ഞങ്ങൾക്ക് കാണാനായത്." സി.ഡി.എസിന്റെ ചുങ്കത്തറ പഞ്ചായത്ത് പ്രസിഡന്റ് ഉഷ പറയുന്നു.

അയൽക്കൂട്ടങ്ങൾ

അയൽക്കൂട്ടങ്ങളാണ് ഈ പദ്ധതിയുടെ ജീവൻ. വീട്ടമ്മമാർ ഒരുമിച്ചിരുന്ന് തങ്ങളുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്യുകയും അത് നടപ്പിലാക്കുകയും ചെയ്യുന്ന പദ്ധതി. (1994-ൽ സി.ഡി.എസ് തുടക്കം കുറിച്ച അയൽക്കൂട്ടങ്ങളാണ് പിന്നീട് ജനകീയാസൂത്രണപ്രസ്ഥാനം മാതൃകയാക്കിയത്) ഈ അയൽക്കൂട്ടങ്ങൾ തങ്ങളുടെ ഓരോ അംഗത്തിന്റെയും വ്യക്തിഗത ആവശ്യങ്ങൾ ചർച്ച ചെയ്യും. കൂട്ടായി നടപ്പാക്കേണ്ടത് അങ്ങനെയും ചെയ്യും. അതിലൂടെ അയൽക്കൂട്ടങ്ങൾ സ്ത്രീകളുടെ കൂട്ടായ്മയാണ് സൃഷ്ടിച്ചത്. ഇത് മറ്റൊരു സാമൂഹികചലനത്തിന് കാരണമായി. സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾ അയൽക്കൂട്ടങ്ങളിൽ അവതരിപ്പിക്കുന്നതോടൊപ്പംതന്നെ കുടുംബത്തിനകത്ത് നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളും അയൽക്കൂട്ടങ്ങളിൽ അവതരിപ്പിക്കും. അത്തരം പ്രശ്നങ്ങൾക്ക് അയൽക്കൂട്ടം പരിഹാരം കാണാൻ ശ്രമിക്കും.

ചുങ്കത്തറയിൽ അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായ ലതാരാജു ചില ഉദാഹരണങ്ങൾ പറയുന്നു. "ഇവിടെ ഒരു അയൽക്കൂട്ടത്തിലെ അംഗമായ വീട്ടമ്മയെ ഭർത്താവ് മദ്യപിച്ചെത്തി നിരന്തരമായി മർദ്ദിക്കുമായിരുന്നു. അവരാകട്ടെ ആദ്യമൊക്കെ സഹിച്ചു. പിന്നീട് അയൽക്കൂട്ടത്തിൽ പ്രശ്നം അവതരിപ്പിച്ചു. അയൽക്കൂട്ടത്തിലെ അംഗങ്ങൾ ആദ്യമൊക്കെ ഭർത്താവിനെ വിളിച്ചുപറഞ്ഞു. അയാൾ അത് അനുസരിക്കാൻ മടിക്കുന്നതാണ് കണ്ടത്. അയൽക്കൂട്ടം ഒരു തീരുമാനമെടുത്തു. ആ പ്രദേശത്തെ മദ്യഷാപ്പ് പൂട്ടിക്കാൻ. അങ്ങനെ സ്ത്രീകൾ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ സമരം തുടങ്ങി ഷാപ്പ് പൂട്ടിച്ചു." പല കുടുംബപ്രശ്നങ്ങളിലും സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നു എന്നറിഞ്ഞാൽ അയൽക്കൂട്ടം അതിൽ ഇടപെട്ടുതുടങ്ങി. അങ്ങനെയാണ് അയൽക്കൂട്ടങ്ങൾ സ്ത്രീകളുടെ സമരങ്ങളായത്.

നിരാലംബരായ വീടില്ലാത്ത സ്ത്രീകൾക്ക് വീടുവച്ചുനൽകാനുള്ള പദ്ധതിക്കുകൂടി അയൽക്കൂട്ടങ്ങൾ തുടക്കംകുറിച്ചുകഴിഞ്ഞു. അതിനു നിമിത്തമായത് ചെറിയൊരു സംഭവം. ചുങ്കത്തറ മേഖലയിലെ ഒരു അയൽക്കൂട്ടത്തിലെ അംഗമായ പള്ളിക്കുത്ത് നളിനി എന്ന സ്ത്രീ അവരുടെ അയൽക്കൂട്ടത്തിനുമുൻപാകെ ഒരു ആഗ്രഹം പറഞ്ഞു. ഒറ്റമുറി മാത്രമുള്ള അവരുടെ കുടിലിന്റെ സ്ഥാനത്ത് ഒരു വീടുണ്ടാക്കിത്തരണം. ആ അയൽക്കൂട്ടത്തിൽ അംഗമായിരുന്ന അവരുടെ മൂന്നു പെൺമക്കളും ഈ ആഗ്രഹം ആവർത്തിച്ചു. അപ്പോഴാണ് അങ്ങനെയൊരു പദ്ധതി തുടങ്ങിയത്. 'അഗതിക്കൊരാലയം' എന്ന അയൽക്കൂട്ട പദ്ധതി ആരംഭിച്ചത് അങ്ങനെയാണ്. 45,000 രൂപ ചെലവാക്കി നളിനിക്കും കുട്ടികൾക്കുമായി വീട് പണിതു നൽകിക്കൊണ്ടാണ് അവരതിന് തുടക്കം കുറിച്ചത്.

ഓരോ അയൽക്കൂട്ടത്തിലും 'ഡയറക്റ്റ് മാർക്കറ്റിംഗ്' സംവിധാനവും ആരംഭിച്ചുകഴിഞ്ഞു. അയൽക്കൂട്ടങ്ങളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വീടുകളിൽ നേരിട്ടെത്തിച്ച് വിതരണം നടത്തുന്ന സംഘങ്ങളെ അയൽക്കൂട്ടങ്ങൾ സജ്ജരാക്കിയിട്ടുണ്ട്. അച്ചാറുകൾ, സോപ്പുകൾ, പച്ചക്കറി ഉല്പന്നങ്ങൾ തുടങ്ങിയവ ഇങ്ങനെ വിൽക്കുന്നു സിവിൽസപ്ളൈസ് കോർപ്പറേഷന്റെ വിതരണ ഏജൻസിയായും മലപ്പുറം ജില്ലയിലെ ഗ്രാമങ്ങളിൽ അയൽക്കൂട്ടങ്ങൾ മാറിക്കഴിഞ്ഞു. അയൽക്കൂട്ടങ്ങൾക്ക് അനുവദിച്ചിരിക്കുന്ന ഫണ്ടുകൾ വീട്ടമ്മമാർതന്നെ തങ്ങളുടെ ആവശ്യങ്ങൾക്കായി വായ്പയായി വാങ്ങിക്കാറുണ്ട്. ചുങ്കത്തറ പഞ്ചായത്തിലെ മാത്രം കണക്കിങ്ങനെ. ഇവിടെ ചികിത്സാ ആവശ്യങ്ങൾക്കായി പണമെടുത്തവർ 225. വിദ്യാഭ്യാസത്തിനായി 65 പേർ. വിവാഹാവശ്യത്തിനായി 69 പേർ. ആടുവളർത്താനും കൃഷിക്കുമായി 174 പേർ. ഇതൊന്നും കൂടാതെതന്നെ തീർത്ഥാടനം നടത്താനും ബാങ്ക്കടംവീട്ടാനും ഓണം ആഘോഷിക്കാനുമൊക്കെ വായ്പകളെടുത്തവർ ഏറെപ്പേരാണ്. എടുക്കുന്ന വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുവാൻ അയൽക്കൂട്ടം എപ്പോഴും ശ്രദ്ധകാണിക്കാറുണ്ട്. അതുകൊണ്ടാണ് വായ്പാകുടിശ്ശിക അയൽക്കൂട്ടങ്ങൾക്ക് ഉണ്ടാകാത്തത്. ഇതാണ് അയൽക്കൂട്ടം നൽകുന്ന ചിത്രം.

പൊതുരംഗത്തേയ്ക്ക്

സ്ത്രീകളുടെ ഈ മുന്നേറ്റം രണ്ടായിരത്തിലെത്തുമ്പോഴേയ്ക്ക് പുതിയ ചില പ്രവണതകൾകൂടി കാണിച്ചുതുടങ്ങിയിരുന്നു. അതിലൊന്നാണ് പൊതുരംഗത്തേയ്ക്കുള്ള സ്ത്രീകളുടെ നിർഭയമായ കടന്നുവരവ്. ഇന്ന് മലപ്പുറം ജില്ലയിലെ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിൽ ജനപ്രതിനിധികളായി സി.ഡി.എസിൽ പ്രവർത്തിക്കുന്നവർ ഏറെപ്പേരുണ്ടാകും. മലപ്പുറത്തെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും മുസ്ലിംലീഗിന്റെ നേതാവുമായ സുലേഖ സി.ഡി.എസിന്റെ സംഘാടകയാണ്. സി.ഡി.എസിന്റെ ജില്ലാ പ്രസിഡന്റ് ബീനാസണ്ണി പെരിന്തൽമണ്ണയിൽ പുഴക്കാട്ടിരി പഞ്ചായത്ത് പ്രസിഡന്റാണ്. തിരൂർ കടപ്പുറം വാർഡിന്റെ പ്രതിനിധിയായ ജമീല സി.ഡി.എസിന്റെ പ്രവർത്തകയാണ്. കൊണ്ടോട്ടിയിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയായി മത്സരിച്ച മലീഹ സി.ഡി.എസിന്റെ പ്രവർത്തകയാണ്. ഇങ്ങനെ അധികാരരംഗത്തേയ്ക്ക് സ്ത്രീകളുടെ മുൻപെങ്ങുമില്ലാത്ത വരവിന് ഈ വിപ്ലവത്തിലൂടെ കഴിഞ്ഞെന്നു പറയാം.

സി.ഡി.എസിന്റെ ഈ പ്രവർത്തനങ്ങൾ ലോകമെങ്ങും ശ്രദ്ധിക്കപ്പെടുകയും ഒരു പുതിയ പരീക്ഷണമെന്ന നിലയിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. പതിനാറ് രാഷ്ട്രങ്ങളിൽനിന്നായി ഒരു വിദേശസംഘംതന്നെ സി.ഡി.എസിന്റെ പ്രവർത്തനങ്ങൾ നേരിട്ടുകാണാനും പഠിക്കാനുമായി മലപ്പുറത്തെത്തി. പൊതുഭരണത്തിനും മികച്ച മാനേജ്മെന്റ് സംവിധാനങ്ങൾക്കുമുള്ള കോമൺവെൽത്ത് രാഷ്ട്രങ്ങൾ ഏർപ്പെടുത്തിയ CAPAM അവാർഡ് 2000 സി.ഡി.എസിന്റെ പ്രവർത്തനങ്ങൾക്കാണ് ലഭിച്ചത്. രാജ്യാന്തര അംഗീകാരങ്ങൾക്കൊപ്പം സ്വദേശത്തെ അംഗീകാരങ്ങളും ഈ പ്രസ്ഥാനത്തെ തേടിയെത്തി. മലപ്പുറം ജില്ലയിൽ സി.ഡി.എസിന്റെ പ്രവർത്തനങ്ങളാണ് കേരളമാകെ കുടുംബശ്രീ പദ്ധതികൾക്ക് കാരണമായത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി മലപ്പുറം ജില്ലയിൽ നടപ്പാക്കാൻ ഏല്പിച്ചതും സി.ഡി.എസിനെയാണ്. 1998 മേയ് 17ന് പ്രധാനമന്ത്രി വാജ്പേയി മലപ്പുറത്തെത്തിയാണ് ആ പ്രഖ്യാപനം നടത്തിയത്. ഇങ്ങനെ സാമൂഹ്യരംഗത്തും വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിലും പുതിയ അവബോധവും പുതിയ ശീലങ്ങളും നൽകിയ ഈ പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? ആ അന്വേഷണമാണ് ഒരു വികസനപ്രസ്ഥാനത്തിന്റെ അട്ടിമറിയുടെ കഥ പുറത്തുകൊണ്ടുവരുന്നത്.

ഗൂഢനീക്കങ്ങൾ

മലപ്പുറത്തിന്റെ സ്ത്രീജീവിതത്തിൽ വളരെയധികം മാറ്റങ്ങൾക്ക് കാരണമായ സി.ഡി.എസും സി.ബി.എൻ.പിയും തമ്മിൽ ഇന്നു ബന്ധമൊന്നുമില്ല. സി.ബി.എൻ.പിതന്നെ സർക്കാർ അവസാനിപ്പിച്ചു. പകരമായി കേരളമാകെ നടന്നുകൊണ്ടിരിക്കുന്ന കുടുംബശ്രീ പദ്ധതിയാണ് ഇപ്പോഴുള്ളത്. അവിടെയാണ് അട്ടിമറിയുടെ ആരംഭം. അടുത്ത നാളിൽ ഒരു പ്രത്യേക ഉത്തരവിലൂടെ കുടുംബശ്രീയും സി.ഡി.എസും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. (20.7.2001/28399/B2/2001). കുടുംബശ്രീ പദ്ധതി നടത്തേണ്ട സി.ഡി.എസിൽനിന്നും അത് മാറ്റി പുതിയ ഡയറക്ടറുടെ കീഴിലാക്കി. സാമൂഹ്യരംഗത്ത് വളരെയധികം ശ്രദ്ധേയനും മലപ്പുറത്തെ സാംസ്കാരികരംഗത്ത് സജീവസാന്നിദ്ധ്യവുമായ പ്രൊഫ. അബൂബക്കറിനെ ഡയറക്ടർസ്ഥാനത്തുനിന്ന് മാറ്റി സാക്ഷരതാ മിഷന്റെ അസിസ്റ്റന്റ് ഡയറക്ടറാക്കി. പകരം മന്ത്രി നാലകത്ത് സൂപ്പിയുടെ അടുത്ത ബന്ധുവായ നാലകത്ത് ബഷീർ എന്നയാളെ ഡയറക്ടറാക്കിക്കൊണ്ടാണ് കുടുംബശ്രീ പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതും കുടുംബശ്രീയുടെ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ്. ഒരു ഗവൺമെന്റ് സ്ഥാപനത്തിൽനിന്നും സന്നദ്ധസേവനം എന്ന നിലയിൽ എത്തുന്നവരെയാണ് കുടുംബശ്രീയുടെ ഡയറക്ടർ പദവിയിലേയ്ക്ക് പരിഗണിക്കുന്നത്. കുടുംബശ്രീയുടെ വാർഷിക റിപ്പോർട്ടിൽ 81-ാം പേജിൽ ഇങ്ങനെ പറയുന്നുണ്ട്: "The officials havebeen drafted from various Govt. Department/ Corporation/ Other Govt. Agencies on deputation basis. (Without causing any additional burden to the state excheques) considering their experience, expertise and aptitude in community development programme and social welfare activities."

ഈ നിയമാവലിയെയാണ് നാലകത്ത് ബഷീറിന്റെ നിയമനത്തിലൂടെ സർക്കാർ ലംഘിച്ചിരിക്കുന്നത്. മലപ്പുറം ഗവൺമെന്റ് കോളേജിൽ അദ്ധ്യാപകനായിരുന്നു പ്രൊഫ. അബൂബക്കർ. ഡെപ്യൂട്ടേഷനിൽ സന്നദ്ധ പ്രവർത്തകൻ എന്ന നിലയിലാണ് സി.ബി.എൻ.പിയുടെയും തുടർന്ന് കുടുംബശ്രീയുടെയും ഡയറക്ടറായത്. പക്ഷേ, നാലകത്ത് ബഷീറാകട്ടെ, ഒരു സ്വകാര്യ കോളേജ് അദ്ധ്യാപകനും മുസ്ലിംലീഗിന്റെ സജീവപ്രവർത്തകനും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ പ്രതിപക്ഷ നേതാവുമാണ്.

നാലകത്തു ബഷീർ

നാലകത്തു ബഷീറിൻെറ നിയമനത്തിലൂടെ സി.ഡി.എസിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നു

സി.ബി.എൻ.പി പരിപാടി നടത്താൻ യുനിസെഫിന്റെയും കേരള സർക്കാരിന്റെയും സാമ്പത്തിക സഹായത്തിനുപുറമെ നബാർഡ് തുടങ്ങിയ ഏജൻസികൾ സാമ്പത്തികസഹായം നൽകിയിരുന്നു. സി.ഡി.എസ് ആണ് അന്ന് ആ വായ്പാകരാറിൽ പങ്കുചേർന്നത്. നബാർഡിനാകട്ടെ ആ പണം തിരികെ ലഭിക്കാൻ ഇനിയും ഏറെ വർഷങ്ങൾ കാത്തിരിക്കേണ്ടിവരും. ആ സാഹചര്യത്തിലാണ് കഴിഞ്ഞ ഇടതുഭരണകാലത്ത് നബാർഡ്, സി.ബി.എൻ.പി പദ്ധതി നിർത്തരുതെന്നും സി.ഡി.എസിനെ ആ പദ്ധതിയിൽനിന്നും ഒഴിവാക്കരുതെന്നും ആവശ്യപ്പെട്ടത്. അന്നത്തെ സർക്കാർ ഒരു പ്രത്യേക ഉത്തരവുവഴി (ജി.ഒ. നമ്പർ 1265/98) ആ ആവശ്യം അംഗീകരിക്കുന്നുവെന്നും അത് ആ നിലയിൽതന്നെ തുടരണമെന്നും ഉത്തരവായി. ആ ഉത്തരവിനെയാണ് ഇപ്പോൾ യു.ഡി.എഫ് അട്ടിമറിച്ചിരിക്കുന്നത്. ജില്ലയിലെ ചില ലീഗ് നേതാക്കന്മാരുടെ താല്പര്യങ്ങളാണ് ഇത്തരമൊരു നീക്കത്തിന് പിന്നിലെന്ന് ആക്ഷേപം ഉയർന്നുകഴിഞ്ഞു. മുസ്ലിംലീഗിന്റെ പ്രധാനപ്പെട്ട സംഘടനായോഗങ്ങളിൽ സി.ഡി.എസിനെതിരായ ആക്രമണങ്ങൾ പതിവാണെന്ന് പറയപ്പെടുന്നു. മുസ്ലിംലീഗ് എന്തുകൊണ്ടാണ് മലപ്പുറത്തിന്റെ മാറ്റങ്ങൾക്ക് കാരണമായിത്തീർന്ന ഒരു പ്രസ്ഥാനത്തെ എതിർക്കുന്നത്? അതിന്റെ അന്വേഷണങ്ങൾ കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടന്ന തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പുകളിലും എത്തിനിൽക്കുന്നു. പരമ്പരാഗതമായി ലീഗ് വിജയിച്ചുപോരുന്ന ഒരു പഞ്ചായത്താണ് പുഴക്കാട്ടിരി. പെരിന്തൽമണ്ണയിലെ ഈ ഗ്രാമത്തിൽ വൻഭൂരിപക്ഷത്തിലാണ് ഇത്തവണ ഇടതുപക്ഷം വിജയിച്ചത്. അതിന്റെ പ്രസിഡന്റായി സി.ഡി.എസിന്റെ ജില്ലാ പ്രസിഡന്റ് ബീനാസണ്ണി തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഇത് ലീഗിന് തിരിച്ചടിയായി. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ മങ്കട നിയോജകമണ്ഡലത്തിൽ ലീഗിന്റെ ഉന്നതനേതാക്കളിൽ ഒരാളായ കെ.പി.എ.മജീദ് പരാജയപ്പെട്ടതും പെരിന്തൽമണ്ണയിൽ നാലകത്ത് സൂപ്പി കഷ്ടിച്ച് രക്ഷപ്പെട്ടതുമൊക്കെ സി.ഡി.എസ് കാരണമാണെന്നാണ് ലീഗിന്റെ കണ്ടെത്തലുകൾ. സി.ഡി.എസിനെതിരായ ലീഗിന്റെ ആക്രമണങ്ങൾക്ക് മറ്റൊരു കാരണവും ഇതിൽക്കൂടുതൽ അന്വേഷിക്കേണ്ടതില്ല. മുസ്ലിം സ്ത്രീകൾ വ്യാപകമായി സി.ഡി.എസിൽ അംഗങ്ങളാകുന്നതും അതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതുമൊക്കെ തങ്ങളുടെ രാഷ്ട്രീയ നിലനില്പുതന്നെ അപകടത്തിലാക്കുമെന്ന് അവർ കരുതുന്നുണ്ടാകാം. "ഒരു രാഷ്ട്രീയ പാർട്ടിയോടും ഞങ്ങൾക്ക് വിധേയത്വമില്ല. സി.ഡി.എസിൽ അംഗമായവർ പല രാഷ്ട്രീയ പാർട്ടികളിലും അംഗങ്ങളായിരിക്കാം. അവരിൽ മുസ്ലിംലീഗുകാർ ഉൾപ്പെടെ എല്ലാ രാഷ്ട്രീയ പർട്ടികളിൽപ്പെട്ടവരുമുണ്ട്. അവരിൽ ചിലരൊക്കെ അവരുടെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായി പല മേഖലകളിലും കാണും. പക്ഷേ, സി.ഡി.എസിലെത്തിയാൽ രാഷ്ട്രീയം മാറ്റിവച്ചേ പറ്റൂ. അവിടെ ജീവിതപ്രശ്നങ്ങൾ മാത്രമാണ് ചർച്ച ചെയ്യപ്പെടുന്നത്. അതിനുമാത്രമാണ് മുൻഗണനയും." സി.ഡി.എസിന്റെ ജില്ലാ പ്രസിഡന്റ് ബീന പറയുന്നു. ഏതായാലും ലീഗിന്റെ നടപടികൾ പരക്കെ വിമർശിക്കപ്പെട്ടുകഴിഞ്ഞു. പൊതുവെ സാമൂഹ്യ-സാമ്പത്തികരംഗങ്ങളിൽ പിന്നോക്കം നിന്നിരുന്ന ഒരു ജില്ലയെ, അതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടുപിടിച്ച് കൈപിടിച്ചുയർത്താൻ ശ്രമിക്കുന്ന സംഘടനയെയും അതിന്റെ പ്രവർത്തകരെയും നിർവീര്യമാക്കുന്ന നടപടികൾക്ക് രാഷ്ട്രീയ പാർട്ടികൾ മുന്നിട്ടിറങ്ങുന്നത് ആശാസ്യമല്ല. ബീനാസണ്ണി ഉൾപ്പെടെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന പല പ്രവർത്തകർക്കുമെതിരെ കള്ളക്കേസുകളും വിജിലൻസ് അന്വേഷണങ്ങളും ഭീഷണികളുമായൊക്കെ പലരും എത്തിക്കഴിഞ്ഞു. കഴിഞ്ഞ എട്ടുവർഷമായി ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുച്ഛമായ തുക ഓണറേറിയം പറ്റിക്കൊണ്ട് രാപകലില്ലാതെ പണിയെടുത്തവരാണ് ഇന്ന് ഈ ഭീഷണികൾ നേരിടുന്നത്. ഇതിനുംപുറമെ മലപ്പുറത്ത് കുടുംബശ്രീ ജില്ലാതല ഓഫീസിൽ പ്രവർത്തിച്ചിരുന്ന സി.ഡി.എസിന്റെ പ്രവർത്തകരെ നിർദാക്ഷിണ്യം പിരിച്ചുവിടുകയും ചെയ്തു. ഇത്തരത്തിൽ അന്ധമായ രാഷ്ട്രീയ കാഴ്ചപ്പാടോടെ രംഗത്തെത്തിയ ചിലർ മലപ്പുറം ജില്ലയ്ക്കുതന്നെ അഭിമാനമായി മാറിയ ഒരു ജനകീയപ്രസ്ഥാനത്തെയാണ് തകർക്കുന്നത്. ■

ലേഖനം

വത്തിക്കാന്റെ മതമൗലികവാദത്തിനെതിരെ

സെബാസ്റ്റ്യൻ വട്ടമറ്റം

ഇതര മതവിശ്വാസധാരകളെ
മനസ്സിലാക്കേണ്ടത്
ഇക്കാലത്തെ ആവശ്യമാണ്

തങ്ങൾ വിശ്വസിക്കുന്നതെന്തും സത്യമാണെന്നു കരുതാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഏതു മതക്കാർക്കുമുണ്ട്; അതു മറ്റുള്ളവർക്കു ദ്രോഹകരമല്ലെങ്കിൽ. എന്നാൽ, തങ്ങളുടേതു മാത്രമാണു സത്യവിശ്വാസമെന്നു ശഠിക്കുന്നവർ പലപ്പോഴും വിശ്വാസക്കോട്ടക്കു പുറത്തുള്ളവരെ തരംതാണവരോ തങ്ങളുടെ ദുരയുടെ ഇരകൾപോലുമോ ആയിട്ടാവും കാണുക.

1441-ൽ പോർട്ടുഗലിലെ ഹെൻഡ്രി രാജകുമാരന്റെ രണ്ടു ക്യാപ്റ്റന്മാർ മാർട്ടിൻ അഞ്ചാമനെന്ന പോപ്പിനെ സന്ദർശിച്ചു. ആഫ്രിക്കൻ വൻകരയിൽനിന്നു കൊണ്ടുവന്ന സ്വർണ്ണശേഖരത്തോടൊപ്പം അവർ പോപ്പിനു കാണിക്ക അർപ്പിച്ചത് കരുത്തരായ പത്തു കറുത്ത മനുഷ്യരെയാണ്. സംപ്രീതനായ പോപ്പ് ആഫ്രിക്കയിൽ ബ്ലാങ്കോതുരുത്തിനു കിഴക്കോട്ട് പോർട്ടുഗീസുകാർ കണ്ടെത്താനിരുന്ന മുഴുവൻ ഭൂമിയുടെയും അവകാശം പോർട്ടുഗലിന് കൽപിച്ചരുളുകയും ചെയ്തു. ഈ പോപ്പിനെ ഇതിനു പ്രേരിപ്പിച്ച ചേതോവികാരമെന്ത്? ദൈവം സത്യം മുഴുവൻ വെളിപ്പെടുത്തിയതു തങ്ങൾക്കു മാത്രമാണെന്നും അതു മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ തങ്ങൾ നിയുക്തരാണെന്നുമുള്ള വിശ്വാസധാർഷ്ട്യം തലക്കുപിടിച്ചതുകൊണ്ടല്ലേ ആ ആഫ്രിക്കൻ മനുഷ്യരെ മനുഷ്യരായി കാണാൻ അദ്ദേഹത്തിനു കഴിയാതെപോയത്? അവരുടെ മണ്ണിലുള്ള അവകാശംപോലും സത്യവിശ്വാസികൾക്കു തീറെഴുതിയത്? ഇതുതന്നെയാണ് ലക്ഷക്കണക്കിനു മനുഷ്യരെ ആഫ്രിക്കൻ വനാന്തരങ്ങളിൽനിന്നു പിടിച്ചുകെട്ടി അടിമക്കമ്പോളങ്ങളിൽ വിറ്റഴിക്കാൻ വെള്ളമ്പന്മാരെ പ്രേരിപ്പിച്ചതും. തുടർന്നുണ്ടായ, ഇന്നും തുടരുന്ന. അധിനിവേശത്തിന്റെ പ്രത്യയശാസ്ത്രചേരുവകളിൽ സത്യത്തിന്റെ കുത്തകാവകാശത്തിനു നിർണ്ണായകസ്ഥാനമുണ്ട്. ഇറാഖിൽ ബുഷ് ഒന്നാമന്റെ തീബോംബുകൾ വീണുകൊണ്ടിരുന്നപ്പോൾ ഫാദർ കാപ്പൻ ബാംഗ്ലൂരിൽ ഒരു പ്രസംഗത്തിൽ അമേരിക്കയെ പരിഹസിച്ചുകൊണ്ടു പറഞ്ഞു, "ഇറാഖിലെ ജനങ്ങൾക്ക് ജ്വലിക്കുന്ന കുറ്റിക്കാടി (ബുഷ്)ന്റെ രൂപത്തിൽ യഹോവ പ്രത്യക്ഷപ്പെടുന്നു"

കുരിശുയുദ്ധമോ?

സത്യത്തിന്റെമേലുള്ള കുത്തകബോധത്തിന്റെ അന്ധതയിൽ ക്രൈസ്തവപാശ്ചാത്യലോകം കാട്ടിക്കൂട്ടിയ പേക്കൂത്തുകൾ ഇന്നും അവരെ വേട്ടയാടുന്നു. സെപ്റ്റംബർ 11-ലെ ന്യൂയോർക്ക് സംഭവത്തെത്തുടർന്നു ബുഷ് രണ്ടാമൻ നടത്തിയ യുദ്ധപ്രഖ്യാപനത്തിൽ 'ഇതൊരു കുരിശുയുദ്ധമാണ്' എന്നു പറഞ്ഞതോർക്കുക. യുദ്ധം ഇസ്ലാംവിരുദ്ധമല്ലെന്നു സ്ഥാപിക്കാനിരിക്കെ ഈ കുരിശുയുദ്ധ പരാമർശമെങ്ങനെ ആ നാവിൽ കുരുങ്ങി? സാഹചര്യങ്ങളുടെ മാനസികസമ്മർദ്ദം അദ്ദേഹത്തെ അബോധമായി പഴയൊരു ക്രൈസ്തവക്രൂസെയ്ഡർ ആക്കിയിരിക്കാം. മുൻ പ്രസിഡന്റ് ബിൽക്ലിന്റണും ഈയിടെ ഒരു പ്രസംഗത്തിൽ കുരിശുയുദ്ധത്തെക്കുറിച്ച് സാമാന്യം വിശദമായിത്തന്നെ പറയുകയുണ്ടായി. ജോർജ്ടൗൺ സർവ്വകലാശാലയിലെ ആയിരത്തോളം വിദ്യാർത്ഥികളെ അഭിസംബോധനചെയ്ത് അദ്ദേഹം പറഞ്ഞു, "ആദ്യത്തെ കുരിശുയുദ്ധത്തിൽ ക്രിസ്ത്യൻ സൈനികർ ജറൂസലേം കീഴടക്കിയപ്പോൾ അവരാദ്യം 300 യഹൂദന്മാരോടുകൂടി ഒരു സിനഗോഗ് തീവച്ചു നശിപ്പിച്ചു. പിന്നെ ദേവാലയമലമുകളിൽ കണ്ട ഇസ്ലാംമതത്തിൽപ്പെട്ട സ്ത്രീകളെയും കുട്ടികളെയും ഒന്നൊന്നായി കൊല്ലാൻ തുടങ്ങി. ആ കഥ ഇന്നും മദ്ധ്യപൂർവ്വ ദേശത്തുള്ളവർ പറഞ്ഞുകൊണ്ടേയിരിക്കുന്നു. നാമതിനു വില കൊടുത്തുകൊണ്ടുമിരിക്കുന്നു. ബുഷിൽ തെളിയുന്നത് പഴയ വേട്ടക്കാരന്റെ ഉശിരാണെങ്കിൽ വേട്ടയാടപ്പെട്ടവരോടുള്ള സഹാനുഭൂതിയും അവർ തിരിച്ചടിക്കുമെന്ന ഭീതിയുമാണ് ക്ലിന്റണിൽ പ്രകടമാകുന്നത്. തിരിച്ചടി ഭീതി കടന്നടിക്കാൻ വഴിയൊരുക്കുന്നതുകൊണ്ട് രണ്ടും പരസ്പരപൂരകവുമാണ്. ഇതു രണ്ടിൽനിന്നും ഭിന്നമായ ശബ്ദമാണ് നോം ചോംസ്കിയുടേത്. പോപ്പിനെ വത്തിക്കാനിലും മതത്തെ പള്ളിക്കകത്തുമൊതുക്കി, ചരിത്രാനുഭവങ്ങളിൽ നിന്നും പാഠംപഠിച്ച്, ലിബറൽ ജനാധിപത്യത്തിന്റെ മാനവികവരപ്രസാദം നേടി വളർന്ന പശ്ചാത്യമനസ്സിന്റെ വക്താവാണദ്ദേഹം.

മതേതര-ജനാധിപത്യമുന്നേറ്റങ്ങൾ കുടത്തിലാക്കിയ ദുർഭൂതങ്ങളിന്നു പശ്ചാത്യലോകത്തും പുറത്തുചാടാൻ തുടങ്ങിയിരിക്കുന്നു. സത്യത്തിന്റെമേലുള്ള കുത്തകവാദങ്ങൾ ദുരന്തസൂചകങ്ങളായി ഉയർന്നുവരുന്നു. ദൈവപുത്രനായ യേശുക്രിസ്തുവാണ് ലോകത്തിന്റെ ഏക രക്ഷകനെന്നും കത്തോലിക്കാസഭ മാത്രമാണു സത്യമതമെന്നും അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു കഴിഞ്ഞകൊല്ലം ആഗസ്റ്റുമാസത്തിൽ വത്തിക്കാൻ പുറത്തിറക്കിയ 'കർത്താവായ യേശു' (Dominus Jesus) എന്ന പ്രബോധനരേഖ. ദൈവത്തെക്കുറിച്ചുള്ള മുഴുവൻ സത്യവും യേശുവിൽമാത്രം വെളിപ്പെട്ടിരിക്കുന്നു എന്നും മറ്റു മതങ്ങളിൽ പൂർണ്ണമായ സത്യമില്ലെന്നും വ്ൻ സത്യവും യേശുവിൽ മാത്രം വെളിപ്പെട്ടിരിക്കുന്നു എന്നും മറ്റു മതങ്ങളിൽ പൂർണ്ണമായ സത്യമില്ലെന്നും രേഖ സമർത്ഥിക്കുന്നു. കത്തോലിക്കാസഭ അംഗീകരിക്കുന്ന വേദഗ്രന്ഥങ്ങൾ മാത്രമാണത്രേ ദൈവനിവേശിതം.

ഇതു വിപൽക്കരമായൊരു തിരിച്ചുപോക്കാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ തള്ളിപ്പറഞ്ഞ കാര്യങ്ങളാണ് ഇപ്പോൾ കെട്ടിയെഴുന്നള്ളിക്കപ്പെടുന്നത്. യേശുവിനെയും യേശു പ്രഖ്യാപിച്ച ദൈവരാജ്യത്തെയും ചരിത്രപശ്ചാത്തലത്തിൽ പുനർവ്യാഖ്യാനിക്കാനുള്ള വ്യാപകമായ ശ്രമങ്ങൾക്ക് കൗൺസിൽ വഴിമരുന്നിട്ടു. മനുഷ്യരക്ഷ എന്നതു മാനവരാശിയുടെ സമഗ്രവിമോചനമായി പുനർവ്യാഖ്യാനിക്കപ്പെട്ടു. ലാറ്റിനമേരിക്കൻ-ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിൽ ക്രൈസ്തവരുടെ മുൻകൈയിൽ വിമോചന പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. ഇതിനെയെല്ലാം അപ്രസക്തമാക്കുന്നു പുതിയ വത്തിക്കാൻ രേഖ.



ഇന്ത്യയെപ്പോലെ ബഹുമതവിശ്വാസാചാരങ്ങൾ സഹവർത്തിക്കുന്ന ഒരു രാജ്യത്തെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കാവുന്ന പ്രഖ്യാപനമാണ് വത്തിക്കാൻേറത്

പത്രോസിന്റെ വലക്കണ്ണികൾ പൊട്ടുകയും വിശ്വാസികൾ പുറത്തേക്കൊഴുകുകയും വത്തിക്കാൻ ബാങ്കിലേക്കുള്ള നടവരവു കുറയുകയും ചെയ്യുന്നു എന്ന തിരിച്ചറിവാകാം പുതിയ പ്രഖ്യാപനത്തിന്റെ ഭൗതിക സാഹചര്യം. അതെന്തായാലും ഇന്ത്യയെപ്പോലെ ബഹുമതവിശ്വാസാചാരങ്ങൾ സഹവർത്തിക്കുന്ന ഒരു രാജ്യത്തെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കാവുന്ന പ്രഖ്യാപനമാണ് വത്തിക്കാന്റേത്. ഇതിനകം ഇതിനെതിരെ പലകേന്ദ്രങ്ങളിൽ നിന്നും വിമർശനങ്ങൾ ഉണ്ടായിട്ടുമുണ്ട്. എന്നാൽ കേരളത്തിലെ കാത്തോലിക്കവൈദികരിലെ ഒരു പ്രബല വിഭാഗം തന്നെ വത്തിക്കാന്റെ പ്രഖ്യാപനത്തിനെതിരെ രംഗത്തുവന്നിരിക്കുന്നു. കാത്തലിക് പ്രീസ്റ്റ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യയുടെ കേരളഘടകം (സി.പി.സി.കെ) 'വത്തിക്കാൻ പ്രഖ്യാപനം ക്രൈസ്തവവിരുദ്ധം' എന്ന പേരിൽ ഒരു ലഘുലേഖ അച്ചടിച്ചിറക്കിയിരിക്കുന്നു. 'ഭാരതത്തിലെ സാംസ്കാരിക മതവൈവിധ്യങ്ങളെ ആദരിക്കുകയും അവയിലെ ഈശ്വരീയത തിരിച്ചറിയുകയും പീഡിതസമൂഹങ്ങളുമായി ഐക്യദാർഢ്യം പുലർത്തുകയും ചെയ്യുന്ന വൈദികസംഘം' എന്നാണ് അവർ സ്വയം പരിചയപ്പെടുത്തുന്നത്. വത്തിക്കാൻ രേഖ മതമൗലികവാദം വളർത്താനേ ഉപകരിക്കൂ എന്നു സമർത്ഥിക്കുന്ന ലഘുലേഖ ഇതരസഭകളിലെയും മതങ്ങളിലെയും വിശ്വാസത്തെയും ഈശ്വരാനുഭവത്തെയും കുറിച്ചു വിധിപറയാൻ കത്തോലിക്കാസഭയ്ക്ക് എന്തവകാശം എന്നു ചോദിക്കുന്നു. 'സുവിശേഷത്തിലെ യേശുവിനെയല്ല സ്വന്തം ഛായയിലും സാദൃശ്യത്തിലും വിശ്വാസതിരുസംഘം സൃഷ്ടിച്ച യേശുവിനെയാണ് രേഖയിൽ കാണുന്നത്' എന്ന വാക്കുകൾ 'അദൈവം' എന്നു ഫാദർ കാപ്പൻ വിശേഷിപ്പിക്കുന്ന ക്രൈസ്തവ ദൈവ സങ്കല്പമാണ് ഓർമ്മയിൽ കൊണ്ടുവരുന്നത്. കാപ്പനച്ചൻ പറയുന്നു, "പുനർകോളനീകരണത്തിന് ആണവായുധങ്ങളെക്കാൾ ഉറപ്പുള്ള ജാമ്യക്കാരൻ ക്രിസ്ത്യൻ അദൈവ (അൺഗോഡ്)മാണ്. യേശു കണ്ടെത്തിയ ദിവ്യതയിൽനിന്നു വേർതിരിച്ചറിയുന്നതിനാണ് ക്രിസ്ത്യൻ അദൈവമെന്നപദം ഞാനുപയോഗിക്കുന്നത്. സമ്പത്തിനുമധികാരത്തിനും വേണ്ടിയുള്ള തങ്ങളുടെ അമിതാസക്തിയെ ന്യായീകരിക്കുന്നതിനു ക്രൈസ്തവർ രൂപം നൽകിയ ദൈവമാണത്" ഇതുതന്നെയാണ് വൈദികർ ലഘുലേഖയിൽ പറയുന്നതും, "സഭയുടെ ദൗത്യം മതപ്രചാരണമാണെന്ന നിലപാടാണു രേഖയിൽ. ലോകംമുഴുവൻ വത്തിക്കാന്റെ ആധിപത്യം ഉറപ്പിക്കലാണു രേഖയുടെ പിന്നിലെ താൽപര്യം. ഇതു കോളനിവൽക്കരണം തന്നെ." ഇന്ത്യയിലെ പള്ളിവക സ്വത്തുക്കളിന്മേൽ പോപ്പിനുള്ള ഉടമസ്ഥതയെക്കുറിച്ചു ജോസഫ് പുലിക്കുന്നേൽ ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾകൂടി ഇതോടു ചേർത്തു വായിക്കേണ്ടതാണ്.

കത്തോലിക്കാവൈദികർ സ്വന്തം സഭാനേതൃത്വത്തിന്റെ അപഥസഞ്ചാരത്തിനെതിരെ ഉയർത്തുന്ന ഈ എതിർപ്പിന്റെ ശബ്ദം പ്രശംസനീയവും അനുകരണീയവുമാണ്. നമ്മുടേതുപോലൊരു സമൂഹത്തിന്റെ ജനാധിപത്യപരമായ വളർച്ചക്ക് ഓരോ സമുദായവും കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടുകയും നമ്മുടെ മണ്ണിൽ വേരുറപ്പിക്കുകയും ആധിപത്യപരമായ പുറംലോകബന്ധങ്ങളെ നിരാകരിക്കുകയുംവേണം. അതിനുള്ള മുൻകൈ സമുദായങ്ങൾക്കുള്ളിൽ നിന്നുതന്നെയാണ് ഉണ്ടാവേണ്ടത്. സർവ്വോപരി ഇതര മതവിശ്വാസധാരകളെ മനസ്സിലാക്കാനും കൊണ്ടും കൊടുത്തും വളരുവാനും ഓരോ സമുദായത്തിനും കഴിയണം. ■

1. ആഫ്രിക്കൻ റിസ്പോൺസസ്,
മൊകൂഗോ ഒകോയെ, പുറം 85
2. ദി വാഷിംഗ്ടൺ ടൈംസ്, നവംബർ 8, 2002
3. ഫാ.യൂജിൻ പെരേയ്ര,
സെക്രട്ടറി, സി.പി.സി.കെ, ബോധി, പാല -686 575
4. എസ്.കാപ്പൻ.
ആത്മീയത-പുനരധിനിവേശത്തിന്റെ പുതുയുഗത്തിൽ.
മാനുഷം പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി-3

ക്രൈസ്തവ മേലദ്ധ്യക്ഷൻമാരും ആർ.എസ്.എസ്സുകാരും തമ്മിലുള്ള സംഭാഷണത്തിലെ രാഷ്ട്രീയത്തെപ്പറ്റി

ആർ.എസ്.എസ്സിന്റെ ക്രൈസ്തവ രാഷ്ട്രീയം

നൈനാൻ കോശി

ആർ.എസ്.എസ് മേധാവി സുദർശൻജിയെ വണങ്ങി അനുഗ്രഹം വാങ്ങിയപ്പോൾ ലഭിച്ച അനുഭൂതിയിൽ, ആലുവയിൽ നവംബർ 27-ന് 'കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ' (സി.ബി.സി.ഐ)യുടെയും ' നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഓഫ് ഇന്ത്യ (എൻ.സി.സി.ഐ)യുടെയും ആഭിമുഖ്യത്തിൽ, ക്രൈസ്തവ സഭാ നേതാക്കൾ ആർ.എസ്.എസുമായി നടത്തിയ സംഭാഷണങ്ങൾ 'വൻവിജയ'മായിരുന്നെന്ന് സി.ബി.സി.ഐ പ്രസിഡന്റ് ആർച്ച് ബിഷപ്പ് സിറിൽ മാർബസേലിയോസ് പ്രഖ്യാപിച്ചു. ഭാരതത്തിലെ സഭാജനങ്ങൾക്കെല്ലാം ഈ അനുഭൂതി നേടിക്കൊടുക്കാനായി വീണ്ടും സംഭാഷണങ്ങൾ നടത്താനാണ് തീരുമാനം.

സംഭാഷണങ്ങളുടെ ഓരോ വട്ടം കഴിയുമ്പോഴും ആർ.എസ്.എസ് മേധാവി ന്യൂനപക്ഷങ്ങളെപ്പറ്റി ഉന്നയിക്കുന്ന ആരോപണങ്ങളുടെ പട്ടിക നീളുകയും, അവരെപ്പറ്റി പറയുന്ന പുലഭ്യത്തിന്റെ ഭാഷയുടെ മൂർച്ചകൂടുകയുമാണ് പതിവ്. ഇത്തവണയും അതുണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ.

സെപ്തംബർ 12-ാം തീയതി നാഗ്പൂരിലെ ആർ.എസ്.എസ് ആസ്ഥാനത്തു നടന്ന സംഭാഷണങ്ങൾക്കുശേഷം ആഴ്ചകൾക്കുള്ളിൽ നാഗ്പൂരിൽവച്ചുതന്നെ വിജയദശമിദിന പ്രസംഗത്തിൽ ന്യൂനപക്ഷ മതസമൂഹങ്ങൾക്കെതിരെ സുദർശൻ പുതിയ ആരോപണങ്ങൾ ഉന്നയിക്കുകയും അവർക്കു പുതിയ ഉത്തരവുകൾ നൽകുകയും ചെയ്തു. നേരത്തെ സുദർശൻ ആവശ്യപ്പെട്ടിരുന്നത് ഇന്ത്യയിലെ ക്രൈസ്തവ സഭകളുടെ 'സ്വദേശിവൽക്കരണ'വും അവയുടെ പുനസംവിധാനവുമായിരുന്നു. ന്യൂനപക്ഷങ്ങൾക്ക് ഈ രാജ്യത്തു കഴിഞ്ഞുകൂടണമെങ്കിൽ സുദർശൻ പറയുന്ന വ്യവസ്ഥകൾക്കു വിധേയരായിരിക്കണമെന്നും, സുദർശന്റെ ഉത്തരവുകളിൽ പറയുന്നതുപോലെ അവർ പെരുമാറണമെന്നുമാണ് ആർ.എസ്.എസ്സിന്റെ നവഭാരതക്രമം. ഭൂരിപക്ഷത്തോടുള്ള സഹകരണത്തിനും ക്രിസ്ത്യൻ-ഹൈന്ദവ സൗഹാർദ്ദത്തിനും സുദർശന്റെ ഉത്തരവുകൾ അനുസരിക്കുകയാണ് വേണ്ടതെന്ന് ധരിച്ചിരിക്കുന്ന കുറെ ക്രൈസ്തവ സഭാ നേതാക്കളുണ്ടെന്നതുമാണ് ദൗർഭാഗ്യകരമായുള്ളത്.

വിജയദശമി സന്ദേശം

വിജയദശമിദിനത്തിലെ പ്രസംഗത്തിൽ ഇന്ത്യയിലെ ക്രിസ്ത്യാനികളോടും മുസ്ലീങ്ങളോടും സുദർശൻ ആവശ്യപ്പെട്ടത് അവരുടെ സമൂഹങ്ങളിലെ മൗലികവാദികളിൽ നിന്ന് മുൻകൈപിടിച്ചെടുക്കുവാനായിരുന്നു. അദ്ദേഹത്തിന്റെ ആവശ്യം അതുമാത്രമായിരുന്നില്ല. ആധുനിക ലോകത്തിന് അനുസൃതമായി വേദഗ്രന്ഥങ്ങളെ പുനർവ്യാഖ്യാനം ചെയ്യാൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു. നാഗ്പൂർ സമ്മേളനത്തിൽ പങ്കെടുത്ത ക്രൈസ്തവ നേതാക്കളുടെ ദൈവശാസ്ത്രം പഴഞ്ചനാണെന്ന് സുദർശനു തോന്നിയിരിക്കണം. അവർക്കു പുതിയ ദൈവശാസ്ത്ര വ്യാഖ്യാനം ആവശ്യമാണെന്ന് അദ്ദേഹം കണ്ടെത്തി.

"സംഘർഷ വ്യാപാരികളുടെ" (Conflict Mongers) കരങ്ങളിൽ ഉള്ള നേതൃത്വത്തെ മാറ്റാൻ ക്രിസ്ത്യാനികളോടും മുസ്ലീങ്ങളോടും സുദർശൻ അന്ന് ആഹ്വാനം ചെയ്തു. പഴഞ്ചൻ ദൈവശാസ്ത്രത്തിന്റെ വക്താക്കളും സംഘർഷ വ്യാപാരികളുമാണ് ക്രൈസ്തവ നേതാക്കളെന്ന ധാരണ സുദർശനു നൽകിയെന്നതാണ് അതുവരെ നടന്ന സംഭാഷണങ്ങളുടെ നേട്ടം.

ഈ ശാസനങ്ങളെപ്പറ്റി സി.ബി.സി.ഐയും എൻ.സി.സി.ഐയും ആരെയൊ ബോധിപ്പിക്കാനെന്ന മട്ടിൽ എന്തോ പറയുകയുണ്ടായി. സംഭാഷണങ്ങളെപ്പറ്റി ക്രിസ്തീയവിശ്വാസികൾ ആരെങ്കിലും വിമർശിച്ചാലുടൻ വാചാലരാകുന്ന സി.ബി.സി.ഐ പ്രസിഡന്റും മൗനം പാലിച്ചു. ഇതൊക്കെ കേട്ടിട്ടും ആലുവയിൽ പോകാൻ തീരുമാനിക്കുകയും ചെയ്തു.

ആർ.എസ്.എസ് നേതാക്കൾ തങ്ങളെപ്പറ്റി എന്തുപറഞ്ഞാലും ക്രൈസ്തവ നേതാക്കൾ കേട്ടഭാവമേ നടിക്കാറില്ല. ആർ.എസ്.എസ്സുമായുള്ള സംഭാഷണങ്ങളിലെ അപകട സാധ്യതകളെപ്പറ്റി ക്രൈസ്തവസമുദായത്തിൽ ആരെങ്കിലും ചൂണ്ടിക്കാണിച്ചാൽ അവർക്കു കാര്യങ്ങൾ അറിഞ്ഞുകൂടെന്നും പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ താൽപര്യമില്ലെന്നുമാണ് മറുപടി. കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാതെപോകുന്നത് ആർക്കാണെന്നു പറയേണ്ടതില്ലല്ലോ.

വിമർശനമുണ്ടായാൽ തന്നെ അത് ഏതെങ്കിലും ബിഷപ്പിൽ നിന്നാണെങ്കിലേ സി.ബി.സി.ഐയുടെ പ്രസിഡന്റും മറ്റും കണ്ടതായെങ്കിലും ഭാവിക്കുകയുള്ളൂ. ബിഷപ്പുമാർ മാത്രമടങ്ങിയതാണു സഭയെന്നും അവരോടു മാത്രമേ ഉത്തരവാദിത്വമുള്ളൂവെന്ന മട്ടിലാണ് പ്രതികരണങ്ങൾ. സാധാരണ ക്രിസ്തീയ വിശ്വാസികൾ അടങ്ങിയതാണ് സഭയെന്ന ബാലപാഠം ചിലപ്പോഴെങ്കിലും ചില സഭാധ്യക്ഷന്മാർ വിസ്മരിച്ചു പോകുന്നു.

പക്ഷേ ആലുവയിൽ വീണ്ടും ആർ.എസ്.എസ് നേതാക്കളുമായി കൂടിച്ചേരുന്നതിനെതിരെ സഭാനേതൃത്വനിരകളിൽനിന്നുതന്നെ വിമർശനമുണ്ടായി. ഇത്തരമൊരു കൂടിക്കാഴ്ചയുടെ സാംഗത്യത്തെതന്നെ കേരളത്തിലെ കത്തോലിക്കാ ബിഷപ്പുമാരുടെ കൗൺസിലിന്റെ പ്രസിഡന്റ് ഡോ.ദാനിയേൽ അച്ചാരുപറമ്പിൽ ചോദ്യം ചെയ്തിരുന്നു. കത്തോലിക്കാസഭയുടെ ഔദ്യോഗിക മുഖപത്രമായ 'സത്യദീപ'ത്തിൽ നവംബർ 21-ന്റെ ലക്കത്തിൽ ആർ.എസ്.എസ്സുമായുള്ള ചർച്ചയെ എതിർക്കുന്ന മുഖപ്രസംഗം ഉണ്ടായിരുന്നു. "ഏറെ വിചിത്രമായി തോന്നിയത് ഈ സംഭാഷണത്തിൽ പങ്കെടുക്കുമെന്ന് പറയപ്പെടുന്ന സഭാധ്യക്ഷന്മാരിൽ പലർക്കും സംഭാഷണത്തിന്റെ സംവിധാനത്തെക്കുറിച്ചോ, പങ്കെടുക്കുന്നവരേക്കുറിച്ചോ, സംഭാഷണവിഷയത്തെക്കുറിച്ചോ ഒന്നും അറിയില്ലെന്നതാണ്. സംഭാഷണം പത്രവാർത്തയാക്കാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളോ? അതോ നാഗ്പൂരിൽ തീരുമാനിക്കപ്പെടുന്ന 'സംഭാഷണ പദ്ധതി'ക്ക് കുമ്പിട്ടു വന്നു നമസ്കരിച്ച് ആർ.എസ്.എസിന്റെ അനുഗ്രഹം വാങ്ങണമെന്നാണോ? അങ്ങനെ സംഘടിപ്പിച്ചു കൊടുക്കാമെന്ന് വല്ലവരും ഏജൻസി ഏറ്റെടുത്തിട്ടുണ്ടോ?" മുഖപ്രസംഗം തുടർന്നു.

നിർദ്ദിഷ്ട സംഭാഷണങ്ങളെപ്പറ്റി വളരെയൊന്നും ശ്രദ്ധിച്ചിട്ടില്ലെന്നും, ആർ.എസ്.എസ്സും സഭാ നേതാക്കളും തമ്മിലെന്ന് പറയപ്പെടുന്ന സംഭാഷണങ്ങളിൽ പങ്കെടുക്കാൻ ആരെയും നിയോ



ഗിച്ചിട്ടില്ലെന്നും. ഏതെങ്കിലും ബിഷപ്പ് വ്യക്തിപരമായ നിലയിൽ പങ്കെടുക്കുമോയെന്ന് അറിഞ്ഞുകൂടെന്നുമാണ് മാർത്തോമാ മെത്രാപ്പോലിത്താ മോസ്റ്റ് റവ.ഫീലിപ്പോസ് മാർക്രിസോസ്റ്റം പറഞ്ഞത് (ന്യൂ ഇന്ത്യൻ എക്സ്പ്രസ് 25.11.2001)

ആലുവാ സമ്മേളനം

കേരളത്തിലെ സി.ബി.സി.ഐ നേതാക്കളായ ബിഷപ്പുമാർ ആലുവ സമ്മേളനത്തിൽ പങ്കെടുക്കാതിരുന്നതിന് വിശദീകരണമായി സി.ബി.സി.ഐ പ്രസിഡന്റ് പറഞ്ഞത് "ഇപ്പോഴത്തെ സംഭാഷണങ്ങൾ ദേശീയതലത്തിലാണെന്നും സി.ബി.സി.ഐയുടെ പ്രാദേശികഘടകങ്ങൾ ഇതിൽ പങ്കെടുക്കുന്നില്ലെന്നുമാണ് സമ്മേളനങ്ങൾക്കു പ്രശ്നമുണ്ടാകുമ്പോൾ രാഷ്ട്രീയ കക്ഷികളുടെ ഭാരവാഹികൾ നൽകുന്ന വിശദീകരണത്തിന്റെ ഭാഷയാണിത്. കത്തോലിക്കാ സഭക്കുള്ളിൽ തന്നെ ആർ.എസ്.എസ്സുമായുള്ള സംഭാഷണങ്ങൾക്ക് ശക്തമായ എതിർപ്പുണ്ടെന്നുള്ളതാണ് പരമാർത്ഥം. മാർത്തോമാ സഭ ആരെയും നിയോഗിച്ചിട്ടില്ലായിരുന്നുവെങ്കിലും ആ സഭയുടെ പരമാധികാരികളിൽ രണ്ടാമനായ സഫ്രഗൻ മെത്രാപ്പൊലീത്ത ആലുവാ സമ്മേളനത്തിൽ പങ്കെടുത്തു. അത് വ്യക്തിപരമായ നിലയിലായിരിക്കാം. ഔദ്യോഗിക സമ്മേളനങ്ങളിൽ ഒരു മെത്രാപ്പൊലീത്തായ്ക്ക് എന്തു 'വ്യക്തിപരമായ നില'യെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ട്. കേരളത്തിലെ ക്രൈസ്തവസഭാ നേതാക്കളുടെയിടയിൽ ആർ.എസ്.എസ്സുമായുള്ള സംഭാഷണങ്ങളെ സംബന്ധിച്ച് ഗുരുതരമായ അഭിപ്രായഭിന്നതകളുണ്ട്.

ന്യൂനപക്ഷങ്ങളെപ്പറ്റി സുദർശൻ നടത്തുന്ന പ്രസ്താവനകളെ അവയുടെ യഥാർത്ഥ അർത്ഥത്തിൽ തന്നെ കാണണം. ആർ.എസ്.എസ്സിന്റെ 'ഹിന്ദുരാഷ്ട്ര' പ്രത്യയശാസ്ത്രത്തിൽ ന്യൂനപക്ഷങ്ങളുടെ സ്ഥാനം വ്യക്തമായി നിർവചിച്ചിട്ടുണ്ട്. അത്തരം രാഷ്ട്രത്തിൽ ന്യൂനപക്ഷങ്ങൾ കഴിഞ്ഞുകൂടണമെങ്കിൽ അവർ എന്തൊക്കെ ചെയ്യണമെന്ന് ഗോൾവൽക്കർ മുതലുള്ള സൈദ്ധാന്തികർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം മതേതരജനാധിപത്യ രാഷ്ട്രത്തെ തകർക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ഭാഗമാണ് സുദർശൻ ന്യൂനപക്ഷങ്ങൾക്കു നൽകുന്ന ഉത്തരവുകൾ. വളരെ വ്യക്തമായ ഒരു നിലപാടാണ് ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ ആർ.എസ്.എസ്സിനുള്ളത്.

അവരുമായി സംഭാഷണങ്ങൾ നടത്തുന്ന ക്രൈസ്തവസഭാ നേതാക്കൾക്കാണെങ്കിൽ ആർ.എസ്.എസ്സുമായുള്ള ബന്ധത്തെപ്പറ്റിയോ, ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളെപറ്റിയോ വ്യക്തമായ ഒരു നിലപാടുമില്ല. ഇതിനുകാർണം ഈ രാജ്യത്ത് ഇന്നു നിലവിലുള്ള രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക സ്ഥിതിഗതിയെപ്പറ്റി പഠിച്ച്, ക്രിസ്തീയ വീക്ഷണത്തിൽ അതിനെ വിലയിരുത്തി നിർണ്ണായകമായ പ്രശ്നങ്ങളെപ്പറ്റി നിലപാടുകളെടുക്കുകയെന്ന സുപ്രധാന കർത്തവ്യം ക്രൈസ്തവസഭകൾ നിറവേറ്റിയിട്ടില്ലയെന്നുള്ളതാണ്. ഇതുചെയ്യാതെ ആർ.എസ്.എസ്സിനേപ്പോലെയുള്ള ഒരു സംഘടനയുമായി സംഭാഷണങ്ങൾ തുടരുന്നത് ചോദ്യം ചെയ്യപ്പെടണം.

ആലുവയിൽ നടന്ന സംഭാഷണങ്ങളിൽ ക്രൈസ്തവസഭാ നേതാക്കൾ ഉന്നയിക്കേണ്ടിയിരുന്ന ചില കാര്യങ്ങളെപ്പറ്റി പറയട്ടെ. ഇവയിൽ ഏതെങ്കിലും ഉന്നയിക്കപ്പെട്ടെങ്കിൽ അവയെപ്പറ്റിയുള്ള സംഭാഷണങ്ങളുടെ ഗതിയെന്തായിരുന്നെന്ന് പൊതുജനങ്ങളെ അറിയിക്കുവാൻ-സഭാജനങ്ങളെ മാത്രമല്ല-ക്രൈസ്തവ നേതാക്കൾക്കു ബാധ്യതയുണ്ട്.

സഭകളുടെ നില

കഴിഞ്ഞ കുറെ മാസങ്ങളായി സുദർശൻ ആവർത്തിച്ചാവശ്യപ്പെടുന്ന ഒരു കാര്യം ഇന്ത്യയുടെ ദ്രുതഗതിയിലുള്ള സൈനികവൽക്കരണമാണ്. ആണവയുദ്ധത്തിന്റെ അഭിലഷണീയതയെപ്പറ്റിയും, എന്തുമാതിരി മിസൈലുകളാണ് ഇന്ത്യ ഇനിയും നിർമ്മിക്കേണ്ടതെന്നുമൊക്കെ അദ്ദേഹം പറഞ്ഞു. കുറേക്കൂടി സൈനികവൽകൃതമായ ഒരു പ്രതിരോധനയം അദ്ദേഹം നിർദ്ദേശിച്ചു. ആർ.എസ്.എസ്സിന്റെ യുദ്ധക്കൊതി കാട്ടുന്ന ഈ നിലപാടിനെപ്പറ്റി ക്രൈസ്തവസഭാ നേതാക്കളുടെ പ്രതികരണമെന്താണ്? അതോ സംഭാഷണങ്ങൾ 'മതപരമായ' വിഷയങ്ങളെപ്പറ്റിയാണെന്നും യുദ്ധവും സമാധാനവുമൊന്നും 'മതപരമായ' വിഷയങ്ങളല്ലെന്നുമാണോ ക്രൈസ്തവ നേതാക്കളുടെ ധാരണ? അഫ്ഗാനിസ്ഥാനിൽ നടക്കുന്ന യുദ്ധത്തെപ്പറ്റിയും അവിടുത്തെ ജനങ്ങളുടെ യാതനകളെപ്പറ്റിയും അവിടെസമാധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ഒന്നും പറഞ്ഞിട്ടില്ലാത്ത ക്രൈസ്തവസഭാ നേതാക്കൾ ഈ പ്രശ്നം ഉന്നയിച്ചതായി വിചാരിക്കാൻ ന്യായമില്ല. ക്രിസ്തീയദൗത്യത്തിൽ സമുന്നതസ്ഥാനം നൽകേണ്ട സമാധാനത്തിന് ഭാരതത്തിലെ സഭകൾ ഒരു പ്രാധാന്യവും നൽകുന്നില്ല. അവരുടെ മുൻഗണനാക്രമത്തിൽ അതുൾപ്പെടുന്നുമില്ല. 'സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ' എന്ന ക്രിസ്തുവചനം അവയുടെ നേതാക്കൾക്ക് അറിയാഞ്ഞിട്ടല്ല. സമാധാനമുണ്ടാക്കുന്നതിന്റെ സൗഭാഗ്യമൊന്നും അവർക്കു വേണ്ട. വേറെ എത്രയോ സൗഭാഗ്യങ്ങൾ അവർക്കുണ്ട്. ആണവായുധ യുദ്ധസാധ്യതയും, കാശ്മീരുമൊന്നും അവർക്ക് അതുകൊണ്ട് പ്രശ്നവുമല്ല.

കേരളത്തിൽ വന്ന ശേഷവും (ആലപ്പുഴ പ്രസംഗത്തിൽ ഉൾപ്പെടെ) വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണമെന്ന മഹത്തായ ലക്ഷ്യത്തെപ്പറ്റിയും അതു നടപ്പാക്കുക തന്നെ ചെയ്യുമെന്നും സുദർശൻ പ്രസ്താവിച്ചു. വിദ്യാഭ്യാസരംഗത്ത് ദശകങ്ങളായി നേതൃത്വം നൽകുന്ന ക്രൈസ്തവ സഭയുടെ അധികാരികൾക്ക് ഈ പ്രശ്നത്തെപ്പറ്റി ഒന്നും ചോദിക്കുവാനുണ്ടായിരുന്നില്ലേ?

കാവിവൽക്കരണത്തിന്റെ തന്നെ ഭാഗമാണല്ലോ, സി.ബി.എസ്.ഇ സ്കൂളുകളിലെ ചില ക്ലാസുകളിലെ ചരിത്രപാഠ പുസ്തകങ്ങളിൽ നിന്ന് പ്രഗത്ഭരായ ചരിത്രകാരന്മാർ ശ്രദ്ധാപൂർവ്വം ഗവേഷണം നടത്തി എഴുതിയ ചില ഭാഗങ്ങൾ വിട്ടുകളയാൻ എൻ.സി.ഇ.ആർ.റ്റി ഉത്തരവു പുറപ്പെടുവിച്ചത്. കേരളത്തിൽ ഏറ്റവും അധികം സി.ബി.എസ്.ഇ സ്കൂളുകൾ നടത്തുന്നത് ക്രൈസ്തവ മാനേജ്മെന്റുകളാണ്. ഈ സ്കൂളുകളിൽ പഠിപ്പിക്കുന്ന പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ, സർക്കാർ മാറ്റങ്ങൾ വരുത്തുമ്പോൾ എന്താണ് ക്രൈസ്തവ നേതാക്കൾ പ്രതികരിക്കാത്തത്? ഇതു നടപ്പാക്കുന്നത് ആർ.എസ്.എസ്സിന്റെ നിർദ്ദേശമനുസരിച്ച് തന്നെയെന്ന് വ്യക്തമായ സ്ഥിതിക്ക് ഈ പ്രശ്നം ആർ.എസ്.എസുമായി ഉന്നയിച്ചുവോ? സഭാധികാരികളെ സംബന്ധിച്ചിടത്തോളം സി.ബി.എസ്.ഇ സ്കൂളുകളിലെ ചരിത്ര പഠനമെങ്ങനെയായാലും, സാമ്പത്തികം നന്നായിരിക്കണമെന്നേ നിർബന്ധമുള്ളുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

മധ്യതിരുവിതാംകൂറിലെ 'ക്രിസ്ത്യൻ ബെൽറ്റി'നെ സംബന്ധിച്ച് 1999-ന്റെ ആരംഭത്തിൽ ബി.ജെ.പി തയ്യാറാക്കിയ ഒരു പദ്ധതിയുടെ ഭാഗമാണ് ഇവിടത്തെ ക്രൈസ്തവ മേലദ്ധ്യക്ഷന്മാരോടുള്ള സമീപനം. ക്രൈസ്തവ കൺവെൻഷനുകളിൽ ഒ. രാജഗോപാലിന്റെ ധ്യാനപ്രസംഗങ്ങളും, കൺവെൻഷൻ പ്രസംഗകർക്കു വിസ അനുവദിക്കുന്നതിനെപ്പറ്റിയുള്ള അവകാശ പ്രഖ്യാപനങ്ങളും, പ്രധാനമന്ത്രിയുമായുള്ള ഫോട്ടോ അവസരങ്ങളുമെല്ലാം ഈ സമീപനത്തിൽ ഉൾപ്പെടുന്നു.

ഈ പദ്ധതി നടപ്പാക്കാൻ നിയമിക്കപ്പെട്ട ഒരു മധ്യതിരുവിതാംകൂർ ക്രിസ്ത്യാനിക്ക് ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം എന്ന മേൽവിലാസം നൽകപ്പെട്ടു. ആർ.എസ്.എസിന്റെ എഴുപത്തഞ്ചാം വാർഷകദിനത്തിൽ ന്യൂനപക്ഷങ്ങളുടെ ഭരണം സുദർശൻ ഏറ്റെടുത്തപ്പോൾ മുതൽ കമ്മീഷണനംഗങ്ങൾ തൊഴിൽ രഹിതരായി. കേരളത്തിൽ നിന്നുള്ള കമ്മീഷനംഗം ആർ.എസ്.എസ്-ബി.ജെ.പി കേരള സഭാപദ്ധതിയുടെ പൂർണ്ണസമയ 'സേവക്' ആണ്.

കേരളത്തിലെ ക്രിസ്ത്യാനികൾക്കായുള്ള പദ്ധതിയാണ് നടപ്പാക്കുന്നതെന്നതിന് സുദർശന്റെ ആലുവാ പ്രസ്താവനകൾ തന്നെ തെളിവാണ്. "കേരളത്തിലെ ക്രിസ്തുമതത്തിന്റെ പാരമ്പര്യം ഉത്തരേന്ത്യൻ സഭകളിൽ നിന്ന് വിഭിന്നമാണ്. കേരളത്തിലെ ക്രിസ്ത്യാനികൾ പണ്ടേ ഇവിടെയുള്ളവരാണ്. കൊളോണിയൽ സ്വാധീനമാണ് ഈ സംസ്ഥാനത്തെ സമുദായ സൗഹാർദ്ദം തകർത്തത്" (ന്യൂ ഇന്ത്യൻ എക്സ്പ്രസ് 28.11.2001). ഉത്തരേന്ത്യയിൽ ക്രൈസ്തവ സഭാപ്രവർത്തകരെ തല്ലുകയും, കേരളത്തിലെ സഭാ നേതാക്കളെ തലോടുകയുമാണ് ആർ.എസ്.എസ് നയമെന്ന് നേരത്തെ വ്യക്തമായിരുന്നു. അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന സി.ബി.സി.ഐയുടേയും എൻ.സി.സിയുടെയും നേതാക്കൾ ഇതിനു കൂട്ടുനിൽക്കുന്നുവെന്നത് അപലപനീയമാണ്.

ക്രൈസ്തവസഭാ നേതാക്കളുടെ ആർ.എസ്.എസ്സുമായുള്ള സംഭാഷണാഭ്യാസം മതേതര ജനാധിപത്യ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. സഭാംഗങ്ങൾ ഉൾപ്പെടെയുള്ള മതേതര വിശ്വാസികൾ ഇതിനെ ശക്തിയായി വിമർശിക്കേണ്ടിയിരിക്കുന്നു. സഭയോടും, മതേതര രാഷ്ട്രത്തോടും ഉത്തരവാദിത്വം വിസ്മരിക്കുന്നവരാണ് ആർ.എസ്.എസ്സുമായുള്ള ഈ കളിയിൽ ഏർപ്പെട്ടിരിക്കുന്ന ക്രൈസ്തവസഭാ നേതാക്കൾ ■

ലേഖനം

ചുവപ്പും പച്ചയും
ഒരു സംവാദത്തിന്റെ ദിശാസൂചി

പാരിസ്ഥിതിക മുന്നേറ്റങ്ങളെ അവഗണിച്ചുകൊണ്ട് ഇടതുപക്ഷത്തിന് വളരാനാവില്ല

ജി.മധുസൂദനൻ

നിലനില്പിന്റെ പുതിയ സമസ്യകളൊക്കെ ഇന്ന് പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി മാത്രമേ ചർച്ച ചെയ്യാൻ കഴിയുകയുള്ളു. വികസനത്തെയും സമൂഹരചനയെയുംകുറിച്ചുള്ള വ്യതിരിക്ത നിലപാടുകളുടെ വെളിച്ചത്തിൽ ഒരു പരിസ്ഥിതിരാഷ്ട്രീയവും അനിവാര്യമാണ്. പ്രകടമായ പ്രത്യയശാസ്ത്രപ്രശ്നങ്ങൾ ഇതിൽ അന്തർഭവിച്ചിട്ടില്ലെന്ന് പലരും കരുതുന്നു. എന്നാൽ കാട്, കടുവ, ശുദ്ധവായു, ശുദ്ധജലം എന്നിങ്ങനെയുള്ള പരിമിത കല്പനകൾക്കപ്പുറംകടന്ന് ആഴത്തിൽ ചിന്തിക്കുമ്പോൾ ഇവിടെയും പ്രത്യയശാസ്ത്രപരമായ ഭിന്നതകളും നിലപാടുകളും അനിവാര്യമാണെന്നു കാണാം. മനുഷ്യവിരുദ്ധനായ ഒരു സ്വേച്ഛാധിപതിക്ക് താനൊരു 'പരിസ്ഥിതിവാദി'യാണെന്നു പറഞ്ഞുനടക്കാം. ലക്ഷക്കണക്കിന് മനുഷ്യരെ ഗ്യാസ്ചേമ്പറുകളിൽ കൊന്നൊടുക്കുമ്പോഴും, മൃഗങ്ങളോടും പ്രകൃതിയോടും തനിക്കുള്ള പ്രത്യേക മമത വിളംബരം ചെയ്യാനായി ഹിറ്റ്ലർ ചലച്ചിത്രങ്ങൾ നിർമ്മിച്ച് പ്രചരണം നടത്തിയിരുന്നു. നീത്ഷെയുടെയും ഹൈഡഗ്ഗറുടെയും ദാർശനിക പരിസരങ്ങളിൽ നിന്നുകൊണ്ട് ഒരു പാരിസ്ഥിതികവീക്ഷണം വളർത്തിയെടുക്കാൻ കേരളത്തിലും ഒരു വിഭാഗം ബുദ്ധിജീവികൾ ശ്രമിക്കുന്നുണ്ട്. പുതിയ ജനമുന്നേറ്റങ്ങളുടെ അജണ്ട ഹൈജാക്ക് ചെയ്യുവാനുള്ള പ്രതിലോമവാദികളുടെ ശ്രമങ്ങൾക്കുമുന്നിൽ പുരോഗമനപക്ഷത്തിന് ആലസ്യം നടിക്കാൻ കഴിയില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മുഖ്യസമസ്യയാകാൻപോകുന്ന പാരിസ്ഥിതിക മുന്നേറ്റങ്ങളെ അവഗണിച്ചുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വളരാനും കഴിയില്ല. പ്രായോഗിക മാർക്സിസത്തിന്റെ ആദ്യദശയിൽ സോവിയറ്റ് റഷ്യയിൽ വളർന്നുവന്ന പാരിസ്ഥിതിക സമീപനവും ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ ദർശനവും, മാർക്സിയൻ കൃതികളുടെ പുനർവായനയും ആശയപരമായ ഒരു സംവാദത്തിനു വേണ്ട ദിശാസൂചികൾ നൽകുന്നു.

ബോൾഷെവിക് ഹരിതം

റഷ്യൻ വിപ്ലവാനന്തരം സോവിയറ്റ് യൂണിയൻ രൂപീകൃതമായ കാലത്തുതന്നെ ഒരു വിഭാഗം ബോൾഷെവിക്കുകളിൽ പാരിസ്ഥിതികാവബോധമുള്ളൊരു മാർക്സിസ്റ്റ് വീക്ഷണം വളർന്നുവന്നിരുന്നു. അവരിൽ പ്രമുഖരായിരുന്നു അലക്സാണ്ടർ അലക്സാണ്ട്രോവിച്ച് ബോഗ്ദനോവ്, അനാത്തളി വാസിലേയ്വിച്ച് ലൂണാച്ചാർസ്കി, വ്ലാഡിമിർ വ്ലാഡിമിറൊവിച്ച് സ്റ്റാൻച്ചിൻസ്കി എന്നിവർ. ഇതിൽ പരിസ്ഥിതി ശാസ്ത്രജ്ഞനായിരുന്ന സ്റ്റാൻച്ചിൻസ്കിയുടെ പഠനങ്ങൾ പാശ്ചാത്യ ഇക്കോളജിസ്റ്റുകൾക്കുപോലും മാർഗ്ഗദർശകമായി. ആദ്യകാലത്ത് ഇവർക്ക് ലെനിന്റെ പിന്തുണയുണ്ടായിരുന്നതായി സോവിയറ്റ് പരിസ്ഥിതി പ്രസ്ഥാനത്തിന്റെ ചരിത്രം ഗാഢമായി പഠിച്ച ഡഗ്ലസ് വീനർ പറയുന്നു. അതാണ് 1919-ൽ ലെനിൻതന്നെ മുൻകൈയെടുത്ത് റഷ്യയിലെ ആദ്യത്തെ പ്രകൃതിസംരക്ഷിതപ്രദേശം (Nature Reserve) സ്ഥാപിച്ചത്. 1929 ആകുമ്പോഴേയ്ക്കും അങ്ങനെയുള്ള 61 സംരക്ഷിതപ്രദേശങ്ങൾ റഷ്യയിൽ നിലവിൽ വന്നുകഴിഞ്ഞിരുന്നു. വികസന പ്രവർത്തനങ്ങളിൽ പാരിസ്ഥിതിക വിവേകം വളർത്തുന്നതിൽ ഭരണകൂടംതന്നെ മുന്നിട്ടിറങ്ങാനുള്ള സാദ്ധ്യതയുണ്ടായിരുന്നു. എന്നാൽ പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളുടെ ആക്രമണഭീഷണികളെ നേരിടാൻ അവരെ വെല്ലുന്ന സാങ്കേതികവികാസം ആവശ്യമാണെന്ന ബോദ്ധ്യം മുതലാളിത്തത്തിന്റെ വ്യവസായവൽക്കരണത്തിന്റെ വഴിതന്നെ പിന്തുടരുന്നതിലേയ്ക്കു റഷ്യയെ നയിച്ചുവെന്നുവേണം കരുതാൻ. സ്റ്റാലിൻ പാർട്ടിയിൽ പ്രാമുഖ്യം നേടിയതോടെ ഇക്കോളജിയെ ഒരു വിധ്വംസക ശാസ്ത്രമായി കാണാനുള്ള പ്രവണതയുണ്ടായി. 1934-ൽ സ്റ്റാൻച്ചിൻസ്കിയെ അറസ്റ്റ് ചെയ്യുകയും അച്ചടിക്കു തയ്യാറായിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം നശിപ്പിക്കുകയും ചെയ്തു.

പിന്നീടുള്ള ഏതാനും ദശകങ്ങളിൽ സോവിയറ്റ് ജീവിതത്തിൽനിന്ന് ഇക്കോളജി നിഷ്കാസിതമായി. പിന്തുടരാതിരുന്ന വൻസാദ്ധ്യതയുടെ വഴി എന്നാണ് അകാലത്തിൽ പൊലിഞ്ഞ ബോൾഷെവിക് പാരിസ്ഥിതിക ഉണർവ്വിനെ ഉത്തരാധുനിക മാർക്സിസ്റ്റ് ചിന്തകനായ അരൻഗറേ വിളിക്കുന്നത്. അദ്ദേഹം പറയുന്നു: "ദ്വൈതാനന്തര- യാന്ത്രികതാനന്തര (postdualist and postmechanistic) സങ്കല്പത്തിലധിഷ്ഠിതമായ ഒരു സാംസ്കാരിക വിപ്ലവത്തിന്റെ പാതയായിരുന്നു അങ്ങനെ പിന്തുടരാതെ പോയത്... ആ പിന്തുടരാത്ത വഴിയുടെ തുടർച്ചയാണ് ആധുനിക പരിസ്ഥിതിവാദികൾ തേടേണ്ടത്.

ഫ്രാങ്ക്ഫർട്ട് സ്കൂൾ

മാക്സ് ഹോക്ക് ഹൈമർ, തിയഡോർ അഡോണോ, ഹെർബർട്ട് മർക്യൂസ്, ഹേബർ

മാസ് എന്നിവരാണല്ലോ ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകർ എന്നറിയപ്പെട്ടിരുന്നവരിൽ പ്രമുഖർ. മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിനുള്ളിൽ പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെ കൂടുതൽ ക്രിയാത്മകമായി നിർവ്വചിക്കാൻ അവർ ശ്രമിച്ചു. സാമ്പത്തികേതരചൂഷണത്തെ തിരിച്ചറിയുകവഴി അധീശത്വത്തെ വിപുലമായി വ്യാഖ്യാനിക്കുക. ആന്തരപ്രകൃതിയെയും ബാഹ്യപ്രകൃതിയെയും ഒന്നുപോലെ അധീനത്തിലാക്കുന്ന മുതലാളിത്തത്തിന്റെ സ്വഭാവം തിരിച്ചറിയുക, പ്രതിഭാസങ്ങളുടെ ഉപയോഗമൂല്യം മാത്രം കാണുന്ന സാങ്കേതിക യുക്തിപരത (Instrumental Rationality) അഥവാ ഉദ്ദേശ്യാധിഷ്ഠിതമായ യുക്തിപരത (Purposive Rationality) എന്ന സാമ്പ്രദായിക മാർക്സിയൻ സങ്കല്പത്തെ ചോദ്യം ചെയ്യുക. ചരിത്രത്തിന്റെ ചാലകശക്തി തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവവീര്യം മാത്രമല്ലെന്നും വർഗ്ഗസംഘർഷത്തെപ്പോലെ പ്രകൃതിയും മനുഷ്യനുമായുള്ള സംഘർഷവും പ്രസക്തമാണെന്നും തിരിച്ചറിയുക എന്നിങ്ങനെയുള്ള പ്രധാന വഴികളിലൂടെയാണ് ഇവർ തങ്ങളുടെ ചിന്തയുടെ തേരോട്ടിയത്. ഇങ്ങനെയെഴുതുമ്പോൾ അവരെല്ലാവരും ഒരേ വഴിക്കാണ് ചിന്തിച്ചതെന്ന് അർത്ഥമില്ല. പിൽക്കാല ചിന്തകനായ ഹേബർമാസ് മറ്റുള്ളവരിൽനിന്നു തികച്ചും വ്യത്യസ്തമായ നിലപാടാണ് ചില കാര്യങ്ങളിൽ സ്വീകരിച്ചത്. 1972-ൽ 'ഇക്കോളജിയും വിപ്ലവവും' എന്നൊരു പ്രബന്ധമെഴുതിയ ഹെർബർട്ട് മർക്യൂസ് പാരിസ്ഥിതിക സോഷ്യലിസത്തോട് ഏറ്റവും അടുത്തുനിൽക്കുന്ന ചിന്തകനാണ്. മുതലാളിത്ത ഉല്പാദനവ്യവസ്ഥയുടെ ആന്തരികവൈരുദ്ധ്യത്തെ അദ്ദേഹം ഇങ്ങനെ തിരിച്ചറിയുന്നു: "ചൂഷണത്തിന്റെ ഏറിവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് പ്രകൃതിവിഭവങ്ങൾ ക്രമേണ കുറഞ്ഞ് ഇല്ലാതാകും. മുതലാളിത്ത ഉല്പാദനം ഏറുന്നതനുസരിച്ച് അത് കൂടുതൽ നാശോന്മുഖമാകും.

പുനർവായന

മാർക്സിയൻ വിശകലന സമീപനത്തിന്റെ പ്രധാന ഭാവം അതിന്റെ വൈരുദ്ധ്യാത്മക രീതിശാസ്ത്രമാണല്ലോ. ജീവികളും അവരുടെ ചുറ്റുപാടുകളുമായുള്ള ബന്ധങ്ങളുടെ പഠനത്തിൽ ഇത് ഏറെ പ്രസക്തമാകുന്നു. പ്രകൃതിയിലെ വിഭിന്നസത്തകളെ ഓരോ 'വസ്തു'ക്കളായല്ല, അവയുടെ ചലനാത്മകമായ പാരസ്പര്യത്തിന്റെ വെളിച്ചത്തിൽ ഈ രീതിശാസ്ത്രം കാണുന്നു. എന്നാൽ ഈ സമീപനമുപയോഗിച്ച് പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെ ഗാഢമായി പഠിക്കാൻ മാർക്സ് മുതിർന്നില്ലയെന്നത് ഒരു പരിമിതിയാണ്. എങ്കിലും ആദ്യകാലകൃതികളിലുടനീളം മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ കാണാം. ബാഹ്യപ്രകൃതി മനുഷ്യന്റെ അജൈവമായ ശരീരം (inorganic body) ആണെന്ന് മാർക്സ് പറഞ്ഞു. ജീവിതത്തിന്റെ ആധാരം പ്രകൃതിയാണ്. അതിനാൽ പ്രകൃതിയുമായി തുടർച്ചയായുള്ള ഒരു സംവാദം നിലനില്പിന്റെ ആവശ്യമാണ്. മനുഷ്യന്റെ ശാരീരികവും മാനസികവുമായ ജീവിതം പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു പറയുന്നതിന്റെ അർത്ഥം മനുഷ്യരും പ്രകൃതിയുടെ ഭാഗമാണെന്നും പ്രകൃതിയുമായി അഭേദ്യമായൊരു ബന്ധമാണവർക്ക് ഉള്ളതെന്നുമാണ്.

മുതലാളിത്തത്തിനുകീഴിൽ ഈ പാരസ്പര്യം നഷ്ടമാകുന്നു. മനുഷ്യർ പ്രകൃതിയിൽനിന്ന്- അവരുടെ അജൈവശരീരത്തിൽനിന്ന്- അന്യവൽക്കൃതരാകുന്നു. അന്യവൽക്കരണത്തെ (Alienation) ഏറിയകൂറും അദ്ധ്വാനവുമായി (Labour) ബന്ധപ്പെടുത്തിയാണ് മാർക്സ് ചർച്ച ചെയ്യുന്നത്. സ്വകാര്യസ്വത്തും മുതലാളിത്തവും നിലവിൽ വരുന്നതിനുമുൻപ് "പ്രകൃതി മനുഷ്യന്റെ യാഥാർത്ഥ്യവും ജോലിയുമായിരുന്നു. അദ്ധ്വാനത്തിന്റെ ഉദ്ദേശ്യം ഒരു ജന്തുവംശമെന്ന നിലയിലെ മനുഷ്യന്റെ കർത്തൃത്വവൽക്കരണമാണ്. കാരണം മനുഷ്യർ അവരുടെ ചേതനയിൽ ബൗദ്ധികമായി മാത്രമല്ല, സക്രിയമായും യഥാർത്ഥമായും പുനരുല്പാദനം നടത്തുന്നു. അതുകൊണ്ടുതന്നെ സ്വയം സൃഷ്ടിച്ച ഒരു ലോകത്തെക്കുറിച്ച് മനുഷ്യർക്കു വിഭാവന ചെയ്യാൻ കഴിയുന്നു." എന്നാൽ മുതലാളിത്തവും സ്വകാര്യസ്വത്തും നിലവിൽ വന്നപ്പോൾ ഈ വിഭാവനശക്തി നഷ്ടമായി. ആളുകളെയും അവരുടെ അദ്ധ്വാനത്തെയും മറ്റേതൊരു ചരക്കിനെയുംപോലെ മുതലാളിത്തം വിലയ്ക്കെടുക്കുന്നു. അങ്ങനെ വിലയ്ക്കെടുക്കപ്പെടുന്ന തൊഴിലാളികൾ ഉല്പാദനത്തിന്റെ ആധാരമായ പ്രകൃതിയിൽനിന്നും, അവരുടെ നിയന്ത്രണമില്ലാതെയും അവരുടെ ഉപയോഗത്തിനു വേണ്ടിയല്ലാതെയും സൃഷ്ടിക്കപ്പെടുന്ന കൃത്രിമ ഉല്പന്നത്തിൽനിന്നും അന്യവത്കൃതരാകുന്നു. ഇത്തരമൊരു ഉല്പാദനബന്ധത്തിനപ്പുറം മനുഷ്യനും പ്രകൃതിയുമായുള്ള വ്യവഹാരങ്ങളിൽ അവന്റെ മാനസികവും സൗന്ദര്യാത്മകവുമായ ശക്തിയും കഴിവുകളും പ്രത്യേകതകളും മാർക്സ് തിരിച്ചറിയുന്നുണ്ട്. മുതലാളിത്തവ്യവസ്ഥിതിയിൽ ഇവ ആരോഗ്യകരമായി ഉപയോഗിക്കപ്പെടുന്നില്ല. കാരണം 'ഭൗതികവും ബൗദ്ധികവുമായ എല്ലാ ഇന്ദ്രിയങ്ങൾക്കുംപകരം അവയുടെയെല്ലാം അന്യവത്കരണത്തിനു വഴിതെളിക്കുന്ന മറ്റൊന്നു കടന്നുകയറുന്നു- എല്ലാം സ്വന്തമാക്കാനുള്ള വാസന.

മുതലാളിത്തം അസ്തമിച്ച ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ മനുഷ്യരുടെ മാനസികവും സൗന്ദര്യാത്മകവുമായ കഴിവുകൾ പുനഃസ്ഥാപിക്കപ്പെടുമെന്നു മാർക്സ് കരുതി. സ്വകാര്യസ്വത്തിന്റെ ലാഭക്കൊതിക്കു പകരം പ്രകൃതിയുടെ സാമൂഹ്യഗുണത്തിനുവേണ്ടിയുള്ള ഉപയോഗം (communal ownership) ആണ് ആദ്യകാല മാർക്സിയൻ ചിന്തയുടെ ലക്ഷ്യം. അതിലൂടെ മനുഷ്യർ അവരുടെ അജൈവ ശരീരവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നു. വിപണിയുടെ സങ്കേതങ്ങളുപയോഗിച്ച് പാരിസ്ഥിതിക പ്രതിസന്ധിക്ക് പരിഹാരം കാണാമെന്ന നിയോ-ലിബറൽ സമീപനം മാർക്സിസം നിരാകരിക്കുന്നു. വിപണി ഒരു പരിഹാരമല്ല. പ്രതിസന്ധിയുടെ മൂലകാരണങ്ങളിലൊന്നാണെന്നതാണ് മാർക്സിന്റെ നിലപാട്.

'മൂലധനം' എന്ന മാർക്സിന്റെ മുഖ്യകൃതിയുടെ പുനർവായനയിൽ ഒരു പ്രധാന കാര്യം നമ്മുടെ ശ്രദ്ധയാകർഷിക്കും. മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെക്കുറിച്ചും, കൃഷി മണ്ണിനെ നാശോന്മുഖമാക്കുന്നതിനെക്കുറിച്ചും, വ്യവസായങ്ങൾ സൃഷ്ടിക്കുന്ന പ്രദൂഷണത്തെക്കുറിച്ചുമൊക്കെ വ്യക്തമായ കാഴ്ചപ്പാടുകൾ ഈ കൃതിയിലുണ്ട്. മൂലധനത്തിന്റെ വക്താക്കൾ തൊഴിലാളികളുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യുന്നതിനു സമാന്തരമായ പ്രക്രിയയാണ് കർഷകർ മണ്ണിനെ ചൂഷണം ചെയ്യുന്നതെന്നും മൂലധനത്തിന്റെ ഒന്നാംവാല്യത്തിൽ മാർക്സ് തിരിച്ചറിയുന്നു. രണ്ടാംവാല്യത്തിൽ ലണ്ടനിലെ തെംസ് നദിയിലെ പ്രദൂഷണത്തെക്കുറിച്ചും; അസംസ്കൃതവസ്തുക്കളുടെ സംരക്ഷണത്തെക്കുറിച്ചും ചർച്ച ചെയ്യുന്നുണ്ട്. അതിനാൽ മാർക്സിനെ പാരിസ്ഥിതികമായ ഉൾക്കാഴ്ചകൾ നൽകിയ ആദ്യകാല ചിന്തകനായി വിലയിരുത്താൻ പ്രയാസമില്ല. താൻ ജീവിച്ചിരുന്ന കാലത്തിനോടു പ്രതികരിച്ച മാർക്സിന്റെ ലക്ഷ്യം മൂലധനത്തിന്റെ ഉടമകളുടെ കുടിലതകൾക്കെതിരെ ഒരു പ്രതിസംസ്കാരം നിർമ്മിക്കുകയായിരുന്നു.

മാർക്സിന്റെ ആദ്യകാല രചനകൾക്കുശേഷം ഏറ്റവുമധികം പ്രകൃത്യാവബോധം പ്രകടിപ്പിക്കുന്ന മാർക്സിയൻ കൃതി ഏംഗൽസിന്റെ 'ഡയലക്റ്റിക്സ് ഓഫ് നേച്ചർ' ആണ്. അതിൽത്തന്നെ കുരങ്ങിൽനിന്നും മനുഷ്യനിലേയ്ക്കുള്ള പരിണാമത്തിൽ അദ്ധ്വാനം വഹിച്ച പങ്ക് എന്ന പഠനമാണ് ഏറ്റവും പ്രസക്തമായി ചർച്ച ചെയ്യപ്പെടാറുള്ളത്. പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധത്തെയും, പാരിസ്ഥിതികനാശത്തെയും കുറിച്ചുള്ള ചില നല്ല ഉൾക്കാഴ്ചകൾ- ചരിത്രത്തിന്റെ വെളിച്ചത്തിൽത്തന്നെ- ഈ കൃതി നൽകുന്നുണ്ട്.

ഇക്കോ സോഷ്യലിസം

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്നു ദശകങ്ങളിൽ പരിസ്ഥിതിചിന്തയുടെ വളർച്ചയോടൊപ്പംതന്നെ ഒരു പാരിസ്ഥിതിക സോഷ്യലിസ്റ്റ് വീക്ഷണവും വളർന്നുവന്നിരുന്നു. അതിനെ പാരിസ്ഥിതിക സോഷ്യലിസം (Ecological Socialism or Eco socialism) എന്നോ പാരിസ്ഥിതിക മാർക്സിസം (Ecological Marxism or Eco Marxism) എന്നോ വിളിക്കാം. ലോകമാസകലമുള്ള പുതിയ സാമൂഹ്യമുന്നേറ്റങ്ങളെ വിശകലനം ചെയ്തുകൊണ്ട് ആധുനികോത്തരമായ - 21-ാം നൂറ്റാണ്ടിൽ പ്രസക്തമാകാൻ പോകുന്നതുമായ- പാരിസ്ഥിതിക സോഷ്യലിസത്തിന്റെ സൈദ്ധാന്തിക അടിത്തറ പടുത്തുയർത്തപ്പെടുകയാണ്. അതിന്റെ മുഖ്യസങ്കല്പങ്ങൾ ഇനി ചുരുക്കിപ്പറയാം:

ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധിക്ക് മുതലാളിത്തവും സ്റ്റേറ്റ് സോഷ്യലിസവും ഒന്നുപോലെ കുറ്റക്കാരാണ്. അവ രണ്ടിന്റെയും സാമ്പത്തിക പ്രക്രിയ പ്രകൃതിവിരുദ്ധവും കേന്ദ്രീകൃതവുമാണ്. പാരിസ്ഥിതികാവബോധത്തിൽ പ്രകൃത്യാനുസാരിയും വികേന്ദ്രീകൃതവുമായ ഉല്പാദനത്തിനാണ് പ്രസക്തി. മുതലാളിത്ത സമ്പദ്ശാസ്ത്രത്തെ പുനർരചിച്ചുകൊണ്ടുവേണം പാരിസ്ഥിതിക സോഷ്യലിസം നിലവിൽ വരേണ്ടത്.

ആഗോള പരിസ്ഥിതി പ്രതിസന്ധി ഒരു സാമ്പത്തിക പ്രതിസന്ധിയും സൃഷ്ടിക്കുന്നു. മുതലാളിത്ത ഉല്പാദനബന്ധങ്ങളെ വിപ്ലവാത്മകമായി പരിവർത്തിപ്പിക്കാതെ പരിസ്ഥിതി പ്രതിസന്ധി പരിഹരിക്കാനാവില്ല. മുതലാളിത്ത ഉല്പാദകശക്തികളുടെ സമാനമായ പരിവർത്തനത്തിലൂടെയല്ലാതെ സാമ്പത്തിക പ്രതിസന്ധിയും പരിഹൃതമാകില്ല. അങ്ങനെ പരിസ്ഥിതി പ്രതിസന്ധിയുടെ പരിഹാരവും സാമ്പത്തിക പ്രതിസന്ധിയുടെ പരിഹാരവും പരസ്പരാശ്രിതവും പരസ്പരബന്ധിതവുമായിരിക്കുന്നു. അത് ഡീപ് ഇക്കോളജിസ്റ്റുകൾ കരുതുംപോലെ ആത്മീയതയുടെയോ സദാചാരത്തിന്റെയോ മാത്രം വഴിയിലൂടെ പരിഹരിക്കാനാവില്ല. രാഷ്ട്രീയ ധനതത്ത്വശാസ്ത്രത്തിന്റെ വഴിയിലൂടെയാണ് ഇക്കോ- മാർക്സിസം പരിഹാരമന്വേഷിക്കുന്നത്.

സാർവ്വദേശീയ സോഷ്യലിസത്തിന്റെ 'അദ്ധ്വാനിക്കുന്ന ജനവിഭാഗം' എന്ന സങ്കല്പത്തിലേയ്ക്ക് പാരിസ്ഥിതികമായി പ്രസക്തമാകുന്ന സാംസ്കാരിക ഭിന്നതകളിലധിഷ്ഠിതമായ 'സ്വത്വത്തിന്റെ രാഷ്ട്രീയം' എന്ന സങ്കല്പത്തെ എങ്ങനെ സ്വാംശീകരിക്കാം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ബഹുസാംസ്കാരികത, അധിനിവേശാനന്തരത, ഫെമിനിസം തുടങ്ങിയ ചിന്താധാരകളെ ബൃഹത്തായ ഇക്കോ-മാർക്സിസ്റ്റ് വീക്ഷണത്തിന് ഉൾക്കൊള്ളാൻ കഴിയും. വിവിധ സംസ്കാരങ്ങളുടെ വൈവിദ്ധ്യത്തിന്റെ സംരക്ഷണവും, പാരിസ്ഥിതിക സംരക്ഷണവും, അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആദിവാസികളുടെ നിലനില്പും വനസംരക്ഷണവും തമ്മിലുള്ള ബന്ധമാണ് ഏറ്റവും നല്ല ഉദാഹരണം.

മുകളിൽപ്പറഞ്ഞതിന്റെ അർത്ഥം പ്രാദേശിക സങ്കുചിതത്വവും സംസ്കാരത്തിലെ ട്രൈബലിസവും ഇക്കോ-മാർക്സിസം അംഗീകരിക്കുന്നുവെന്നല്ല. ഇന്നു സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നിരവധി പാരിസ്ഥിതിക സമസ്യകൾ പ്രാദേശികതലത്തിൽ മാത്രം പരിഹരിക്കപ്പെടുന്നവയല്ല. അതുകൊണ്ട് പ്രാദേശിക സംരക്ഷണയത്നങ്ങൾക്കൊപ്പം ദേശീയ, അന്തർദേശീയ ഉദ്യമങ്ങളും അനിവാര്യമാണ്. ഇക്കോളജിയുടെ കാതൽ ജീവികളുടെ പരസ്പരാശ്രിതത്വംപോലെ തന്നെ പ്രാദേശിക ഇക്കോ-സിസ്റ്റങ്ങളുടെയും പരസ്പരബന്ധവും പരസ്പരാശ്രിതത്വവുമാണ്. അതിനാൽ പ്രാദേശിക പ്രശ്നങ്ങളെ ദേശീയവും അന്തർദേശീയവുമായ ഒരു ഘടനയിൽ ബന്ധിപ്പിക്കുന്ന രാഷ്ട്രീയസംവിധാനങ്ങൾ നിലവിൽ വരണം.

സാമ്പ്രദായിക ഇടതുപക്ഷവും ട്രേഡ് യൂണിയനുകളും കൂടുതൽ കൂടുതൽ ഉല്പാദനത്തിനും നിലയ്ക്കാത്ത വികസനത്തിനും ആഗോളാടിസ്ഥാനത്തിലുള്ള മത്സരത്തിനും ശമ്പളത്തിനും മറ്റുമായി നിലകൊള്ളുന്നു. പച്ചയും ചുവപ്പും തമ്മിലുള്ള ഒരു സംഗമത്തിൽ ഉല്പാദനത്തിന്റെ വളർച്ചയെ 'നിലനിൽക്കുന്ന' രീതിയിൽ നിയന്ത്രിക്കേണ്ടിവരുന്നു. ആത്യന്തികമായി അത് തൊഴിലാളിക്ക് സ്ഥിരമായി തൊഴിലും, മെച്ചപ്പെട്ട ആരോഗ്യവും സുരക്ഷിതത്വവും നൽകും.

മുതലാളിത്ത ഉല്പാദനബന്ധങ്ങളെ വിപ്ലവാത്മകമായി പരിവർത്തിപ്പിക്കാതെ പരിസ്ഥിതി പ്രതിസന്ധി പരിഹരിക്കാനാവില്ല

സാമൂഹ്യ-സാമ്പത്തികനീതിയുടെയും പാരിസ്ഥിതികനീതിയുടെയും അഭേദ്യമായ ബന്ധം പാരിസ്ഥിതിക സോഷ്യലിസം തിരിച്ചറിയുന്നു. ഒരേ ചരിത്രപ്രതിഭാസത്തിന്റെ രണ്ടുവശങ്ങൾ തന്നെയാണവ. പാരിസ്ഥിതികനീതി പലപ്പോഴും മനുഷ്യാവകാശ പ്രശ്നങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു.

പട്ടിണിയുടെയും പരിസ്ഥിതിനാശത്തിന്റെയും ഇരകൾ ഏറെയും സ്ത്രീകളും കുട്ടികളുമാണെന്ന പ്രത്യേകത തിരിച്ചറിയുന്നു.

ഭരണകൂടത്തെ സിവിൽസമൂഹത്തിന് അധീനമാക്കി നിർത്തുന്ന സദാചാരനിരതവും രാഷ്ട്രീയാവബോധമുള്ളതുമായ സമൂഹമല്ല പഴയ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിലവിൽ വന്നത്. പാർട്ടിയുടെ മേൽക്കോയ്മയുള്ളൊരു ഉദ്യോഗസ്ഥമേധാവിത്വ സംവിധാനമാണ്. ഇത് സാമ്പ്രദായിക സോഷ്യലിസ്റ്റ് സമൂഹങ്ങളുടെ പരാജയത്തിന്റെ ഒരു മുഖ്യകാരണമാണ്. അതു തിരുത്തിക്കുറിക്കുകയെന്നത് മാർക്സിസത്തിന്റെ ഹരിതീകരണത്തിൽ പ്രസക്തമാകുന്നു.

ചരിത്രപരമായ ഭൗതികവാദം (Historical Materialism) രണ്ടു രീതിയിൽ കുഴപ്പം പിടിച്ചതാണ്. ഒന്നാമതായി, ഉല്പാദകശക്തികളെക്കുറിച്ചുള്ള സാമ്പ്രദായിക സോഷ്യലിസ്റ്റ് വീക്ഷണം അവയുടെ സാമൂഹ്യ പ്രത്യേകതകളെ അവഗണിക്കുന്നു. ഉല്പാദകശക്തികളുടെ സ്വഭാവം നിർണ്ണയിക്കുന്നത് അവയുടെ സാംസ്കാരിക പശ്ചാത്തലവും മൂല്യങ്ങളുമാണ്. രണ്ടാമതായി ഉല്പാദകശക്തികൾ സാമൂഹ്യമെന്നതുപോലെ പ്രകൃതി പ്രത്യേകതകളിലും അധിഷ്ഠിതമാണെന്ന് സാമ്പ്രദായിക സോഷ്യലിസം തിരിച്ചറിയുന്നില്ല. അത് തിരുത്തിക്കുറിക്കേണ്ടിയിരിക്കുന്നു.

ബയോളജിക്കൽ വിഘടനവാദം (Biological reductionism) തനിക്കു സ്വീകാര്യമല്ലെന്നു തെളിയിക്കുവാനുള്ള വ്യഗ്രതയിൽ മാർക്സ് ജൈവമായതിനെ തന്റെ ദർശനത്തിന്റെ മുഖ്യധാരയിൽനിന്നും അകറ്റിനിർത്തി. അതിനെ പാരിസ്ഥിതികമായ രീതിയിൽ മാർക്സിയൻ ദർശനത്തിലേയ്ക്കു തിരിച്ചുകൊണ്ടുവരേണ്ടിയിരിക്കുന്നു.

മൂല്യം എന്നത് പ്രകൃതിയുടെ ചൂഷണത്തിലൂടെയും മനുഷ്യാദ്ധ്വാനത്തിലൂടെയും സൃഷ്ടിക്കപ്പെടുന്നതാണെന്ന ഉറപ്പ് മുതലാളിത്ത സാമ്പത്തികവീക്ഷണവുമായി പൊരുത്തമുള്ളതാണ്. പ്രകൃതിസത്തകളുടെ സഹജമായ മൂല്യം തിരിച്ചറിയേണ്ടത് പുതിയ ദർശനത്തിൽ പ്രസക്തമാകുന്നു (Intrinsic value as against Instrumental value).

മനുഷ്യന്റെ 'അജൈവമായ ശരീരം' ആണ് പ്രകൃതിയെന്ന സങ്കല്പത്തെ വിപുലീകരിക്കാനും ചർച്ച ചെയ്യാനും മാർക്സിന് കഴിഞ്ഞില്ല. വിഭവങ്ങളുടെ പരിധിയും മാർക്സും ഏംഗൽസും പിൽക്കാലത്ത് അംഗീകരിച്ചതായി കാണുന്നില്ല. ഒരു ഇക്കോ- സോഷ്യലിസ്റ്റ് വീക്ഷണത്തിൽ ഈ സങ്കല്പത്തെ യുക്തമായി സ്വാംശീകരിക്കേണ്ടിയിരിക്കുന്നു.

ഇത്തരം ദാർശനിക സങ്കീർണ്ണതകൾക്ക് ഒരു സംവാദത്തിലൂടെ സമന്വയം കണ്ടെത്താൻ കഴിയും. വികസ്വരലോകത്തെ പരിസ്ഥിതി സമരങ്ങൾ ഏറെയും അധഃസ്ഥിതരുടെ നിലനില്പിനുവേണ്ടിയുള്ള ജനമുന്നേറ്റങ്ങളാണ്. അവയ്ക്ക് അങ്ങനെ പുരോഗമന രാഷ്ട്രീയസ്വഭാവം കൈവരുന്നു. ഇന്ന് സാമ്പ്രദായിക രാഷ്ട്രീയകക്ഷികൾക്കു പുറത്താണ് അവർ സംഘടിതരാകുന്നത്. അതിന്റെ ഭാരതത്തിലെ മികച്ച ഉദാഹരണമാണ് 'ജനമുന്നേറ്റങ്ങളുടെ ദേശീയ കൂട്ടായ്മ' (നാഷണൽ അലൈൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്- എൻ.എ.പി.എം). 1992-ൽ സ്ഥാപിതമായ ഈ കൂട്ടായ്മയുടെ പ്രകടനപത്രികയിൽ പറയുന്നത് അത് 'അടിസ്ഥാനമാറ്റങ്ങൾക്കുള്ള ഒരു മുന്നേറ്റം' (എ മൂവ്മെന്റ് ഫോർ ഫണ്ടമെന്റൽ ചേഞ്ച്) ആണെന്നാണ്. മേധ പട്ക്കർ നയിക്കുന്ന ഈ പ്രസ്ഥാനത്തിൽ രാജ്യത്താകമാനമുള്ള നൂറുകണക്കിന് ബദൽ വികസന സംഘടനകൾ അംഗങ്ങളാണ്. പരേതനായ ഛത്തീസ്ഗഢ് തൊഴിലാളി നേതാവായിരുന്ന ശങ്കർഗുഹാ നിയോഗിയും പാരിസ്ഥിതിക സംരക്ഷണത്തിലധിഷ്ഠിതമായ ഒരു തൊഴിലാളിവർഗ്ഗ സംസ്കാരത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നു. ഇടതുപക്ഷ പ്രവണതകൾ പ്രകടമാക്കുന്ന ഇത്തരം പ്രസ്ഥാനങ്ങളെ തിരിച്ചറിയാനും അവരോടൊത്തു പ്രവർത്തിക്കാനും ഇടതുപക്ഷകക്ഷികൾ തയ്യാറാകാത്തത് ഇടതുപക്ഷത്തിന്റെ വളർച്ച മുരടിക്കുന്നതിനുള്ള കാരണങ്ങളിലൊന്നാണ്.

ഇത്തരം പാരിസ്ഥിതിക പ്രസ്ഥാനങ്ങളുമായി സംഭാഷണത്തിലേർപ്പെട്ട് അവയെ സ്വാംശീകരിച്ചുകൊണ്ടു വളരാൻ ഇടതുപക്ഷക്കാർ തയ്യാറായാൽ പുതിയ നൂറ്റാണ്ടിൽ ഒരു പാരിസ്ഥിതിക സോഷ്യലിസ്റ്റ് രാഷ്ട്രീയം വളർന്നുവരുമെന്നതിൽ സംശയമില്ല. പരിസ്ഥിതിദർശനത്തിന്റെയും ഫെമിനിസ്റ്റ് വീക്ഷണങ്ങളുടെയും വർണ്ണവിവേചന വിരുദ്ധ- അധിനിവേശാനന്തര സമീപനങ്ങളുടെയും സത്തയെ സ്വാംശീകരിച്ചുകൊണ്ടുവേണം ഈ വികാസം നേടേണ്ടത്. പരിസ്ഥിതിദർശനത്തിലെ ഒരു വിഭാഗത്തിന്റെ മുതലാളിത്തപരമായ ഫാഷിസ്റ്റ് മത-ആത്മീയസങ്കല്പങ്ങളെ നിരാകരിച്ചുകൊണ്ട് ഒരേസമയം മനുഷ്യത്വവിരുദ്ധമല്ലാത്തതും എന്നാൽ മനുഷ്യകേന്ദ്രിതമല്ലാത്തതുമായ ഉല്പാദനരീതിയിലും സാംസ്കാരിക സങ്കല്പത്തിലും അധിഷ്ഠിതമായൊരു സമൂഹം സൃഷ്ടിക്കാനുള്ള പ്രായോഗികദർശനമായി വളർന്നുവരാൻ ഇക്കോ-മാർക്സിസത്തിനു കഴിയും. ■

ലേഖനം

റബ്ബർമേഖലയിലെ പ്രതിസന്ധി

എസ്.മോഹനകുമാർ

റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സംരക്ഷണം, റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രണം... റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ കൈക്കൊള്ളേണ്ട നടപടികൾ

സ്വാഭാവിക റബ്ബറിന്റെ വില തുടർച്ചയായി കുറയുവാൻ തുടങ്ങിയിട്ട് അഞ്ചുവർഷം തികയുന്നു. 1995-ൽ ഒരു കിലോഗ്രാം റബ്ബറിന് ശരാശരി വിലയായി ലഭിച്ചിരുന്നത് 48.74 രൂപയായിരുന്നെങ്കിൽ ഇന്ന് ലഭിക്കുന്നതാകട്ടെ 30 രൂപയിൽ താഴെ മാത്രമാണ്. വാർഷിക പണപ്പെരുപ്പനിരക്ക് അഞ്ചുശതമാനമായി കണക്കാക്കിയാൽപോലും 1995-ൽ ഒരു കിലോ റബ്ബർ വിറ്റുകിട്ടുന്ന തുകകൊണ്ട് വാങ്ങാൻ കഴിയുമായിരുന്ന സാധനങ്ങൾ ഇന്ന് വാങ്ങാൻ കഴിയുന്നില്ല. എന്നതിലുപരി റബ്ബർകൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന കർഷകന്റെ ജീവിതനിലവാരം ഏകദേശം 20 വർഷംകണ്ട് പിറകോട്ടുപോയി എന്നതാണ് യാഥാർത്ഥ്യം. ഇതിനുമുൻപും റബ്ബറിന്റെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെപ്പോലെ തുടർച്ചയായി റബ്ബറിന് വിലത്തകർച്ച ഉണ്ടാകുന്നത് സ്വതന്ത്ര ഇന്ത്യയിൽ ആദ്യമാണ്. ഈ പശ്ചാത്തലത്തിലാണ് റബ്ബർ മേഖലയിലെ പ്രതിസന്ധി ഒരിക്കലും പരിഹരിക്കപ്പെടില്ലേ എന്ന സംശയം വ്യാപകമായിരിക്കുന്നത്.

റബ്ബറിന്റെ വില ഉയർന്ന് 1995-96ന് മുൻപുള്ള കാലഘട്ടത്തെപ്പോലെ ആകുമോ എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകണമെന്നുണ്ടെങ്കിൽ റബ്ബർവില ഇപ്രകാരം കുറച്ചു നിർത്തിയിരിക്കുന്നതിന്റെ രാഷ്ട്രീയമെന്താണെന്ന് ഹ്രസ്വമായിട്ടെങ്കിലും പരിശോധിക്കേണ്ടതുണ്ട്. 1981 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ റബ്ബർവില ശരാശരി 4.5 ശതമാനം എന്ന കണക്കിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകളില്ലാതെ പ്രതിവർഷം വർദ്ധിക്കുകയായിരുന്നു. കൂടാതെ, 1978 മുതൽ 1993 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ റബ്ബറിന്റെ വില ലോകകമ്പോളത്തിൽ നിലനിന്നിരുന്ന വിലയേക്കാൾ കൂടുതലുമായിരുന്നു. 1980-കളിലെ മിക്കവാറും വർഷങ്ങളിൽ ലോകകമ്പോളത്തിലെ വിലയുടെ ഒന്നരയിരട്ടിയിൽ അധികമായിരുന്നു ആഭ്യന്തരകമ്പോളത്തിലെ റബ്ബറിന്റെ വില. എന്തുകൊണ്ടാണ് ഇപ്രകാരം ഒരു ഉയർന്ന വില ഇന്ത്യയുടെ ആഭ്യന്തരകമ്പോളത്തിൽ നിലനിന്നിരുന്നത് എന്ന ചോദ്യം വളരെ പ്രസക്തമാണ്. റബ്ബർ ഉല്പാദനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരായ തായ്‌ലന്റ്, ഇന്തോനേഷ്യ, മലേഷ്യ എന്നിവ അവരുടെ ഉല്പാദനത്തിന്റെ ഭൂരിഭാഗവും കയറ്റി അയയ്ക്കുമ്പോൾ ഇന്ത്യയിലാകട്ടെ ഇവിടെ ഉല്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ സ്വാഭാവിക റബ്ബർ ഉപയോഗിക്കുവാൻ ശേഷിയുള്ള ഒരു റബ്ബറധിഷ്ഠിത വ്യവസായം ഇതിനകംതന്നെ വികസിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ വികസിച്ച ഇന്ത്യൻ റബ്ബറധിഷ്ഠിത വ്യവസായം ഇന്ത്യക്കാവശ്യമായ എല്ലാവിധ റബ്ബർ ഉല്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള ശേഷി കൈവരിക്കുകയും 1990-ന്റെ ആദ്യപകുതിയിൽതന്നെ ലോകകമ്പോളത്തിൽ ബസ്ടയറുകളുടെ കയറ്റുമതിയിൽ ജപ്പാനോടും തെക്കൻ കൊറിയയോടും മത്സരിച്ച് ആഭ്യന്തര ഉല്പാദനത്തിന്റെ 30 ശതമാനത്തോളം കയറ്റുമതി ചെയ്യുന്നതിനുള്ള കരുത്ത് നേടുകയും ചെയ്തു.

വില കുറയാൻ കാരണം

റബ്ബറിന്റെ വില ഗണ്യമായി കുറയുവാൻ തുടങ്ങിയ 1997 മുതൽ റബ്ബർ വിലയിടിഞ്ഞതിനുള്ള കാരണമായി പ്രചരിപ്പിക്കുന്നത് റബ്ബറിന്റെ അമിതമായ ഉല്പാദനത്തേയാണ്. ഉദാഹരണമായി റബ്ബർ കർഷകരുടെയിടയിൽ ഏറ്റവും കൂടുതൽ സ്വാധീനമുള്ള കേരള കോൺഗ്രസ് (എം)ന്റെ നേതാവ് കെ.എം.മാണി 2001-ൽ പ്രസിദ്ധീകരിച്ച 'ഇന്ത്യൻ കാർഷികരംഗം: ബാദ്ധ്യതകളും സാദ്ധ്യതകളും ആഗോളവൽക്കരണ സമ്പദ്‌വ്യവസ്ഥയിൽ' എന്ന പുസ്തകത്തിൽ ഇപ്രകാരം അഭിപ്രായപ്പെടുന്നു: "റബ്ബറിന്റെ മൊത്തം ഉല്പാദനവും ഉല്പാദനക്ഷമതയും കഴിഞ്ഞ കുറേ വർഷങ്ങളായി ഗണ്യമായി വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്... ഇപ്രകാരം റബ്ബറിന്റെ അധികലഭ്യതയാണ് റബ്ബർവില കുറയുവാൻ ഇടയായ കാരണങ്ങളിൽ ഒന്ന്." (കെ.എം.മാണി, 2001, പേജ്28). റബ്ബറിന്റെ വില കുറയുവാൻ കാരണം അമിതോല്പാദനമാണെങ്കിൽ അതിന്റെ ഉത്തരവാദി കർഷകനാണല്ലോ? അതായത് റബ്ബർ വിലയിടിവിന്റെ ഉത്തരവാദിത്വം മുഴുവനും റബ്ബർ കർഷകനിൽ കെട്ടിവയ്ക്കുകയാണിവിടെ ചെയ്തിരിക്കുന്നത്. എന്നാൽ യാഥാർത്ഥ്യമെന്താണ്? 1985 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ പ്രതിവർഷം 9.2 ശതമാനം എന്ന തോതിലാണ് റബ്ബറിന്റെ ഉല്പാദനം വർദ്ധിച്ചിരുന്നതെങ്കിൽ റബ്ബർ ഉല്പാദനത്തിന്റെ വില കുറയുവാൻ തുടങ്ങിയ 1997 മുതൽ 2000 വരെയുള്ള വർഷങ്ങളിൽ ഉല്പാദനത്തിന്റെ വളർച്ചാനിരക്ക് വെറും 5.28 ശതമാനം മാത്രമായിരുന്നു. ഇത് വ്യക്തമാകുന്നത് കെ.എം.മാണി ആരോപിക്കുന്നതുപോലെ റബ്ബറിന്റെ അധികോല്പാദനമോ റബ്ബർ കർഷകനോ അല്ല വിലയിടിവിന്റെ കാരണം എന്നതന്നെയാണ്. മറിച്ച് 1985 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ റബ്ബറിന്റെ ഉപയോഗം 11.91 ശതമാനം എന്ന തോതിലാണ് പ്രതിവർഷം വർദ്ധിച്ചിരുന്നതെങ്കിൽ 1997 മുതൽ 2000 വരെ റബ്ബർ ഉപയോഗത്തിലുള്ള പ്രതിവർഷ വർദ്ധനവ് 4.58 ശതമാനം മാത്രമാണ്. റബ്ബറിന്റെ ഉപഭോഗം രാജ്യത്തിന്റെ സാമ്പത്തികവളർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. 1981 മുതൽ 1991 വരെയുള്ള കാലഘട്ടത്തിൽ ദേശീയ വരുമാനം 6.02 എന്ന തോതിൽ വർദ്ധിച്ചപ്പോൾ റബ്ബറിന്റെ ഉപഭോഗം 8.95 ശതമാനം കണ്ട് പ്രതിവർഷം വർദ്ധിക്കുകയായിരുന്നു. അതായത് ദേശീയ വരുമാനത്തിൽ ഒരു ശതമാനം വർദ്ധനവ് ഉണ്ടാകുമ്പോൾ 1.35 ശതമാനത്തിൽ കുറയാത്ത വർദ്ധനവ് റബ്ബറിന്റെ ഉപഭോഗത്തിൽ ഉണ്ടാകുമെന്നാണ് ഇതുവരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിൽനിന്നും വ്യത്യസ്തമായി 1997 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ ദേശീയ വരുമാനം 6.45 ശതമാനം കണ്ട് ഉയർന്നപ്പോൾ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം 4.58 ശതമാനം മാത്രമേ വർദ്ധിച്ചതായി കാണുന്നുള്ളു. ഇപ്രകാരം ഇന്ത്യയുടെ ദേശീയ വരുമാനത്തിലും വ്യാവസായിക വളർച്ചയിലും വർദ്ധനവ് ഉണ്ടായെങ്കിലും അതിനനുസൃതമായി മുൻകാലങ്ങളിലെപ്പോലെ റബ്ബറിന്റെ ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായില്ല എന്നുമാത്രമല്ല, ഗണ്യമായ തോതിലുള്ള കുറവുണ്ടാകുകയും ചെയ്തു എന്ന വസ്തുത മറച്ചുവയ്ക്കുന്നതിനാണ് റബ്ബറിന്റെ ഉല്പാദനം വർദ്ധിച്ചതായി പറയുന്നത്.

സ്വാഭാവിക റബ്ബറിന്റെ ഉപഭോഗത്തിൽ ഗണ്യമായ കുറവുണ്ടാകാൻ കാരണമെന്ത്? 1991-92ൽ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്ത ബസ് ടയറുകളുടെ എണ്ണം വെറും 75 ആയിരുന്നെങ്കിൽ 1997-98ൽ അത് 29319 ആയി വർദ്ധിച്ചു. 1991-92ൽ 16929 കാർ ടയറുകൾ ഇറക്കുമതി ചെയ്തപ്പോൾ 1998-99ൽ 2,55,701 ആയി ഇറക്കുമതി വർദ്ധിച്ചു. ഒരു ബസ് ടയർ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുമ്പോൾ ആഭ്യന്തര ഉപഭോഗത്തിൽ 25 കിലോ റബ്ബറിന്റെ കുറവാണ് ഉണ്ടാകുന്നത്. ഇതിനുപുറമേ, ആഗോളവൽക്കരണനയങ്ങളുടെ ഭാഗമായി വിവിധതരത്തിലുള്ള റബ്ബർ ഉല്പന്നങ്ങളുടെ ഇറക്കുമതിയും ഗണ്യമായി വർദ്ധിച്ചു. ഇത്തരത്തിൽ ഇറക്കുമതി വർദ്ധിച്ചതിനു കാരണം, 1991ന് ശേഷം റബ്ബർ ഉല്പന്നങ്ങളുടെ മേൽ ചുമത്തിയിരുന്ന നികുതിയേതര നിയന്ത്രണങ്ങൾ പൂർണ്ണമായി പിൻവലിച്ചതും ഇറക്കുമതിക്കുമേൽ ചുമത്തിയിരുന്ന നികുതികളിൽ കാര്യമായ കുറവ് വരുത്തിയതുമാണ്. ഈ സന്ദർഭം മുതലാക്കി ഇന്ത്യയിലേക്ക് വളരെ കുറഞ്ഞ വിലയ്ക്ക് ടയർ ഇറക്കുമതി ചെയ്ത ബഹുരാഷ്ട്ര കുത്തകകൾക്ക് വ്യക്തമായ ലക്ഷ്യം ഉണ്ടായിരുന്നു. ഇന്ത്യൻ ടയർവിപണി ഇറക്കുമതിയിലൂടെ കീഴടക്കുകയും അതിനുശേഷം ഇവിടെ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിച്ച് ഇന്ത്യൻ ടയർ വ്യവസായങ്ങളെ തകർക്കുകയും വേണം. 1997-നും 2000-നും ഇടയിൽ ലോക ടയർ വിപണിയിൽ ഒന്നാം സ്ഥാനക്കാരനായ ജപ്പാന്റെ ബ്രിഡ്ജ്സ്റ്റോൺ ഇൻഡോറിലും അമേരിക്കയുടെ ഗുഡ് ഇയർ ഔറംഗബാദിലും അവരുടെ വ്യവസായങ്ങൾ ഇതിനകംതന്നെ സ്ഥാപിക്കുകയോ വിപുലപ്പെടുത്തുകയോ ചെയ്തുകഴിഞ്ഞു. ഇവയ്ക്കുപുറമെ ഫ്രാൻസിന്റെ ബഹുരാഷ്ട്ര കുത്തകയായ വിഷിലിനും ദക്ഷിണ കൊറിയയുടെ കുംഭോ ടയർ കമ്പനിയും വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിന്റെ അവസാനഘട്ടത്തിലാണ്. ഇന്ത്യയിലേയ്ക്കുള്ള ടയർ ഉല്പന്നങ്ങളുടെ ഇറക്കുമതിയുടെ പ്രത്യാഘാതം ഇപ്പോൾതന്നെ ടയർ ഉല്പാദനത്തിൽ പ്രതിഫലിച്ചുതുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന്, 1996-ൽ ഇന്ത്യയിൽ 80.15 ലക്ഷം ബസ് ടയറുകൾ ഉല്പാദിപ്പിച്ചപ്പോൾ 1997-ൽ അത് 79.79 ലക്ഷമായും 1998-ൽ 78.35 ലക്ഷമായും കുറഞ്ഞു. ഇന്ത്യയിലെ റബ്ബർ ഉപയോഗത്തിന്റെ 65 ശതമാനവും ടയർ-ട്യൂബ് നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ഇതിൽതന്നെ 70 ശതമാനവും ബസ്, ട്രക്ക് ടയ

കാനാടി ദേവസ്ഥാനം
കുട്ടിച്ചാത്തൻ മാഹാത്മ്യം
ജാതിമതഭേദമന്യേ സർവ്വർക്കും അനുഗ്രഹം!

കാനാടി കുടുംബക്കാരുടെ
ഇന്നത്തെ കാരണവരും തലമുറകളിലൂടെ
കർമസിദ്ധി നേടിയ ഇപ്പോഴത്തെ
ദേവസ്ഥാനാധിപതിയുമായ കെ.വി.ദാമോദരൻ

കെ.വി. ദാമോദരൻ
കാനാടി ദേവസ്ഥാനം
പി.ഒ. കിഴക്കുംമുറി, പെരിങ്ങോട്ടുകര
തൃശ്ശൂർ ജില്ല, കേരളം, ഇന്ത്യ - 680 571
ഫോൺ: (0487) 272240
ഫാക്സ്: 91 - 487 - 272240
Website:www.kanadidevasthanam.com
E-mail : kanadi@md5.vsnl.net.in

- ബാധാദോഷങ്ങൾ കൊണ്ടും നവഗ്രഹദോഷങ്ങൾക്കൊണ്ടും അപ്രതീക്ഷിതമായി നിങ്ങൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കാം
- ശത്രുപ്രാർത്ഥനയാലും ആഭിചാരപ്രവർത്തികൾ കൊണ്ടും നിങ്ങൾക്ക് തൊഴിൽതടസ്സവും വ്യാപാരസ്തംഭനവും കുടുംബഭദ്രതയില്ലായ്മയും ഉണ്ടാകാം
- പിതൃക്കളുടെ അസംതൃപ്തികൊണ്ടോ മനഃശാപം കൊണ്ടോ സന്താനസൗഭാഗ്യം ഇല്ലാതെ വരാം
- പൂർവ്വികരുടെ പാപകർമ്മങ്ങൾകൊണ്ടോ ഗ്രഹദോഷം കൊണ്ടോ ജീവിതാഭിവൃദ്ധി നഷ്ടമാകാം
- ശത്രുപ്രാർത്ഥനകൊണ്ടോ വശ്യദോഷംകൊണ്ടോ ദാമ്പത്യബന്ധം പിരിയേണ്ടിവരാം
- ഇങ്ങനെ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന പല പ്രശ്നപരിഹാരങ്ങൾക്കും ആഗ്രഹസഫലീകരണങ്ങൾക്കും ചാത്തൻ സ്വാമിയുടെ പ്രത്യക്ഷസിദ്ധികൾ വിളങ്ങുന്ന കാനാടിദേവസ്ഥാനം ചാത്തൻസ്വാമിയുടെ ദർശന നിർദ്ദേശങ്ങൾക്കും സൗജന്യവിവരങ്ങൾക്കും മേൽകാണുന്ന വിലാസത്തിൽ എഴുതുക
- നേരിൽ വന്ന് നൃത്തത്തിൽവരുന്ന ചാത്തൻസ്വാമിയെ ദർശിച്ച് സങ്കടം ഉണർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ ഉച്ചക്ക് 12 മണിക്ക് മുമ്പ് സന്നിധാനത്തിൽ എത്തിച്ചേരേണ്ടതാണ്.

നേരിൽ വരുന്നവർ തൃശൂർ ശക്തൻ തമ്പുരാൻ ബസ്സ് സ്റ്റാന്റിൽ വന്ന് പെരിങ്ങോട്ടുകരയിലേയ്ക്ക് കാഞ്ഞാണി, അന്തിക്കാട് വഴി പോകുന്ന ബസ്സിൽ മാത്രം കയറി 5 രൂപ 75 പൈസ ടിക്കറ്റ് എടുത്ത് പെരിങ്ങോട്ടുകര നാലുംകൂടിയ വഴിയിൽ ഇറങ്ങിയാൽ കെ.വി. ദാമോദരൻ, കാനാടി ദേവസ്ഥാനം എന്നെഴുതിയ ശ്രീചാത്തൻസ്വാമിയുടെ ചിത്രത്തോടുകൂടിയ മഞ്ഞനിറത്തിലുള്ള ബോർഡ് കാണാം. ഈ ബോർഡ് നോക്കി സെന്ററിലുള്ള ഇലക്ട്രിസിറ്റി ഓഫീസിനു മുൻവശത്തുകൂടി അല്പം നടന്നാൽ റോഡിനുവലതുവശത്ത് ദേവസ്ഥാനം കാണാം

KANADI DEVASTHANAM - ANCIENT TRADITIONAL CHATHAN TEMPLE IN INDIA

റുകളുടെ നിർമ്മാണത്തിനാണുതാനും. ഇത് സൂചിപ്പിക്കുന്നത് ബസ്-ട്രക്ക് ടയറുകളുടെ ഉല്പാദനത്തിലുണ്ടായ ഈ തകർച്ച ഇന്ത്യൻ റബ്ബറധിഷ്ഠിത വ്യവസായത്തിന്റെ നാന്ദി വെളിപ്പെടുത്തുന്നതാണ്. സ്വാഭാവികമായും ഇന്ത്യൻ ടയർ വ്യവസായങ്ങളുടെ പ്രധാന ഉല്പന്നമായ ബസ്-ട്രക്ക് ടയറുകളുടെ ഉല്പാദനം നിലയ്ക്കുന്നതോടുകൂടി ഇവയ്ക്ക് പിടിച്ചുനിൽക്കാൻ കഴിയാതെ വരികയും ഇന്ത്യൻ വ്യവസായങ്ങളെ കീഴ്പ്പെടുത്തുക എന്ന ലക്ഷ്യം ബഹുരാഷ്ട്ര ടയർ കമ്പനികൾക്ക് അനായാസം സാദ്ധ്യമാക്കുകയും ചെയ്യാം. കൂടാതെ, ഇന്ത്യൻ ടയർ കമ്പനികളുടെ ആകെ ആസ്തിയുടെ തുക ബ്രിഡ്ജ്സ്റ്റോണിന്റെ ഒരു വർഷത്തെ വിറ്റുവരവിന്റെ 11 ശതമാനം മാത്രമേ വരൂ.

ടയർ വ്യവസായവും ഇറക്കുമതിയും

ഇന്ത്യയിലേയ്ക്ക് ടയർ ഇറക്കുമതി ചെയ്ത് ഇന്ത്യൻ വ്യവസായത്തെ നശിപ്പിച്ച് ഇന്ത്യൻ കമ്പോളം പിടിച്ചെടുക്കുക എന്ന ബഹുരാഷ്ട്ര കുത്തകകളുടെ ലക്ഷ്യത്തിനുപിന്നിൽ ഇന്ത്യയിൽ സ്ഥിരമായി വ്യവസായങ്ങൾ സ്ഥാപിച്ച് ടയർ ഉല്പാദനം നടത്തുകയല്ല എന്നത് വളരെ വ്യക്തമാണ്. കാരണം, ലോകവിപണിയിൽ ആവശ്യമായ ടയർ ഉല്പന്നങ്ങളിൽ രണ്ടുശതമാനത്തിൽ താഴെ മാത്രമേ ഇന്ത്യൻ വിപണിയിൽ വിറ്റഴിക്കപ്പെടുകയുള്ളൂ. കൂടാതെ ടയർ നിർമ്മാണത്തിനാവശ്യമായ പ്രധാനപ്പെട്ട അസംസ്കൃത വസ്തുവായ പെട്രോളിയം ഉല്പന്നങ്ങൾ ഇവിടെ സുലഭമായി ലഭിക്കുന്നതുമില്ല. ഈ പശ്ചാത്തലത്തിൽ ടയർ ഏറ്റവും കൂടുതൽ വിൽക്കപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലത്ത് വ്യവസായം സ്ഥാപിച്ച് മറ്റ് കമ്പോളങ്ങളിലേയ്ക്ക് 1936-നുമുൻപ് നിലനിന്നിരുന്നതുപോലെ ഇറക്കുമതി ചെയ്യുന്നതാകും ബഹുരാഷ്ട്ര കുത്തകകളെ സംബന്ധിച്ചിടത്തോളം കൂടുതൽ ലാഭകരം. എന്നാൽ ടയർ കുത്തകകളുടെ ലാഭതോത് സ്ഥായിയായി നിലനിർത്തണമെങ്കിൽ സ്വാഭാവിക റബ്ബർ ആവശ്യാനുസരണം വളരെ കുറഞ്ഞ വിലയ്ക്ക് ലഭിക്കണം. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബർ മുഴുവനും വിദേശ കമ്പോളത്തിൽ എത്തണമെന്നുണ്ടെങ്കിൽ ഇന്ത്യയിലെ റബ്ബറധിഷ്ഠിത വ്യവസായങ്ങളെല്ലാം അടച്ചുപൂട്ടുകയോ വിദേശ കുത്തകകളുമായി ലയിക്കുകയോ ചെയ്ത് റബ്ബറധിഷ്ഠിത ഉല്പന്നങ്ങളുടെ ഉല്പാദന നിയന്ത്രണം മുഴുവൻ ഒന്നോ രണ്ടോ കമ്പനികളിലായി ഒതുങ്ങണം. ഇത്തരത്തിലുള്ള ഒരു കമ്പോളവ്യവസ്ഥിതിയിൽ വിലപേശലുണ്ടാവില്ല. അതായത് ബഹുരാഷ്ട്ര കമ്പനികൾ പറയുന്ന വിലയ്ക്ക് അവർക്ക് റബ്ബർ ലഭ്യമാകും. ഇന്നത്തെപോലെ റബ്ബർ കമ്പോളത്തിൽ സർക്കാരിനെ ഇടപെടുവാൻ നിർബന്ധിക്കുന്നതുപോലും കർഷകർക്ക് കഴിയാതെ വരും എന്നതാണ് വസ്തുത.

ഉൽപ്പാദനവർദ്ധനവല്ല റബ്ബർമേഖലയിലെ പ്രതിസന്ധിയ്ക്കുള്ള കാരണം

കേരളത്തിൽ സ്വാഭാവിക റബ്ബർ ഏറ്റവും നന്നായി വളരുന്ന തിരുവിതാംകൂർ പ്രദേശത്ത് ബ്രിട്ടീഷ് സർക്കാരിന്റെ പരോക്ഷമായ നിയന്ത്രണത്തിൽ 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ നടപ്പിലാക്കിയ ഭൂപരിഷ്കരണങ്ങളുടെ ലക്ഷ്യവും ബ്രിട്ടനിൽ വികസിച്ചുവരുന്ന വ്യവസായമേഖലയ്ക്ക് ആവശ്യമായ കാർഷികവിളകൾ ലഭ്യമാക്കുക എന്നതായിരുന്നല്ലോ. അതോടൊപ്പംതന്നെ ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുകയും ഭൂമിയിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്തതിന്റെ ഫലമായി ഇവിടെ 1905-നുശേഷം റബ്ബർകൃഷി വ്യാപകമാവുകയും 1930 വരെയുള്ള കാലഘട്ടത്തിൽ അവയെല്ലാംതന്നെ ലോകകമ്പോളത്തിലേയ്ക്ക് കയറ്റി അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സ്വദേശിപ്രസ്ഥാനം രൂപപ്പെടുകയും അമേരിക്കൻ ടയർ കമ്പനികളുടെ മത്സരത്തിൽനിന്നും ബ്രിട്ടീഷ് കമ്പനിയായ ഡൺലപ്പിനെ സംരക്ഷിക്കുന്നതിനായി 1936-ൽ ബ്രിട്ടീഷ് കമ്പനിയായ ഡൺലപ്പിനെക്കൊണ്ട് ഇന്ത്യയിൽ ഒരു ടയർ വ്യവസായം ആരംഭിച്ചതോടുകൂടിയാണല്ലോ ഇന്ത്യൻ റബ്ബറധിഷ്ഠിത വ്യവസായം ഇവിടെ ശക്തിപ്പെട്ടത്. 1940-ന്റെ രണ്ടാം പകുതിയോടുകൂടിതന്നെ റബ്ബർ കയറ്റുമതി ചെയ്യുന്ന ഒരു രാജ്യമെന്ന സ്ഥിതി മാറി സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ തുടർന്നുവന്ന നയങ്ങൾ വിദേശ കുത്തകകളെ ഇവിടെനിന്നും വിട്ടുപോകുന്നതിന് നിർബന്ധിതരാക്കുകയും റബ്ബറധിഷ്ഠിത വ്യവസായം ഇന്ത്യൻ വ്യവസായമൂലധനത്തിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാവുകയും ചെയ്തു. എന്നാൽ റബ്ബർ കയറ്റി അയയ്ക്കുന്ന ഒരു രാജ്യമാക്കി വീണ്ടും ഇന്ത്യയെ മാറ്റിയെടുക്കേണ്ടത് ബഹുരാഷ്ട്ര കുത്തകകളുടെ ആവശ്യമായപ്പോൾ 1991 മുതൽ ഇന്ത്യയിൽ നടപ്പിലാക്കിവരുന്ന നയങ്ങൾ പ്രയോജനപ്പെടുത്തി അവരുടെ ലക്ഷ്യം സാധിച്ചെടുക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യ സ്വതന്ത്രയായതിനുശേഷം 1970-കളിലെ നാലു വർഷങ്ങളിൽ മാത്രമാണ് ഇവിടെനിന്നും വൻതോതിൽ റബ്ബർ കയറ്റി അയച്ചിട്ടുള്ളത്. 1970-കളുടെ തുടക്കത്തിൽ ഇന്ത്യയിൽ ആവശ്യത്തിലധികം റബ്ബർ ഉല്പാദിപ്പിച്ചിട്ടും ടയർ വ്യവസായങ്ങളുടെ നിർബന്ധത്തിന് വഴങ്ങി ഇറക്കുമതി ചെയ്തതിന്റെ ഫലമായി റബ്ബർവില ഇടിഞ്ഞപ്പോഴാണ് കർഷകർ സമ്മർദ്ദം ചെലുത്തി ഗവൺമെന്റിനെക്കൊണ്ട് റബ്ബർ കയറ്റി അയപ്പിച്ചിട്ടുള്ളത്. ഇതിന് വിപരീതമായി 1992-നുശേഷം എല്ലാ വർഷവും ഇന്ത്യയിൽനിന്നും റബ്ബർ കയറ്റി അയയ്ക്കുന്നുണ്ട് എന്നത് സൂചിപ്പിക്കുന്നതുതന്നെ ഇന്ത്യൻ റബ്ബർമേഖല സ്വാതന്ത്ര്യത്തിനുമുൻപുള്ള കാലഘട്ടത്തിലേയ്ക്ക് മടങ്ങിപ്പോകുന്നു എന്നാണ്.

ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന റബ്ബർ ലോകവിപണിയെ മാത്രം ആശ്രയിച്ച് നിലനിൽക്കുവാൻ തുടങ്ങിയാൽ സംഭവിക്കുന്നത് എന്തായിരിക്കും? ഒന്നാംലോക യുദ്ധഘട്ടത്തിലും തുടർന്ന് 1920-കളുടെ തുടക്കത്തിലും, 1929 മുതൽ ലോക സാമ്പത്തികമാന്ദ്യം നിലനിന്നിരുന്നപ്പോഴുമെല്ലാം റബ്ബറിന്റെ വിലയിൽ ഉണ്ടായിക്കൊണ്ടിരുന്ന ഏറ്റക്കുറച്ചിലുകൾ ചെറുകിട- നാമമാത്ര കർഷകന് താങ്ങാവുന്നതിനേക്കാൾ വളരെ കൂടുതലായിരുന്നു. ലോക കമ്പോളത്തിൽ റബ്ബറിന്റെ വിലയിടിഞ്ഞതിനെത്തുടർന്ന് നിലവിൽവന്ന അന്താരാഷ്ട്ര റബ്ബർ നിയന്ത്രണകരാർ പ്രകാരം റബ്ബറിന്റെ കയറ്റുമതി നിയന്ത്രിച്ചപ്പോൾ ഇപ്പോൾ ഇന്ത്യയിൽ രൂപപ്പെട്ടുവരുന്നതുപോലുള്ള സ്ഥിതി നിലനിന്നതിനെത്തുടർന്ന് ഏതാനും വിദേശ കമ്പനികൾമാത്രം റബ്ബറിന്റെ വില തീരുമാനിച്ചപ്പോൾ ലോകകമ്പോളത്തെക്കാൾ 25 ശതമാനം കുറവായിരുന്നു ഇന്ത്യയിൽ റബ്ബറിന് ലഭിച്ച വില. ഇത് സൂചിപ്പിക്കുന്നത് ഇന്ന് റബ്ബർമേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കപ്പെടണമെങ്കിൽ ഇന്ത്യയിലേയ്ക്കുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി മാത്രം നിരോധിച്ചാൽ പോരാ; മറിച്ച് ഇന്ത്യൻ റബറധിഷ്ഠിത വ്യവസായങ്ങൾക്ക് 1991-നുമുൻപ് നിലനിന്നിരുന്ന സംരക്ഷണം നൽകുകയും റബ്ബറധിഷ്ഠിത ഉല്പന്നങ്ങളുടെ ഇറക്കുമതി പരമാവധി കുറയ്ക്കുകയും വേണം. അല്ലാത്തപക്ഷം വിദേശകമ്പനികൾ പറയുന്ന വിലയ്ക്ക് റബ്ബർ കയറ്റി അയയ്ക്കുന്ന ഒരു രാജ്യമായി ഇന്ത്യ വീണ്ടും മാറുകയും ഇപ്പോഴത്തെ പ്രതിസന്ധി പ്രതിവർഷം രൂക്ഷമാകുകയും ചെയ്യും.■

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലെ അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ

സിനിമ

ഒരു ഉപവനത്തിൽ

ബിനു ശാർങ്ഗധരൻ

കുറോസോവയുടെ റാഷോമണിലൂടെ ഒരു യാത്ര

ജപ്പാനിൽ ചിത്രങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ടെന്ന് പുറംലോകം അറിയുന്നത് കുറോസോവയുടെ 'റാഷോമൺ' മുഖേനയാണ്. അതിനുമുമ്പ് ജപ്പാനിൽ ചലച്ചിത്ര നിർമ്മാണം നടന്നിരുന്നില്ലെന്നല്ല; പല ശ്രദ്ധേയമായ സിനിമകളും ഇക്കാലയളവിനുള്ളിൽ പുറത്തുവരികയുണ്ടായി. 'റാഷോമണി'നുമുമ്പ് കുറോസോവയുടെ തന്നെ പത്തു ചിത്രങ്ങൾ വെളിച്ചം കണ്ടിരുന്നെങ്കിലും 1951-ൽ വെനീസ് ഫിലിം ഫെസ്റ്റിവലിൽ റാഷോമൺ പരമോന്നത ബഹുമതി നേടിയെടുത്തതോടെയാണ് ജാപ്പാനീസ് സിനിമയ്ക്ക് വിശ്വചലച്ചിത്രവേദിയിൽ സമുന്നതമായ സ്ഥാനം ലഭിക്കുന്നത്.

1910 മാർച്ച് 23 ന് ടോക്കിയോയിലെ ഒരു സമുറായ് കുടുംബത്തിലായിരുന്നു കുറോസോവയുടെ ജനനം. നന്നേ ചെറുപ്പത്തിലേ പെയിന്റിംഗിൽ താൽപ്പര്യം ജനിച്ച കുറോസോവയ്ക്ക് സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ചിത്രരചന അഭ്യസിക്കണമെന്നായിരുന്നു മോഹം. ചലച്ചിത്ര രംഗത്തേക്കുള്ള മാർഗദീപം തെളിക്കുന്നത് ജ്യേഷ്ഠ സഹോദരനാണ്. കുറോസോവയിൽ ചലച്ചിത്രാഭിരുചി വളർത്തുന്നതും ലോകക്ലാസിക്കുകളുമായി പരിചയപ്പെടുത്തുന്നതും ഈ സഹോദരനാണ്. 1936-ൽ ടോഹ സ്റ്റുഡിയോവിൽ പ്രശസ്ത സംവിധായകനായ യമാ മോക്തയുടെ സഹ സംവിധായകനായികൊണ്ടാണ് കുറോസോവ ചലച്ചിത്രരംഗത്തേക്ക് പ്രവേശിക്കുന്നത്. 1943-ൽ 'സ്ാൻഷിറോ സുഗക്താ'യുടെ നിർമ്മാണത്തോടെ അദ്ദേഹം ഒരു സ്വതന്ത്രസംവിധായകനായി മാറി. തുടർന്ന് മുപ്പതോളം ചിത്രങ്ങൾ കുറോസോവയുടെതായി പുറത്തുവന്നു. ഇക്കൂട്ടത്തിൽ ഏറ്റവും മികച്ച ചിത്രമായി 'റാഷോമൺ' കണക്കാക്കപ്പെടുന്നു. കുറോസോവ ചിത്രങ്ങളിൽ കൂടുതൽ ചർച്ച ചെയ്യപ്പെട്ട സിനിമയും 'റാഷോമൺ' ആണ്. റാഷോമൺ ഹോളിവുഡിൽ 'ഔട്ട് റേജ്' ആയും സെവൻ സാമുറായ് 'മാഗ്നിഫിസന്റ് സെവൻ' എന്ന പേരിലും പുനർജ്ജനിക്കുകയുണ്ടായി.

മുപ്പത്തിയഞ്ചാം വയസ്സിൽ ജീവിതം അവസാനിപ്പിച്ച ജപ്പാനീസ് എഴുത്തുകാരൻ അകുതോഗാവയുടെ 'റാഷോമൺ', 'ഒരു ഉപവനത്തിൽ' എന്നീ രണ്ടു കഥകളെ ഉപജീവിച്ചാണ് കുറോസോവ റാഷോമൺ നിർമ്മിച്ചത്. ചലച്ചിത്ര രചനയ്ക്ക് സാഹിത്യകൃതികൾ അവലംബമാകുമ്പോൾ സ്വകീയമായ വ്യാഖ്യാനങ്ങളും ഗതിഭേദങ്ങളും നൽകാൻ കുറോസോവക്ക് കഴിഞ്ഞിരുന്നു. എങ്ങനെ മികച്ച ഒരു സാഹിത്യകൃതി ഉൽകൃഷ്ടമായ സിനിമയായി മാറുന്നു എന്നതിന്റെ നിദർശനങ്ങളാണ് അകുതോഗാവയുടെ കഥയിൽ നിന്ന് ഉത്ഭവിച്ച റാഷോമണും ഷേക്സ്പിയറുടെ മാക്ബത്തിനെ ആധാരമാക്കി നിർമ്മിച്ച ത്രോൺ ഓഫ് ബ്ലഡും.

കഥയുടെ തുടക്കം

റാഷോമണിന്റെ കഥ നടക്കുന്നത് പന്ത്രണ്ടാം നൂറ്റാണ്ടിലെ ക്ഷാമവും ആഭ്യന്തരയുദ്ധങ്ങളുംകൊണ്ട് പൊറുതിമുട്ടിയ കിയാട്ടോ നഗരപശ്ചാത്തലത്തിലാണ്. മഴ തിമർത്തു പെയ്യുന്നൊരു ദിവസം ഒരു മരംവെട്ടുകാരനും പുരോഹിതനും പിന്നെ വഴിപോക്കനും മഴ നനയാതിരിക്കാൻ റാഷോമൺ കവാടത്തിൽ അഭയം തേടുന്നു. മഴ തോരാനായി കാത്തിരിക്കുന്ന അവരുടെ സംഭാഷണങ്ങളിലൂടെ ആയിടെ നടന്ന ഒരു കൊലപാതകത്തിന്റെയും ബലാത്സംഗത്തിന്റേയും കഥ പുറത്തുവരുന്നു. ബലാത്സംഗത്തിന് ഇരയായ യുവതിയും കൊള്ളക്കാരൻ തേജ്മാരുവും മൂന്നു ദിവസം മുമ്പ് നടന്ന ആ സംഭവത്തിന്റെ സത്യാവസ്ഥ വെളിപ്പെടുത്താൻ ശ്രമിക്കുന്നു. കൊലചെയ്യപ്പെട്ട സാമുറായി ഒരു മന്ത്രവാദിനിയുടെ രൂപത്തിലാണ് കഥ പറയുന്നത്. പുരോഹിതനും മരംവെട്ടുകാരനും ആ സംഭവത്തിന് ദൃക്സാക്ഷികളുമാണ്. ജയിൽ മുറ്റത്ത് കേസ് വിസ്താരത്തിനിടയിൽ പൊലീസുകാരന്റെ ചോദ്യങ്ങൾക്ക് മറുപടിയെന്നോണമാണ് ഓരോരുത്തരും കഥ പറയുന്നത്. അങ്ങനെ വനാന്തരങ്ങളിൽ വച്ചു നടന്ന കൊലപാതകത്തിന്റേയും ബലാത്സംഗത്തിന്റേയും കഥ വിവിധ വ്യക്തികളിലൂടെയായി വികസിക്കുന്നുവെങ്കിലും അത് ഒന്നിനൊന്ന് വ്യത്യസ്തമായി തീരുന്നു. അതുകൊണ്ടുതന്നെ ആരു പറഞ്ഞ കഥയാണ് സത്യമെന്ന് തീർപ്പുകല്പിക്കുക അസാദ്ധ്യമായി മാറുന്നു. ഒരർത്ഥത്തിൽ എല്ലാ കഥയും അവിശ്വസനീയവുമാണ്.

കാട്ടിൽ വിറക് അന്വേഷിച്ചുപോയ മരം വെട്ടുകാരൻ ഒരു സ്ത്രീയുടെ തൊപ്പിയും കുറച്ചു കയറും രക്ഷാകവചപ്പെട്ടിയും അതിനരികിലായി ഒരു മൃതശരീരവും കാണാനിടയായ കാര്യമാണ് പറയുന്നത്. പുരോഹിതൻ, സാമുറായിയും ഭാര്യയും വനവീഥിയിലൂടെ കുതിരയുമായി പോകുന്ന കാഴ്ച ദർശിച്ചതായി പറയുന്നുവെങ്കിൽ, കൊലയാളിയെ കണ്ടുപിടിച്ച കഥയാണ് പൊലീസുകാരന് പറയാനുള്ളത്. പൊലീസുകാരൻ ആ സംഭവം ഇങ്ങനെ വിവരിക്കുന്നു.

കാത്സുരായി നദിക്കരയിൽ വച്ച് ഒരു സന്ധ്യാസമയത്താണ് കൊള്ളക്കാരനെ എന്റെ കൈയിൽ കിട്ടിയത്. കറുത്ത ചായമടിച്ച ഒരു ആവനാഴി ഞാൻ കണ്ടെടുത്തു. അതിൽ പതിനേഴ് അമ്പുകൾ ഉണ്ടായിരുന്നു. എല്ലാറ്റിലും പരുന്തിൻ തൂവലുകൾ പിടിപ്പിച്ചിരുന്നു. തവിട്ടു നിറത്തിലുള്ള ഒരു കുതിരയേയും ഞാൻ അവിടെ കണ്ടു. എല്ലാം കൊല്ലപ്പെട്ട ആളുടെ വകയായിരുന്നു. എന്നാൽ കൊള്ളക്കാരനെ അയാൾ തട്ടിയെടുത്ത കുതിര തന്നെ തള്ളിയിട്ടുകളഞ്ഞു...

പൊലീസുകാരന്റെ വിശദീകരണം കേട്ട് കൊള്ളക്കാരൻ തേജവാരു പൊട്ടിച്ചിരിച്ചു. പിന്നെ കുതിര തന്നെ തള്ളിയിട്ടതല്ലെന്ന് അയാൾ സമർത്ഥിക്കുന്നു. തവിട്ടു നിറത്തിലുള്ള ആ കുതിരപ്പുറത്തിരുന്ന് സഞ്ചരിക്കവേ, വല്ലാത്ത ദാഹം അനുഭവപ്പെട്ടതു നി



റാഷോമൺ

മിത്തം പുഴയിലിറങ്ങി വെള്ളം കുടിച്ച് ദാഹശമനം വരുത്തിയെങ്കിലും വല്ലാത്ത വയറുവേദന പിടിച്ചതുകൊണ്ട് കുതിരപ്പുറത്തു നിന്നിറങ്ങി നിലത്ത് കമിഴ്ന്നു കിടക്കുകയായിരുന്നു. ഞാൻ പറയുന്നതെല്ലാം സത്യമാണ്. എന്നായാലും നിങ്ങൾ എന്റെ കഴുത്തുവെട്ടും പിന്നെ ഞാൻ എന്തിനു കള്ളം പറയണം?

വാസ്തവത്തിൽ ഇതിനെല്ലാം കാരണമായത് ഒരു ഇളംകാറ്റായിരുന്നു. വനമദ്ധ്യത്തിൽ ഉറങ്ങാൻ കിടന്നിരുന്ന കൊള്ളക്കാരനരികിലൂടെ കുതിരപ്പുറത്ത് യുവതിയേയും വഹിച്ച് സാമുറായ് കടന്നുപോകേ, ശബ്ദം കേട്ട് അയാൾ കൺതുറന്നതും അന്നേരം നിനച്ചിരിക്കാതെ വീശിയ ഇളംക്കാറ്റിൽ യുവതിയുടെ ഉത്തരീയം തെല്ലൊന്നകന്നതും അപ്പോൾ വിവസ്ത്രമായ അവളുടെ സുന്ദരമുഖം കൊള്ളക്കാരനെ കാമഭ്രാന്തനാക്കിയതും പൊടുന്നനേയായിരുന്നു. കൂടെയുള്ള ആളുടെ ജീവിതമൊടുക്കിയായാലും അവളെ സ്വന്തമാക്കണമെന്ന മോഹം അയാളിൽ ഉദിച്ചു. ആഗ്രഹനിവർത്തിക്കായ് അയാൾ ഒരു ഉപായം കണ്ടെത്തി. ശവക്കല്ലറയ്ക്കരികിൽ നിന്നും ഒരു നിധിശേഖരം കണ്ടെത്തിയിട്ടുണ്ടെന്നും അകലെ കുന്നിൻചരുവിൽ അത് കുഴിച്ചിട്ടിരിക്കയാണെന്നും ആവശ്യമെങ്കിൽ ആ സാധനങ്ങൾ താങ്കൾക്ക് കുറഞ്ഞ വിലയ്ക്ക് നൽകാമെന്നും സാമുറായിയോടു പറയുന്നു. കൊള്ളക്കാരന്റെ പ്രലോഭനങ്ങൾക്ക് വഴിപ്പെട്ട് സാമുറായ് അയാളെ പിൻതുടരുന്നുവെങ്കിലും യാത്രാമധ്യേ, സാമുറായിയെ അയാൾ ഒരു മരത്തിൽ ബന്ധിതനാക്കുന്നു. പിന്നെ യുവതിയെ അങ്ങോട്ട് കൂട്ടിക്കൊണ്ടുവന്ന് സാമുറായിയുടെ മുന്നിൽവച്ച് കൊള്ളക്കാരൻ അവളെ മാനഭംഗപ്പെടുത്തുന്നു. യുവതിയെ കീഴ്പ്പെടുത്തിയെങ്കിലും അയാൾ ഒരു കുഴപ്പത്തിൽ അകപ്പെടുന്നു. രണ്ടു പുരുഷന്മാരുടെ മുന്നിൽ വച്ചാണ് ഞാൻ അപമാനിതയായിരിക്കുന്നത് -നിങ്ങളിൽ ഒരാൾ മരിക്കണം. യുദ്ധം ചെയ്യുക. ശേഷിക്കുന്നയാളുടെ ഭാര്യയായിരിക്കും ഞാൻ, എന്ന യുവതിയുടെ അഭ്യർത്ഥന സ്വീകരിക്കേണ്ടി വരുന്നു. കൊള്ളക്കാരൻ സാമുറായിയെ ബന്ധിച്ചിരുന്ന കയർ അഴിച്ചുമാറ്റുകയും പിന്നെ അവർ തമ്മിൽ ഒരു ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. സൂര്യനുകീഴിലുള്ള ഒരുത്തനുനേരെയും ഇരുപതു തവണയിൽ കൂടുതൽ വീശിയിട്ടില്ലാത്ത കൊള്ളക്കാരൻ തേജ്ജമാരുവിന്റെ വാൾ സാമുറായിയുടെ വാളുമായി ഇരുപത്തി മൂന്നു തവണ പിണച്ചു. ഒടുവിൽ സാമുറായി പരാജയപ്പെട്ടു. അടുത്ത നിമിഷം തന്നെ കൊള്ളക്കാരൻ സാമുറായിയെ വധിച്ചു. അന്നേരം യുവതി എങ്ങോ പോയ്മറഞ്ഞു.

യുവതിയുടെ വീക്ഷണം

യുവതി ഈ സംഭവം മറ്റൊരു തരത്തിലാണ് പറയുന്നത്. തന്നെ ആക്രമിച്ചശേഷം കൊള്ളക്കാരൻ ഓടി രക്ഷപ്പെട്ടുവെന്നും അന്നേരം ബന്ധിതനായ ഭർത്താവിന്റെ നെഞ്ചിൽ വീണു പൊട്ടിക്കരയവേ, അദ്ദേഹം തന്നെ വെറുപ്പോടെ നോക്കിയെന്നും ആ മുഖവും നോട്ടവും സഹിക്കവയ്യാതെ താൻ തന്നെ ഭർത്താവിനെ കഠാര കൊണ്ട് കുത്തിക്കൊന്നുവെന്നുമാണ് യുവതിയുടെ മൊഴി. ഇതിൽ നിന്നൊക്കെ ഏറെ വിഭിന്നമായ കഥയാണ് സാമുറായി വിവരിക്കുന്നത്. കൊല്ലപ്പെട്ട സാമുറായി ഒരു മന്ത്രവാദിനിയുടെ രൂപത്തിലാണ് കഥ അവതരിപ്പിക്കുന്നത്. എന്റെ ഭാര്യയെ ആക്രമിച്ച ശേഷം കൊള്ളക്കാരൻ, അടുത്തിരുന്ന് അവളെ ആശ്വസിപ്പിക്കുകയായിരുന്നു.

നീ എനിക്ക് കീഴടങ്ങിയ സ്ഥിതിക്ക് ഇനി നിനക്ക് ഭർത്താവുമൊന്നിച്ചു ജീവിക്കുക അസാദ്ധ്യമാണെന്നും നീ എന്നോടൊപ്പം വരണമെന്നും അയാൾ അഭ്യർത്ഥിച്ചു. സ്നേഹക്കൂടുതലുകൊണ്ടാണ് നിന്നെ ആക്രമിച്ചതെന്നും ഭർത്താവുമൊത്ത് അസന്തുഷ്ടി നിറഞ്ഞ ജീവിതം നയിക്കുന്നതിനേക്കാൾ നിനക്ക് എന്നോടൊപ്പം വരുന്നതാണ് നല്ലതെന്നും അവളോടു പറഞ്ഞു. അയാളൊടൊപ്പം പോകാൻ അവൾ സന്നദ്ധയായിരുന്നുവെങ്കിലും ഭർത്താവ് ജീവിച്ചിരിക്കുന്നിടത്തോളം എനിക്ക് നിങ്ങളോടൊപ്പം വരാൻ സാധ്യമല്ലെന്നും അതുകൊണ്ട് ഭർത്താവിനെ നിങ്ങൾ വധിക്കണമെന്നും അവൾ അപേക്ഷിച്ചു. അതു കേട്ട് കൊള്ളക്കാരൻ തേജ്ജമാരു ഇവളെ വെറുതെ വിടണോ അതോ കൊല്ലണോ എന്ന് ആരായവേ, അവൾ അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. അവളെ പിടികൂടാൻ കൊള്ളക്കാരനും അവൾക്കു പിന്നാലെ ഓടി. ഈ ഘട്ടത്തിൽ നിലത്തു കിടന്നിരുന്ന കഠാര സാമുറായ് സ്വന്തം നെഞ്ചിൽ കുത്തിയിറക്കുകയായിരുന്നു.

പക്ഷേ സാമുറായ് കഠാര കൊണ്ടു കുത്തിയല്ല മരിച്ചത് വാളുകൊണ്ടാണെന്ന് വാദിക്കുന്ന മരംവെട്ടുകാരൻ താൻ കണ്ട കാഴ്ച വിവരിക്കാൻ ബാദ്ധ്യസ്ഥനാകുന്നു.

ഒരു സ്ത്രീയുടെ തൊപ്പി ഞാൻ കണ്ടെടുത്തു. തെല്ലിട മുന്നോട്ടു ചെന്നപ്പോൾ ഒരു സ്ത്രീ കരയുന്ന ശബ്ദം കേട്ടു. ചെടിയുടെ മറവിൽ നിന്നുകൊണ്ട് ഞാനതു ശ്രവിച്ചു. അവിടെ ഒരു മനുഷ്യനെ കെട്ടി നിർത്തിയിരിക്കുന്നു. അതിനരികിൽ ഒരു സ്ത്രീയും കൊള്ളക്കാരൻ തേജ്ജുമാരുവും നിൽപ്പുണ്ടായിരുന്നു. തേജ്ജുമാരു ആ സ്ത്രീയുടെ മുന്നിൽ മുട്ടുകുത്തി നിന്നു ആ സ്ത്രീയോട് ഇങ്ങനെ അഭ്യർത്ഥിക്കുകയുണ്ടായിരുന്നു. നിന്നെ കീഴ്പ്പെടുത്തേണ്ടിവന്നതിൽ എനിക്കു വിഷമമുണ്ട്. നിനക്ക് എന്നോടൊപ്പം പോരാൻ ഇഷ്ടമാണെങ്കിൽ ഞാൻ നിന്നെ വിവാഹം ചെയ്യാം. നിനക്കിഷ്ടമല്ലെങ്കിൽ ഞാൻ മോഷണം നിർത്താം. നീ എന്നോടൊപ്പം വരുമെങ്കിൽ, എന്നെ വിവാഹം ചെയ്യാമെങ്കിൽ നിന്നെ സന്തോഷിപ്പിക്കുന്നതെന്തും ചെയ്യാൻ ഞാൻ തയ്യാറാണ്.

റാഷോമണിൽനിന്ന്



റാഷോമണിലൂടെ
ലോക
ചലച്ചിത്രരംഗത്തെത്തിയ
അകിര കുറോസോവ
ദൃശ്യമാദ്ധ്യമരംഗത്ത്
എന്നും ഒരു വിസ്മയമാണ്

എന്നെപ്പോലെ ഒരു സ്ത്രീക്ക് ഇതിൽ എന്തു തീരുമാനമാണെടുക്കാൻ കഴിയുക. നിങ്ങൾ രണ്ടു പേരും ദുർബ്ബലരായിപ്പോയി. നിങ്ങൾ വാളുകൊണ്ട് ശക്തി തെളിയിക്ക്. ഒരു തീരുമാനത്തിലെത്തുക എന്നായി യുവതി. യുവതിയുടെ അഭ്യർത്ഥനമാനിച്ച് അവർ തമ്മിൽ ഒരു പോരാട്ടത്തിൽ ഏർപ്പെടുകയും സാമുറായ് കൊല്ലപ്പെടുകയും ചെയ്തു. അന്നേരം സംഭവസ്ഥലത്തുനിന്ന് യുവതി ഓടി രക്ഷപ്പെടുകയും ചെയ്തു.

മരംവെട്ടുകാരൻ

മരംവെട്ടുകാരന്റെ സംഭവവിവരണവും ഇങ്ങനെ അവസാനിക്കേ, നാലു പേർ പറഞ്ഞ കഥയും ഒന്നിനൊന്ന് വ്യത്യസ്തമായിതീരുന്നു. ഓരോ കഥയിലും സത്യത്തിന്റെ അംശം നന്നേക്കുറവുമാണ്. സംഭവത്തിനു ദൃക്സാക്ഷിയായിരുന്നുവെന്ന് പറയുന്ന മരം വെട്ടുകാരൻ നൽകുന്ന വിവരണംപോലും അസത്യമാണെന്ന് കണ്ടെത്താൻ പ്രയാസമില്ല. കാരണം അയാൾ കാട്ടിൽ വിറക് അന്വേഷിച്ച് പോകുന്നതിനിടയിൽ സാമുറായിയുടെ മൃതദേഹം കണ്ട കഥയാണ് ആദ്യം പറയുന്നതെങ്കിലും തുടർന്ന് സംഭവത്തിന്റെ സത്യാവസ്ഥ വിവരിക്കാനായി ശ്രമിക്കുന്ന ഘട്ടത്തിൽ സാമുറായിയെ മരത്തിൽ ബന്ധിതനാക്കി നിർത്തിയിരിക്കുന്ന കാഴ്ച ദർശിച്ചതായി പറയുന്നുണ്ട്. യുവതി പറഞ്ഞ കഥ സത്യമാണെന്ന് ന്യായീകരിക്കാൻ ശ്രമിക്കുന്ന പുരോഹിതനോട് റാഷോമൺ കവാടത്തിലിരുന്ന സാധാരണക്കാരൻ പ്രതികരിക്കുന്നതിങ്ങനെയാണ്- സ്ത്രീയുടെ കണ്ണീരാണ് നിങ്ങളെ വഴിതെറ്റിച്ചത്. സ്ത്രീകൾ സ്വയം വഞ്ചിക്കുന്നവരാണ്. അതുകൊണ്ട് അവളുടെ കഥ ഒരിക്കലും വിശ്വസിക്കാനാവില്ല എന്നത്രെ. കൊള്ളക്കാരൻ തേജ്ജുമാരു നൽകുന്ന മൊഴിയും സത്യമാണെന്ന് കരുതുക വയ്യ. അയാളുടെ മുൻകാല ജീവിതവുമായി ബന്ധപ്പെടുത്തി ആ കാര്യവും വ്യക്തവുമാണ്. മാത്രമല്ല ആണുങ്ങൾ പൊതുവെ കള്ളം പറയുന്നവരാണ്, മറ്റുള്ളവരോട് മാത്രമല്ല അവനവനോടു തന്നെ കള്ളം പറയുന്നവരാണ്. അതുകൊണ്ട് തേജ്ജമാരു വിവരിച്ചതൊന്നും വിശ്വസിക്കാനേ കഴിയില്ല എന്നൊരു പരാമർശം ചിത്രത്തിൽ കടന്നുവരുന്നുമുണ്ട്.

മന്ത്രവാദിനി നൽകുന്ന മൊഴിയും കള്ളമാണെന്ന് വിധിക്കുന്ന മരംവെട്ടുകാരനോട് മരിച്ചവർ ഒരിക്കലും കള്ളം പറയില്ലെന്ന് പുരോഹിതൻ പ്രസ്താവിക്കുന്നുണ്ടെങ്കിലും അതേക്കുറിച്ച് അപരൻ ഇങ്ങനെ പ്രതികരിക്കുന്നുണ്ട് - ഇക്കാലത്ത് ആരേയും വിശ്വസിക്കാനാവില്ല. എല്ലാവരും കള്ളം പറയുന്നവരാണ്. സകലരും ഇഷ്ടപ്പെടാത്തതിനെ മറക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് കള്ളക്കഥകൾ കെട്ടിയുണ്ടാക്കുന്നു. മോഷണവാസനയുള്ള മരംവെട്ടുകാരന്റെ വിശ്വാസ്യത ചിത്രത്തിൽ ഒരിക്കൽകൂടി ചോദ്യം ചെയ്യപ്പെടുന്നുണ്ട്. മരിച്ച മനുഷ്യനരികിൽ കിടന്നിരുന്ന വില പിടിച്ച കഠാര എവിടെയെന്ന ചോദ്യത്തിന് അയാൾക്ക് ഉത്തരമില്ലായിരുന്നു. അങ്ങനെ ആരുപറയുന്ന കഥയും സത്യമല്ലെന്ന ഒരു സൂചനയാണ് ചിത്രത്തിൽനിന്നും നമുക്ക് ലഭിക്കുന്നത്. ഒരു സംഭവം നാലുപേരുടെ വീക്ഷണത്തിലൂടെ അവതരിപ്പിച്ച കഥപറച്ചിൽ അവസാനിക്കേ, റാഷോമൺ കവാടത്തിനരികിൽ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ട് മൂവരും അതിനരികിലേക്ക് പോകുന്നു. കുഞ്ഞിനരികിൽ എത്തുന്ന സാധാരണക്കാരൻ ആ കുട്ടിയുടെ വസ്ത്രങ്ങൾ അഴിച്ചെടുത്ത് സ്വന്തമാക്കാൻ ശ്രമിക്കുന്നു. ഈ പ്രവൃത്തിയെ ചോദ്യം ചെയ്യുന്ന മരംവെട്ടുകാരനോട് ഈ തുണികൾ ഞാനെടുത്തില്ലെങ്കിൽ മറ്റാരെങ്കിലും ഇതുകൊണ്ടുപോകും. ഇക്കാലത്ത് സ്വാർത്ഥനാകാതെ ഒരാൾക്ക് ജീവിക്കാൻ പറ്റില്ലെന്നും മറുപടി പറയുന്നു. കുട്ടിയെ മാറോട് ചേർത്തുപിടിച്ച് നടന്നുനീങ്ങാനൊരുങ്ങുന്ന പുരോഹിതനോട് എനിക്കു മറ്റു മക്കളുണ്ട് ഒരെണ്ണം കൂടിയായാലും വളർത്താൻ ബുദ്ധിമുട്ടാകില്ലെന്ന് പറഞ്ഞ് പുരോഹിതനിൽ നിന്നും മരംവെട്ടുകാരൻ ആ കുട്ടിയെ വാങ്ങിയെടുക്കുന്നു. മരംവെട്ടുകാരന്റെ ഈ പ്രവൃത്തി മനുഷ്യനിലെ നന്മ ഇനിയും അസ്തമിച്ചു കഴിഞ്ഞിട്ടില്ലെന്ന് പുരോഹിതനെ ബോധ്യപ്പെടുത്തുന്നു. ചിത്രത്തിലെ പ്രത്യാശാനിർഭരമായ ഈ അന്ത്യദൃശ്യം പക്ഷേ, സിനിമയ്ക്ക് ആധാരമായ അകുതോഗാവയുടെ കഥയിൽ നിന്നും നമുക്കു വായിച്ചെടുക്കാനാവില്ല. ഏതു നിരാശക്കിടയിലും പ്രത്യാശയുടെ ഇത്തിരിവെട്ടമെങ്കിലും കാത്തു സൂക്ഷിക്കാനുള്ള വ്യഗ്രത കുറോസോവ ചിത്രങ്ങളിൽ പൊതുവെ പ്രകടമാണല്ലോ.

മിഫൂണിന്റെ അഭിനയം

ചിത്രത്തിൽ കൊള്ളക്കാരൻ തേജ്ജമാരുമായി പ്രത്യക്ഷപ്പെട്ട തോഷിറ മിഫൂൺ എന്ന നടൻ അസാമാന്യമായ അഭിനയപാടവമാണ് കാഴ്ചവെച്ചത്. കുറോസോവാ കഥാപാത്രങ്ങൾക്ക് ഉയിരേകിയവരിൽ പ്രമുഖനാണ് ഈ നടൻ. തോഷിറ മിഫൂണിന്റെ അഭിനയസിദ്ധി കണ്ടെത്തുന്നതും കുറോസോവ തന്നെ. തോഷിറയുമായുള്ള ആദ്യ സമാഗമത്തെക്കുറിച്ച് കുറോസോവ തന്റെ 'ആത്മകഥപോലെയെന്തോ ഒന്നിൽ' (Something like an Autobiography) അനുസ്മരിക്കുന്നുണ്ട്. തോഹ സ്റ്റുഡിയോവിൽ വെച്ചായിരുന്നു ഒരു ആദ്യ കാഴ്ച. പുതുമുഖങ്ങളെ ആവശ്യമുണ്ടെന്ന പരസ്യം കണ്ട് തോഹ സ്റ്റുഡിയോവിലെത്തിയ ഒരു ചെറുപ്പക്കാരൻ മത്സരവേളയിൽ പ്രദർശിപ്പിച്ച അഭിനയപ്രകടനം കുറോസോവയെ വിസ്മയഭരിതനാക്കി. ഇന്റർവ്യൂമുറിയിൽവച്ച് കുറോസോവ കണ്ടത് കൂട്ടിലടക്കപ്പെട്ട ഒരു മൃഗത്തെപ്പോലെ കോപാക്രാന്തനായി ഉഴറുന്ന ഒരു ചെറുപ്പകാരനെയാണ്. ആ ഭാവപ്രകടനം കുറോസോവയെ അത്ഭുതപ്പെടുത്തി. ആ കൂടിക്കാഴ്ച തോഷിറ മിഫൂൺ എന്ന അതുല്യനടന്റെ ഉദയം കുറിച്ചു.

തോഷിറ ആദ്യമായി അഭിനയിക്കുന്ന കുറോസോവ ചിത്രം 'ഡ്രങ്കൺ എയ്ഞ്ചൽ' ആണ്. തുടർന്ന് കുറോസോവയുടെ പന്ത്രണ്ടോളം ചിത്രങ്ങളിൽ ഈ നടൻ അഭിനയിച്ചു. ഇക്കൂട്ടത്തിൽ ത്രോൺ ഓഫ് ബ്ലഡ്, സെവൻ സമുറായ്, റെഡ് ബിയേഡ് എന്നീ ചിത്രങ്ങളിലെ റോൾ തോഷിറ മിഫൂൺ എന്ന നടന്റെ അഭിനയചാതുരി വെളിപ്പെടുത്തുന്നവയാണ് ■

ലേഖനം



അനശ്വരമായ ഭൂതകാലം

ലാറ്റിനമേരിക്കയുടെ ഭൂതകാലത്തിൽ മാർക്കേസ് മുത്തശ്ശിക്കഥയുടെ വർണ്ണാഭ നിറച്ചു

ജോൺ ലീ ആൻഡേഴ്സൺ

പരിഭാഷ: എലിസബത്ത് കോശി

2 മാർക്കേസിന്റെ ജീവിതത്തിൽനിന്ന്



മാർക്കേസ് തന്റെ ബാല്യം കഴിച്ചുകൂട്ടിയ സ്ഥലത്തിന് ബോഗോയ്ക്കു ചുറ്റുമുള്ള തണുത്ത പരുക്കൻ പർവ്വതപ്രദേശങ്ങളോടുള്ളതിനേക്കാൾ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ അടുപ്പം ആന്റില്ലസിനോടാണ്. കുറച്ച് വർഷങ്ങൾക്കുമുൻപ്. പതിനാറാം നൂറ്റാണ്ടിലെ സുന്ദരമായ ഒരു തീരനഗരവും ഇപ്പോഴും കരിങ്കൽ കോട്ടയാൽ ചുറ്റപ്പെട്ടതുമായ കാൾട്ടജീനായിൽ ഒരു വീട് പണിയാൻ അദ്ദേഹം ഒരു വാസ്തുശില്പിയെ ചുമതലപ്പെടുത്തി. 'എഴുത്തുകാരന്റെ വീട്' എന്നറിയപ്പെടുന്ന, മാർക്കേസിന്റെ വസതി, ലവംഗവർണ്ണത്തിലുള്ള മതിലിനാൽ ചുറ്റപ്പെട്ട, ചതുരശ്രങ്ങളുടെയും ദീർഘചതുരശ്രങ്ങളുടെയും ഒരു ജ്യോമിതീയ സങ്കരമാണ്. പകൽ സമയത്ത് ഒരു പഴയ തെരുവുവിളക്കുകാലിൽ തൂക്കിയിട്ട കൂട്ടിൽ ചാടിക്കളിച്ചുകൊണ്ടിരിക്കുന്ന ഒരു പക്ഷിയെ വീടിന്റെ മുന്നിൽ കാണാം. രാവിലെ ഏഴു മുതൽ വൈകുന്നേരം ഏഴുവരെ തോക്കുകളുമായി പൊലീസുകാർ ഈ പക്ഷിക്ക് കാവൽനിൽക്കുന്നു. അവരവിടെ നിൽക്കുന്നത് ഈ പക്ഷിയെ കാക്കകളിൽനിന്ന് രക്ഷിക്കാനാണത്രെ. കൂട്ടിനുള്ളിലാണെങ്കിൽപോലും പൂന്തോട്ടത്തിൽ തനിച്ചാക്കിയാൽ അത് സുരക്ഷിതമല്ല.

പകൽച്ചൂടിൽ തൊട്ടടുത്തുള്ള ഹോട്ടൽ സാന്റാ ക്ലാരായിൽ ഈ പൊലീസുകാർ അഭയം തേടുന്നു. 1617-ൽ ഒരു കോൺവെന്റായി പണിത കെട്ടിടമാണീ ഹോട്ടൽ. 1994-ൽ മാർക്കേസ് പ്രസിദ്ധീകരിച്ച ഓഫ് ലവ് ആൻഡ് അദർ ഡീമൺസ് എന്ന നോവലിൽ ഈ നോവൽ വളരെ വലിയ പ്രാമുഖ്യത്തോടെ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. 1949-ൽ താൻ കാർട്ടജീനായിൽ ഒരു യുവപത്രറിപ്പോർട്ടറായിരുന്ന കാലത്ത്, ഈ കോൺവെന്റിലെ കല്ലറകൾ ഒഴിച്ച സംഭവം റിപ്പോർട്ട് ചെയ്യാൻ പോയ കഥ മാർക്കേസ് പറയുന്നുണ്ട്: "മേൽക്കൂര മെല്ലെ മെല്ലെ തകർന്നു പോയതിനാൽ മനോഹരമായ ആ ചാപ്പൽ മഴയ്ക്കും വെയിലിനും ഇരയായി; അവിടെ മെത്രാന്മാരും മഠാധിപകളും മറ്റു പ്രമുഖ വ്യക്തികളും അടക്കം ചെയ്യപ്പെട്ട് കിടന്നിരുന്നു. ഉന്നതബലിപീഠത്തിന്റെ ഒരു മൂലയിൽ തൊഴിലാളികൾ എഴുപതടി നീളത്തിൽ കടും തീവ്രവർണ്ണമുള്ള മുടിയുമായി ഒരു പെൺകുട്ടിയുടെ തലയോട്ടി കിടക്കുന്നത് കണ്ടു. കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്ന ആൾ, ഇരുനൂറുവർഷം പഴക്കമുള്ള ഒരു തലയോട്ടിയെ സംബന്ധിച്ചിടത്തോളം ഇതിൽ അസാധാരണമായി ഒന്നുമില്ലെന്നു പറഞ്ഞു. പക്ഷേ, അതൊരു നിസ്സാര കാര്യമായി എനിക്ക് തോന്നിയില്ല." മാർകേസ് പറഞ്ഞു. "ഒരു വധുവിന്റെ വസ്ത്രംപോലെ നീണ്ടുകിടക്കുന്ന തലമുടിയുണ്ടായിരുന്ന ഒരു പ്രഭുകുമാരിയെക്കുറിച്ച് എന്റെ മുത്തശ്ശി എന്നോട് പറഞ്ഞിട്ടുണ്ട്. പേപ്പട്ടി കടിച്ച് മരിച്ച ആ പെൺകുട്ടി ചെയ്ത അത്ഭുതങ്ങളുടെ പേരിൽ കരീബിയൻതീരത്തുള്ള പട്ടണങ്ങളിലെല്ലാം ആരാധിക്കപ്പെട്ടിരുന്നു. ആ ശവകുടീരം ആ പെൺകുട്ടിയുടേതായിരിക്കുമെന്നത് എനിക്ക് അന്നത്തേയ്ക്ക് വാർത്തയായി."

18-ാം നൂറ്റാണ്ടിലെ കാൾട്ടജീനിയയിലാണ് ഈ കഥയിലെ സംഭവങ്ങൾ നടക്കുന്നത്. അന്ന് ഈ നഗരം സ്പെയിനിലെ അടിമവ്യാപാരകേന്ദ്രങ്ങളിലൊന്നും റോമൻ കത്തോലിക്കാസഭയുടെ മതവിചാരണകോടതി ആസ്ഥാനവും ആയിരുന്നു. ആ പെൺകുട്ടിയെ അയോഗ്യരായ ഡോക്ടർമാർ പേപ്പട്ടിവിഷബാധയേറ്റവളെന്ന് തെറ്റിദ്ധരിച്ച് ചികിത്സ ചെയ്ത് അർദ്ധഭ്രാന്തിയാക്കി, പീഡിപ്പിച്ച് കൈയൊഴിഞ്ഞിരിക്കുന്നു. ആദ്യം അവളുടെ ബാധയൊഴിപ്പിക്കൽ നടത്തുന്ന പണ്ഡിതനായ പുരോഹിതൻ അവളുമായി പ്രേമത്തിലാകുകയും അവളോടൊപ്പം ദൈവനിന്ദയ്ക്ക് ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. പിന്നീട് അവളുടെ ബാധയൊഴിപ്പിക്കാൻ ഏറ്റെടുക്കുന്ന മെത്രാനാൽ പീഡിതയായി അവൾ മരണമടയുന്നു. ഈ പെൺകുട്ടിയും അവളുടെ, പീഡിപ്പിക്കപ്പെടുന്ന കാമുകനും കൂടാതെ സഹതാപാർദ്രരായ മറ്റു ചില കഥാപാത്രങ്ങളും ഈ നോവലിലുണ്ട്. വിലക്കപ്പെട്ട പുസ്തകങ്ങളുടെ ഒരു വലിയ ലൈബ്രറിയുള്ള, ഭ്രഷ്ട് കല്പിക്കപ്പെട്ട ഒരു യഹൂദ ഡോക്ടർ, ഭ്രാന്തികളായതിനാൽ തടവിലാക്കപ്പെട്ട എന്നാൽ ചിലപ്പോൾ അദൃശ്യമായും നിഗൂഢമായും സഞ്ചാരം നടത്തുന്ന രണ്ട് സ്ത്രീകൾ, രക്തസാക്ഷിയായിത്തീർന്ന ഈ പെൺകുട്ടിയെ മാനുഷികതയോടെ വീക്ഷിക്കുന്ന ഒരു പുരോഹിതൻ, ദരിദ്രരോടൊപ്പമാണ് ഇദ്ദേഹത്തിന്റെ താമസം. വിഷാദപരവശനായ പിതാവിനാലും, മയക്കുമരുന്നിനും ലൈംഗികദാഹത്തിനും അടിമയായ, കറുത്ത വർഗ്ഗക്കാരായ ഭൃത്യരാൽ വളർത്തപ്പെട്ട സങ്കരസന്തതിയായ അമ്മയാലും തിരസ്ക്കരിക്കപ്പെട്ടവളാണ് ഈ പെൺകുട്ടി. സഭ പൈശാചികമാക്കാനും മോചിപ്പിക്കാനും, ശ്രമിക്കുന്നത് ആഫ്രിക്കയിൽനിന്ന് പറിച്ചുനട്ട അവരുടെ സംസ്കാരത്തെയാണ്.

ഇന്ന് ഈ കോൺവെന്റിന്റെ കൽഭിത്തികൾ ഹോട്ടലിന്റെ മനോഹരമായ മുഖപ്പായിത്തീർന്നിരിക്കുന്നു. ഇവിടെയൊരു കടയിൽ മാർക്കേസിന്റെ പുസ്തകങ്ങൾ എടുത്ത് കാണത്തക്കവിധം പ്രദർശിപ്പിച്ചിരിക്കുന്നു. എന്നാൽ ഈ ചുറ്റുപാടുകൾ മാർക്കേസ് എൽയൂണിവേഴ്സൽ എന്ന പത്രത്തിന് ഒരു പംക്തി എഴുതാൻ തുടങ്ങിയതിനുശേഷമുള്ള അമ്പതുവർഷങ്ങളിൽ അധികമൊന്നും മാറിയിട്ടില്ല. കല്ലുപാകിയ ഇടുങ്ങിയ തെരുവുകൾ, ചുവപ്പും നീലയും മഞ്ഞയും നിറമുള്ള ഇഷ്ടികകൾകൊണ്ട് കെട്ടി മേൽക്കൂരകൾ തകരപ്പാളികൾകൊണ്ട് തറച്ച വീടുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. കൊത്തുപണി ചെയ്ത തടിബാൽക്കണികളിൽ നനച്ചിട്ട തുണികൾ ഉണങ്ങാനിട്ടിരിക്കുന്നു; തെരുവുകളിൽ കളിക്കുന്ന കുട്ടികൾ, വാതിൽപ്പടിയിലിരുന്ന് അയൽക്കാരോട് സംസാരിക്കുന്ന ആളുകൾ; റേഡിയോയിൽനിന്ന് മുഴങ്ങുന്ന ദേശീയ സംഗീതം. അന്തരീക്ഷത്തിൽ ചാണകത്തിന്റെയും പൊടിയുടെയും ഗന്ധമുയർത്തിനീങ്ങുന്ന വാടക കുതിരവണ്ടികൾ. കൊളമ്പിയായിലെ സുരക്ഷിതമായ ചുരുക്കംചില ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ് കാൾട്ടജീനിയ. എങ്കിലും ഇവിടെയും രാഷ്ട്രീയാക്രമഭയത്തിൽനിന്നും മനസ്സുകൾ വിമുക്തമല്ല. തട്ടിക്കൊണ്ടു പോകപ്പെടുകയും ജീവനോടെ കുഴിച്ചിടപ്പെടുകയും ചെയ്ത ഒരു മനുഷ്യന്റെ സഹോദരിയെ ഞാനൊരു അത്താഴവിരുന്ന് സൽക്കാരത്തിനിടയിൽ പരിചയപ്പെടാനിടയായി. ഞങ്ങളുടെ ആതിഥേയന്റെ സഹോദരൻ ഒരു അർദ്ധസൈനിക സംഘടനയിൽ ചേർന്ന്, ഒളിപ്പോരാളികളാൽ കൊല്ലപ്പെട്ടയാളായിരുന്നു.

കുറച്ചുവർഷങ്ങൾക്കുമുൻപ് മാർക്കേസ്, 'ഫൗണ്ടേഷൻ ഫോർ ന്യൂ ഇബറോ അമേരിക്കൻ ജേർണലിസം' സ്ഥാപിച്ചു. ഒരു മുൻ ടെലിവിഷൻ ഉദ്യോഗസ്ഥൻ നടത്തുന്ന ഈ ഫൗണ്ടേഷന് മറ്റു സംഘടനകളോടൊപ്പം യുണെസ്കോയും ഇന്റർ അമേരിക്കൻ ഡവലപ്മെന്റ് ബാങ്കും ധനസഹായം നൽകുന്നു. ചെറുപ്പക്കാരായ ലാറ്റിൻ അമേരിക്കൻ റിപ്പോർട്ടർമാർക്ക് പരിശീലനം നൽകാൻ പരിചയസമ്പന്നരായ പത്രപ്രവർത്തകരെ കാൾട്ടജീനിയായിലേയ്ക്ക് ക്ഷണിക്കുന്നു. സാധിക്കുമ്പോഴെല്ലാം മാർക്കേസും സെമിനാറുകൾ നടത്തുന്നു. കാൾട്ടജീനിയ അദ്ദേഹത്തിന്റെ കുടുംബ ഹെഡ്ക്വാർട്ടേഴ്സ് ആയിത്തീർന്നിരിക്കുന്നു. പതിനൊന്ന് മക്കളിൽ ഒരാളൊഴികെ എല്ലാവരും ജീവിച്ചിരിക്കുന്ന ഒരു കുടുംബത്തിലെ ഏറ്റവും മൂത്ത അംഗമാണ് അദ്ദേഹം. അദ്ദേഹത്തിന്റെ 94 വയസ്സുള്ള അമ്മയും മറ്റ് ബന്ധുജനങ്ങളും ഈ തീരപ്രദേശത്തു തന്നെയാണ് താമസിക്കുന്നത്.

1927 മാർച്ച് ആറിന് കാൾട്ടജീനിയൻ തീരത്തുനിന്ന് ഏതാണ്ട് നൂറുമൈലകലെയുള്ള അരാക്കാറ്റാക്ക എന്ന താഴ്ന്ന പട്ടണപ്രദേശത്ത് ഗാർസിയ മാർക്കേസ് ജനിച്ചു. സമീപകാലത്തെ വൻ വിപ്ലവാഗ്നി പൊട്ടിപ്പുറപ്പെടുംവരെ കൊളമ്പിയായുടെ ചരിത്രത്തിലെ ഏറ്റവും അക്രമാസക്തവും വിനാശകരവുമായ ആയിരം ദിനങ്ങളിലെ യുദ്ധ (War of a Thousand Days)ത്തിൽ ദീർഘകാല സേവനമനുഷ്ഠിച്ച കേണൽ നിക്കോളാസ് മാർക്കേസിന്റെ മകൾ ലൂയിസാ സാന്റിയാഗ മാർക്കേസിന്റെ മൂത്ത പുത്രനാണ് അദ്ദേഹം. 1899-ൽ തുടങ്ങിയ ആ ആഭ്യന്തരകലഹം ഏതാണ്ട് മൂന്നുവർഷം നീണ്ടുനിന്നു. ലിബറൽ പാർട്ടിയുടെയും കൺസർവേറ്റീവ് പാർട്ടിയുടെയും സൈന്യങ്ങൾ പരസ്പരം ഏറ്റവും ഭയാനകമായി പീഡിപ്പിച്ചു. ഈ പോരാട്ടത്തിൽ നാല് മില്യൻ ജനങ്ങളിൽ ആയിരത്തോളം ആളുകൾ കൊല്ലപ്പെട്ടു. ഈ യുദ്ധം തുടങ്ങുകയും അതിൽ പരാജയപ്പെടുകയും ചെയ്ത ലിബറൽ പാർട്ടിയുടെ അംഗമായിരുന്നു കേണൽ മാർക്കേസ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതി മുതൽ കൊളമ്പിയയിൽ ഒരു ദ്വിപാർട്ടി സംവിധാനമാണ് നിലവിലിരുന്നത്. ലിബറൽ പാർട്ടി പരമ്പരാഗതമായി പൗരോഹിത്യവിരുദ്ധവും. സാമൂഹിക- തൊഴിൽപരിഷ്കാരങ്ങൾക്കനുകൂലവും ആയിരുന്നു. ഗാർസിയാ മാർക്കേസിന്റെ പിതാവ് ഒരു പാരമ്പര്യവാദിയായിരുന്നു. മെഡിക്കൽ വിദ്യാർത്ഥിയെന്ന നിലയിൽ പരാജയപ്പെട്ട അദ്ദേഹം അരാക്കാറ്റോക്കാ ടൗണിൽ ഒരു ടെലിഗ്രാഫ് ഓപ്പറേറ്ററുടെ ജോലി ഏറ്റെടുക്കാൻ വന്നതായിരുന്നു. ലൂസിയായുടെ പിതാവ് അടിസ്ഥാനപരമായും രാഷ്ട്രീയവും സാമൂഹികവുമായ അവരുടെ നിലപാടുകളാൽതന്നെ ഈ ബന്ധത്തെ അംഗീകരിക്കാൻ വിസമ്മതിച്ചു. എന്നാൽ ഗബ്രിയേൽ ഗാർസിയാ അല്പംപോലും മടുത്തുപോകാതെ ലൂസിയായെ പിന്തുടർന്നുകൊണ്ടിരുന്നു. കോളറാകാലത്തെ പ്രണയം എന്ന നോവലിലെ ഫ്ളോറന്റിനോ അറിസായുടെയും ഫെർമിനാ ഡാസായുടെയും ഭ്രാന്തമായ സ്നേഹകഥയുടെ അടിസ്ഥാനം ലൂസിയായുടെയും ഗബ്രിയേലിന്റെയും പ്രേമം തന്നെയാണ്.) 'ഗാബിറ്റോ' എന്ന പുത്രന്റെ ജനനശേഷം മകനെ മുത്തശ്ശനെയും മുത്തശ്ശിയെയും മാതൃസഹോദരിമാരെയും ഏല്പിച്ചിട്ട് ഈ ദമ്പതിമാർ നൂറുമൈലകലെയുള്ള റിഹാച്ച എന്ന തീരദേശ പട്ടണത്തിലേയ്ക്ക് മാറിത്താമസിച്ചു.



നോബേൽസമ്മാന ജേതാവ്

മുത്തശ്ശിക്കഥകൾ

മാർക്കേസിന്റെ കഥാസാഹിത്യത്തിൽ തിരിച്ചറിയാവുന്നൊരു കഥാപാത്രമായ ഈ മു

ത്തശ്ശൻ തന്റെ ചെറുമകനോട് കഥകൾ പറഞ്ഞു: ദ്വന്ദ്വയുദ്ധത്തിൽ ഒരു മനുഷ്യൻ കൊല്ലപ്പെട്ടതിനെക്കുറിച്ച്, ആഭ്യന്തരയുദ്ധത്തിലെ പോരാട്ടങ്ങളെക്കുറിച്ച്. ഗാബിറ്റോ ജനിച്ചതിന്റെ പിറ്റേവർഷം. യുണൈറ്റഡ് ഫ്രൂട്ട് കമ്പനി തങ്ങളുടെ തൊഴിലാളികളെ കൂട്ടക്കൊല ചെയ്തതിനെക്കുറിച്ച്. മറ്റൊരുതരം കഥകളായിരുന്നു മുത്തശ്ശിയും അവരുടെ സഹോദരിമാരും ആ ചെറുബാലനോടു പറഞ്ഞത്. അവർ തരിശ് ഭൂപ്രദേശമായ ഗ്വാജിറായിൽനിന്ന് വന്നവരായിരുന്നു. സംസ്കാരം നഷ്ടപ്പെടാതെ കാത്തുസൂക്ഷിച്ചവരായിരുന്നു തദ്ദേശവാസികൾ. അവർ സ്വസ്ഥത കെടുത്തുന്ന നാടൻകഥകൾ ആ കുട്ടിയോട് പറഞ്ഞുകൊണ്ടിരുന്നു. പ്രേതകഥകൾ, പ്രകൃത്യതീതശക്തികളെക്കുറിച്ചുള്ള കഥകൾ, ഒമ്പതു വയസ്സുള്ളപ്പോൾ, തനിക്ക് തീർത്തും അപരിചിതരായിരുന്ന മാതാപിതാക്കളോടൊപ്പം മാർക്കേയ്സ് പോയി. അപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ അച്ഛൻ ചുറ്റിസഞ്ചരിച്ചിരുന്ന ഒരു ഹോമിയോ ഡോക്ടറായിക്കഴിഞ്ഞിരുന്നു. കുറേവർഷം പലയിടത്തും മാറിമാറിത്താമസിച്ചശേഷം അവർ സക്കർ എന്ന സ്ഥലത്ത് സ്ഥിരവാസമുറപ്പിച്ചു. പിന്നീട് ഒരിക്കലും മാർക്കേസ് താൻ ജനിച്ച നാട്ടിൽ പോയിട്ടില്ല. എന്നാൽ ആ സ്ഥലം അദ്ദേഹത്തിന്റെ കഥാസാഹിത്യത്തിന്റെ മുഖ്യ ഉറവിടമായിത്തീർന്നു. പ്രത്യേകിച്ചും ഏകാന്തതയുടെ നൂറുവർഷങ്ങൾ എന്ന നോവലിലെ ബ്യുഇൻഡ കുടുംബത്തിന്റെ സ്വന്തംവീടായ മാക്കാന്റോ ആയി.

ഒരു സിവിൽ എൻജിനീയറാണ് മാർക്കേസിന്റെ അനിയൻ ജെയ്മി. വലിയ സംഭാഷണപ്രിയൻ; അദ്ദേഹവും അദ്ദേഹത്തിന്റെ ആർക്കിടെക്റ്റായ ഭാര്യയും എന്നെ അർക്കാറ്റാക്കയിൽ കൊണ്ടുപോകാമെന്നു പറഞ്ഞു. സാന്താമാർട്ട എന്ന തുറമുഖനഗരത്തിനടുത്തുള്ള വിമാനത്താവളത്തിൽ ഞങ്ങൾ ഒന്നിച്ചുകൂടി; സൈമൺ ബൊളീവിയർ തന്റെ നാടുകടത്തലിലേയ്ക്കുള്ള ദുരന്തയാത്രയിൽ സാന്താമാർട്ടയിൽവച്ചാണ് മരിച്ചത്. ഈ ദീർഘയാത്രയുടെ കഥ ദി ജനറൽ ഇൻ ഹിസ് ലേബ്രിൻത് എന്ന കൃതിയിൽ മാർക്കേസ് പുനഃസൃഷ്ടിച്ചിട്ടുണ്ട്.

“നാലുമണിയോടെ നമുക്ക് സ്ഥലംവിടണം.” ജെയ്മി പറഞ്ഞു. “മേളിച്ച് നടന്നാൽ നമ്മൾ ഒളിപ്പോരാളികളുടെയോ, അർദ്ധസൈനികരുടെയോ മുൻപിൽചെന്നു വീഴും. അവർ താങ്കളെ തട്ടിക്കൊണ്ടുപോവുകയും ചെയ്യും. എന്നെക്കൊണ്ടൊന്നും ചെയ്യാൻ സാധിക്കുകയുമില്ല.” അക്കേഷ്യാ മരങ്ങളും മുൾച്ചെടികളും വളർന്ന മങ്ങിയ പച്ചനിറമുള്ള ഒരു ഭൂപ്രദേശത്തുകൂടി മുന്നോട്ടുനീങ്ങിയ ഞങ്ങൾ സൈനികത്താവളങ്ങളിൽ വഴിതടയപ്പെട്ടു. എന്നാലും ഏതാനും മണിക്കൂറുകൾക്കകം അർക്കാറ്റാക്കയെ വളയംചെയ്തുനിൽക്കുന്ന അതിന്റെ നിലനില്പിനുതന്നെ കാരണമായ വാഴത്തോപ്പുകളുള്ള, മാർക്കേസ് ഒരു കുട്ടിയായിരുന്നപ്പോൾ എങ്ങനെയോ അങ്ങനെത്തന്നെ അപ്പോഴും നിലകൊണ്ടിരുന്ന നിറംമങ്ങിയ ആ ഭൂപ്രദേശത്തെത്തി. വഴിക്കു കണ്ടുമുട്ടിയ ഓരോരുത്തരോടും രാത്രിയാകുംമുൻപ് ഈ സ്ഥലം കടന്നിരിക്കണമെന്നും സാന്താമാർട്ടയിൽ എത്തണമെന്നും ജെയ്മി പറഞ്ഞു. എന്നിട്ട് എന്റെ നേരെ തലകുലുക്കിയിട്ട് അദ്ദേഹം കളിയാക്കിപ്പറയും: “ഈ വിദേശിയെ അവർ പിടിച്ചുകൊണ്ടുപോകാതിരിക്കാൻ ദൈവം തുണയ്ക്കട്ടെ.” ഈ വാക്കുകൾ ഓരോ തവണയും അടക്കിപ്പിടിച്ചൊരു ചിരിയുയർത്തി.

തീരെ തണലിലല്ലാത്തതും, ഒറ്റനില വീടുകളുള്ളതുമായ ഒരു പട്ടണമാണ് അർക്കാറ്റാക്ക. മാർക്കേസിന്റെ ചിത്രമുള്ളൊരു അലങ്കരിച്ചുമിനുക്കിയ ബോർഡ് പട്ടണാതിർത്തിയിൽവച്ചിട്ടുണ്ട്. അതിൽ മാർക്കേസിന്റെ ഈ വാക്കുകൾ പെയിന്റ് ചെയ്തു വച്ചിരിക്കുന്നു. “ഒരു ദിവസം ഞാൻ അർക്കാറ്റാക്കയിൽ മടങ്ങിയെത്തി. എന്റെ കൃതികൾക്ക് അസംസ്കൃത പദാർത്ഥമായ യാഥാർത്ഥ്യത്തിന്റെയും ഗൃഹാതുരതയുടെയും സമവായമാണ് അതെന്ന് ഞാൻ കണ്ടുപിടിക്കുകയും ചെയ്തു.” ഇപ്പോഴും കരീബിയയിലെ പരമ്പരാഗത രീതിയിലുള്ള തകരക്കൂരയുള്ള പല കവീടുകൾ അവിടവിടെ നിൽക്കുന്നതുകാണാം. എന്നാൽ ഒട്ടുമിക്ക ആളുകളും വർണ്ണശബളമായി പെയിന്റു ചെയ്ത സിമന്റുനിർമ്മിത വീടുകളിലാണ് താമസിക്കുന്നത്. പള്ളിയുടെ മുൻപിലുള്ള തുറസ്സായ സ്ഥലത്തുനിൽക്കുന്ന ഉയരം കൂടിയ പൊടിപിടിച്ച അതേ ബദാംമരങ്ങൾ തന്നെയാണ് മാക്കാന്റോയുടെ സ്ഥാപനത്തെക്കുറിച്ച് പറയുന്ന ഏകാന്തതയുടെ നൂറുവർഷങ്ങൾ എന്ന കൃതിയിൽ തന്റെ സഹോദരൻ വർണ്ണിച്ചിരിക്കുന്നതെന്ന് ജെയ്മി പറഞ്ഞു.

വഴിയരികിൽ അക്കേഷ്യാ മരങ്ങൾക്കുപകരം ബദാംമരങ്ങൾ നടണമെന്ന് തീരുമാനിച്ചത് ജോസ് ആർക്കേഡിയോ ആയിരുന്നു. അവ എക്കാലവും നിലനിൽക്കാനുള്ള വഴിയും അദ്ദേഹം കണ്ടുപിടിച്ചു. ആ രഹസ്യം മറ്റാർക്കും വെളിപ്പെടുത്തിക്കൊടുത്തില്ല. വർഷങ്ങൾക്കുശേഷം മാക്കാന്റോ നാകത്തടികൾകൊണ്ടുള്ള മേൽക്കൂരയുള്ള തടിവീടുകളുടെ ഒരു മേഖലയായപ്പോഴും ഏറ്റവും പഴക്കമുള്ള ആ തെരുവീഥികളിൽ ഈ ബദാംമരങ്ങൾ പോകാതെ നിന്നിരുന്നു. (അവ നട്ടുപിടിപ്പിച്ചത് ആരെന്ന് അറിഞ്ഞുകൂടായിരുന്നുവെങ്കിലും)

1819-ൽ കൊളമ്പിയ സ്പെയിനിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ചതിനോട് അനുബന്ധിച്ചുള്ള ആഘോഷച്ചടങ്ങുകളുടെ അവസാനദിവസമാണ് ഞങ്ങൾ അവിടെയെത്തിയത്. ടൗണിന്റെ ഒരരുകിൽ ചപ്പുചവറുകൾ കൂട്ടിയിട്ടിരുന്ന ഒരു സ്ഥലത്ത് കാളപ്പോരിനുള്ള സ്ഥലം ഒരുക്കിയിരുന്നു. ഉറങ്ങാൻ പോകാതെ സർവ്വമനുഷ്യരും അവിടെ തടിച്ചുകൂടിയിരുന്നു. ചെറുപ്പക്കാരായ പുരുഷന്മാരോട് സല്ലപിച്ചുകൊണ്ട്, വലിയ കണ്ണുകളുള്ള സുന്ദരി പെൺകിടാങ്ങൾ വർണ്ണശബളമായ വേഷങ്ങൾ ധരിച്ച് അവിടെ ചുറ്റിക്കറങ്ങുന്നുണ്ടായിരുന്നു. വൈക്കോൽത്തൊപ്പി ധരിച്ച കർഷകരും മറ്റു ജനങ്ങളും ട്രക്കുകളിൽ കൊണ്ടുവന്നിറക്കുന്ന കാളകളെയും നോക്കി ആ അപരാഹ്നത്തിലെ മേള തുടങ്ങാൻ കാത്തിരുന്നു. ചുട്കോൺകേക്കും ഐസും പന്നിത്തൊലിയും വിൽക്കുന്ന കച്ചവടക്കാർ അവിടവിടെ ചുറ്റിക്കറങ്ങുന്നുണ്ടായിരുന്നു.

മാർക്കേസിന്റെ വസതി

പത്രപ്രവർത്തകനായ മാർക്കേസ്

ജെയ്മി ഒരു വീടിന്റെ വാതിൽക്കൽ മുട്ടി. വാതിൽ തുറക്കുകയും അടയ്ക്കുകയും ചെയ്തശേഷം ഏതാനും മിനുട്ടുകൾ കഴിഞ്ഞ് തലമുടി കോതിയും ആവേശത്തോടെ പുഞ്ചിരിച്ചും ഒരാൾ പുറത്തേയ്ക്കു വന്നു. മാർക്കേസ് ജനിച്ച. (ബദാം മരങ്ങളും അക്കേഷ്യാ മരങ്ങളും വളർന്നുനിന്ന ഒരു തെരുവിലായിരുന്നു ആ വീട്) വീട്ടിലെ കാര്യസ്ഥനായിരുന്നു അയാൾ. മ്യൂസിയമായി പ്രവർത്തിച്ചിരുന്ന പഴയ കട്ടകൾകൊണ്ട് (ഒടുവിൽ താമസിച്ചിരുന്ന അതേ) പണിതുയർത്തിയ ഒരു വീട്ടിന്റെ മുന്നിലൂടെ കടന്ന് ഞങ്ങൾ മാർക്കേസിന്റെ പഴയ കുടുംബവീട്ടിലെത്തി. നാകത്തകിട് മേൽക്കൂരയുള്ള പാത്തപ്പലകയടിച്ചു വെള്ളച്ചായംപൂശിയ ഒരു രണ്ടുമുറിക്കെട്ടിടം മാത്രമാണ് അവിടെ അവശേഷിച്ചിരുന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യഭാഗം അധികവും അർക്കറ്റാക്കയുടെയും അതിനുചുറ്റുപാടുമുള്ള പ്രദേശത്തിന്റെയും സാമ്പത്തികസ്ഥിതി അടക്കിഭരിച്ചിരുന്നവർ യുനൈറ്റഡ് ഫ്രൂട്ട് കമ്പനിയായിരുന്നു. (ഇപ്പോൾ അത് ചികിറ്റാ ബ്രാൻഡ്സ് ഇന്റർനാഷണൽ) അന്ന് ബോസ്റ്റൺ ആസ്ഥാനമാക്കിയിരുന്നു ഈ കമ്പനിയുടെ സ്ഥാപകൻ 1894-ൽ ഇവിടെ ഭൂമി വാങ്ങാൻ തുടങ്ങി. 1920 പകുതിയായപ്പോഴേയ്ക്കും ഈ സ്ഥാപനം വാഴപ്പഴം കയറ്റുമതി ചെയ്യുന്ന ഏറ്റവും വലിയ മൂന്നാമത്തെ കമ്പനിയായിത്തീർന്നു. പ്രാദേശികരായ ആളുകളുടെയിടയിൽ ലാ ഫ്രൂട്ട് എന്നറിയപ്പെട്ടിരുന്ന ഈ കമ്പനിയായിരുന്നില്ല ഒട്ടുമിക്ക തോട്ടങ്ങളുടെയും ഉടമ. എന്നാൽ കൃഷിക്കാരിൽനിന്നും പഴം വാങ്ങുകയും തുറമുഖത്തേയ്ക്കുള്ള റെയിൽവേ റോഡുകളുടെ നിയന്ത്രണം വഹിക്കുകയും കൃഷിക്കാവശ്യമായ ജലവിതരണം നടത്തുകയും ചെയ്തിരുന്നത് ഈ കമ്പനിയായിരുന്നു. ജോലിക്കാർക്ക് ശമ്പളം കൊടുക്കുന്നത് കമ്പനിയായിരുന്നു; അവർ പണം ചെലവഴിച്ചിരുന്നത് കമ്പനി സ്റ്റോറുകളിലുമായിരുന്നു. എന്നാൽ സാങ്കേതികാർത്ഥത്തിൽ അവർ കമ്പനിജോലിക്കാരല്ലാത്തതിനാൽ അവർക്ക് കമ്പനി യാതൊരു ആനുകൂല്യങ്ങളും നൽകിയിരുന്നില്ല. ഇത് 1928-ലെ വാഴപ്പഴ പണിമുടക്കിലേയ്ക്കു നയിച്ചു. അപ്പോൾ രൂപംകൊണ്ടുവരികയായിരുന്ന കൊളമ്പിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രതിനിധികളെ അയച്ച് തൊഴിലാളികളെ സംഘടിപ്പിച്ചു. ഈ തൊഴിലാളികളിൽ അധികവും അന്നുനടന്ന പ്രകടനങ്ങളിൽ വെടിയേറ്റു മരിച്ചു. 28-ലെ കശാപ്പ് എന്നാണ് ഈ സംഭവം പ്രാദേശികമായി അറിയപ്പെടുന്നത്. ഒന്നുമറിയാതെ പുൽത്തകിടിയിലിരുന്ന് ചീട്ടു കളിച്ചിരുന്നവരെ കമ്പനിയുടെ വേലിക്കു പുറത്തുനിന്ന് മുത്തശ്ശനോടൊപ്പം മിഴിച്ചുനോക്കിനിന്നതാണ് മാർക്കേസിന്റെ ആദ്യകാല ഓർമ്മകൾ. യന്ത്രത്തോക്കുകളുപയോഗിച്ച് വെടിവച്ചുകൊന്ന ആയിരക്കണക്കിന് തൊഴിലാളികളുടെ ശരീരങ്ങൾ കടലിലെറിയാൻ കൊണ്ടുപോകുന്നത് "ഏകാന്തതയുടെ ആയിരം വർഷങ്ങളിലെ" അവസാനസംഭവമാക്കുന്നതുവരെ മാർക്കേസ് ഇതേക്കുറിച്ചൊന്നും എഴുതിയിട്ടുണ്ടായിരുന്നില്ല.

1930-കളിലെ സാമ്പത്തികമാന്ദ്യകാലത്ത് യുണൈറ്റഡ് ഫ്രൂട്ട് കമ്പനി ഉല്പാദനം വെട്ടിക്കുറച്ചു. ഈ ബുദ്ധിമുട്ട് രണ്ടാംലോക മഹായുദ്ധകാലംവരെയും നീണ്ടു. 1965-ൽ ഈ കമ്പനി ഇവിടം വിടുകയും ചെയ്തു. ഞങ്ങൾ ആ പഴയ കമ്പനിമുറ്റം സന്ദർശിച്ചു. അവിടെയെല്ലാം വളർച്ചയെത്തിയ മരങ്ങൾക്കിടയിൽ വൃത്തിഹീനമായ വലിയ വീടുകൾ മാത്രം കാണപ്പെട്ടു. തങ്ങൾ പറയുന്നതെന്തോ അതിൽ വിശ്വാസമില്ലാത്തവരുടെ വിളറിയ മുഖവുമായി അവിടെയുണ്ടായിരുന്നവർ ആ കമ്പനിക്കെട്ടിടം അവിടുത്തെ മുനിസിപ്പാലിറ്റി ഒരു ടൂറിസ്റ്റ്ഹോട്ടലായി മാറ്റുകയാണെന്ന് പറഞ്ഞു. അധികം ദൂരത്തല്ലാതൊരു സ്ഥലത്ത് സമീപകാലത്ത് കടന്നുകയറിയവരുടെ ചെറു കുടിലുകൾക്കിടയിൽ ഏതാണ്ട് 40 കുടുംബങ്ങൾ ഒന്നിച്ചുകഴിയുന്നൊരു താവളം ഞാൻ കണ്ടു. അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരോട് അവർ ആരാണെന്ന് ഞാൻ ചോദിച്ചപ്പോൾ "എനിക്കറിഞ്ഞുകൂടാ". യുദ്ധത്തിനിടയിൽവന്ന അഭയാർത്ഥികളാകാം എന്നായിരുന്നു അവരിലൊരു ചെറുപ്പക്കാരന്റെ മറുപടി.

നാലുമണിക്കുമുൻപ് ഞങ്ങൾ അർക്കാറ്റാക്കയിൽനിന്നു പോന്നു. മാർഗരീറ്റാ ഡ്രൈവ് ചെയ്തുകൊണ്ടിരുന്നു. ഗാബിറ്റോയുമൊത്ത് നടത്തിയ ഒരു ന്യൂയോർക്ക് സന്ദർശനത്തെക്കുറിച്ചുള്ള കഥകൾ പറഞ്ഞു ജെയ്മി എന്നെ സന്തോഷിപ്പിച്ചുതുടങ്ങി. അവരൊന്നിച്ച് ഒരു സംഗീതപരിപാടിക്കു പോയി. പിന്നീട് ഗാബിറ്റോയ്ക്ക് ഹെൻട്രി കിസിഞ്ചറുമൊത്ത് ഉച്ചഭക്ഷണസൽക്കാരമുണ്ടായിരുന്നു. വലിയൊരു ബേസ്ബോൾ കമ്പക്കാരനായ ജെയ്മി ഗാബിറ്റോയോട് കെഞ്ചിയപേക്ഷിച്ചു കളി കാണാൻ തനിച്ചുപോയി. “സന്തോഷംകൊണ്ടു ചത്തുഞാൻ” മടങ്ങിവന്ന ജെയ്മി പറഞ്ഞു. “സ്റ്റേഡിയത്തിൽവച്ച് ഞാനൊരു ഹോട്ട് ഡോഗ് (ഒരുതരം മാംസാഹാരം) തിന്നു. “ഇതുകേട്ട് മാർക്കേസ് താനും അവിടെയായിരുന്നെങ്കിലെന്ന് ആശിച്ചു.” ഒരുപക്ഷേ. ആ ലഞ്ചുസൽക്കാരം അദ്ദേഹത്തിന് വലിയ മുഷിപ്പുളവാക്കിയിരുന്നിരിക്കാം എന്നെനിക്കു തോന്നി. സാന്റാമാർട്ടയിൽനിന്ന് ഞാൻ ബാരൻകില്ല എന്ന സ്ഥലത്തേയ്ക്കു പോയി. കടൽത്തീരത്തുനിന്ന് നൂറു മൈൽ അകലെയുള്ള ഒരു നഗരമാണിത്. മാക്ഡലൻ നദിയുടെ അഴിമുഖത്തിനും സമുദ്രതീരത്തിനും ഇടയ്ക്ക് കിടക്കുന്ന ഒരു ചേറുനിലത്തിനരികിലൂടെയാണ് ഈ നഗരത്തിലേയ്ക്കുള്ള വഴി. ഒരു കടൽക്കൊള്ളക്കാരനെപ്പോലെ തോന്നിക്കുന്ന എന്റെ ഡ്രൈവർ ഹെർമിസ്, ദുർഗന്ധം വമിക്കുന്ന ഒരു ചേരി ചൂണ്ടിക്കാണിച്ചിട്ട് 1928-ലെ വാഴപ്പഴത്തൊഴിലാളി കൂട്ടക്കൊല നടന്ന സിയൻഗി ആണത് എന്നുപറഞ്ഞു. ഒരു റോഡിന്റെ നിർമ്മാണത്തിനായി നശിപ്പിക്കപ്പെട്ട ഒരു കണ്ടൽകാടിനോടുചേർന്നാണ് സിയൻഗി. ഈ റോഡിപ്പോൾ ഈ സ്ഥലത്തെ രണ്ടായി വിഭജിച്ചിരിക്കുന്നു. ഈ ചേരിയിലെ കുടിലുകളുടെ മറുവശത്ത് ചുണ്ണാമ്പുകല്ലുകൾപോലെ പൊന്തിനിൽക്കുന്ന മരക്കുറ്റികൾ കാണാം.

ഇവിടെ സർവത്ര ചപ്പുചവറുകളും മാലിന്യങ്ങളും ചിന്നിച്ചിതറിക്കിടക്കുന്നു. കെട്ടിക്കിടക്കുന്ന വെള്ളത്തിലാണ് ഓടകൾ. ഈ ചേരിക്കപ്പുറം ഉണങ്ങിക്കിടക്കുന്ന ഭൂമിയല്ലാതെ ഒന്നുമില്ല; അതാകട്ടെ ജീവന്റെ ചലനമില്ലാത്ത ഉപ്പുപാറകൾ നിറഞ്ഞതും. “ഇവിടെ”, ഹെർമിസ് പറഞ്ഞു, “ഇവിടെ നിന്നാണ് ലാഫ്രൂട്ട് ദിനങ്ങൾ മുതൽ കൊളമ്പിയായുടെ സർവതിന്മകളും തുടങ്ങിയത്. രോഷത്തോടെ ജനാലയിലൂടെ ആ ദുരന്തഭൂമിയെ നോക്കിക്കൊണ്ട് ഹെർമിസ് ചീറ്റി. “ഇന്ന് നമ്മളെ കഷ്ടപ്പെടുത്തുന്ന എല്ലാം– ഒളിപ്പോരാളികൾ, അർദ്ധസൈനികർ– സർവ്വതും സർവ്വതും ഇവിടെനിന്ന് വന്നതാണ്.” ■

തുടരും

ദാമ്പത്യജീവിതം നിരാശപൂണ്ടവർ

പ്രശ്നങ്ങളും ദുഃഖങ്ങളും നിത്യജീവിതത്തിൽ സാധാരണയാണ്. എന്നാൽ ദാമ്പത്യജീവിതത്തിലെ ലൈംഗിക പ്രശ്നങ്ങൾ ജീവിതാവസാനം വരെ ദുഃഖത്തിനു കാരണമാകും. ലൈംഗിക ബന്ധത്തെ വിരസവും വിഷാദഭരിതവുമാക്കുന്ന ശാരീരികവും, മാനസികവുമായ എന്തെങ്കിലും പ്രശ്നങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടോ? എങ്കിൽ വിദഗ്ദ്ധ പരിശോധനയും ചികിത്സയും ആവശ്യമാണ്. വിവാഹത്തിനു മുൻപുംശേഷവും ലൈംഗിക ബലഹീനത അനുഭവപ്പെട്ട്, പല ചികിത്സകളും ചെയ്ത് സുഖപ്രദമാകാതെ നിരാശയിൽ കഴിയുന്നവർ. അനേകം ലൈംഗിക രോഗികളെ ചികിത്സിച്ചു സുഖപ്പെടുത്തിയിട്ടുള്ള കേരളത്തിലെ പ്രസിദ്ധിയാർജ്ജിച്ച പ്രമുഖ ചികിത്സാ സ്ഥാപനമായ

"മെറീനാ മെഡിക്കൽ സെൻററിൽ"

നേരിൽ വന്ന് നിങ്ങളുടെ ദാമ്പത്യജീവിതം സന്തോഷപ്രദമാക്കുക. നാഡീ തളർച്ച, ശീഘ്രസ്ഖലനം, സ്വപ്നസ്ഖലനം, ലൈംഗിക ശേഷിക്കുറവ്, ലൈംഗിക ബന്ധത്തിൽ തൃപ്തിയില്ലായ്മ, വികാരക്കുറവ്, ധാതുക്ഷയം, ഉഷ്ണരോഗങ്ങൾ, ലൈംഗികാവയവങ്ങളുടെ വളർച്ചക്കുറവ്, സിഫിലീസ്, ഗൊണോറിയ, വെള്ളപോക്ക് എന്നിവ കൂടാതെ സ്ത്രീ - പുരുഷൻമാർ പുറത്തു പറയാൻ മടിക്കുന്ന മറ്റു രഹസ്യരോഗങ്ങളും, രതി ജന്യരോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തി സംതൃപ്തമായ കുടുംബജീവിതം പ്രദാനംചെയ്യുന്നു. നേരിൽ വരുവാൻ കഴിയാത്തവരായ വിദൂരസ്ഥർ രോഗവിവരങ്ങൾ വിശദമായി എഴുതി മറുപടിക്ക് സ്റ്റാമ്പൊട്ടിച്ച് വിലാസമെഴുതിയ കവർ സഹിതം അയയ്ക്കുക. *വിദേശത്തുള്ളവർ സ്റ്റാമ്പ് അയയ്ക്കേണ്ടതില്ല.* (ഇന്ത്യയ്ക്കുള്ളിൽ മറുപടി രജിസ്റ്റേർഡായി ലഭിക്കേണ്ടവർ Rs.25/- ൻെറ സ്ററാമ്പ് അയയ്ക്കേണ്ടതാണ്). കത്തുകൾ രഹസ്യമായി സൂക്ഷിക്കും

പരിശോധനാസമയം : രാവിലെ 9 മണി മുതൽ 7 വരെ. ഞായറാഴ്ച ഉച്ചയ്ക്ക് 1 വരെ

മെറീനാ മെഡിക്കൽസെൻറർ

എറണാകുളം ട്രാൻസ്പോർട്ട് ബസ്റ്റാൻഡിന് മുൻവശം
അമ്മൻ കോവിൽ റോഡ്, അമ്മൻ കോവിലിന് സമീപം,
എറണാകുളം - കൊച്ചി -35, കേരളാ, S. INDIA

ആത്മകഥ

തിരക്കിനിടയിൽ ഒരു ആശുപത്രിവാസം

ജി.ജനാർദ്ദനക്കുറുപ്പ്

രോഗവും യോഗവും ചേർന്ന തന്റെ ജീവിതം

65 എന്റെ ജീവിതം

എറണാകുളത്തേയ്ക്ക് പ്രാക്റ്റീസ് മാറ്റിയതിനുശേഷം സജീവരാഷ്ട്രീയ പ്രവർത്തനത്തിൽ ഞാൻ മുഴുകിയില്ല. എന്നോടൊപ്പം എന്റെ മരുമകൻ രാധാകൃഷ്ണനും മൂന്നുനാലു ജൂനിയർമാരും ഉണ്ടായിരുന്നു. വലിയ വാടകയുള്ള ഒരു വീട്ടിലായിരുന്നു താമസം. ചുരുക്കത്തിൽ ഞാൻ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി മാറുകയായിരുന്നു. കേസ് കിട്ടുന്നതിലും നടത്തുന്നതിലും പൂർണ്ണമായ ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ എനിക്ക് പിടിച്ചുനിൽക്കാൻ കഴിയുമായിരുന്നില്ല. അക്കാലത്ത് കേരള ബാർ ഫെഡറേഷന്റെ പ്രസിഡന്റായി എന്നെ തിരഞ്ഞെടുത്തിരുന്നു. കേരളത്തിലൊട്ടാകെ നടന്ന് ഫെഡറേഷന്റെ പ്രവർത്തനം സജീവമാക്കാൻ കിട്ടിയ ഇടവേളകളെല്ലാം ഞാൻ ഉപയോഗിച്ചു. 1980–ലാണെന്നു തോന്നുന്നു തിരഞ്ഞെടുപ്പ് വീണ്ടും പ്രഖ്യാപിച്ചു. എറണാകുളം മണ്ഡലത്തിൽ കെ.എൻ.രവീന്ദ്രനാഥ് സ്ഥാനാർത്ഥിയായി. അന്ന് ജില്ലാ സെക്രട്ടറി എ.പി.വർക്കിയായിരുന്നു. വ്യക്തിപരമായി രണ്ടുപേരെയും എനിക്ക് ഇഷ്ടമായിരുന്നു. അന്തസ്സുറ്റ കമ്മ്യൂണിസ്റ്റുകാരനായിരുന്നു രവീന്ദ്രൻ. രാഷ്ട്രീയ വായാടിത്തം തൊട്ടുതെറിച്ചിട്ടില്ലാത്ത മനുഷ്യൻ. സി.ഐ.ടി.യുവിന്റെ അനിഷേധ്യനേതാവ്. അദ്ദേഹത്തിനുവേണ്ടി മിതമായ പ്രചാരവേലയിൽ ഞാനും മുഴുകി. കുറേയേറെ രൂപ സ്വന്തം കൈയിൽനിന്നും പുരോഗമനവാദികളായ സുഹൃത്തുക്കളിൽനിന്നും സ്വരൂപിച്ച് നൽകി ഞാൻ അദ്ദേഹത്തിന്റെ സാമ്പത്തിക ഞെരുക്കത്തെ ലഘൂകരിക്കാനും ശ്രമിച്ചു. അങ്ങനെ വീണ്ടും ഞാൻ ഭാഗികമായ രാഷ്ട്രീയ പ്രവർത്തനമേഖലയിൽ കാലുറപ്പിച്ചു. ആ വർഷം എറണാകുളത്തുവച്ച് ബാർ ഫെഡറേഷന്റെ സമ്മേളനം നടത്തുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചു. അതിനുള്ള ഏർപ്പാടുകൾ ജോസഫ് ജേക്കബും ഞാനും കൂടിയാണ് ചെയ്തത്. സ്വാഗതസംഘം ഓഫീസ് രാമവർമ്മ ക്ലബ്ബിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സ്വാഗതസംഘം സെക്രട്ടറിയായി എന്റെ എറണാകുളത്തെ ആദ്യത്തെ ജൂനിയർ ദിവാകരൻ പോറ്റിയെ തിരഞ്ഞെടുത്തു. ദിവാകരൻപോറ്റി നല്ല ശുഷ്കാന്തിയുള്ള പ്രവർത്തകനായിരുന്നു. ആത്മാർത്ഥത അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഓഫീസ് പ്രവർത്തനം ചിട്ടയായി നടത്തുന്നതിന് അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചിരുന്നു. സംസ്ഥാന സമ്മേളനത്തോടുകൂടി ഒരു സൗത്ത് ഇന്ത്യൻ ലോയേഴ്സ് കോൺഫറൻസ്കൂടി സംഘടിപ്പിക്കാൻ ബാർ ഫെഡറേഷൻ തീരുമാനിച്ചു. അതിനുവേണ്ടി കർണ്ണാടകത്തിലും മദിരാശിയിലും പ്രചാരവേല ചെയ്യാൻ ജോസഫ് ജേക്കബിനെ ചുമതലപ്പെടുത്തി. അദ്ദേഹം ഫെഡറേഷന്റെ സ്ഥാപക പ്രസിഡന്റ് ആയിരുന്നു. ഇന്നും അദ്ദേഹം ആ പ്രസ്ഥാനത്തിന്റെ ഒരു രക്ഷാധികാരിയാണ്. ഞങ്ങൾ തമ്മിൽ പ്രത്യേകമായ ഒരു മമതയുണ്ടായിരുന്നു. തമിഴ്നാട്ടിലെ മധുരയിലും തിരുനെൽവേലിയിലും പോയി സ്റ്റേറ്റ് കോൺഫറൻസിനുവേണ്ടി അവിടുത്തെ അഭിഭാഷകരെ എറണാകുളത്തേക്ക് ആകർഷിക്കുവാനുള്ള പ്രചാരവേല എനിക്കായിരുന്നു വിട്ടുതന്നത്.

അംബാസഡർ കാറിൽ ഞാൻ തെക്കോട്ടു യാത്രയായി. പാരിപ്പള്ളിയിലെത്തിയപ്പോൾ എനിക്കല്പം അസ്വസ്ഥത തോന്നി. ഞാൻ നേരെ എന്റെ അനിയൻ ഗോപിനാഥക്കുറുപ്പിന്റെ കരുമ്പാലൂരുള്ള വീട്ടിലേയ്ക്കു വണ്ടി തിരിച്ചുവിട്ടു. (രണ്ടു കൊല്ലത്തിനുമുൻപ് അയാളും എന്നെ വിട്ടുപിരിഞ്ഞു) ഞങ്ങൾ തമ്മിൽ അവാച്യമായ ഒരു സ്നേഹബന്ധം നിലനിന്നിരുന്നു. 14–ാമത്തെ വയസ്സിൽ അയാൾ നെടുമങ്ങാട് ലോക്കപ്പിൽവന്ന് എന്നെ കണ്ടത് ഞാനോർക്കുന്നു. പല വിപൽഘട്ടത്തിലും അയാളെന്റെ ഒപ്പം നിന്നിരുന്നു. കുറേയേറെ നാൾ പാരിപ്പള്ളിയിലും കല്ലുവാതുക്കലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അയാൾ നേതൃത്വം കൊടുത്തു. പിന്നീട് പാർട്ടിയോടു പിണങ്ങി ഒറ്റയ്ക്ക് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ചു. പാർട്ടി കൗശലപൂർവ്വം വീണ്ടും അയാളെ തിരിച്ചെടുത്ത് പഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുത്തു.

നെഞ്ചുവേദന ഒരു പേശീവേദനയായി എനിക്കു തോന്നി. ഏതായാലും എന്റെ മരുന്നുപെട്ടിയിൽനിന്ന് അവിൽ ഗുളികയെടുത്തു ഞാൻ കഴിച്ചു. നല്ല ക്ഷീണം തോന്നുകയാൽ ഞാൻ ഉറങ്ങി. നാലുമണിക്ക് ഉറക്കമെണീറ്റപ്പോൾ എന്റെ വേദന എന്നെ വിട്ടുപിരിഞ്ഞിരുന്നു. അന്നുരാവിലെ പത്തുമണിക്ക് ഞാൻ നാഗർകോവിലിൽ എത്തുമെന്ന് അവിടത്തെ ബാർ അസോസിയേഷൻ പ്രസിഡന്റിനെ അറിയിച്ചിരുന്നു. അന്നത്തെ തക്കലയിലെ മുനിസിപ്പൽ ചെയർമാൻ നീലകണ്ഠൻ തക്കലയിലെയും നാഗർകോവിലിലെയും കോടതികളിൽ വ്യവഹരിച്ചിരുന്ന പ്രസിദ്ധനായ ഒരു അഭിഭാഷകനായിരുന്നു. ഞങ്ങൾ തമ്മിൽ അത്യപൂർവ്വമായ ഒരു സ്നേഹബന്ധമുണ്ടായിരുന്നു. 1942–ൽ നീലകണ്ഠനെ വഞ്ചിയൂർ സ്കൂളിൽനിന്ന് അറസ്റ്റ് ചെയ്ത് പാളയം ലോക്കപ്പിലാക്കിയിരുന്നു.

ആശുപത്രിയിൽ

എന്നെ അറസ്റ്റ് ചെയ്ത കഥ ഞാൻ നേരത്തെ പ്രതിപാദിച്ചിട്ടുണ്ടല്ലോ. വഴക്കാളിയായ എന്നെ ഒരു മാസത്തേയ്ക്ക് തക്കലയിലെ ലോക്കപ്പിൽ തടങ്കലിൽ പാർപ്പിച്ചിരുന്നു. നീലകണ്ഠൻ ജന്മിയും സ്റ്റേറ്റ് കോൺഗ്രസ് അനുഭാവിയുമായിരുന്ന പത്മനാഭൻ തമ്പിയുടെ മകനായിരുന്നു. അദ്ദേഹത്തിന്റെ സ്വാധീനത്തിൽ നീലകണ്ഠൻതമ്പിയെ പാളയം ലോക്കപ്പിൽനിന്നു തക്കലയ്ക്കു മാറ്റിയിരുന്നു. അങ്ങനെ ഞങ്ങൾ രണ്ടുപേരും തക്കല ലോക്കപ്പിൽ സുഖമായി താമസിച്ചിരുന്നു. നീലകണ്ഠന്റെ വീട്ടിൽനിന്നും സമൃദ്ധമായ സദ്യ ലോക്കപ്പിൽ കൊണ്ടുവന്നിരുന്നു. ഞങ്ങളും പൊലീസുകാരും സദ്യ സമൃദ്ധമായി കഴിച്ചിരുന്നു. അതുകൊണ്ട് എന്റെയൊരു ടെലഫോൺ മാത്രംകൊണ്ട് പത്മനാഭനെ രംഗത്തിറക്കാൻ എനിക്കു കഴിഞ്ഞു. എന്നാൽ യാത്രാവേളയിൽ മെഡിക്കൽ കോളേജ് കാമ്പസിലുള്ള വനിതാ ഹോസ്റ്റലിൽ ഞാൻ കാർ നിർത്തി. എന്റെ മകൾ അംബുജവും (അമ്പിളി) അവരുടെ കൂട്ടുകാരി ലക്ഷ്മിയും അന്നവിടെ പഠിക്കാനുണ്ടായിരുന്നു. അച്ഛാ എന്നു വിളിച്ചുകൊണ്ട് ആ രണ്ടു പെൺകുട്ടികളും ഇറങ്ങിവന്നു. ഞാൻ ഹോസ്റ്റൽ ഫീസിനും മറ്റുമുള്ള കുറേ രൂപ അമ്പിളിയെ ഏല്പിച്ചു. തലേ ദിവസം രാത്രി എനിക്ക് ഒരു വേദനയുണ്ടായ കാര്യം ഞാൻ അമ്പിളിയോടു പറഞ്ഞു. അവരുടെ ഹോസ്റ്റലിനു സമീപമാണ് പ്രൊഫസർ ഡോ. ബാലകൃഷ്ണൻ താമസിച്ചിരുന്നത്. ഡോ. ബാലകൃഷ്ണനെ സന്ദർശിച്ചുപോകണമെന്ന മകളുടെ ഉപദേശം ഞാൻ സ്വീകരിച്ചു. ബാലകൃഷ്ണൻ എന്റെ സുഹൃത്താണ്. മെഡിക്കൽ കോളേജിൽ ആദ്യമായി ഗാസ്ട്രോ എൻട്രോളജി ഡിപ്പാർട്ടുമെന്റ് ആരംഭിച്ചത് അദ്ദേഹമായിരുന്നു. എന്റെ രാഷ്ട്രീയ വനവാസകാലത്ത് എന്നെ അദ്ദേഹം ചികിത്സിച്ചിട്ടുണ്ട്. നല്ലൊരു കവികൂടിയായ അദ്ദേഹം കലോപാസകനും പാട്ടുകാരനുമായിരുന്നു. പുറമെ സമർത്ഥനായ ഒരു ഡോക്ടറുമായിരുന്നു. എന്റെയും എന്റെ മകളുടെയും അത്യാപത്കരമായ രോഗത്തിൽനിന്ന് ഞങ്ങളെ രക്ഷിച്ചവനുമാണ്. അദ്ദേഹം എന്നെ സ്നേഹപൂർവ്വം സ്വീകരിച്ചു. അമ്പിളിയും എന്നോടൊപ്പമുണ്ടായിരുന്നു. ഡോ. ബാലകൃഷ്ണൻ എന്നെ വിസ്തരിച്ചൊന്നു പരിശോധിച്ചു. പേടിക്കാനൊന്നുമില്ല. എങ്കിലും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് വിശ്രമിക്കണം. കാർഡിയോളജിസ്റ്റ് വിജയരാഘവനെ കാണണമെന്നും അദ്ദേഹം പറഞ്ഞു. മകൾ വിഷമിച്ചുപോയി. "ഇപ്പോഴെനിക്ക് കടുപ്പമുള്ള ഒരു ചായയാണ് വേണ്ടത്. അത് തരാമെങ്കിൽ തരൂ" എന്നായി ഞാൻ. പത്തുമിനിറ്റിനുള്ളിൽ ചായ വന്നു. ഡോക്ടർ ഒരുങ്ങി. അദ്ദേഹത്തിന്റെ കാറിൽത്തന്നെ ആശുപത്രിയിൽ കൊണ്ടുപോയി. വീൽചെയറിൽ ഇരുത്തി അദ്ദേഹത്തിന്റെ വാർഡിൽ അഡ്മിറ്റ് ചെയ്തു. എന്റെ യാത്ര റദ്ദ് ചെയ്ത വിവരം നീലകണ്ഠനെ അറിയിച്ചു.

കാർഡിയോളജിസ്റ്റ് ഡോ. വിജയരാഘവൻ എന്നെ വിശദമായി പരിശോധിച്ചു. ഇ.സി.ജി ടെസ്റ്റിലൂടെ എന്റെ ഹൃദയത്തിന് രോഗമൊന്നുമില്ലെന്ന് മനസ്സിലായി. കരൾവീക്കമുണ്ടോ എന്നതായി അടുത്ത സംശയം. ഡോ. ബാലകൃഷ്ണന്റെ അസിസ്റ്റന്റായിരുന്നു ഡോ. ഷേണായി. ഇപ്പോൾ അദ്ദേഹം മെഡിക്കൽ കോളേജിലെ പ്രൊഫസറാണ്. അദ്ദേഹം എന്നോട് ആശുപത്രിയിൽ കഴിയാനും എന്റെ അസുഖം 'ഇസ്കീമിക്' വേദനയാണെന്നും പരിശോധിച്ചു കണ്ടുപിടിക്കുന്നതുവരെ പൂർണ്ണവിശ്രമം ആവശ്യമാണെന്നും പറഞ്ഞു. ആ വാർഡിൽ തന്നെ കഴിയുന്നതിൽ തെറ്റില്ലെന്നും ഡോ. ഷേണായ് എന്നെ ഉപദേശിച്ചു.

ലേഖകൻ

ഡോ. വിജയരാഘവൻ കുണ്ടറ സ്വദേശിയാണ്. അദ്ദേഹത്തിന്റെ പിതാവ് പണ്ഡിതനായ മുൻഷി സാർ എന്റെ അടുത്ത പരിചയക്കാരനായിരുന്നു. അന്നേദിവസം രണ്ടുമൂന്നുതവണ എനിക്ക് പുറംവേദന അനുഭവപ്പെട്ടു. വൈകുന്നേരം ഡോ. വിജയരാഘവൻ പരീക്ഷണാർത്ഥം എന്നെ അദ്ദേഹത്തിന്റെ വാർഡിലേയ്ക്കു മാറ്റി. ശാരീരിക തളർച്ചയോ നെഞ്ചുവേദനയോ ഒന്നും അന്ന് എനിക്ക് അനുഭവപ്പെട്ടില്ല. വേദന മുതുകിലായിരുന്നു. അത് 'ഇസ്കീമിക്'വേദനയാണെന്നായിരുന്നു ഡോ. ഷേണായിയുടെ നിഗമനം. പക്ഷേ, കാർഡിയോളജിസ്റ്റിന് എളുപ്പത്തിൽ തീരുമാനമെടുക്കാനായില്ല. കൂടുതൽ നിരീക്ഷണത്തിനായി എന്നെ പേവാർഡിലേയ്ക്കു മാറ്റി. അടുത്ത ദിവസം വിജയരാഘവൻ എന്നെ പരിശോധിക്കാൻ വന്നപ്പോൾ ഞാൻ അറച്ചറച്ച് ഒരു അഭ്യർത്ഥന അദ്ദേഹത്തിന്റെ മുൻപിൽവച്ചു.

ഡോ. പൈ എന്നെ പരിശോധിച്ചാൽ തരക്കേടില്ല എന്നായിരുന്നു എന്റെ അപേക്ഷ. ഡോ. പൈ അന്ന് വൈദ്യശാസ്ത്രലോകത്തെ വസിഷ്ഠ മഹർഷിയായിരുന്നു. ശാന്തമായി സംസാരിക്കുകയും സ്നേഹപൂർവ്വം രോഗികളോട് ഇടപഴകുകയും ചെയ്തിരുന്ന ആ ഡോക്ടർ വർഷങ്ങളായി എന്റെ അടുത്ത സുഹൃത്തായിരുന്നു. വിജയരാഘവൻ ആ അപേക്ഷ സ്വീകരിച്ചു. ജനാർദ്ദനക്കുറുപ്പ് എന്ന രോഗിക്ക് അങ്ങയെ കണ്ടാൽ കൊള്ളാം എന്ന് ഒരാഗ്രഹമുണ്ടെന്ന് അദ്ദേഹം ഡോ. പൈയെ അറിയിച്ചു. ജോലിത്തിരക്കിനിടയിലും അന്നു വൈകിട്ടുതന്നെ ഡോ. പൈ എന്നെ കാണാൻ വന്നു. ദീർഘനേരം എന്നെ അദ്ദേഹം പരിശോധിച്ചു.

ക്ലിനിക്കൽ ആയി ഒന്നും കാണുന്നില്ല. എങ്കിലും ഒരു പരീക്ഷണമാവാം. ഇനി വേദന വരുമ്പോൾ സോർബിട്രേറ്റ് എന്ന ഗുളിക നാക്കിനടിയിൽ വയ്ക്കണം. വച്ചയുടൻ വേദന ശമിക്കുകയാണെങ്കിൽ കുറുപ്പിന് 'അൻജ്യിന' എന്ന അസുഖമാണ്. പക്ഷേ, പേടിക്കാനൊന്നുമില്ല എന്നുപറഞ്ഞ് അദ്ദേഹം യാത്രയായി.

അദ്ദേഹം മടങ്ങി അര മണിക്കൂർ കഴിഞ്ഞപ്പോൾ എനിക്ക് വേദന വന്നു. ഉടനെതന്നെ സോർബിട്രേറ്റ് നാക്കിനടിയിലിട്ടു. നിമിഷത്തിനുള്ളിൽ വേദന പോയി. പൈ എന്നെ വീണ്ടും വന്നുനോക്കി.

അൻജ്യിന ആണ്. സാരമില്ല. പേടിക്കാനൊന്നുമില്ല എന്നുപറഞ്ഞ് അദ്ദേഹം യാത്രയായി. 40 ദിവസത്തെ ചികിത്സയ്ക്കുശേഷം രോഗവിമുക്തനായി ഞാൻ എറണാകുളത്തേയ്ക്കു മടങ്ങി.

ആശുപത്രിയിൽ സന്ദർശകരെ അനുവദിച്ചിരുന്നില്ല. ഡോക്ടറുടെ നിർദ്ദേശം നടപ്പാക്കാൻ മകൾ ശാരദ വാതിൽക്കൽതന്നെ നിലയുറപ്പിച്ചിരുന്നു. എന്റെ ജ്യേഷ്ഠൻ ഗോപാലക്കുറുപ്പിനും ആ വിലക്ക് നേരിടേണ്ടിവന്നു. പക്ഷേ, എന്റെ അണ്ണൻ ഒരു ദുർവ്വാസാവായിരുന്നു. അദ്ദേഹത്തിന് ലോകത്ത് ഏറ്റവും ഇഷ്ടം എന്നെയായിരുന്നു. ശാരദയെ തള്ളിമാറ്റി "ഞാൻ കണ്ടാൽ അവൻ ചാകുന്നെങ്കിൽ ചാകട്ടെ" എന്നുപറഞ്ഞ് അദ്ദേഹം അകത്തുകയറി. ഞാൻ നിശ്ചലനായി കിടക്കയിൽ കിടക്കുന്ന കാഴ്ച അണ്ണനെ തരളിതചിത്തനാക്കി. ഒന്നും പറയാതെ നിശ്ശബ്ദം അദ്ദേഹം ഇറങ്ങിപ്പോയി. ശാരദയ്ക്ക് അദ്ദേഹത്തോട് കൊടിയ രോഷമുണ്ടായിരുന്നെങ്കിലും അവൾ ആത്മസംയമനം പാലിച്ചു.

ഒരു ദിവസം ജില്ലാ ജഡ്ജി ശ്രീധരൻനായർ രോഗവിവരം അന്വേഷിച്ച് ആശുപത്രിയിലെത്തി. ചീഫ് ജസ്റ്റിസ് സുബ്രഹ്മണ്യൻപോറ്റിയുടെ നിർദ്ദേശപ്രകാരമായിരുന്നു അദ്ദേഹം ആശുപത്രിയിലെത്തിയത്. അദ്ദേഹത്തിന്റെ പ്രവേശനവും ശാരദ കർശനമായി നിരോധിച്ചു. അവളുടെ നിരോധനാജ്ഞ വകവയ്ക്കാതെ അദ്ദേഹം എന്റെ മുറിയിലേയ്ക്കിരച്ചുകയറി. "സാറിന്റെ വിവരം അറിഞ്ഞുചെല്ലാൻ ചീഫ് ജസ്റ്റിസ് സുബ്രഹ്മണ്യൻ പോറ്റി എന്നെ അയച്ചതാണ്. അതുകൊണ്ടാണ് വിലക്കുകൾ വകവയ്ക്കാതെ ഞാൻ അകത്തേയ്ക്കുവന്നത്. അങ്ങ് ക്ഷമിക്കണം" എന്ന് അദ്ദേഹം പറഞ്ഞു. പോറ്റിസാറിന്റെ ദൂതനാണെന്നുപറഞ്ഞപ്പോൾത്തന്നെ ഞാൻ ക്ഷമിച്ചിരുന്നു.

എന്നെ ഡിസ്ചാർജ് ചെയ്യുന്നതിനുമുൻപ് ഡോ. വിജയരാഘവൻ എന്നോട് "നിങ്ങൾക്കിനി വിലക്കൊന്നുമില്ല. മരുന്ന് കൃത്യമായി കഴിക്കണം. ദിവസവും കാലത്തും വൈകിട്ടും രണ്ടുകിലോമീറ്റർ സാവധാനം നടക്കണം" എന്ന് ഉപദേശിച്ചു. ഞാൻ വീണ്ടും അഭിഭാഷകവൃത്തിയിലേയ്ക്കു മടങ്ങി.

ബാർ ഫെഡറേഷന്റെ മീറ്റിങ്ങും സൗത്ത് ഇന്ത്യൻ ലോയേഴ്സ് കോൺഫറൻസും വിജയകരമായി നടന്നു. എന്റെ അഭാവത്തിൽതന്നെ സൗത്ത് ഇന്ത്യൻ ലോയേഴ്സ് കോൺഫെഡറേഷന്റെ പ്രസിഡന്റായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. രോഗാതുരനായി ആശുപത്രിയിൽ കിടന്ന വിവരം അറിഞ്ഞിട്ടും എന്റെ പ്രാക്റ്റീസിന് ഒരിടിവും സംഭവിച്ചിട്ടില്ല. ആ വിശിഷ്ടമായ സൗഭാഗ്യം ഇന്നും എന്നോടൊപ്പമുണ്ട്.

ഫലിതപ്രിയനായ ഒരു ജ്യോത്സ്യൻ "അങ്ങയ്ക്ക് രോഗവും യോഗവും ഒരുമിച്ചാണല്ലോ" എന്നുപറഞ്ഞത് ഞാൻ ഓർമ്മിച്ചു. അയാളുടെ പ്രവചനം ശാസ്ത്രീയമാണോ അല്ലയോ എന്നെനിക്ക് നിശ്ചയമില്ല. പക്ഷേ, എന്റെ ജീവിതത്തിൽ ഇത് ശരിയാണെന്ന് അനുഭവപ്പെടുന്നു. എന്റെ അഭിഭാഷകജീവിതത്തിൽ രോഗഗ്രസ്തനായി പലതവണ ഞാൻ ആശുപത്രിയിൽ കഴിഞ്ഞിട്ടുണ്ട്. രണ്ടുതവണ ഒരു വർഷത്തിൽ കൂടുതൽ ഞാൻ വിട്ടുനിന്നിട്ടുമുണ്ട്. വീണ്ടും ഞാൻ തിരിച്ചെത്തുമ്പോൾ എന്റെ കക്ഷികൾ എന്റെയടുത്തെത്തുന്നു. ഇത്ര വലിയ കടപ്പാടുകൾ എങ്ങനെ അവർക്കുണ്ടായി എന്ന് ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. രാഷ്ട്രീയ പാർട്ടി പലപ്പോഴും എന്നെ മാറ്റിനിർത്തിയിട്ടുണ്ട്. ബന്ധുക്കൾ എന്നെ വിട്ടുപിരിഞ്ഞിട്ടുണ്ട്. സുഹൃത്തുക്കൾ വഴിമാറി പോയിട്ടുണ്ട്. എന്നാൽ എന്റെ കക്ഷികൾ എന്നെ ഉപേക്ഷിച്ചിട്ടില്ല. എന്റെ അഭിഭാഷകജീവിതത്തിൽ അവരുടെ വിശ്വസ്തത എന്നും ഒരു സമ്പത്തായിരുന്നു. ■

തുടരും

ജീവിതകഥ

ഞാൻ അതിജീവിച്ച അഗ്നിപരീക്ഷകൾ

കിഷോർ ശാന്താബായ് കാലേ

പരിഭാഷ: കെ.എസ്.വിശ്വംഭരദാസ്

അദ്ധ്യായം പതിനാല്

മുനിസിപ്പൽ തിരഞ്ഞെടുപ്പ്. ആസന്നമായപ്പോൾ സോണെപ്പേട്ടിൽ ഞങ്ങളുടെ കുടുംബത്തിലെ വോട്ടർപട്ടിക ഇപ്രകാരമായിരുന്നു:-

കൃഷ്ണറാവു ഭൻഗോജ്യപ്പ വാഡ്കർ;
സുരേന്ദ്ര കൃഷ്ണറാവു വാഡ്കർ;
രാധാബായ് കൃഷ്ണറാവു വാഡ്കർ;
ശാന്താബായ് കൃഷ്ണറാവു വാഡ്കർ;
കിഷോർ ശാന്താബായ് കാലേ;
ദീപക്ക് കൊണ്ടിബ കാലേ.

ഞങ്ങളുടെ കുടുംബ റേഷൻകാർഡിലെയും പേരുകൾ ഇങ്ങനെതന്നെയായിരുന്നു. നാന തന്റെ പേരിലുള്ള കുറേ ഭൂമി എത്രയുംവേഗം ഞങ്ങളുടെ പേർക്ക് കൈമാറ്റം ചെയ്യണമെന്ന് ബായ് അദ്ദേഹത്തോട് പറഞ്ഞുകൊണ്ടേയിരുന്നു. എന്നാൽ നാന ഇതിൽ രോഷംകൊള്ളുകയേ ഉണ്ടായുള്ളു. താൻ അത്ര ധൃതഗതിയിലൊന്നും മരണമടയാൻ പോകുന്നില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ കുരുടൻന്യായംവാദം. എന്നാൽ ദീപക്ക് ധൈര്യപൂർവ്വം ചൂണ്ടിക്കാട്ടി: "നാനയുടെ മരണമല്ല ഇവിടത്തെ കാതലായ പ്രശ്നം! കിഷോറും ഞാനും സഹോദരന്മാരാണെന്നോ, ബായ് ഞങ്ങളുടെ അമ്മയാണെന്നോ തെളിയിക്കാൻപോന്ന ഒരു രേഖയുമില്ലെന്നുള്ളതാണ് വസ്തുത. അതിനാൽ ഭൂമിയുടെ പ്രമാണം വ്യക്തമായും ഞങ്ങളുടെ പേരിലായിരിക്കണം."

നാന ഒരിക്കലും അദ്ദേഹത്തിന്റെ പേരുപയോഗിക്കാൻ എന്നെ അനുവദിച്ചിട്ടില്ല; എന്റെ ശൈശവത്തിന്റെ അധികകാലവും അദ്ദേഹവുമൊത്തല്ല കഴിഞ്ഞുകൂടിയതെന്ന വസ്തുത പരിഗണിക്കുമ്പോൾ. അത് മനസ്സിലാക്കാവുന്നതേയുള്ളുതാനും. എന്നാൽ ദീപക്കാവട്ടെ, പിറന്നുവീണതിന്റെ ആറാംമാസം മുതൽ അദ്ദേഹവുമൊത്താണ് ജീവിച്ചത്. എന്നിട്ടും അവന് തന്റെ പേര് നൽകുന്നതിനുപകരം അദ്ദേഹം ചെയ്തത്, കൊണ്ടിബ അപ്പൂപ്പന്റെ പേര് നൽകുകയായിരുന്നു! ഇതിന്റെയെല്ലാം അടിസ്ഥാനപരമായ ഉദ്ദേശ്യം. ഞങ്ങൾ ഒരിക്കലും അദ്ദേഹത്തിന്റെ സ്ഥാവര-ജംഗമസ്വത്തുക്കൾക്ക് അവകാശവാദമുന്നയിക്കാൻ പാടില്ലെന്നുള്ളതും. എന്നിട്ട് ഇപ്പോൾ ഞാൻ ഒരു ഡോക്ടറായിക്കൊണ്ടിരിക്കുമ്പോൾ എന്റെ രണ്ടാംപേര് അദ്ദേഹത്തിന്റേതാക്കിത്തീർക്കാൻ നാന കിണഞ്ഞ് പരിശ്രമിക്കുകയുമാണ്. ഞാനത് തൊട്ടകൈയ്ക്ക് നിരസിക്കുകയും ചെയ്തു. ഒരു പേരിനെയോ, ജാതിയെയോ അഥവാ ഭ്രൂണം ജീവൻകൊള്ളുന്ന ഗർഭപാത്രത്തെയോ. ആശ്രയിച്ചല്ല ഒരാളുടെ ജീവിതം കരുപ്പിടിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. മറിച്ച് ആത്മാർത്ഥമായ പരിശ്രമം ഒന്നു മാത്രമാണ് എല്ലാത്തിനും നിദാനമായിട്ടുള്ളത്.

മെഡിക്കൽ കോളേജും അവിടത്തെ ഹോസ്റ്റലുമായി പൊരുത്തപ്പെടാൻ ഞാൻ നന്നേ ബുദ്ധിമുട്ടി. എന്റെ ഹോസ്റ്റൽ ജീവിതം നരകസമാനമാക്കിയത്, എപ്പോഴും പരിഹസിക്കുകയും ശല്യം ചെയ്യുകയും ചെയ്ത സഹപാഠികൾതന്നെയാണ്. നെഞ്ചൂക്ക് കുറവായിരുന്നതിനാൽ എനിക്ക് ആരുമായും ഏറ്റുമുട്ടാൻ കഴിഞ്ഞില്ല. എന്റെ അമ്മ മറ്റൊരാളിന്റെ വെപ്പാട്ടിയാണെന്ന രഹസ്യം കണ്ടെത്തി. ഹോസ്റ്റൽ സഹപാഠികൾ എന്നെ അവജ്ഞയോടെയും പുച്ഛത്തോടെയും നോക്കിക്കാണുമെന്ന ഉൾഭീതി എന്നും എന്നെ വേട്ടയാടിയിരുന്നു. അതിനുപുറമെ, നേർലയിലെ ജീവിതം എന്നെ ഒരു തികഞ്ഞ ഭീരുവാക്കിത്തീർത്തിരുന്നു. ശരി എന്റെ ഭാഗത്തായിരുന്നാൽപോലും എതിരാളിയെ നേരിടാനുള്ള ആത്മധൈര്യം എനിക്കുണ്ടായിരുന്നില്ല. ഞാൻ സോണെപ്പേട്ടിൽ പോയി തിരിച്ചുവരുമ്പോഴെല്ലാം എന്റെ മുറിയുടെ ജനാലച്ചില്ലുകൾ അടിച്ചുതകർത്തിട്ടിട്ടുണ്ടാകും. അറ്റകുറ്റപ്പണികൾക്കായി, അതിന്റെ ചുമതലയുണ്ടായിരുന്ന പൊതുമരാമത്തു വകുപ്പിൽ ഞാൻ രണ്ടുതവണ നേരിട്ടുപോകുകതന്നെയുണ്ടായി. ഇങ്ങനെ കൂടക്കൂടെ ജനാലച്ചില്ലുകൾ ഞാനെങ്ങനെ തകർക്കുന്നു എന്നവർക്ക് മനസ്സിലായില്ല! യഥാർത്ഥ കാരണം ഞാനവരെ അറിയിച്ചപ്പോൾ. ഇനിയെങ്കിലും ഞാൻ കോളേജ് ഡീനിന് പരാതി നൽകണമെന്ന് അവർ ആവശ്യപ്പെട്ടു. എന്നാൽ പരാതികൾകൊണ്ട് ഒരു കാര്യവുമില്ലെന്നുതന്നെയായിരുന്നു എന്റെ വിശ്വാസം. അധികൃതരോട് പരാതിപ്പെടുന്നതേക്കാൾ എല്ലാ തൊന്തരവുകളും നിശ്ശബ്ദനായി സ്വയം ശിരസ്സാ വഹിക്കുകയെന്നുള്ളതായിരുന്നു എന്റെ നയം. അർദ്ധരാത്രികളിൽ പതിവായി വാതിലിൽ മുട്ടുകേൾക്കാം: വാതിൽ തുറക്കുമ്പോഴാകട്ടെ. പുറത്ത് ആരുമുണ്ടാകില്ലാതാനും. രണ്ടാംവർഷ പരീക്ഷകൾക്ക് കേവലം രണ്ടുദിവസംമുൻപാണ് എന്റെ പതോളജി നോട്ടുബുക്കുകൾ മോഷ്ടിക്കപ്പെട്ടത്. അതിനാൽ പരീക്ഷയെഴുതാൻ എനിക്ക് ടെക്സ്റ്റ്ബുക്കുകൾ ഒന്നടങ്കം വായിക്കേണ്ടതായിവന്നു. മൂന്നാംവർഷത്തിൽ ഞാൻ അഞ്ഞൂറു രൂപ (അന്നത്തെ എന്റെ നിലവാരംവച്ചുനോക്കുമ്പോൾ അതിഭീമമായ ഒരു തുക!) മുടക്കി വാങ്ങിച്ച ഒരു ടെക്സ്റ്റ് പുസ്തകം മുറിയിൽനിന്നും നഷ്ടപ്പെടുകയാണുണ്ടായത്! അങ്ങനെ തൊന്തരവുകൾക്ക് ഒരവസാനവുമില്ലാതെ ഞാൻ വലഞ്ഞു.

ശല്യകാരികളെ ധൈര്യപൂർവ്വം നേരിടണമെന്നുതന്നെയാണ് സുഹൃത്തുക്കളും എന്നെ ഉപദേശിച്ചത്. "അല്ലെങ്കിൽ അവർ ഇത് നിർത്താൻ പോകുന്നില്ല; വെറും തെമ്മാടിക്കൂട്ടങ്ങൾ!..." എന്നിട്ടും എനിക്കതിനുള്ള ധൈര്യം സംഭരിക്കാൻ കഴിഞ്ഞില്ലതന്നെ. ഏതൊരു ഏറ്റുമുട്ടലിനിടയിലും എന്റെ കുടുംബപശ്ചാത്തലം വെളിപ്പെടുത്തപ്പെടുമെന്നും തദ്ഫലമായി ഏവരുടെയും പരിഹാസപാത്രമായിത്തീരുമെന്നും ഞാൻ സദാ ഭയപ്പെട്ടിരുന്നു. എന്റെ അമ്മയെക്കുറിച്ച് അറിയാമായിരുന്ന ഒരു സുഹൃത്ത് ഇങ്ങനെയാണ് പറഞ്ഞത്: "കിഷോർ, ഒട്ടേറെപ്പേർക്ക് തങ്ങളുടെ അച്ഛനാരെന്നുപോലും ഒരു രൂപവുമില്ലല്ലോ. അപ്പോൾപ്പിന്നെ ഇതെങ്ങനെ തന്റെ കുറ്റമാവും? താൻ കൊലാത്തിസമുദായത്തിൽ ജനിച്ചത് തന്റെ തെരഞ്ഞെടുപ്പായിരുന്നില്ലല്ലോ. അതിനാൽ ഭൂതകാലം പാടേ മറന്ന് ഭയം വെടിഞ്ഞ് ജീവിക്കൂ. അല്ലെന്നുണ്ടെങ്കിൽ ഈ ലോകം തന്നോട് വളരെ ക്രൂരമായും മോശമായുമേ പെരുമാറൂ!..."

എന്റെ ഒന്നാംവർഷ പരീക്ഷയ്ക്ക് രണ്ടുദിവസംമുൻപ് രാത്രി മുഴുവൻ പഠിച്ചിട്ട് വെളുപ്പിന് രണ്ടുമണിക്ക് ഒന്നു നടുനിവർത്താൻ ഞാൻ കിടന്നതേയുള്ളു, ആരോ വാതിലിൽ ഊക്കോടെ ചവിട്ടിയിട്ട് ഓടിപ്പോയി.. ഞാൻ വാതിൽ തുറന്നപ്പോൾ, ഹരീഷ് റാത്തോഡ് ഉറയ്ക്കാത്ത കാലുകളിൽ ഇടനാഴിയിലൂടെ ഓടുകയായിരുന്നു. അടുത്തദിവസം ഒരു സുഹൃത്തിന്റെ മുറിയിൽ വച്ച് ഞാനയാളെ നേരിട്ടു. "വെളുപ്പിന് രണ്ടുമണിക്ക് എന്നിൽനിന്നും തനിക്ക് എന്താണാവോ വേണ്ടത്? ഇനിയഥവാ എന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ. എന്തിന് താൻ ഓടിപ്പോയി? ഒരു കാര്യമങ്ങ് പറഞ്ഞേക്കാം.. ഇനിയിതാവർത്തിച്ചാൽ ഈ ശരീരത്തിലെ ഓരോ എല്ലും ഞാൻ അടിച്ചൊടിക്കും.. ഓർത്തോ!..."

ഹരീഷ് റാത്തോഡ് എന്നിൽനിന്നും ഇത്രയും പ്രതീക്ഷിച്ചതേയില്ല.

"ഞാൻ തന്നെയൊന്ന് 'ഇളക്കാൻ' വേണ്ടി വെറുതെ ചെയ്തതാണ്, കിഷോർ; താൻ അത് കാര്യമാക്കില്ലെന്നു കരുതി. ക്ഷമിക്കൂ, ഒരിക്കലും ഇതാവർത്തിക്കില്ല."

അടുത്ത രാത്രിയിലും ഇതുതന്നെ സംഭവിച്ചു. ഒച്ചകേട്ട് ഞാൻ വാതിൽ തുറന്നപ്പോൾ എന്റേതിന് എതിരെയുള്ള മുറിയിലെ രണ്ടുപേർ വാതിൽക്കൽ നിൽക്കുന്നു. ഹരീഷ് റാത്തോഡ് തന്റെ മുറിയിൽനിന്നും ഓടിക്കിതച്ച് എന്റെയടുത്ത് വന്നിട്ട് പറഞ്ഞു: "കാലേ, ഞാൻ കുടിച്ചിട്ടുള്ളത് ശരിയാണ്, എന്നാൽ ഞാൻ തന്റെ വാതിലിൽ ചവിട്ടിയിട്ടില്ല. നാം ഏറ്റുമുട്ടിക്കാണാനാഗ്രഹിക്കുന്ന മറ്റാരോ ചെയ്ത വേലയാണ്."

പരീക്ഷകൾ തീർന്നപ്പോൾ ഞാൻ വീട്ടിൽപ്പോകാൻ തീരുമാനിച്ചു. എല്ലാംകൊണ്ടും ഞാൻ ഒക്കെ മടുത്തുകഴിഞ്ഞിരുന്നു. എന്റെ ഇവിടത്തെ ജീവിതം നരകതുല്യമാക്കിത്തീർത്ത തെമ്മാടികളെ ഒരു പാഠം പഠിപ്പിക്കണമെന്നാണ് സുഹൃത്തുക്കൾ എന്നെ ഉപദേശിച്ചത്.

"ഇത് വേണ്ടരീതിയിൽ കൈകാര്യം ചെയ്തില്ലെങ്കിൽ ഈ ഹോസ്റ്റലിൽ സൈ്വരമായിക്കഴിയാൻ അവന്മാർ തന്നെ സമ്മതിക്കില്ല, കിഷോർ."

അങ്ങനെ ധൈര്യം സംഭരിച്ചുകൊണ്ട് ഞാൻ അവരെ നേരിട്ടു. അതോടെ എല്ലാ ഭീരുക്കളെയുംപോലെ അവരും പിൻവലിയുകതന്നെ ചെയ്തു. ഈ സംഭവത്തിനുശേഷം ഹോസ്റ്റലിൽ എനിക്ക് മറ്റൊരു ശല്യവുമുണ്ടായിട്ടില്ല.

വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകാനുള്ള പണച്ചെലവ് എങ്ങനെ കണ്ടെത്തുമെന്ന വിചാരം ബോംബെ മെഡിക്കൽ കോളേജിലെ എന്റെ ജീവിതത്തെ വിടാതെ വേട്ടയാടിക്കൊണ്ടിരുന്നു. എനിക്ക് എം.ബി.ബി.എസ് ജയിക്കണം. ഭാവിയിലേയ്ക്കുള്ള എന്റെ ഏകപ്രതീക്ഷ അതുമാത്രമായിരുന്നു. എന്നാൽ എവിടെനിന്നാണ് അതിനുള്ള പണം വരിക? തന്റെ കൈവശം മിച്ചമൊന്നുമില്ലെന്നു പറഞ്ഞുകൊണ്ട് എനിക്കെന്തെങ്കിലും ധനസഹായം ചെയ്യുന്നത് നാന എന്നേ നിർത്തലാക്കിയിരുന്നു. ചൂതുകളിയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ വിനാശഹേതു. സോണെപ്പേട്ടിൽപോയി അദ്ദേഹത്തിനുമുൻപിൽ ഒരു സൂത്രമൊപ്പിക്കണമെന്ന് കൂടക്കൂടെ ഞാൻ വിചാരിക്കാറുണ്ട്. എന്നാൽ അതുമൂലം അദ്ദേഹം ബായിക്കുനേരെ അലറുകയും ഒരുവേള അവരെ ഭേദ്യം ചെയ്യുകയുമല്ലാതെ മറ്റൊരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ലെന്ന് എനിക്കറിയാമായിരുന്നു. ബായിയെ അത്തരമൊരു വിഷമവൃത്തത്തിൽ അകപ്പെടുത്തരുതെന്ന് ഞാൻ തീർച്ചപ്പെടുത്തി. നാന അവരെ വീട്ടിനു പുറത്താക്കിയാൽ അത് എന്നിലുണ്ടാക്കുന്ന മനസ്സാക്ഷിക്കുത്ത് അതീവദുസ്സഹമായിരിക്കുമെന്ന് ഞാനറിഞ്ഞു. അതിനാൽ നാനയ്ക്ക് ബായിയോട് ഒട്ടുപോലും അനിഷ്ടമുണ്ടാകാത്ത രീതിയിൽ പെരുമാറാൻ ഞാൻ അങ്ങേയറ്റം ശ്രദ്ധിച്ചുപോന്നു. എന്റെ ജീവിതം ഇമ്മാതിരി ഭീതികളിലായിരുന്നു എന്നും പിഡിതമായിരുന്നത്. ആരെയെങ്കിലും വ്രണപ്പെടുത്തുമോ എന്ന ഭീതി; കൂടുതൽ കുഴപ്പങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന ഭീതി... ഇതിനെല്ലാം പുറമെ. ഞാനെങ്ങനെ രണ്ടറ്റവും കൂട്ടിമുട്ടിക്കുമെന്ന നിരന്തരമായ മാനസിക പിരിമുറുക്കങ്ങളും...

ഏതാനും സുഹൃത്തുക്കൾചേർന്ന് ബോംബെയിലെ ഒരു ഡോക്ടറുടെ ക്ലിനിക്കിൽ എനിക്ക് ഒരു ജോലി കണ്ടുപിടിച്ചുതന്നു. അവിടെ എന്റെ ജോലിസമയം രാത്രി ഒൻപതു മണി മുതൽ രാവിലെ 7.30 വരെയായിരുന്നു. അതിനാൽ ഇത് തുടർന്നുകൊണ്ടുപോകുക ദുഷ്കരമാണെന്ന് മനസ്സിലാക്കാൻ ഏറെ നാളൊന്നും വേണ്ടിവന്നില്ല. രാത്രി മുഴുവൻ ഉറക്കമിളച്ച് ജോലി ചെയ്യേണ്ടിവരികയാൽ എന്റെ കണ്ണുകൾ ചുവന്നുകലങ്ങി. പകലാകട്ടെ ഉണർന്നിരിക്കാൻ കഴിയാതെ വരികയാൽ എനിക്ക് മറ്റെന്തു ചെയ്യാൻ കഴിയുമായിരുന്നു? എന്റെ മുൻപിലുണ്ടായിരുന്ന ഏകമാർഗം ഇതുമാത്രമായിരുന്നു. ഒരു ദിവസം ഒരു പുത്തൻ ആശയം എന്റെ മനസ്സിലുദിച്ചു: ബോംബെയിലെ മൊത്തവ്യാപാര കേന്ദ്രങ്ങളിൽ സംസ്ഥാനത്തെ മറ്റു ചെറുകിട പട്ടണങ്ങളിലേതിനേക്കാൾ തുണിത്തരങ്ങൾക്ക് വില തുലോം കുറവാണെന്ന വസ്തുത ഞാനോർത്തു. ബോംബെയിൽനിന്നും റെഡിമെയ്ഡ് വസ്ത്രങ്ങൾ വാങ്ങി അംബെജോഗൈ, പാറാളി തുടങ്ങിയ സ്ഥലങ്ങളിൽ വില്പന നടത്തിയാൽ നല്ല ലാഭമുണ്ടാക്കാൻ കഴിയുമെന്നുള്ളത് പകൽപോലെ വ്യക്തമായിരുന്നു. തുടർന്ന്, ഒരു അർദ്ധസഹോദരിയുടെ ഭർത്താവിന്റെ കൈയിൽനിന്ന് 500 രൂപ കടം വാങ്ങി, കോളേജ് കുമാരന്മാർക്ക് പറ്റുന്ന തരം ഷർട്ടുകൾ സംഭരിച്ച് അംബെജോഗൈയിൽ കൊണ്ടുപോയി, മടിച്ചുമടിച്ചാണെങ്കിലും ഞാനവിടത്തെ കോളേജിൽ വില്പന നടത്തി. ആ കോളേജിലെ പന്ത്രണ്ടാം ക്ലാസിൽ ശാസ്ത്രവിദ്യാർത്ഥിയായിരുന്ന എന്റെ അനിയൻ ദീപക്കിന്റെ കണ്ണിൽപ്പെടാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അവിടെ ദീപക്കിന്റെ ഏറ്റവുമടുത്ത സുഹൃത്തായ അശോക് അപ്രതീക്ഷിതമായി എനിക്ക് വലിയൊരു സഹായിയായിത്തീർന്നു. ഞാനയാളോട് എന്റെ സാമ്പത്തിക ഞെരുക്കങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ അയാൾ സ്വമേധയാ സഹായിക്കാമെന്ന് ഏൽക്കുകയായിരുന്നു. ദീപക്കിനോട് ഒന്നും പറയുകയില്ലെന്ന് ഞാൻ അശോകിൽനിന്നും ഉറപ്പുവാങ്ങുകയും ചെയ്തു. എനിക്ക് ഒരു ചില്ലിക്കാശുപോലും തന്നില്ലെങ്കിൽത്തന്നെയും ദീപക്കിന്റെ കാര്യത്തിൽ ഒരു കുറവും വരുത്തരുതേയെന്ന് ഞാൻ നാനയോട് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു. അതിനാൽ നാനയിൽനിന്നും എനിക്ക് ഒരു സാമ്പത്തിക സഹായവുമില്ലെന്ന വസ്തുത അറിയാതെ ദീപക്ക് ഏതാണ്ടൊരു കുബേരകുമാരനെപ്പോലെയാണ് അവിടെക്കഴിഞ്ഞത്. നാനയിൽനിന്നും എനിക്കൊരു ധനസഹായവുമില്ലെന്ന വസ്തുത അറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും അവൻ അദ്ദേഹവുമായി വഴക്കിടുകയും അങ്ങനെ കുടുംബജീവിതം ബായിക്ക് അസഹനീയമായിത്തീരുകയും ചെയ്യുമായിരുന്നു. എടുത്തുചാട്ടക്കാരനായ ദീപക്കിന് കുട്ടിക്കാലംമുതലേ നാനയോട് അടങ്ങാത്ത പകയുള്ളതാണെന്ന കാര്യവും ഞാനെപ്പോഴും ഓർത്തു. അശോകിന് എന്റെ ഇത്തരം പ്രശ്നങ്ങൾ മനസ്സിലാകുകയും, ദീപക്ക് ഒന്നുമറിയാതെതന്നെ തന്റെ കോളേജിൽ വസ്ത്രങ്ങൾ വില്പന നടത്തി എന്നെ സഹായിക്കുകയും ചെയ്തു. ഈ വ്യാപാരം സാമാന്യം നന്നായി നടക്കുകയാൽ എനിക്ക് കൂടക്കൂടെ അംബെജോഗൈയിൽ പോകേണ്ടിവന്നു. അപ്രകാരമുള്ള ഒരു യാത്രയ്ക്കിടയിൽ ഏതാനും വസ്ത്രങ്ങൾ വില്പന നടത്തിയതിനുശേഷം ബാക്കിയുള്ളവ അശോകിനെ ഏല്പിക്കാൻവേണ്ടി ഞാൻ അയാളുടെ മുറിയിൽ പോകുകയുണ്ടായി. ദൗർഭാഗ്യത്തിന് അപ്പോൾ അവിടെയുണ്ടായിരുന്ന ദീപക്കിന്റെ സഹപാഠി, എന്നെ കാണുകയും, 'കുറേ അത്യുഗ്രൻ പുതിയ ഷർട്ട്പീസുക'ളുമായി ഞാൻ പട്ടണത്തിലെത്തിയിട്ടുണ്ടെന്ന് അവനെ അറിയിക്കുകയും ചെയ്തു. ദീപക്ക് മുറിയിലേയ്ക്ക് ഇരച്ചുകയറി വന്നപ്പോൾ ഞാൻ അശോകുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

കോപംകൊണ്ട് ചുവന്നുകലങ്ങിയ കണ്ണുകളോടെ അവൻ എന്റെ നേർക്ക് ചീറി: "നിങ്ങൾ ഇത്രയും തരംതാണ 'തറവേല' ചെയ്യുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. സോണെപ്പേട്ടിലെ 'സാഹുകാറി'ന്റെ മകൻ ഒരു ചില്ലറ വ്യാപാരിയെപ്പോലെ വസ്ത്രവില്പന നടത്തുക! ഇനിമേൽ നിങ്ങളെന്റെ ജ്യേഷ്ഠസഹോദരനല്ല! മേലാൽ എന്നെ അനിയനെന്നും വിളിച്ചേക്കരുത്! എന്നെ സംബന്ധിച്ചിടത്തോളം നിങ്ങൾ മരിച്ചു മണ്ണടിഞ്ഞിരിക്കുന്നു, നിങ്ങൾക്ക് ഞാനും!..."

ഈ 'രഹസ്യഏർപ്പാട്' തന്നെ യഥാസമയം അറിയിക്കാതിരുന്നതിൽ അവൻ അശോകിന്റെ നേർക്കും തട്ടിക്കയറി. സാഹചര്യങ്ങളുടെ സത്യാവസ്ഥ അവനെ അറിയിക്കാനായി അശോക് വാതുറന്നപ്പോൾ, ഞാൻ ആംഗ്യം കാണിച്ച് അയാളെ അതിൽനിന്നും പിന്തിരിപ്പിച്ചു. ദീപക്ക് ഒരു കൊടുങ്കാറ്റുപോലെ ഇറങ്ങിപ്പോകുകയും ചെയ്തു.

ചിന്താകുലനായ ഞാൻ സ്വസ്ഥാനത്തിരുന്നു. ദു:ഖവും അപമാനവും എന്നെ അള്ളിപ്പറിക്കുകയായിരുന്നു. എന്റെ കുഞ്ഞനിയൻ എന്റെ മുഖത്തുനോക്കി ഇത്രയും ആക്ഷേപകരമായി സംസാരിച്ചിട്ടും എനിക്ക് ഒരു വാക്കുപോലും ഉരിയാടാൻ കഴിയാതിരിക്കുക! അശോക് എന്നെ ആശ്വസിപ്പിക്കാൻ ആവത് ശ്രമിച്ചു.

"നിങ്ങളെപ്പോലൊരു സഹോദരനെ ഞാനാണെങ്കിൽ ആരാധിക്കുമായിരുന്നു! കിഷോർ." അയാൾ പറഞ്ഞു.

ആ വാക്കുകൾ എന്റെ അന്തരാത്മാവിലാണ് സ്പർശിച്ചത്.

ഇങ്ങനെ ഞാൻ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ വേണ്ടി ബദ്ധപ്പെടുകയും അതോടൊപ്പം പഠനം മുടങ്ങാതെ കൊണ്ടുപോകുകയും ചെയ്തുകൊണ്ടിരിക്കെ, ജിജി അതീവ ഗുരുതരാവസ്ഥയിലാണെന്നറിയിച്ചുകൊണ്ട് നേർലയിൽനിന്നും എനിക്കൊരു കത്തു കിട്ടുകയുണ്ടായി. അതോടെ എല്ലാം അവിടെയിട്ടിട്ട് ഞാൻ നേർലയിലേയ്ക്കു കുതിച്ചു..

തുടരും

ആത്മഹത്യയെക്കുറിച്ച് ഒരു പ്രബന്ധം

പ്രസാദ്

കാലം തെറ്റിയുള്ള
എല്ലാ മരണങ്ങളിലും
ഒരു ആത്മഹത്യയുടെ അരുചിയുണ്ട്

1

ആര്യാവർത്തത്തിലെ പകലിന്
കടും നിറം കയ്ക്കുന്നുണ്ടായിരുന്നു
മണ്ണുതിന്നു മരിച്ച കുട്ടികളുടെ ആത്മാക്കൾ
മോക്ഷം തേടി
വഴികളിലൂടെ ഇഴഞ്ഞു

തെരുവ് തണുത്ത ഒരുടൽ

പതിഞ്ഞെത്തുന്ന കാലൊച്ചകളിൽ
പേയുടെ നായ്ച്ചൂരറിഞ്ഞ്
അവശേഷിച്ച വിധവകൾ
വാതിലടച്ചു
കിതച്ചു

[illegible]

ഭ്രാന്തിന്റെ വെളിമ്പുറങ്ങളിലാണ്
എന്നും
സ്വയം ഹത്യയുടെ ഒളിയിടങ്ങൾ

പ്രിയേ, ക്ഷമിക്കുക
കാതുകൾ കുമ്പിളുകളായിരിക്കുന്നത്
മധുരം വിളമ്പാനല്ല
വിഷക്കോപ്പയാകാനും കൂടിയാണ്.

3

വെയിൽ തിളയ്ക്കുന്ന നഗരം
ഒരു നിമിഷം നിശബ്ദമാകുന്ന
അപൂർവതയിൽ,
ഒരു മൃതദേഹം
നാമറിയാതെ യാത്രയാകുന്നുണ്ട്.

കരവലയത്തിൽ
നിന്റെ അഭാവം പിടയുമ്പോൾ
പ്രണയം അഴിച്ചുവിട്ട ഭ്രാന്തിന്റെ
കാളക്കൊമ്പുകളിൽ

[illegible]

നിന്നും

സഖീ,
പുറംപൂച്ചുകളഴിച്ച്
എന്റെ സ്നേഹം അടിയുടുപ്പാക്കുമ്പോൾ
ഓർത്തുവേ-
ഒളിപ്പിച്ച നഖമുനകളുമായി കുറുകുന്ന
കറുത്ത പൂച്ചയാണീ രാത്രി.

5

മരംകയറ്റത്തിന്റെ
ദർശനവ്യാപ്തിയറിയായ്കയാൽ
അമ്മമാർ തിരഞ്ഞെടുക്കുന്നത്
കിണറുകളാണ്

മുഖവും മനസ്സും
ആടുകൾക്ക് പകർന്നിട്ടാണ്
അമ്മമാർ അകലുന്നത്

അറവുമേശയിലെ
ആട്ടിൻ തലകൾ നോക്കുക
ശ്രീബുദ്ധന്റെ സ്ത്രൈണമായ
പുഞ്ചിരികാണാം.

അഭിസാരികകൾ ആത്മഹത്യ ചെയ്യാറില്ലെന്ന്
അമ്മമാരുടെ മരണങ്ങൾ
പറഞ്ഞു തരുന്നുണ്ട്.

6

[illegible]ഹത്യയുടെ രണ്ടാം ശിഖരത്തിൽ നിന്നും
[illegible]ച്ചിറക്കിയ ദേഹത്തിന്റെ മഹസ്സർ

ഏതു കവിതയെക്കാളും
കനമുള്ള തെളിവുകൾ
മാന്തിയ തുടകൾ
[illegible]ച്ചുന്തിയ മിഴികൾ

[illegible]ബോധമില്ല
[illegible]ലോടുന്ന
[illegible]

[illegible]
[illegible]ക്ഷണമായ ചിരിയൊളിപ്പിച്ച
ഫണം നിർത്തിയുയരാനാഞ്ഞ
തന്നെ നോക്കി ഭയന്ന് പിൻവലി[illegible]
കുട്ടിയുടെ
കഴുത്തിൽ നോക്കിയങ്ങനെ
ശ്ശ്ശ്....

7

കൊതുകുവലയ്ക്കുള്ളിലെ അമർഷങ്ങളും
ചിമ്മിനി തുപ്പുന്ന നെടുവീർപ്പുകളും
അതിരുകടക്കുന്ന സർവേക്കല്ലുകളും കാണുന്നില്ലേ?
നമുക്കിനിയും ആയുധം വേണം
വിരൽ തൊട്ടാൽ വിജ്രംഭിക്കുന്ന കാഞ്ചികൾ
സ്രവിക്കുന്ന കുഴലുകൾ
സ്വയം നിറയൊഴിക്കുന്ന [illegible]

വെയിലാറിയ [illegible]
[illegible]
[illegible]റയുണങ്ങിയ, വെടിയുണ്ട[illegible]

8

ആത്മഹത്യയുടെ നാലാം നിലയിൽ നിന്നും
നാലു വരിപ്പാട്ടിന്റെ പതർച്ച
ചോരയും ചെളിയും ചിന്തയും കുഴഞ്ഞ്
ജീവിതവും കലയും അളിഞ്ഞ്
പാണന്റെ തുടിയുടെ തുകലുകീറുന്ന
ഒരൊച്ച
അണുകുടുംബങ്ങളോ
ആൾക്കൂട്ടങ്ങളോ അതു കേട്ടില്ല

തുടർന്ന്
[illegible] മണിക്കൂർ നേരത്തേയ്ക്ക്
[illegible] എന്ന പേരു നഷ്ടപ്പെട്ട മൃതദേഹം
മോർച്ചറിയുടെ വാതിൽ തുറന്ന്
ഇടയ്ക്കിടെ പുറത്തേയ്ക്കു നോക്കി.
തന്നെ തിരിച്ചറിയാത്തവരെ
തിരിച്ചറിഞ്ഞ് മടങ്ങി.

[illegible]
തെരുവിൽ
നഗരം പതിവു പംക്തികൾ വായിച്ചു
പ്രിയേ, പൊറുക്കുക
പേപ്പട്ടി [illegible]
[illegible]

9

ആത്മഹത്യയുടെ അഞ്ചാം വാർഡിൽ
വെളിച്ചമില്ലാത്ത പകൽ
[illegible]സ്കോപ്പിൽ [illegible]

വെളുത്ത [illegible]
വെളുത്ത [illegible]
വെളുത്ത [illegible]
വെളു[illegible] കിട[illegible]

[illegible]

[illegible]
[illegible]യാകട്ടെ
വൃദ്ധയാകട്ടെ
കരുതിയിരിക്കുക
സ്വപ്നങ്ങൾ അട്ടിമറിക്കപ്പെട്ടേക്കാം.

ഞാൻ പ്രാർത്ഥിക്കുന്നു
ഇല്ലാത്ത ഈശ്വരൻമാരോട്
-നിനക്കെതിരെ [illegible]

[illegible]
തിരയെറിയുന്ന [illegible]
ബാങ്ക് മുഴക്കുന്ന ബാലിക
പ്രണയത്തിന്റെ ബലിച്ചോറു[illegible]
[illegible]മുണ്ടുമായി
മെല്ലിച്ച ഇരുണ്ട ചെറുപ്പക്കാരൻ

പകലിൽ
അച്ഛൻ അമ്മയെ ഭോഗിക്കുന്നതുകണ്ട്
ഇറങ്ങി നടന്ന്
പുഴയിൽ മറഞ്ഞ അഞ്ചു വയസ്സുകാരൻ

ബുദ്ധികെട്ട നാൽവരെയും
നാടുവിട്ട നകുലനെയുമോർത്ത്
കുളത്തിലാഴ്ന്ന അമ്മ
പിൽക്കാലത്തും ദൈവസന്നിധി കാണാത്ത
പഴയ വിപ്ലവകാരി
(വിഡ്ഢി!
നിലവിളിക്കും കൊലവിളിക്കുമിടയിലെ ദൂരം
ഉടലുകൊണ്ടളന്നവൻ)

[illegible]

[illegible]
[illegible]
[illegible]
കള്ളത്തെ [illegible]

[illegible]
[illegible] പോലെ
[illegible]

[illegible]
താക്കോൽ ദ്വാരത്തിലൂടെ കയറിയിറങ്ങിയ
ചുടുകാറ്റ്
വാർത്താവിനിമയത്തിന്റെ
കുത്തകയേറ്റെടുത്തു

മഞ്ഞബോർഡു തിരയുന്ന
മദ്യാസക്തന്റെ ത്വരയോടെ
ഇരകൾ മരണം തേടി

ലോകാഗ്രത്തിലുള്ള എന്റെ ഗ്രാമത്തിൽ
സ്വയം നാശത്തിന്റെ
വൈറസുകൾ പടർന്നു.

12

അർദ്ധരാത്രിയിലാണ്
അവസാനത്തെ കത്തുകൾ
എഴുതപ്പെട്ടത്.

ഒരു കയറിന്റെ [illegible]
[illegible]

13

[illegible]

ലേഖനം

കഥയറിയാതെ ആട്ടം കാണുന്നു

എൻ.പി.വിജയകൃഷ്ണൻ

തന്റെ നിഗമനങ്ങളെ ന്യായീകരിച്ച് പൻമന ഉന്നയിച്ച വാദങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി പറയുകയാണ് ലേഖകൻ

നളചരിതം കൈരളീവ്യാഖ്യാനത്തിന്മേലുള്ള പന്മന രാമചന്ദ്രൻനായരുടെ സ്വയംവ്യാഖ്യാനം വായിച്ചു. പന്മനയുടെ 'നളചരിതം വ്യാഖ്യാന'ത്തെ കുറ്റപ്പെടുത്തി ആചാര്യന്മാർ സംസാരിച്ചിട്ടില്ല. മുൻ വ്യാഖ്യാനങ്ങളെ പരിശോധിച്ചും തിരുത്തിയുമുള്ള സ്വന്തവും സ്വതന്ത്രവുമായ വ്യാഖ്യാനം പന്മനയെപ്പോലുള്ള ഭാഷാപണ്ഡിതനിൽ നിന്നുണ്ടാവുന്നത് മലയാളത്തിന് പ്രത്യേകിച്ച് മലയാളം വിദ്യാർത്ഥികൾക്ക് പ്രയോജനകരം തന്നെ. ഇതുകൊണ്ട് കളിയരങ്ങിന് ഒരു ഗുണവും കിട്ടുന്നില്ല. പന്മനയുടെ വ്യാഖ്യാനം പരിശോധിക്കുന്നവർ സ്വഭാവികമായും വായിച്ചു പോകാവുന്ന കഥകളിചരിത്രവും നളചരിതം കളരിയും അരങ്ങും വിശകലനവിധേയമാക്കുന്ന ആമുഖപാഠത്തെയാണ് ആചാര്യന്മാർ വിമർശിച്ചത്. അതിന് അവർക്ക് അർഹതയും അധികാരവുമുണ്ട്. കഥകളിയുടെ വികാസപരിണാമഘട്ടങ്ങളിൽ ഭാഗഭാക്കുകളായവരാണ് ഈ ആചാര്യന്മാർ. കഥകളിക്കളരിയിലും അരങ്ങിലും പതിറ്റാണ്ടുകളുടെ തഴക്കവും പഴക്കവുമുള്ള, രാമചന്ദ്രൻനായർ പേരെടുത്തു പറഞ്ഞ ആചാര്യന്മാർ പന്മനയുടെ പുസ്തകത്തെ മുഴുവനായി എതിർത്തിട്ടില്ല. പട്ടിയ്ക്കാംതൊടിയെപ്പറ്റിയുള്ള പരാമർശങ്ങളുടെ പേരിൽ മാത്രമേ ഇവർ പന്മനയോട് വിയോജിക്കുന്നുള്ളു. ആശാനെക്കുറച്ചു കാണിച്ചയാളോട് ശിഷ്യന്മാരുടെ കൂട്ടായ ആക്രമണം എന്ന നിലയിലാണ് പന്മന അവരുടെ പ്രതികരണങ്ങളെ വൈകാരികമായി സ്വീകരിച്ചത്. താൻ രാമുണ്ണിമേനോനെ തരംതാഴ്ത്തിക്കാണിച്ചിട്ടില്ലെന്നും അതിനുതെളിവുകളുണ്ടോ എന്നും പന്മന ചോദിക്കുന്നത് തികച്ചും ബാലിശമാണ്. ഇല്ലാത്തൊരു കാര്യത്തിന്മേൽ ഈ മഹാനടന്മാർ ഒരുമിച്ചു പ്രതികരിക്കുമെന്നു തോന്നുന്നുണ്ടോ? രാമുണ്ണിമേനോനെപ്പോലെ കളരി നിഷ്കർഷ ദീക്ഷിച്ചിരുന്ന ഒരു ആചാര്യൻ കളരിയെ രസഭാവഹീനമാക്കി എന്ന നിരീക്ഷണത്തിലെ പാണ്ഡിത്യം അംഗീകരിച്ചുകൊടുക്കരുത് എന്നേ അവർ സിദ്ധാന്തിച്ചിട്ടുള്ളു. പട്ടിയ്ക്കാംതൊടികളരിയിൽ കഠിന ശിക്ഷയേറ്റ് അഭ്യസിച്ചവരും അദ്ദേഹത്തിന്റെ ഒപ്പം വേഷം കെട്ടിയവരുമായ ഈ ആചാര്യന്മാരുടെ അനുഭവങ്ങളെക്കാളും അറിവിനെക്കാളും വലുതാണോ നളചരിതവ്യാഖ്യാതാവിന്റെ അറിവ്? പട്ടിയ്ക്കാംതൊടി കഥകളിയിൽ സാധിച്ചെടുത്ത സമഗ്രദർശനത്തെ മനസ്സിലാക്കാതെ തെറ്റായ ചില നിഗമനങ്ങൾ സ്വരൂപിക്കുകയാണ് പന്മന ചെയ്യുന്നത്. പലരുടെയും ലേഖനഭാഗങ്ങൾ തനിക്കു പാകത്തിൽ എഡിറ്റു ചെയ്ത് ഉദ്ധരിച്ച് പട്ടിയ്ക്കാംതൊടിയെ പ്രതിസ്ഥാനത്തുനിർത്തുന്ന തന്ത്രം പന്മനയെപ്പോലെയുള്ള ഭാഷാപണ്ഡിതനു ചേർന്നതല്ല. പന്മന ആവർത്തിയ്ക്കുന്ന ഒരു സംജ്ഞയാണ് 'രസഭാവം'. രസഭാവം എന്നൊരു സാങ്കേതികസംജ്ഞ എവിടെനിന്നാണ് ഉരുത്തിരിഞ്ഞുവന്നത് എന്നത് മനസ്സിലാവുന്നില്ല. കവിളും ചുണ്ടും പുരികവും ഇളക്കലാണോ? ഇവ നിർല്ലോഭം ഇളക്കിക്കൊണ്ടിരിക്കുന്ന, ഒരു തരം ബാഹ്യമായ ഭാവാഭിനയരീതിയാണോ? രസം സാമാജികനിഷ്ഠമാണ്. അഭിനവഗുപ്തന്റെ വിലയിരുത്തലിനോടാണ് പിൽക്കാലത്ത് ആനന്ദവർദ്ധനൻ ഉൾപ്പെടെയുള്ള രസതത്വവേദികൾ അനുകൂലിച്ചത്.

നടൻ ആവിഷ്കരിക്കുന്നത് ഭാവമാണ്. ആംഗികം, വാചികം, സാത്വികം, ആഹാര്യം ഇങ്ങനെ ചതുർവിധാഭിനയമാണ് കഥകളി അവലംബിക്കുന്നത്. അഭിനയം പൂർണ്ണമാകുന്നത് ഇവയുടെ മേളനത്തിലാണ്. ആംഗികാഭിനയത്തിലാകട്ടെ അംഗം, പ്രത്യംഗം, ഉപാംഗം ഇവയെല്ലാം പങ്കുചേരുകയും ചെയ്യുന്നു. ഇതെല്ലാം മറന്ന് കേവലമായ മുഖാഭിനയത്തിലൂടെയാണ് രസനിഷ്പത്തി എന്നു ധരിയ്ക്കുന്നതും ശഠിക്കുന്നതും മൗഢ്യമാണ്.

ഭാവത്തെ ശരീരവൽക്കരിക്കുന്ന അഭിനയസങ്കേതമാണ് കഥകളി അവലംബിച്ചത് എന്ന് വാഴേങ്കട കുഞ്ചുനായരുടെ നിരീക്ഷണമുണ്ട്. ഇത് പന്മന കാണുന്നില്ല. സർവ്വ അംഗ ഉപാംഗങ്ങളെയും ഭാവാവിഷ്കരണത്തിന്റെ സാകല്യത്തിൽ ഉൾച്ചേർക്കുക എന്ന രീതിശാസ്ത്രത്തിൽ കുഞ്ചുനായർ നിഷ്കർഷിച്ചിട്ടുണ്ട്. ആ ഭാവത്തിനെ മുൻനിർത്തിക്കൊണ്ടാണ് ഓരോ രംഗചലനവും കൃത്യമായി വ്യവസ്ഥ ചെയ്യാനും നിലവിലുള്ള ചലതിനെയും മാറ്റാനും രാമുണ്ണിമേനോൻ തീരുമാനിച്ചത്. അനൗചിത്യം മാത്രമാണ് രസഭംഗത്തിന് കാരണമാകുന്നത് എന്ന് അർത്ഥം വരുന്ന ആനന്ദവർദ്ധന്റെ പ്രസിദ്ധമായ കാരികയുണ്ടല്ലോ. പട്ടിയ്ക്കാംതൊടി കളരിയെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമേറിയ ലാവണ്യനിയമം ഈ സങ്കല്പമായിരുന്നു. ഔചിത്യമായിരുന്നു പട്ടിയ്ക്കാംതൊടിയുടെ പരിഷ്കാരങ്ങളുടെ പിന്നിൽ പ്രവർത്തിച്ച ഏറ്റവും മൗലികമായ ദർശനം എന്നു പറയാം. ഈ ഔചിത്യമാകട്ടെ കഥാപാത്രത്തെയും സന്ദർഭത്തെയും കഥാപാത്രത്തിന്റെ പാത്രസ്വഭാവത്തെയും മാത്രം അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്ത സങ്കല്പനവുമായിരുന്നു. രസവും ഭാവവുമൊന്നുമല്ലാതെ പട്ടിയ്ക്കാംതൊടി കഥകളിയിൽ എന്തു നിർമ്മിക്കുകയായിരുന്നു എന്നാണ് പന്മന സമർത്ഥിക്കാൻ ശ്രമിക്കുന്നത്? ആത്യന്തികമായ ലക്ഷ്യം രസനിഷ്പത്തി തന്നെ എന്നും രാമുണ്ണിമേനോൻ സിദ്ധാന്തിച്ചിരുന്നു. ഈ രസപൂർത്തിക്ക് സഹായകമല്ലാത്ത ഒരു കലാശവും ഒരു മുദ്രയും അരങ്ങത്ത് ഉപയോഗിക്കാൻ രാമുണ്ണിമേനോൻ അനുവദിച്ചിരുന്നില്ല. ശോകസ്ഥായി നഷ്ടപ്പെടുകയാണെങ്കിൽ കലാശം എടുക്കേണ്ട എന്നുവരെ അദ്ദേഹം ശഠിച്ചിരുന്നു. ധർമ്മപുത്രരുടെ 'ബാലേ കേൾ നീ' എന്ന പദത്തിൽ പല്ലവി കഴിഞ്ഞ് ഒരുവട്ടം വച്ചു കലാശമുണ്ട്. ഈ വട്ടം വച്ചു കലാശം വായുനിയന്ത്രിച്ച് ശോകസ്ഥായി സംരക്ഷിച്ചുകൊണ്ട് അരങ്ങിൽ അവതരിപ്പിക്കണം എന്ന് പട്ടിയ്ക്കാംതൊടി നിർബന്ധിച്ചിരുന്നു. ഈ സ്ഥായി സംരക്ഷിക്കാനാവുന്നില്ലെങ്കിൽ കലാശമെടുത്തില്ലെങ്കിലും കുഴപ്പമില്ല എന്ന് 'പട്ടിയ്ക്കാംതൊടിയുടെ കുറിപ്പു'കളിൽ വ്യക്തമാക്കുന്നുണ്ട്. ഇതൊക്കെയായിട്ടും ശരീരചലനങ്ങൾക്കും കലാശങ്ങൾക്കും മാത്രമാണ് രാമുണ്ണിമേനോൻ നിർബന്ധം പിടിച്ചതെന്ന് വാദിക്കുന്നതിന്റെ കഴമ്പ് എന്താണ്? പട്ടിയ്ക്കാംതൊടി രാവുണ്ണിമേനോന്റെ ഉടലിൽ കുഞ്ചുക്കുറുപ്പിന്റെ ശിരസ്സ്‌വയ്ക്കുക എന്നത് മഹാകവിയായ വള്ളത്തോളിന്റെ അലങ്കാരഭാഷയായി മാത്രം കരുതിയാൽ മതി. ഇതൊരു ഉൾക്കാഴ്ചയുള്ള കഥകളി ദർശനമായി ഉയർത്തിക്കൊണ്ടുവരുന്നത് സഹതാപം അർഹിക്കുന്നു. 'തലമാറട്ടെ' ചിത്രകഥകളുടെ വായനാനിലവാരത്തിൽ നിന്നുകൊണ്ട് കഥകളിയുടെ ചരിത്രത്തെ തെറ്റായി പാഠപ്പെടുത്തുന്നത് അപകടകരമല്ലേ?

മൂന്നുലക്കത്തിലായി പന്മന ഉന്നയിയ്ക്കുന്ന ബാലിശമായ അവകാശവാദങ്ങൾ പലതും മറുപടി അർഹിക്കുന്നതല്ല. ആചാര്യന്മാരോട് അദ്ദേഹം മൂന്നുചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിന് മറുപടി പറയാൻ ആശാന്മാരെ നിർബന്ധിക്കുന്നത് ക്രൂരമായിരിക്കും. പന്മനയുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടികളുണ്ട്. എത്ര മാർക്കിന്റെ ചോദ്യമാണെന്ന് പന്മന വ്യക്തമാക്കാത്ത സ്ഥിതിയ്ക്ക് ഉത്തരം ചുരുക്കി എഴുതുന്നു.

1. നവാഗത ആസ്വാദകർക്ക് കോട്ടയം കഥകൾ വഴങ്ങില്ല. കഥകളി കണ്ട് അതിന്റെ സങ്കേതങ്ങളുമായി സ്ഥിരം പരിചയമുള്ളവർക്കു വഴങ്ങുന്നതാണ് കോട്ടയം കഥകൾ. കോട്ടയം കഥകളുടെ സാങ്കേതികചാരുതയും സമ്പൂർണ്ണതയും ആസ്വദിക്കാറാവണമെങ്കിൽ രുഗ്മാംഗദനെപ്പോലെ, കുചേലനെപ്പോലെ, നളനെപ്പോലെ, താരതമ്യേന ലളിത ആവിഷ്കാരക്രമം ഉൾക്കൊള്ളുന്ന കഥകൾ കണ്ട് തഴകുക തന്നെ വേണം. കോട്ടയം കഥകളുടെ ആസ്വാദനത്തിലേക്കുള്ള ഏണിപ്പടികളായി വേണം ഈ കഥകളെ കാണേണ്ടത്. തുടക്കക്കാരനായ സംഗീതാസ്വാദകൻ എം.ഡി.രാമനാഥന്റെ പാട്ടിലേക്ക് നേരിട്ടു പ്രവേശിക്കുമ്പോൾ, സി.വി.രാമൻപിള്ളയിൽ നിന്നു പുസ്തകവായന തുടങ്ങുമ്പോൾ എല്ലാം സംഭവിക്കുന്ന അസ്വാഭാവികതകൾ നേരിട്ട് കോട്ടയം കഥകളിലേക്ക് പ്രവേശിക്കുമ്പോഴും അനുഭവപ്പെടുന്നു. വള്ളത്തോളിന്റെ കാലത്തുമാത്രമല്ല ഇപ്പോഴും ഒരു ഉത്സവപ്പറമ്പിൽ 'കിർമ്മീരവധം' കഥ ആരും ആലോചിക്കുമെന്ന് തോന്നുന്നില്ല. അത് പന്മന ധരിക്കുംപോലെ കിർമ്മീരവധത്തിന്റെ പോരായ്മയല്ല. വാഴേങ്കട കുഞ്ചുനായർ കോട്ടയം കഥകളുടെ ലാവണ്യ സങ്കല്പങ്ങളെക്കുറിച്ചും അതിലെ സാങ്കേതിക സ്വച്ഛതയെക്കുറിച്ചും 'കഥകളി വെട്ടം' എന്ന പുസ്തകത്തിൽ (വാഴേങ്കട കുഞ്ചുനായർ ട്രസ്റ്റ്-കാറൽമണ്ണ- പ്രസിദ്ധീകരണം) ഉപന്യസിക്കുന്നത് പന്മന ബോധപൂർവ്വം മറക്കുന്നു. രുഗ്മാംഗദനും നളനും ഒരേ തരത്തിൽപ്പെട്ട കഥാപാത്രങ്ങളാണെന്ന് പന്മന ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു. മലയാളത്തിന്റെ ശാകുന്തളമെന്ന് വിശേഷിപ്പിക്കപ്പെട്ട നളചരിതം എവിടെ. രുഗ്മാംഗദചരിതമെന്ന ദുർബല രചന എവിടെ? രംഗാവിഷ്കാരത്തിലെ ലാളിത്യവും കനക്കുറവും മാത്രമല്ലേ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകം. കിർമ്മീരവധത്തിലെ ധർമ്മപുത്രർ ആവിഷ്കരിക്കുന്ന ശോകത്തിന്റെ ആഴത്തിന്റെ പത്തിലൊന്ന് രുഗ്മാംഗദനിൽ ആരോപിക്കാനാവില്ല എന്നതാണ് വസ്തുനിഷ്ഠമായ യാഥാർത്ഥ്യം.

2. ഈ ചോദ്യത്തിനുള്ള മറുപടി, കുഞ്ചുനായർ ജി.ശങ്കരക്കുറുപ്പിന് അയച്ച എഴുത്തിലുണ്ട്. (കഥകളി വെട്ടം. പുറം.83) അതിലെ പ്രസക്തഭാഗം: "നായത്തോട്ടമ്പലത്തിൽവച്ച് കിർമ്മീരവധത്തിലെ ധർമ്മപുത്രരെ കളിയരങ്ങത്തുകണ്ടുകൊണ്ടിരിയ്ക്കാൻ താങ്കൾക്കു വിഷമം നേരിട്ടതിനു ഒന്നേ അർത്ഥമുള്ളു, ശങ്കരക്കുറുപ്പിന് കളികാണാറായിട്ടില്ല.

രുഗ്മാംഗദനും നളനും ബാഹുകനുമൊക്കെയാണ് അരങ്ങത്തുവേണ്ടത്, കോട്ടയം കഥകൾ കളരിയിൽ ഒതുങ്ങട്ടെ എന്ന അഭിപ്രായം ഒരിയ്ക്കലും സ്വീകരിയ്ക്ക വയ്യ. കഥകളിയുടെ ശില്പബന്ധം നടന് മന:പാഠമാകണമെങ്കിൽ സങ്കേതസങ്കീർണ്ണങ്ങളായ കോട്ടയം കഥകൾ ആടിയാടി തഴക്കം വരണം– കാണികൾക്കും അതേ, അവ കണ്ടു പഴകിയാലേ കളി കാണാനാവൂ".

കഥകളി മർമ്മജ്ഞരടങ്ങുന്ന സദസ്സിനു മുന്നിൽ ഏതു വേഷം കെട്ടാനാണ് താല്പര്യം എന്ന് ചോദിച്ചാൽ 'കഞ്ജദളമോ', 'സലജ്ജോഹമോ', 'ബാലേ കേൾ നീ'യോ അരങ്ങത്ത് അവതരിപ്പിക്കാം എന്നായിരിക്കും പുതിയ തലമുറക്കാരായ നടന്മാർപോലും പറയുന്ന ഉത്തരം. ഇത് സാധാരണക്കാർ വന്നു കളികണ്ടുറങ്ങുന്ന ഉത്സവപ്പറമ്പിനെ ഉദ്ദേശിച്ചല്ല പറയുന്നത്. രാവണോത്ഭവമോ, നരകാസുരവധമോ അവതരിപ്പിക്കുവാൻ അരങ്ങുണ്ടാവുക എന്നത് വേഷക്കാർക്ക് ആവേശവും സാഫല്യവുമാണ്. ഇത് വേഷക്കാരോട് നേരിട്ടുചോദിച്ചാൽ അറിയാം.

3. മധ്യകേരളത്തിൽ കഥകളി ഇല്ലാതെ ആയോ? ഈ ലേഖകനുൾപ്പെടെയുള്ള മധ്യ കേരളത്തിലെ കഥകളിക്കമ്പക്കാർ കഥകളി കാണാൻ പെരിയാർ കടന്ന് തെക്കോട്ടു വന്നു തുടങ്ങിയിട്ടില്ല. പെരിയാർ കടന്ന് വടക്കോട്ടു വന്ന് നല്ല കഥകളി കാണുന്നവരെ ഇഷ്ടംപോലെ ചൂണ്ടിക്കാണിക്കാനുമാകും.

കഥകളി കലാകാരന്മാരെയും നിരൂപകരെയും ഒരുമിപ്പിച്ചുകൊണ്ട് ഞാൻ മോഡറേറ്ററായ ഒരു സംവാദത്തിന്മേലാണ് പന്മന ദീർഘമായ മറുപടി എഴുതിയത്. അദ്ദേഹം ഉന്നയിച്ച ചോദ്യങ്ങൾക്കും മറുപടി പറഞ്ഞുകഴിഞ്ഞു. ഈ സംവാദം ഞാൻ ഇവിടെ അവസാനിപ്പിക്കുന്നു.■

അക്കിത്തം കവിതകൾ
(സമ്പൂർണം)

വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം...!

...എന്നു പാടിയ മലയാളത്തിന്റെ പ്രിയങ്കരനായ കവി അക്കിത്തത്തിന്റെ സമ്പൂർണ്ണ കവിതകളുടെ സമാഹാരം (2001 വരെ എഴുതിയ കവിതകൾ) ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം, നിമിഷക്ഷേത്രം, ഇടിഞ്ഞുപൊളിഞ്ഞ ലോകം, ദേശസേവിക, ബലിദർശനം, കരതലാമലകം, സ്പർശമണികൾ, സമന്വയത്തിന്റെ ആകാശം, വെണ്ണക്കല്ലിന്റെ കഥ തുടങ്ങി അക്കിത്തത്തിന്റെ മുഴുവൻ കവിതാസമാഹാരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൃഹദ്ഗ്രന്ഥം.

കറന്റ് ബുക്സിന്റെ സുവർണജൂബിലിയും വള്ളത്തോൾ വിദ്യാപീഠത്തിന്റെ രജതജൂബിലിയും ആഘോഷിക്കുന്ന ഈ വർഷം രണ്ടു പ്രസാധകരുടെയും സംയുക്തപ്രസിദ്ധീകരണമായി പുറത്തുവരുന്നു.

ഡിമൈ 1/8
1400 പേജ്
ഡീലക്സ് എഡിഷൻ
മുഖവില: 750 ക
പ്രി പബ്. വില: 450 (225+225)
തവണ: 500 ക. (100x5)
പ്രസിദ്ധീകരണം: ജനുവരി 31

പ്രസിദ്ധീകരണം
കറന്റ് ബുക്സ്
വള്ളത്തോൾ വിദ്യാപീഠം

ബുക്കിങ്ങിന് കറന്റ്/ഡി സി ബുക്സ് ശാഖകളും ഏജൻസികളും

കറന്റ് ബുക്സ് ശാഖകൾ കോട്ടയം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൊടുപുഴ, എറണാകുളം, ആലുവ, ഇരിങ്ങാലക്കുട, പാലക്കാട്, കോഴിക്കോട്, വടകര, തലശ്ശേരി, കല്പറ്റ

ഡി സി ബുക്സ് ശാഖകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തേക്കടി, നെടുമ്പാശ്ശേരി, രാജഗിരി, കോഴിക്കോട്, ഡൽഹി, ഡി സി ബുക്ക്ഷോപ്പ് (തൃശൂർ), കൈരളി പുസ്തകശാല (തൃശൂർ)

കഥ

ഗാഗുൽത്ത, മരങ്ങാട്ടുപിള്ളി വഴി

രാമചന്ദ്രൻ

ഒന്ന്

അയൽക്കാരൻ ജോണിക്കുട്ടി തന്റെ ഭാര്യ ശോശാമ്മയെ തട്ടിക്കൊണ്ടുപോയ രാത്രിയിലാണ് സതീശൻ മലകയറിയത്. മലയിൽനിന്നു താഴേക്കു നോക്കിയവാറെ. താഴെനിന്ന് ഒരു പുരുഷാരം മുകളിലേക്കു വരുന്നതു സതീശൻ കണ്ടു.

ശിരസ്സിൽ മുൾക്കിരീടം വച്ച്. ചുമലിൽ കുരിശുംപേറിവരുന്ന ഒരുവനെ പിൻപറ്റിയായിരുന്നു പുരുഷാരം. ചുവന്ന പുറങ്കുപ്പായം അവൻ ധരിച്ചിരുന്നു. വലതുകൈയിൽ ഒരു ഞാങ്ങണക്കോൽ. പുരുഷാരം അവനുമേൽ തുപ്പുന്നുണ്ടായിരുന്നു. അവരുടെ പരിഹാസസ്വരം സതീശന്റെ കാതിൽ വന്നലച്ചു: "യഹൂദരുടെ രാജാവേ. സ്വസ്തി!"

സതീശൻ ഇത്തിരി താഴേക്കിറങ്ങിയപ്പോഴേക്കും. അവന്റെ ചുവന്ന പുറങ്കുപ്പായം അഴിച്ചുമാറ്റി അവനെ സ്വന്തം വസ്ത്രം അവർ ധരിപ്പിച്ചിരുന്നു. അവൻ ചുമന്നിരുന്ന കുരിശ് പുരുഷാരം മറ്റൊരുവനെ നിർബന്ധപൂർവം ചുമപ്പിക്കുന്നതു സതീശൻ കണ്ടു. അവന്റെ കുരിശ് ഏറ്റുവാങ്ങിയവനെ സമീപിച്ച് സതീശൻ ചോദിച്ചു: " ആരാണു നീ?"

"ഞാൻ ശിമയോൻ." കുരിശു ചുമക്കുന്നവൻ സംസാരിക്കാൻ പ്രയാസപ്പെട്ടു. ആയാസപ്പെട്ട് ശിമയോൻ കുറച്ചുകൂടി വെളിച്ചം വിതറി: "നീ ഉദ്ദേശിച്ച ശിമയോനല്ല. അലക്സാണ്ടറിന്റേയും റൂഫൊസിന്റെയും പിതാവായ കുറേനക്കാരൻ "ശിമയോനാണു ഞാൻ. നാട്ടിൻപുറത്തുനിന്നും വരുന്ന വഴിയാണ് എനിക്ക് ഇവന്റെ കുരിശു ചുമക്കേണ്ടി വന്നത്."

"ഇതേതാണു സ്ഥലം?" സതീശൻ ചോദിച്ചു.

"ഗോൽഗൊഥാ." ശിമയോൻ പറഞ്ഞു.

"ആരാണു നീ," ശിമയോൻ ചോദിച്ചു. "ഞാൻ സതീശൻ. മരങ്ങാട്ടുപിള്ളിയിലെ ഒരു ബ്രാഞ്ച് സെക്രട്ടറി", സതീശൻ പരിചയപ്പെടുത്തി.

അവനെക്കുറിച്ച് വിലപിക്കുകയും കരയുകയും ചെയ്യുന്ന സ്ത്രീകളടക്കം വലിയ ഒരു പുരുഷാരം അവനെ അനുഗമിച്ചിരുന്നു. അവൻ തിരിഞ്ഞ് അവരോടു പറഞ്ഞു: "ജെറുശലേം പുത്രിമാരേ. എന്നെച്ചൊല്ലി കരയേണ്ട. നിങ്ങളെക്കുറിച്ചും നിങ്ങളുടെ മക്കളെക്കുറിച്ചും കരയുക. കാരണം 'ഇതാ വന്ധ്യകൾക്കും ഗർഭംധരിക്കാത്ത ഗർഭപാത്രങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം!' എന്ന് അവർ പറയുന്ന ദിനങ്ങൾ വരുന്നു. പർവ്വതങ്ങളോട് 'ഞങ്ങളുടെ മേൽ വീഴുക' എന്നും മലകളോട് 'ഞങ്ങളെ മൂടുക' എന്നും അവർ പറഞ്ഞുതുടങ്ങും. പച്ചമരത്തോട് അവർ ഇതു ചെയ്യുന്നെങ്കിൽ. ഉണങ്ങിയതിന്ന് എന്തു സംഭവിക്കും?"

പുരുഷാരത്തിൽ അതീവ ദു:ഖിതകളായി മൂന്നുപേർ ഒന്നിച്ചുനീങ്ങുന്നതു സതീശൻ കണ്ടു. സതീശന്റെ മനസ്സു വായിച്ചെന്നപോലെ. ശിമയോൻ പറഞ്ഞു: "ആ മൂവരും മേരിമാരാകുന്നു. അവന്റെ അമ്മ കന്യകയായ മേരി. അമ്മയുടെ സഹോദരിപുത്രിയും ചെറുയാക്കോബിന്റെയും യോസേയുടേയും അമ്മയുമായ മേരി. പിന്നെ. മഗ്ദലനക്കാരി മേരി. തൊട്ടുപിന്നാലെ .വരുന്നത് സലോമി.

"അക്കൂട്ടത്തിൽ ശോശാമ്മയുണ്ടോ എന്നു നോക്കുകയായിരുന്നു ഞാൻ", സതീശൻ പറഞ്ഞു.

എന്തോ പറയാനാഞ്ഞ ശിമയോന് കുരിശിന്റെ ഭാരം നിമിത്തം ഒന്നും പറയാനായില്ല. "ഈ കുരിശ് കുറച്ചുനേരം നീ ചുമക്കാമോ?" ശിമയോൻ സതീശനോട് ചോദിച്ചു.

"മറ്റുള്ളവർക്കു വേണ്ടി ഞങ്ങളുടെ പാർട്ടിയും പാർട്ടിക്കകത്തും കുരിശു ചുമക്കാറുണ്ട്", സതീശൻ പറഞ്ഞു. "പക്ഷേ. ഞാനിപ്പോൾ...." സതീശൻ ധർമ്മസങ്കടത്തിലായി.

അപ്പോഴേക്കും ഒരു ഭടൻ വന്ന് ശിമയോനോട് കുരിശ് താഴെ വയ്ക്കാൻ ആജ്ഞാപിച്ചു. "നിന്റെ ജോലി കഴിഞ്ഞു", ഭടൻ പറഞ്ഞു.

സതീശൻ നോക്കിനിൽക്കേ. മീറ കലർത്തിയ വീഞ്ഞ് പുരുഷാരം അവനു കൊടുത്തു. എന്നാൽ അവൻ അതു കുടിച്ചില്ല. പിന്നീട് അവർ അവനെ ക്രൂശിച്ചു. അവർ അവന്റെ വസ്ത്രം പങ്കുവച്ച് ഓരോരുത്തർക്കും കിട്ടേണ്ടതു നിർണ്ണയിക്കാൻ നറുക്കിട്ടു. അവന്റെ ഇടത്തും വലത്തുമായി ഓരോ കവർച്ചക്കാരെയും അവർ കുരിശിലേറ്റി. ആ വഴി പോയവരെല്ലാം അവനെ ദൂഷിച്ചു പറഞ്ഞു: "ദേവാലയം നശിപ്പിച്ചിട്ടു മൂന്നു ദിവസം കൊണ്ട് അതു പണിയുന്നവനല്ലേ നീ? എങ്കിൽ നീ നിന്നെത്തന്നെരക്ഷിക്ക്!"

ഭടന്മാരും അവനെ പരിഹസിച്ച് അവനു വിനാഗിരി കൊടുത്തു. ഇടതുവശത്തെ ക്രൂശിക്കപ്പെട്ട കുറ്റവാളിയും അവനെ പരിഹസിച്ചു: "നീ ക്രിസ്തുവല്ലേ? നിന്നെയും ഞങ്ങളേയും രക്ഷിക്കൂ!" അപ്പോൾ വലതുവശത്തു ക്രൂശിക്കപ്പെട്ട കുറ്റവാളി മറ്റവനെ ശകാരിച്ചു. വേദജ്ഞരോടു ചേർന്ന് മുഖ്യ പുരോഹിതരും അവനെ പരിഹസിച്ചു. ഒൻപതാം മണിക്കൂറിൽ അവൻ ഉറക്കെ നിലവിളിച്ചു: "എലോയ്, എലോയ്, ലമാ സബക്താനി" (എന്റെ ദൈവമേ, എന്റെ ദൈവമേ, എന്താണ് നീ എന്നെ കൈവിട്ടത്?)

ഒരാൾ ഓടിച്ചെന്ന് നീർപ്പഞ്ഞി വിനാഗിരിയിൽ മുക്കി ഒരു ഞാങ്ങണയുടെ അറ്റത്തുവച്ച് അവനു കുടിക്കാൻ കൊടുത്തു. അവൻ ഉറക്കെ നിലവിളിച്ച് പ്രാണൻ വെടിഞ്ഞു.

സതീശൻ പുരുഷാരത്തിൽ ഓരോരുത്തരെ കണ്ണുകൾ കൊണ്ടുഴിഞ്ഞു. എന്തോ നാടകം കാണുന്നപോലെ, വെറുതെ കാഴ്ചക്കാരായി മാറുകയും നിരപരാധിയെ കുരിശിനുവിട്ടുകൊടുക്കുകയും ചെയ്ത സമൂഹം; കണ്ടുകൊണ്ടിരിക്കുന്ന സംഭവത്തിന്റെ ചരിത്ര വ്യാപ്തി തനിക്കല്ലാതെ മറ്റാർക്കും മനസ്സിലായിട്ടില്ലെന്ന് സതീശൻ തിരിച്ചറിഞ്ഞു.

പെട്ടെന്ന് സതീശനിൽ ഒരു മിന്നൽപ്പിണരുണ്ടായി. നടന്നുകൊണ്ടിരിക്കുന്നത് ഒരു ചരിത്ര സംഭവമാകയാൽ ഇത് ഉടനെ പാർട്ടി ഓഫീസിൽ വിളിച്ചറിയിച്ചേ പറ്റൂ.

ഫോണിന്റെ അങ്ങേത്തലയ്ക്കൽ ക്രിസ്തുവിനു ശേഷമുള്ള ഒരു ശബ്ദം കേട്ടപോലെ സതീശന് തോന്നി.

"ഇത് മരങ്ങാട്ടുപിള്ളിയിലെ ബ്രാഞ്ച് സെക്രട്ടറി സതീശനാണ്," സതീശൻ പറഞ്ഞു.

"ഞാൻ കാൾമാർക്സ്; ഗുണ്ടർട്ടിന്റെ നാട്ടുകാരനാണ്". അപ്പുറത്തെ ശബ്ദം പറഞ്ഞു.

"എന്താണു പ്രശ്നം?"

"ഞാൻ ഒരു ചരിത്രസംഭവത്തിൽ പങ്കാളിയായിക്കൊണ്ടിരിക്കുകയാണ്. നിരപരാധിയായ ഒരാളെ കുരിശിൽ തറച്ചിരിക്കുന്നു സഖാവേ; പാർട്ടി സെക്രട്ടേറിയേറ്റ് കൂടി പ്രതിഷേധിക്കാൻ പറയണം".

"പാർട്ടിയോടു ചോദിച്ചിട്ടാണോ നീ ഈ ചരിത്രസംഭവത്തിൽ പങ്കെടുത്തത്?"

"ഞാൻ ശോശാമ്മയെ അന്വേഷിച്ചിറങ്ങിയതായിരുന്നു. അവളെ ഏരിയാ സെക്രട്ടറി ജോണിക്കുട്ടി തട്ടിക്കൊണ്ടുപോയി. ഇതൊരു നസ്രാണിക്കു പറഞ്ഞിട്ടുള്ളതാണോന്ന് യേശുവിനോട് ചോദിക്കണമെന്നുണ്ടായിരുന്നു....പക്ഷേ...."

"പക്ഷേ, തെറ്റ് ചെയ്തതു നീയാണ്. ഞാൻ എംഗൽസിന് 1858 ഫെബ്രുവരിയിലോ മാർച്ചിലോ എഴുതിയ കത്ത് നീ വായിച്ചിട്ടില്ലേ? ഞാൻ ഉദ്ധരിക്കാം: "പൊതുവായ അഭിലാഷങ്ങളുമായി നടക്കുന്നവർ വിവാഹം കഴിച്ച് വീട്ടുകാര്യങ്ങളുടെയും സ്വകാര്യ ജീവിതത്തിന്റെയും ചെറിയ കഷ്ടപ്പാടുകൾക്ക് കീഴടങ്ങുന്നതിനെക്കാൾ വലിയ മണ്ടത്തരം വേറെയില്ല".

"പിന്നെന്തിനാണ് സഖാവ് കല്യാണം കഴിച്ചത്?"

"ഞാൻ എന്റെയും ജെന്നിയുടെയും ദാമ്പത്യത്തെപ്പറ്റി എംഗൽസിനെഴുതിയ കത്ത് ഉദ്ധരിക്കാം: "കുട്ടികളുമായി ഒന്നിച്ച് മരിച്ച് കുഴിമാടത്തിലായിരുന്നെങ്കിൽ എന്ന് ഓരോ ദിവസവും ആഗ്രഹിക്കുന്നതായി എന്റെ ഭാര്യ എന്നോടു പറയുന്നു. എനിക്കവളെ അതിന് കുറ്റപ്പെടുത്താനുമാവില്ല"

"പിന്നെ എന്താണു പോംവഴി?"

"എന്നെക്കാൾ നാലുവയസ്സു മൂപ്പുണ്ടായിരുന്നിട്ടും ജെന്നിക്ക് അങ്ങനെയാണു തോന്നിയത്. അപ്പോ. ശോശാമ്മയുടെ കാര്യം പറയണോ?"

"ഇന്ത്യൻ യാഥാർത്ഥ്യത്തെപ്പറ്റി വിവരമില്ലാഞ്ഞിട്ടാണ് സഖാവ് അങ്ങനെ പറയുന്നത്. പണ്ടും സഖാവിന് ഇന്ത്യയെപ്പറ്റി വിവരമുണ്ടായിരുന്നില്ല. ഇംഗ്ലണ്ട് എന്തൊക്കെ കുറ്റം ചെയ്തിട്ടുണ്ടെങ്കിലും ഏഷ്യയിൽ അടിസ്ഥാന വിപ്ലവമുണ്ടാക്കാൻ ഇംഗ്ലണ്ട് ചരിത്രത്തിന്റെ ആകസ്മികമായ ഉപകരണമായി മാറുകയായിരുന്നു എന്നല്ലേ സഖാവ് എഴുതിയത്? ഇന്ത്യൻ സമൂഹത്തിന് ഒരു ചരിത്രവുമില്ലെന്നും സഖാവ് 1853 ജൂലൈ 22 വെള്ളിയാഴ്ച ലണ്ടനിൽ നിന്ന് ന്യൂയോർക്ക് ഡെയ്‌ലി ട്രിബ്യൂണിനെഴുതി. ഞാൻ സഖാവിനെ ഉദ്ധരിക്കട്ടെ: "ഇംഗ്ലണ്ടിന് ഇന്ത്യയിൽ നിർവ്വഹിക്കാനുള്ളത് ഇരട്ട ദൗത്യമാണ്. ഒന്ന് സംഹാരവും മറ്റേത് സൃഷ്ടിപരവും. പഴയ ഏഷ്യാറ്റിക് സമൂഹത്തിന്റെ ഉന്മൂലനവും ഏഷ്യയിൽ പടിഞ്ഞാറൻ സമൂഹത്തിന്റെ ഭൗതികാടിത്തറയിടലും" 'ചരിത്രബോധമില്ലാത്ത സഖാവിനോട് ചരിത്രസംഭവം വിവരിക്കാൻ പുറപ്പെട്ട എന്നെ വേണം പറയാൻ", സതീശനു ദേഷ്യം വന്നു. "എന്നാൽ താൻ പാർട്ടിസെക്രട്ടറി പുന്നപ്ര രണദിവെയോടു ചോദിക്ക്", അപ്പുറത്ത് മാർക്സ് ഫോൺ വച്ചു.

മാർക്സിനോടു പറഞ്ഞ കാര്യങ്ങൾ രണദിവെയോടും സതീശൻ ആവർത്തിച്ചു. "ഏരിയാ സെക്രട്ടറി ജോണിക്കുട്ടി ശോശാമ്മയെ തട്ടിക്കൊണ്ടുപോയതിൽ തെറ്റില്ല. ന്യൂനപക്ഷങ്ങളെ നാം

പാർട്ടിയിലേക്ക് അടുപ്പിക്കുന്നതിന്റെ ഭാഗമാണ് അത്", രണദിവെ ഇന്ത്യൻ യാഥാർത്ഥ്യത്തിലേക്കു വെളിച്ചം വിതറി.

എന്നിട്ട് രണദിവെ ചോദിച്ചു: "സഖാവ് വിളിക്കുന്നത് മരങ്ങാട്ടുപിള്ളീന്നാണോ?"

"അല്ല, ഗോൽഗൊഥയിൽ നിന്നാണ്", സതീശൻ പറഞ്ഞു.

"കൊൽക്കത്തായോ" താൻ എന്തിന് കൊൽക്കത്തയിൽ പോയി?" രണദിവെ ചോദിച്ചു.

"കൊൽക്കത്തയല്ല സഖാവേ. ഗോൽഗൊഥ. ഗാഗുൽത്ത എന്നും പറയും".

"അതിന് അവിടെ ബൂത്തുണ്ടോ?" രണദിവെയുടെ എടുത്തടിച്ച മാതിരിയുള്ള ചോദ്യം കേട്ട് സതീശൻ ചരിത്രത്തിൽ നിന്നുണർന്നു. ചരിത്രം ഒരു സ്വപ്നം മാത്രമാണെന്ന് അയാൾക്കു മനസ്സിലായി.

രണ്ട്

അയൽക്കാരൻ ജോണിക്കുട്ടിയ്ക്കൊപ്പം ശോശാമ്മ എത്തിപ്പെട്ടത് മരങ്ങാട്ടുപിള്ളിയിലെ ഒരു റബർതോട്ടത്തിലായിരുന്നു. റബർ മരങ്ങൾ പാൽചുരത്തിനിന്നു. പണ്ട്, ബേത്‌ലഹേമിലേക്കു പോയ പണ്ഡിതന്മാരെപ്പോലെ, ആകാശത്തിലെ നക്ഷത്രങ്ങൾ നോക്കി ശോശാമ്മയും ജോണിക്കുട്ടിയും നടന്നു. റബർ തോട്ടങ്ങൾ സ്ലോട്ടർ ടാപ്പിംഗിനു കൊടുക്കേണ്ട ഒരു പതനത്തിലെത്തി നിൽക്കുമ്പോഴാണല്ലോ ഒളിച്ചോടേണ്ടിവന്നത് എന്നോർത്തപ്പോൾ ഇരുവരുടേയും ചങ്കുപൊട്ടി.

പുകപ്പുരയ്ക്കടുത്തെത്തിയപ്പോൾ ജോണിക്കുട്ടി ചോദിച്ചു: "ആകാശത്ത് വിളറി നിൽക്കുന്ന ചന്ദ്രനെ കണ്ടില്ലേ? ഈ സമയത്ത് നമുക്കെങ്ങനെ റൊമാന്റിക്കാകാൻ കഴിയും?

"സതീശന് റബറിനെപ്പറ്റി ഒരു വിചാരോമില്ല, എന്തൊരു മനുഷ്യൻ", ശോശാമ്മ പറഞ്ഞു.

അപ്പോൾ പുകപ്പുരയ്ക്കകത്തെ പുകമറയിൽ നിന്നൊരു രൂപം പുറത്തേക്കുവന്നു. രൂപത്തിന്റെ കപ്പടാമീശ കണ്ടപ്പോൾ, പൊട്ടക്കുളം അപ്പച്ചൻ ആ രൂപത്തെ കണ്ടത് ആത്മകഥയിൽ വിവരിച്ച ഭാഗം ശോശാമ്മയ്ക്ക് ഓർമ്മവന്നു. പഴയ കാഞ്ഞിരപ്പള്ളി എം.എൽ.എ കെ.വി.കുര്യന്റെ കൂടെ ഈ രൂപത്തെ കോട്ടയം ടി.ബിയിൽ കണ്ടത് അപ്പച്ചൻ ഓർക്കുകയാണ്: "എപ്പോഴും മുഖത്തു ചിരിതേയ്ക്കാനും ആവശ്യത്തിനനുസരിച്ച് മുതലക്കണ്ണീർ പൊഴിയ്ക്കാനും കഴിയുക, അതാണല്ലോ ഒരു രാഷ്ട്രീയ നേതാവിനുണ്ടായിരിക്കേണ്ട യോഗ്യതകളിലൊന്ന്".

ഹാ, മരങ്ങാട്ടുപിള്ളി അച്ചായൻ!

"അച്ചായൻ എങ്ങനെ ഇവിടെവന്നു," ശോശാമ്മ ചോദിച്ചു.

"കൊച്ചേ, നിന്നെപ്പോലെ ഒളിച്ചോടിവന്നതല്ല എന്റെ തോട്ടത്തിൽ ഇരുന്ന് റബർ കർഷകനു വേണ്ടി കണ്ണീർവാർക്കാൻ എനിക്ക് ആരുടെയെങ്കിലും അനുവാദം വേണോ? ആ ശബ്ദത്തിൽ വളർച്ചയ്ക്കുവേണ്ടിയുള്ള വെമ്പലും തകർച്ചയും ദു:ഖവും തുടിച്ചു നിന്നിരുന്നു. ആശങ്കകളോ അപകർഷതാബോധമോ നിഴൽ വിഴ്ത്തിയിരുന്ന ആ കണ്ണുകളിൽ ഇടയ്ക്കിടെ പ്രത്യാശയുടെ പ്രകാശരേണുക്കൾ മിന്നിപ്പൊലിഞ്ഞുകൊണ്ടിരുന്നു.

"എടാ ജോണിക്കുട്ടി എന്തു മണ്ടത്തരമാ നീ കാണിച്ചേ?" അച്ചായൻ ചോദിച്ചു. "ഇപ്പോ നിങ്ങളെങ്ങനെ ജീവിക്കും? റബറിനു നല്ല വിലയുള്ളപ്പം പോരായിരുന്നോ ഒളിച്ചോട്ടം"

"പ്രേമത്തിന്റെ വിശാലമായ റബർ തോട്ടത്തിലെ വെറും ടാപ്പിംഗ് തൊഴിലാളികളാണു ഞങ്ങൾ" -ജോണിക്കുട്ടി പറഞ്ഞു.

"എന്നാ കേട്ടോ. റബറുപോലെയാ ജീവിതം". അച്ചായൻ പറഞ്ഞു. "കൈയിൽ പൈസയില്ലേ, ദാമ്പത്യത്തിനും സ്ലോട്ടർ ടാപ്പിംഗ് വേണ്ടിവരും! ശോശാമ്മേ. ഇത് നിനക്ക് അറിയത്തില്ലായിരുന്നോ?"

"ജോണിക്കുട്ടിക്ക് റബറുണ്ടെന്നു കണ്ടാ ഞാനിതിനു പുറപ്പെടുന്നത്. ഇനി എന്തോ ചെയ്യും?" ശോശാമ്മ പ്രായോഗികമതിയായി.

"റബർ രണ്ടുതരമുണ്ട്. സ്വാഭാവികവും കൃത്രിമവും". അച്ചായൻ പറഞ്ഞു "ഇവിടെയുള്ളത് സ്വാഭാവികം. ഇറക്കുമതി ചെയ്യുന്നത് കൃത്രിമം. മരങ്ങാട്ടുപിള്ളിയിലുള്ളത് സ്വാഭാവികം. ഇറക്കുമതിചെയ്ത മാർക്സിസം കൃത്രിമം. സ്വാഭാവികമായതേ നിൽക്കൂ". അച്ചായൻ പറഞ്ഞു.

"അപ്പോ ക്രിസ്തുമതമോ അച്ചായ. ഇറക്കുമതിയല്ലേ? ശോശാമ്മ ചോദിച്ചു. ഒരിത്തിരി നേരത്തേക്ക് അച്ചായന്റെ വായടഞ്ഞുപോയി.

"മതവും. മാർക്സിസവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്". മാണിച്ചായൻ പറഞ്ഞു. "ഞാൻ പറഞ്ഞത് പൊളിറ്റിക്സാ. പൊളിറ്റിക്സിൽ ഇറക്കുമതിക്ക് നിലനിൽപ്പില്ല. അതുകൊണ്ട് നിങ്ങൾ രണ്ടുപേരും എന്റെ പാർട്ടിയിൽ ചേർന്നോ, സതീശനോട് പോകാൻ പറ. കേരളത്തിലെ ബേത്‌ലഹേം ആണ് മരങ്ങാട്ടുപിള്ളി. ഞാൻ ജനിച്ചത് തൊഴുത്തിലല്ലെന്നേയുള്ളൂ".

"കൃത്രിമ പാർട്ടിയിൽ ദാമ്പത്യത്തിന് എന്തോന്നു സ്ഥാനം? മാർക്സിന്റെ ദാമ്പത്യം നരകമായിരുന്നല്ലോ" ശോശാമ്മ ആകുലയായി.

"വെരി ഈസി ശോശാമ്മേ", അച്ചായൻ പറഞ്ഞു. "അതു സ്വാഭാവികമാണ്. റബറിനു വിലയുണ്ടോ, ദാമ്പത്യമുണ്ട്. കൈയിൽ ജോർജ്ജുകുട്ടിയുണ്ടോ ദാമ്പത്യമുണ്ട്. ജോണിക്കുട്ടിയല്ല ജോർജ്ജുകുട്ടിയാണ് പ്രധാനം, അച്ചായൻ ശോശാമ്മയുടെ കൈ പിടിച്ച് റബർതോട്ടത്തിനു പുറത്തിറങ്ങി.

അവർ പള്ളിക്കടുത്ത ഫോൺബൂത്തിനടുത്തെത്തിയപ്പോൾ അതാ ബൂത്തിൽ നിന്ന് സതീശൻ!

"ചേട്ടൻ എന്തെടുക്കുവായിരുന്നു", സതീശനോടു ശോശാമ്മ ചോദിച്ചു.

"ഞാൻ ഗൊൽഗോഥയിൽ നിന്ന് മാർക്സിനു ഫോൺ ചെയ്യുവായിരുന്നു", സതീശൻ പറഞ്ഞു.

"റബറിന്റെ വിലയിടിവിനെപ്പറ്റി അങ്ങേരോടു വല്ലോം പറഞ്ഞോ?" ശോശാമ്മ ചോദിച്ചു.

"മാർക്സിസത്തിൽ റബറില്ല മണ്ടിപ്പെണ്ണേ!", സതീശൻ പറഞ്ഞു.

"അത് ഇറക്കുമതിയാ," അച്ചായൻ ശോശാമ്മയുടെ കൈപിടിച്ചു വലിച്ചു. ശോശാമ്മേ നീ ഈ രംഗത്തിൽ വിശ്വസിക്കരുത്. ഗൊൽഗൊഥയിൽ ബൂത്തില്ല. മരങ്ങാട്ടുപിള്ളിയിലേ അതുള്ളൂ". അച്ചായന്റെ എടുത്തടിച്ച മാതിരിയുള്ള പറച്ചിൽകേട്ട് ശോശാമ്മ സ്വപ്നത്തിൽ നിന്നുണർന്നു. സ്വപ്നം വെറും ചരിത്രമാണെന്ന് അവൾക്കു മനസ്സിലായി.

മൂന്ന്

ടെലിഫോൺ ബെല്ലിന്റെ നിലയ്ക്കാത്ത ശബ്ദം കേട്ട് ഇത് ഏതു ബൂത്തിൽ നിന്നായിരിക്കുമെന്ന ശങ്കയോടെ കിടക്കയിൽ സതീശനും ശോശാമ്മയും എഴുന്നേറ്റത് ഒന്നിച്ചായിരുന്നു. അവർക്കു മുഖത്തോടു മുഖം നോക്കാൻ സമയം കിട്ടുംമുൻപ്, മണിയടി നിന്നു. ഇതു സ്വപ്നമോ ചരിത്രമോ? ഇരുവരും പരസ്പരം പരതിനോക്കി.

"റബറിന്റെ പ്രധാന ഉപയോഗമെന്ത്?" ശോശാമ്മ ചോദിച്ചു.

"ഉറയുണ്ടാക്കാം", സതീശൻ പറഞ്ഞു. എന്നിട്ട് അയാൾ ശോശാമ്മയുടെ പാലാഴിയിലേക്ക് നുങ്ങാംകുഴിയിട്ടു. ■

കുറിപ്പ്: അച്ചായനെപ്പറ്റിയുള്ള വിവരണത്തിന് ജോർജ്ജ് ജെ.മാത്യു പൊട്ടംകുളം എഴുതിയ 'അനുഭവങ്ങൾ, അടിയൊഴുക്കുകൾ' എന്ന പുസ്തകത്തോട് കടപ്പാട്.

വിഷയവിവരം

രണ്ടാം ഭാഗം

പി.മോഹനൻ

അദ്ധ്യായം-8 തുടർച്ച

ഡോക്ടർ ബ്രൗൺ ആലോചിച്ചു. ട്രോപ്പിക്കൽ മെഡിസിനിൽ സ്പെഷ്യലൈസ് ചെയ്ത ഒരാളാണ് ഇവിടേയ്ക്ക് പ്രേഷിത വൈദ്യവൃത്തിക്ക് എത്തേണ്ടിയിരുന്നത്. എന്റെ വൈദ്യപഠന കാലത്ത് എന്റെ ഇഷ്ടവിഷയമെന്തെന്നോ, ഞാൻ ചെല്ലേണ്ട ഇടം ഏതെന്നോ എന്റെ ഡാഡിയും മമ്മിയും തെരക്കിയിട്ടില്ല; എനിക്ക് സൂചന തന്നിട്ടുമില്ല. ഇവിടത്തെ രോഗങ്ങളെക്കുറിച്ച് ഏതാണ്ടൊരു ധാരണപോലും ഞാൻ സ്വരൂപിച്ചിട്ടില്ലായിരുന്നു. രോഗങ്ങളും ദാരിദ്ര്യവും ഒത്തുകളിച്ച് മനുഷ്യരെ വേട്ടയാടുന്ന ഒരു ഭൂവിഭാഗത്തിലേക്കാണ് ഞാൻ എത്തിയത് - ഒരു ഫോറൻസിക് സർജൻ. ഞാനെത്ര പേരെ ക്രിസ്ത്യാനികളാക്കി എന്ന് ആരാഞ്ഞുകൊണ്ടുള്ള കത്തുകൾ ഡാഡിയും മമ്മിയും എനിക്കയച്ചു. ഒരു ഫോറൻസിക് സർജ്ജൻ ജഡങ്ങളെ എങ്ങനെ വിശ്വാസികളാക്കും? നന്മതിന്മകളുടെ ഊർജ്ജമില്ലാത്ത അചേതനമായ ശരീരത്തെ ഞാൻ പരിശോധിക്കുന്നത് അവ എങ്ങിനെ അങ്ങനെയായിത്തീർന്നു എന്നറിയാനാണ്. സ്വാഭാവികം എന്നു പരക്കെ വിശ്വസിക്കപ്പെടുന്ന ഓരോ മരണത്തിനു പിന്നിലും നിശ്ശബ്ദനായി തന്റെ വൈരാഗ്യം തീർത്ത ഒരു ഘാതകനെ ഞാൻ പോസ്റ്റ്മോർട്ടങ്ങളിൽ കണ്ടിട്ടുണ്ട്. ഉണ്മ, ഉർവ്വരമായി മിഥ്യയായി അളിയുന്നതിൽ, ശരീരം ജഡമാവുന്നതിൽ സത്യത്തിന്റെ നഗ്നമായ നടനമുണ്ട്. ഓരോ ജഡത്തിനു മുന്നിലും വിനീതനാവാൻ എന്നെ പ്രേരിപ്പിച്ചതു ഈ കണ്ടെത്തലുകളാണ്. ജഡമായിട്ടും ഓരോ ശരീരവും വെളിപ്പെടുത്തലുകളിൽ നിന്നും പിന്മാറിയിട്ടില്ല. മരണത്തിന്റെ ആക്രമണം ഏതു വഴിക്കായിരുന്നുവെന്ന് ജഡങ്ങൾ വെളിപ്പെടുത്തുന്നു. ഓരോ വെളിപ്പെടുത്തലുകൾക്കിടയിലും ജഡങ്ങളുടെ നിസ്സഹായാവസ്ഥ കണ്ട് എനിക്കു സങ്കടം വന്നിട്ടുണ്ട്. ക്രൂരന്റെ ഹതാശമായ നോട്ടം, ബലിഷ്ഠന്റെ തളർന്നുവാടിയ കൈ, അണ്ണാക്കോടു പറ്റിയിരിക്കുന്ന സഭാപ്രസംഗിയുടെ നാവ്, വിഷയാസക്തന്റെ ചുരുണ്ടുവളഞ്ഞ ലിംഗം ഇവയൊക്കെ ശരീരത്തിന്റെ സജീവതയ്ക്കൊപ്പം തന്നെ എന്നെ പലതും പഠിപ്പിച്ചിട്ടുണ്ട്. രോഗത്തിന്റെ തനിനിറം ഞാൻ പോസ്റ്റ്മോർട്ടം വേളകളിൽ കണ്ടു. രോഗം സത്യവും വഴിയുമാകുന്നു. രോഗം ജീവനെയെടുത്ത് സത്യത്തിന്റെ നടനമാടുന്നു. ഇവിടെ ക്യാമ്പിൽ ഒരു സർജ്ജൻ വേണമെന്നുള്ളപ്പോഴും ഒരു ഫോറൻസിക് സർജ്ജനായ എന്നെത്തന്നെ ആ ജോലി തേടിയെത്തുന്നു. ഞാനൊരു ഫോറൻസിക് സർജ്ജനാണെന്ന് ആർതർക്ലർക്കിനോട് ഞാൻ പറഞ്ഞു. ഇവിടെയുള്ളവരൊക്കെ ജഡങ്ങൾ തന്നെ ഡോക്ടർ, എന്നാണ് അയാൾ എന്നോട് പറഞ്ഞത്. ജീവനുള്ള മനുഷ്യരെ ജഡങ്ങളായി കാണുന്ന ആ കമാന്റന്റിന്റെ സാമൂഹ്യബോധത്തെ എനിക്കു ചവിട്ടിത്തേയ്ക്കണം. വേണം.- ഞാനവിടെ സർജ്ജനാവും. കൈനൂരിലെ അനുഭവങ്ങൾക്കുമേൽ എനിക്കൊരു രാഷ്ട്രീയ നിലപാട് സ്വീകരിക്കാൻ പറ്റിയ ഇടം ക്യാമ്പാണെന്ന് എനിക്കു തോന്നുന്നു.

ജോൺ കൊണോട്ട് അസ്വസ്ഥനായി. ജൂലിയറ്റ് മനോരാജ്യത്തിലായിരുന്നു. ഡോക്ടർ ബ്രൗണിന് പറഞ്ഞുതീർന്നില്ല എന്ന തോന്നലുണ്ടായി. ഇന്നേരം ജോൺ കൊണോട്ട് അകത്തുപോയി 'യോഹന്നാൻ എഴുതിയ നാലാം ലേഖന'വുമായി വന്നു. ഡോക്ടർക്കു ലേഖനം കൈമാറി ജോൺ കൊണോട്ട് പറഞ്ഞു: പൂർത്തിയായിട്ടില്ല. എനിക്കുമെന്തൊക്കെയോ പറയാനുണ്ട്. പറയാനുള്ളതു മുഴുവൻ പറഞ്ഞിട്ടില്ല. നിങ്ങളൊന്നുവായിച്ച് അഭിപ്രായം പറയണം. ബാക്കി തീർക്കേണ്ടതു എങ്ങനെയെന്ന ആശയക്കുഴപ്പത്തിലാണ് ഞാൻ.

ഡോക്ടർ ബ്രൗൺ. ലേഖനം നാലായി മടക്കി പോക്കറ്റിൽ വച്ചു. പടിക്കലോളം അനുഗമിച്ചു. കുട കുത്തിപ്പിടിച്ചുനടന്ന് ഡോക്ടർ ബ്രൗൺ പറഞ്ഞു: സി.ഡി.ഔസേഫിന്റെ വെജിറ്റബിൾ സൂപ്പും അൾസ്റ്റർ-ഐ.ആർ.എ സംവാദവും ഗംഭീരമായിരിക്കും. ഞാനിനിയും വരാം.

ജൂലിയറ്റ് പറഞ്ഞു: ഡോക്ടർ, എന്റെ കിടാങ്ങളായ ചെമ്പൻമുടിക്കാരുടെ കാര്യത്തിൽ ശ്രദ്ധവെക്കണം! ഡോക്ടർ ബ്രൗൺ, ജൂലിയറ്റിനോട് പറഞ്ഞു. തീർച്ചയായും.

വെയിൽ ചാഞ്ഞുകൊണ്ടിരുന്നു. ജൂലിയറ്റിന് ഉറക്കക്ഷീണമുണ്ടായി.

അദ്ധ്യായം ഒൻപത്

നരകത്തിലെ മെത്രാൻ എന്ന ലഘുലേഖയുടെ പേരിൽ സി.ഡി.ഔസേഫിന് തൃശൂർ കസ്ബാ പൊലീസ്സ്റ്റേഷനിൽ ഹാജരാവേണ്ടി വന്നു. അങ്ങനെയൊരു ലഘുലേഖ താൻ അച്ചടിച്ചിട്ടില്ലെന്ന് സി.ഡി.ഔസേഫ്, സ്റ്റേഷൻ എസ്.ഐ. മുളയ്ക്കൻ വറുതുണ്ണി പൗലോസിനോട് പറഞ്ഞു.

പൗലോസ് പറഞ്ഞു: ഞാൻ ഔസേഫ് പറയുന്നതു ശരിവച്ച് റിപ്പോർട്ടെഴുതാം. പക്ഷേ അതു എന്റെ പണികളയുന്നതിന് ഞാൻ തന്നെ റിപ്പോർട്ടെഴുതുന്നതിന് തുല്യമായിരിക്കും! ഈ ലഘുലേഖയുടെ കയ്യെഴുത്തുപ്രതി കുന്ദംകുളത്തെ എവർറെഡി എന്ന പ്രസ്സിലേക്കു കൊണ്ടുചെന്നതിന് പ്രസ്സുടമ പൂവ്വത്തിങ്കൽ ഇട്ടിക്കുരു മൊഴിനൽകിയിട്ടുണ്ട്. പ്രസ്സിൽ അച്ചുനിരത്തുന്നതിന്നിടെ രണ്ടുമൂന്നു തിരുത്തുകൾ നിർദ്ദേശിച്ച് ഔസേഫ് അവിടെ ചെന്നതിന് അച്ചുനിരത്തുകാരായ വി.ഒ.ദാമോദരനും അയിനിപ്പുള്ളി ജോസും സാക്ഷ്യം പറഞ്ഞിരിക്കുന്നു.

ഞങ്ങളുടെ അന്വേഷണത്തിൽ ഇങ്ങനെയൊരു ലഘുലേഖ എഴുതാൻ പ്രാപ്തിയുള്ള ആൾ നിങ്ങൾ മാത്രമാണ്. അരണാട്ടുകരയിലും വിയ്യൂരിലും പറവട്ടാനി പുളിപ്പറമ്പിലുമായി സി.ഡി.ഔസേഫ് എന്ന പേരിൽ മൂന്നു പേരുണ്ട്. അവരെ വിളിച്ചു ചോദ്യം ചെയ്തപ്പോൾ അവർ ആകാശവും ഭൂമിയുമില്ലാത്തവരാണെന്ന് ബോധ്യമായി. പ്രസ്സുടമയും അച്ചുനിരത്തുകാരും

അവരല്ല ലഘുലേഖാ കർത്താവായ സി.ഡി.ഔസേഫ് എന്ന് തിരിച്ചറിയൽവേളയിൽ പറഞ്ഞു. ചടച്ച് ഉയരം കുറഞ്ഞ് അകാലനരയും തിളങ്ങുന്ന പൂച്ചക്കണ്ണുകളുമുള്ള ഒരാളാണ് രാത്രിയിൽ പ്രസ്സിൽ വന്ന് ലഘുലേഖ അച്ചടിക്കേണ്ട കാര്യം രഹസ്യമായി പറഞ്ഞതെന്ന് പൂവ്വത്തിങ്കൽ ഇട്ടിക്കുരുവും അച്ചുനിരത്തൽ രഹസ്യമായി നടത്തുന്നതിനിടെ തിരുത്തൽ നിർദ്ദേശങ്ങളുമായി വന്ന ആളുടെ പ്രകൃതം ഇട്ടിക്കുരു പറഞ്ഞപോലെത്തന്നെയെന്ന് ദാമോദരനും ജോസും ശരിവയ്ക്കുന്നു. ആ പ്രകൃതം നിങ്ങളുടേതല്ലേ? സി.ഡി. ഔസേഫിന് ആ പ്രകൃതം തന്റേതുതന്നെയെന്ന് കണ്ണാടി കണ്ട അനുഭവമുണ്ടായി.

നിങ്ങൾക്ക് ജോൺ കൊണോട്ട് എന്ന സായ്പുമായി അടുത്തബന്ധമുണ്ടെന്ന് അവർ വെളിപ്പെടുത്തിയിരുന്നു. ഞങ്ങളുടെ അന്വേഷണത്തിൽ അതു ശരിതന്നെയെന്നു ബോധ്യപ്പെട്ടു. ഈ തെളിവുകൾ പ്രകാരം നിങ്ങളാണ് യഥാർത്ഥ പ്രതി. ഇനി സി.ഡി.ഔസേഫ്, ലഘുലേഖ വായിക്കുക. നിർദ്ദേശിച്ച തിരുത്തുകൾ യഥാപ്രകാരം നടത്തിയതു ഒന്നു കൂടി വായിച്ചു ബോധ്യപ്പെടുക. ആദ്യമായി അച്ചടിച്ച സ്വന്തം ലഘുലേഖ രണ്ടോ മൂന്നോ തവണ വായിച്ചാൽ ആത്മവിശ്വാസം കൂടും. പൗലോസ്, ലഘുലേഖയുടെ ഒരു പ്രതി, സി.ഡി.ഔസേഫിനു നൽകി വായിക്കാൻ ആവശ്യപ്പെട്ടു.

സി.ഡി.ഔസേഫ് വായിക്കാൻ തുടങ്ങി. ഒരിക്കൽ, ഒരു കത്തോലിക്കാ പള്ളിയുടെ അടുത്ത്, ആ പള്ളിയിലെ കുഴിവെട്ടുകാരൻ താമസിച്ചിരുന്നു. അയാൾ നല്ല പ്രയത്നശാലിയും ഉത്സാഹശീലനും ആയിരുന്നു. പക്ഷേ ഒരു ചെറിയ തെറ്റ്.... സി.ഡി.ഔസേഫിന്, ക്യാമ്പിൽ വച്ച് കമാന്റന്റ് ജോൺ കൊണോട്ടിനോട് ദൈവത്തിന്റെ കഥ പറഞ്ഞു കൊടുത്തതു ഓർമ്മവന്നു. വള്ളിപുള്ളി തെറ്റാതെ ആ കഥ അച്ചടിച്ചു കണ്ടതിൽ സി.ഡി.ഔസേഫിന് രഹസ്യമായ പുളകമുണ്ടായി. ആ പുളകം ദേശദ്രോഹപരമായ ഒരു കേസിന്റെ പശ്ചാത്തലത്തിലായതിൽ സി.ഡി. ഔസേഫിന് ഭീതിയും വിമ്മിഷ്ടവുമുണ്ടായി. എന്നിട്ടും തന്റെ വാമൊഴി ഒരു കൃതിയാക്കപ്പെട്ടതിന്റെ ഹർഷത്തിലൂടെ അയാൾ ലഘുലേഖ വായിച്ചുകൊണ്ടിരുന്നു. അയാൾ വിയർത്തുകൊണ്ടിരുന്നു. അയാളുടെ കണ്ണുകൾ, അച്ചടിയക്ഷരങ്ങളുടെ കൃത്യതയിൽ അത്ഭുതപ്പെട്ടു. ഇതാ, തന്റെ അടുത്തവാക്ക്. വാക്കുകളുടെ ഓർമ്മ കടുകിടെ തെറ്റാതെ നിരന്നുനിൽക്കുന്നു. ഇക്കഥ ജോൺസായ്പിനോട് പറയുമ്പോൾ ലഹരിയായി സ്വർണ്ണവെയിൽ ബംഗ്ലാവിൽ തിരയടിച്ചുയർന്നിരുന്നു. മുത്തപ്പനു മുന്നിലെ കുട്ടിയായി ജോൺസായ്പ് കഥ കേട്ടിരുന്നു. ബംഗ്ലാവിലെ ചുമരെഴുത്തുകൾ നിറഞ്ഞ കമാന്റന്റിന്റെ ഓഫീസ് മുറി കൊടിക്കൂറയായി ഉയർന്നുകൊണ്ടിരുന്നു. അവൻ, ദൈവം നരകത്തിന്റെ സൂക്ഷിപ്പുകാരൻ. ദൈവമത്രെ നരകം എന്ന അവസാന വാക്യം കൂടി വായിച്ചുതീർന്നപ്പോൾ സി.ഡി.ഔസേഫ് പരവശനായി.

ലഘുലേഖ മടക്കികൊടുക്കുമ്പോൾ സി.ഡി. ഔസേഫ് പറഞ്ഞു: അതേ, ഇത് ഞാൻ പറഞ്ഞ കഥയാണ്. ഇതെന്റെ കഥ തന്നെ. ഇതിലെ അവസാന വാചകങ്ങൾ ക്യാമ്പിൽ കമാന്റന്റിന്റെ ബംഗ്ലാവിൽ ഓഫീസ് മുറിയിൽ ജോൺ കൊണോട്ട് എഴുതിവച്ചിരുന്നു.



പൗലോസ് പറഞ്ഞു: ജോൺസായ്പ് ഇതിലെ 'മഹനീയപദങ്ങൾ' പകർത്തിയെഴുതി ചുമരിൽ കയറ്റിയിരുത്തിയിട്ടുണ്ടോ എന്നതു ഈ കേസിൽ വിഷയമല്ല. ഈ കഥ നിങ്ങളുടേതു തന്നെയെന്ന് നിങ്ങൾ സമ്മതിച്ചു കഴിഞ്ഞു. ഇതിന്റെ അച്ചടി സംബന്ധമായ തെളിവുകൾ ഞങ്ങൾക്കു നേരത്തെ കിട്ടിക്കഴിഞ്ഞു. കത്തോലിക്കാ പള്ളിക്കെതിരായി ഒരു നരകവേദം നിങ്ങൾ എന്തിനാണ് പ്രചരിപ്പിക്കുന്നത്?

സി.ഡി.ഔസേഫ് പറഞ്ഞു: ഇതെന്റെ കഥയാണ്. ഈക്കഥ കേട്ടതിന് ജോൺസായ്പ് സാക്ഷി. പക്ഷേ ഇതച്ചടിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും ഞാനുദ്ദേശിച്ചതല്ല.

നിങ്ങളുടെ കഥ, നിങ്ങളറിയാതെ മറ്റാരാണ് അച്ചടിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക, പൗലോസ് ചോദിച്ചു.

ഈ ചോദ്യത്തിന് കൃത്യമായ ഒരുത്തരം തരാൻ എനിക്കാവില്ല. ഈ കൃതി അച്ചടിക്കാൻ ഞാനൊരു പ്രസ്സുകാരേയും കണ്ടിട്ടില്ല; അച്ചുനിരത്തുകാരെ കാണുന്ന കാര്യം പിന്നെ പറയേണ്ടതില്ല.

–ഞാൻ പ്രസ്സുടമയേയും അച്ചുനിരത്തുകാരേയും ഹാജരാക്കാം. നിങ്ങൾ അവരോട് രഹസ്യമായി പറഞ്ഞതെല്ലാം അവർ ഇവിടെ പരസ്യമായി മൊഴിനൽകും.

ഒട്ടും പരിചയമില്ലെന്ന മട്ടിലുള്ള സബ്ഇൻസ്പെക്ടർ പൗലോസിന്റെ ചോദ്യം ചെയ്യലിൽ സി.ഡി.ഔസേഫിന്റെ ഉള്ളം കലങ്ങി. എത്രയോ തവണ സൗഹൃദം പങ്കിട്ട മനുഷ്യനാണ് മുന്നിൽ കർക്കശനായി ഇരിക്കുന്നത്. ക്യാമ്പിൽ പാത്തും പതുങ്ങിയും. ഇരുളിലും പച്ചക്കാടുകളിലും. ബംഗ്ലാവിൽ നേരിട്ടും ധൈര്യത്തോടെയും. നിറഞ്ഞ വെളിച്ചത്തിന്റെ കരുത്തോടെ. രാഷ്ട്രീയ ചങ്ങാത്തം സഹജവും ഉറച്ചതുമായിരുന്നത് എത്ര വേഗത്തിൽ ഊർന്നുപോയി ശത്രുനിരയായി വേഷം മാറി. കൊച്ചുമേച്ചിൽപ്പുറങ്ങളിൽ വലിയ ഇടയനായി വിഹരിക്കുവാൻ മനുഷ്യരെ പ്രകോപിപ്പിക്കുന്നതു എന്ത്? ഏതൊരു കാഹളമാണ് അതിന്റെ രക്തോട്ടം? ഏതൊരു കല്പനയാണ് അതിന്റെ തലയെ മത്തുപിടിപ്പിക്കുന്നത്? മുളയ്ക്കൻ വറുതുണ്ണി പൗലോസ് എന്ന കോൺഗ്രസ്സുകാരൻ, സ്വാതന്ത്ര്യത്തിന് ഇനി അധികം താമസമില്ലാത്ത ഒരു കാലത്തിങ്കൽ സ്വാതന്ത്ര്യസമരാനുഭാവിയായ സഹജനെ ചെയ്യാത്ത കുറ്റത്തിന് ഭീഷണിപ്പെടുത്തുന്നു. സ്വാതന്ത്ര്യം അതിനുതന്നെ വിനയാണോ? സ്വാതന്ത്ര്യത്തിന്റെ വാതിൽ വിചാരണത്തടവറയിലേക്കാണോ തുറക്കുന്നത്? ആരിൽനിന്നും ആർക്കാണ് സ്വാതന്ത്ര്യം? നാളിതുവരെയുണ്ടായ കൂട്ടായ്മ പൊള്ളയായ സംഘടിത ശക്തിയായിരുന്നോ? സി.ഡി. ഔസേഫിനു ഉത്തരം മുട്ടി.

പൗലോസ് പറഞ്ഞു: ഔസേപ്പേട്ടാ, 'സ്വാതന്ത്ര്യസമരത്തെ പിന്തുണച്ച് എഴുതിയ ലഘുലേഖയായിരുന്നു ഇതെങ്കിൽ ഞാൻ തന്നെ ഇത് നൂറാളെയെങ്കിലും വായിച്ചു കേൾപ്പിക്കുമായിരുന്നു. ഔസേപ്പേട്ടന്റെ വേദം ദൈവനിന്ദയാണ്. മഹത്തായൊരു മതവിശ്വാസത്തെ ഔസേപ്പേട്ടൻ കൂടെ നടന്ന് കുത്തി. ഇങ്ങനെയൊരു തേറ്റ ഔസേപ്പേട്ടനിൽ ഉണ്ടെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിട്ടില്ല. എത്ര ഗൂഢമായി അതു ഔസേപ്പേട്ടൻ ഒളിപ്പിച്ചുവച്ചു. ഇതുപൊറുക്കാവതല്ല. തെമ്മാടിക്കുഴിയാണ് ഇതിനു ശിക്ഷ.

പൗലോസിന് ഒരു ഇടവക കപ്യാരുടെ മടിശ്ശീല കൂടി ഉണ്ടെന്ന് സി.ഡി.ഔസേഫിനു തോന്നി. പൗലോസ് എഴുന്നേറ്റു; മീശപിരിച്ചു. ലാത്തി രണ്ടു കൈകളിലുമായി പൗലോസ് ഉരുട്ടിക്കൊണ്ടിരുന്നു. അതൊരു അംശവടികൂടിയാണ്, സി.ഡി.ഔസേഫ് സംശയിച്ചു. പള്ളിമേടയും പൊലീസ്സ്റ്റേഷനും കൂടിച്ചേർന്നൊരു വിചാരണാൾത്താരയിലാണ് താനകപ്പെട്ടിരിക്കുന്നതെന്ന് സി.ഡി.ഔസേഫ് പേടിച്ചു. വൈരവും വംശശാഠ്യങ്ങളും വാചകക്കസർത്തും പ്രകടനവുമായി സ്വാതന്ത്ര്യസമരത്തിന്റെ വേഷമണിഞ്ഞെങ്കിൽ എന്തു കഷ്ടം. സി.ഡി.ഔസേഫ് സങ്കടപ്പെട്ടെങ്കിലും അയാൾക്ക് ദൈവമേ, എന്ന് രഹസ്യമായി കേഴാൻ തോന്നിയില്ല.

– എന്റെ കൂടെ വാ!

സബ് ഇൻസ്പെക്ടറെ പിന്തുടർന്ന് സി.ഡി. ഔസേഫ് ചെറിയൊരു ഇടനാഴിയിലേക്കു കടന്നു. ലോക്കപ്പുമുറികളുടെ നിര. ഒന്നാം മുറിയിൽ സഖാവ് രാമചന്ദ്രൻ ഒരു ഡ്രോയർ മാത്രമിട്ട് നിൽക്കുന്നു!

– സഖാവേ, ലഘുലേഖ നിന്റേയോ, സി.ഡി.ഔസേഫിന്റേയോ? രാമചന്ദ്രൻ ദയനീയനായി സി.ഡി.ഔസേഫിനെ നോക്കി. രാമചന്ദ്രന്റെ കണ്ണുകളിൽ നിശ്ചയദാർഢ്യം ജ്വലിക്കുന്നത് സി.ഡി.ഔസേഫ് കണ്ടു.

–ലഘുലേഖ എഴുതിയതു നീയാണോ?

–ഞാനതു പകർത്തിയെഴുതിയതാണ്, കേട്ടുകേൾവിയിൽനിന്നും. ഇക്കാര്യവും ഞാൻ നേരത്തെ സമ്മതിച്ചതല്ലേ?

–കേട്ടുകേൾവിയിൽനിന്നും ദൈവനിന്ദയും മതവിരോധവും പ്രചരിപ്പിക്കാൻ നീയാരാ, സഖാവേ?

–രാമചന്ദ്രൻ!

–എന്നാൽ എന്തുകൊണ്ട് നീ നിന്റെ പേര് ലഘുലേഖയിൽ അച്ചടിച്ചില്ല? സി.ഡി.ഔസേഫ് എന്ന പേര് നീ എന്തിന് ലഘുലേഖയിൽ അച്ചടിച്ചു? ഈ നിൽക്കുന്നതാണ് സി.ഡി.ഔസേഫ്. നിനക്കിയാളെ അറിയാം. ഇയാളെ ഒറ്റാനാണോ നീ ഇതു ചെയ്തത്?

–സി.ഡി.ഔസേഫ് എന്ന ഇയാളെ എനിക്ക് പരിചയമില്ല. ഇയാളെ കണ്ടിട്ടുണ്ട്, സംസാരിച്ചിട്ടില്ല. ക്യാമ്പിൽ ജോൺസായ്പിന്റെ കുശിനിക്കാരനായിരുന്നു ഇയാളെന്നറിയാം.

–ജോൺസായ്പിന്റെ മരുത്തൂരിലുള്ള ഷാംബിൾസ് എന്ന ബംഗ്ലാവിൽ നീ പോയിട്ടില്ലേ? അവിടെവച്ചും ഇയാളെ നീ കണ്ടിട്ടില്ലേ?

–ഷാംബിൾസിൽ ഞാൻ പോയിട്ടുള്ളത് ജോൺസായ്പുമായി സംസാരിക്കാനാണ്. ഷാംബിൾസിൽ വച്ച് ഇയാളെ ഞാൻ കണ്ടിട്ടില്ല.

–നുണ?

–എനിക്കിയാളെ എന്തിന് കാണണം. എനിക്കും ഇയാൾക്കും തമ്മിൽ പൊതുവായി സംസാരിക്കാവുന്ന വിഷയങ്ങളോ പ്രശ്നങ്ങളോ ഉണ്ടെന്നു എനിക്കു തോന്നിയിട്ടില്ല. മനുഷ്യരെ, സാമൂഹ്യപ്രസക്തിയുള്ളവരെന്ന നിലയിലേ ഞാൻ ബന്ധപ്പെടാറുള്ളു.

–പക്ഷേ, സി.ഡി.ഔസേഫ് എന്ന പേര് നീ എന്തിനു ഉപയോഗിച്ചു.

–അതെന്റെ തൂലികാനാമമാണ്.

–മറ്റൊരാളുടെ പേരാണോ നിന്റെ തൂലികാനാമം?

–ആർക്കും സ്വന്തം അട്ടിപ്പേറായി ഒരു പേരില്ല. കാലാനുസൃതമായും കീഴ്‌വഴക്കമനുസരിച്ചും ഓരോ പേരുകൾ ഓരോരുത്തർക്കും ചാർത്തിക്കിട്ടുന്നതാണ്. ഒരുത്തന്റെ ആഗ്രഹമോ സമ്മതമോ നേടിയല്ല പേരുകൾ ഇടുന്നത്. ഞാൻ ഔസേഫാണ്, പൗലോസാണ്, മൊയ്തീനാണ്, അലിയാണ്, ആര്യനാണ്, പാണ്ഡ്യനാണ്. അങ്ങനെയൊരുപാട് നാമങ്ങൾ. വിഷയങ്ങൾക്കും പ്രശ്നങ്ങൾക്കുമനുസരിച്ച് എനിക്കു ഒരുപാട് പേരുകൾ. വിവിധ പേരുകളിൽ ഞാൻ ജനങ്ങളോട് സംസാരിക്കുന്നു.

ലോക്കപ്പുമുറിയിൽ രാമചന്ദ്രനല്ല വിശുദ്ധ സെബസ്ത്യാനോസാണ് നിൽക്കുന്നതെന്ന് സി.ഡി.ഔസേഫ് കണ്ടു. അയാളുടെ കൈകൾ പുറകിൽ കെട്ടിയിരിക്കുന്നു, പിന്നിലെ ചുമർമരത്തിൽ. നെറ്റിയിലും നെഞ്ചത്തും കൈകാലുകളിലുമായി അഞ്ച് അമ്പുകൾ തറച്ചിരിക്കുന്നു. അയാളുടെ ബലത്തിലാണ് ചുമർമരം ഇടിയാതെയും വീഴാതെയും നിൽക്കുന്നത്. ആ ഉടൽ തീയ്യിൽ വിളഞ്ഞു നിൽക്കുന്നതെന്ന് ഔസേഫ് കണ്ടു ■

തുടരും

മുഖവില ~~1600~~ ക.
പ്രി.പബ്. വില 950 ക.

പ്രി പബ്ലിക്കേഷൻ തുടരുന്നു...

T. RAMALINGAM PILLAI

ENGLISH ENGLISH MALAYALAM DICTIONARY

4 Vol.

സമൂലം പരിഷ്കരിച്ച് വിപുലീകരിച്ചത്

- ഉച്ചാരണം IPA-യിലും മലയാള ലിപിയിലും
- Idioms
- Phrases
- Derivatives
- Usages
- Sentence Making
- ഒറ്റവാക്കിലുള്ള അർത്ഥം
- ഇംഗ്ലിഷ് വ്യാകരണം

ടി. രാമലിംഗംപിള്ളയുടെ

ഇംഗ്ലിഷ് – ഇംഗ്ലിഷ് – മലയാളം നിഘണ്ടു (4 വാല്യം)

അനേകലക്ഷം വാക്കുകൾ- 60000-ലധികം പ്രവേശകങ്ങൾ
8 വർഷത്തെ ഇടവേളയ്ക്കുശേഷം
ആധുനിക കാലഘട്ടത്തിന് ഉപയുക്തമായ രീതിയിൽ പരിഷ്കരിച്ച്
വിപുലീകരിച്ച ഇന്ത്യൻ ഭാഷകളിലെ ഏറ്റവും വലിയ ദ്വിഭാഷാ നിഘണ്ടു.
ഡിമൈ 1/8 4200-ൽപരം പേജുകൾ-
ഡ്യൂഎൽ (Dual)റക്സിൻ ഉപയോഗിച്ച്
ഡീലക്സ് ബൈൻഡിങ്.

മുഖവില: 1600 ക.

അത്യാകർഷകമായ പ്രി പബ്ലിക്കേഷൻ സൗജന്യം

A-950 രൂപ (475+475)
(30 ദിവസത്തിനകം)
B-1050 രൂപ 150+(300 X 3)
(100 ദിവസത്തിനകം)
C-1150 രൂപ 150+ (200 X 5)

FREE
ഒരു IT ഡിക്ഷ്ണറി സമ്മാനം
A ഗ്രൂപ്പിൽ
പണമടയ്ക്കുന്നവർക്ക്
IT വിദഗ്ദ്ധൻ
കെ. രവീന്ദ്രൻ
തയ്യാറാക്കിയ
IT ഡിക്ഷ്ണറി
സമ്മാനം.

ബുക്കിങ്ങിന്: കറന്റ്/ഡി സി ബുക്സ് ശാഖകൾ
കൈരളി പുസ്തകശാല, തൃശൂർ. 50 ഏജൻസികളും
M. O. ഡി സി ബുക്സ്, കോട്ടയം-1
Online Bookstore: www.dcbookstore.com

ഡി സി ബുക്സ് ഡി സി കിഴക്കെമുറി ഇടം, ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം – 686 001
ഫോൺ: 0481-563114, 301614 ഫാക്സ്: 0481-564758
Website: www.dcbooks.com e-mail: prepublication@dcbooks.com

RIGHT CHOICE OF BRIGHT PEOPLE

നുറുങ്ങുകഥ

ഒരു സൈനികന്റെ അനുഭവം

ടി.ഗോപിനാഥ്

ബ്രിട്ടീഷ് സാമ്രാജ്യവും ലണ്ടൻ പട്ടണം പ്രത്യേകിച്ചും വിക്ടോറിയ രാജ്ഞിയുടെ സ്ഥാനാരോഹണത്തിമിർപ്പിലാണ്. എല്ലാ രാജ്യങ്ങളുടെയും പ്രതിനിധികൾ ലണ്ടനിലെത്തിയിട്ടുണ്ട്. കുറച്ചുവൈകി പട്ടണത്തിലെത്തിയ ഒരു ഫ്രഞ്ച് സൈനിക ഉദ്യോഗസ്ഥൻ ഒരു മുറികിട്ടുവാൻ വിഷമിക്കുകയാണ്. അവസാനം ഇംഗ്ലണ്ടിന്റെ തലസ്ഥാനത്തിന്റെ പ്രാന്തപ്രദേശത്തുള്ളതും അധികമൊന്നും അറിയപ്പെടാത്തതുമായ ഒരു ഹോട്ടലിൽ മുറികിട്ടി. ഒരു വിദേശിയെന്ന പ്രത്യേക പരിഗണനയിലാണ് സാമാന്യം വലിയമുറിയിൽ അയാൾക്ക് താമസസൗകര്യം ഒരുക്കിക്കൊടുത്തത്.

കെട്ടിടത്തിന്റെ നാലാം നിലയിലാണു മുറി. കുളിയും അത്താഴവും കഴിഞ്ഞ്, യാത്രാക്ഷീണം കൊണ്ടുവലഞ്ഞിരുന്ന ആ സൈനികൻ ഉറങ്ങാൻ തയ്യാറെടുത്തു. ഇരുട്ടിനെ ഭയന്നിരുന്ന അയാൾ വിളക്കുകൾ മുഴുവനും അണയ്ക്കാതെയാണു കട്ടിലിൽകയറി കിടന്നത്. പക്ഷേ, നിദ്രാദേവി കടാക്ഷിക്കുന്നില്ല. ഒന്നു കണ്ണുതുറന്നു നോക്കിയപ്പോൾ കാണുന്നതോ പ്രഭുവിന്റെ വസ്ത്രാഡംബരങ്ങളോടു കൂടിയ ഒരാൾ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നതാണ്. കുറെ നടന്നതിനുശേഷം അയാൾ മുറിയിലുള്ള ഒരു കസാലയിൽ ഉപവിഷ്ടനായി.

ഫ്രഞ്ചുകാരൻ അയാളോടു പലതും പലതവണ ചോദിച്ചെങ്കിലും ഉത്തരമൊന്നും ലഭിച്ചില്ല. മുറിയിലേക്കുള്ള വാതിൽ താൻതന്നെയാണു അടച്ചുസാക്ഷയിട്ടത്. തണുപ്പുകാലമായതിനാൽ ജനവാതിലുകൾ ബന്ധിച്ച് കർട്ടനുകളും ഇടുവാൻ മറന്നിരുന്നില്ല. 'എങ്ങിന്യാ ഈ പഹയൻ എന്റെ മുറിക്കുള്ളിൽ കടന്നത്' എന്ന ചിന്ത സൈനികനെ അലട്ടി. കുറച്ചുകഴിഞ്ഞപ്പോൾ വിരുന്നുകാരൻ സ്വമേധയാ അപ്രത്യക്ഷനായി.

വിശ്രമം കാളരാത്രിയായി പരിണമിച്ചതിൽ കുപിതനായ ആ ഫ്രഞ്ചുകാരൻ രാവിലെത്തന്നെ ഹോട്ടൽ മാനേജരോടു പരാതിപ്പെട്ടു. 'രാത്രി ഒരു പോള കണ്ണടച്ചിട്ടില്ല. ഏതോ ഒരാൾ, എന്തോ മോഷ്ടിക്കുവാനാണെന്നു തോന്നുന്നു, എന്റെ മുറിയിലേക്കു കടന്നു. ഒന്നും എടുത്തില്ല. ഭാഗ്യം. എന്താ ഇത്, ഇവിടെ വിരുന്നുകാർക്ക് സുരക്ഷാ സംവിധാനമൊന്നുമില്ലേ. ഇതിലെന്തോ രഹസ്യമുണ്ട്. അതെന്താണെന്നു എനിക്ക് അറിഞ്ഞേ പറ്റൂ".

ഹോട്ടൽ മാനേജർ ചിരിച്ചുകൊണ്ടു പറഞ്ഞു: "ആ മുറിയിൽ ഇങ്ങനൊന്ന് എല്ലാ രാത്രിയും ഉണ്ടാവാറുണ്ട്. ഒരു നിവൃത്തിയില്ലെങ്കിലേ ഞങ്ങൾ ആ മുറി വാടകയ്ക്കു കൊടുക്കൂ. ഇവിടെയുള്ളവരാരുംതന്നെ ആ മുറിക്കകത്തു കടന്നിട്ടില്ല. ഏതോ ഭൂതം, പ്രേതം എന്നൊക്കെയാണു ഹോട്ടൽ ജീവനക്കാർ ഈ അത്ഭുതത്തെ വ്യാഖ്യാനിക്കാറ്. ആള് നിരുപദ്രവ്യാ. അതുകൊണ്ട് ഞങ്ങളത് കാര്യാക്കാറില്ല. ഇന്ന് ഒരു മുറി ഒഴിയുന്നുണ്ട്, വേണമെങ്കിൽ അതിലേക്ക് മാറിക്കോളൂ".

ധൈര്യശാലിയായ ആ സൈനികൻ പറഞ്ഞു, 'അതുവേണ്ട, ഞാൻ ഇന്നും അവിടെത്തന്നെ കൂടിക്കോളാം' ഒരു നല്ല ചിത്രകാരൻ കൂടിയായിരുന്നു അയാൾ, ചിത്രം വരയ്ക്കുള്ള സാമഗ്രികളുമായിട്ടാണ് അന്നുരാത്രി മുറിയിൽ പ്രവേശിച്ചത്. ഭൂതം ഇരിക്കാറുള്ള കസാല തന്റെ കട്ടിലിനടുത്തേക്ക് പ്രത്യേകം നീക്കിയിട്ടു. എല്ലാ തയ്യാറെടുപ്പുകളോടുംകൂടി കട്ടിലിൽ ഇരുന്നു, കുറച്ചു കഴിഞ്ഞപ്പോൾ തലേന്നാൾ എത്തിയ വിരുന്നുകാരൻ അതേ വേഷവിധാനങ്ങളോടുകൂടി മുറിയിലെത്തി, കസാലയിൽ ഇരുന്നു.

പട്ടാളക്കാരൻ അതീവ നിഷ്കർഷയോടെ തന്റെ ചിത്രം കാൻവാസ്സിൽ പകർത്തുന്നത് അയാൾ ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ചിത്രം തീർന്നു, താൻ വരച്ചത് വിരുന്നുകാരന്റെ മുഖച്ഛായയോട് ശരിയായ സാദൃശ്യമുള്ളതാണ് എന്നു ബോധ്യമായപ്പോൾ അയാൾ ക്യാൻവാസ് ചുരുട്ടിവച്ചു. താമസിയാതെ വിരുന്നുകാരൻ അപ്രത്യക്ഷനാവുകയും ചെയ്തു.

താൻ വരച്ച ചിത്രവുമായിട്ടാണു അയാൾ പിറ്റേ ദിവസം ഹോട്ടൽ മാനേജരേയും മറ്റു ഹോട്ടൽ ജീവനക്കാരേയും സമീപിച്ചത്, അവരെല്ലാം തറപ്പിച്ചു പറഞ്ഞു, 'ഇങ്ങനൊരാൾ ഈ സ്ഥാപനത്തിലില്ല. ഞങ്ങളാരും ഒരിക്കലും ഇയ്യാളെ കണ്ടിട്ടില്ല." മാനേജർ കൂട്ടിച്ചേർത്തു' വസ്ത്രധാരണരീതി കണ്ട് ഇദ്ദേഹം ഒരു പ്രഭുവോ മറ്റോ ആണ്. ഇന്നു ജീവിച്ചിരിപ്പുണ്ടോ ആവോ. നിങ്ങളൊരു കാര്യം ചെയ്യൂ, ബ്രിട്ടീഷ് മ്യൂസിയത്തിലെ ചിത്രമണ്ഡപത്തിൽ ഇയാളുടെ മുഖസാദൃശ്യതയുള്ള വല്ലവരുടേയും പോർട്രേറ്റ് ഉണ്ടോ എന്നു നോക്കൂ. ആളെപ്പറ്റിയും അയാളുടെ ചരിത്രവും വംശപരമ്പരയുമെല്ലാം അവിടെയുണ്ടാവും'.

നിർദ്ദേശത്തിൽ കഴമ്പുണ്ടെന്നു തോന്നിയ ആ സൈനികൻ സ്ഥാനാരോഹണച്ചടങ്ങുകളിലെല്ലാം പങ്കെടുത്തതിനുശേഷം മ്യൂസിയത്തിലെത്തി. കുറെ നടന്നു അന്വേഷിച്ചതിനുശേഷമാണ് താൻ വരച്ച ചിത്രത്തിനോടു സാദൃശ്യമുള്ള ഒരു പ്രഭുവിന്റെ ചിത്രം കണ്ണിൽപ്പെട്ടത്.

ആളെ പിടികിട്ടി. പക്ഷേ അയാളുടെ ചരിത്രമോ? മ്യൂസിയം അധികാരികൾ സഹായഹസ്തം നീട്ടി. ആളൊരു പ്രഭുതന്നെ. ഒറ്റയാൻ, നല്ലവൻ. നല്ല കുടുംബം. വംശപാരമ്പര്യം. ധനപാലൻ. ലണ്ടൻ നഗരത്തിനടുത്ത് ഒരുഗ്രൻ വീട്. നാലുനിലക്കെട്ടിടം. നാലാം നിലയിലെ ഒരു മുറിയിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന ആ മഹാമനസ്കൻ മറ്റു മുറികൾ താമസസ്ഥലമന്വേഷിച്ച് അലയുന്നവർക്ക് തുച്ഛമായ പ്രതിഫലം മാത്രം വാങ്ങി വാടകയ്ക്കു കൊടുത്തിരുന്നു.

പക്ഷേ ഔദാര്യം അപകടമായി. അതിഥികൾക്കിടയിലും ആപൽക്കാരികൾ ഉണ്ടാകാമല്ലോ. ഒരു കശ്മലൻ ആ നല്ല മനുഷ്യനെ നാലാം നിലയിലുള്ള മുറിയിൽവെച്ച് അതിദാരുണമായി വെട്ടിക്കൊന്നുവത്രേ. അനന്തരാവകാശികളില്ലായിരുന്ന അദ്ദേഹത്തിന്റെ കെട്ടിടം നഗരാധിപർ ഒരു ശരിയായ ഹോട്ടൽത്തന്നെയാക്കി. ഉടമസ്ഥന്റെ പാവനസ്മരണക്കെന്നവണ്ണം അദ്ദേഹം താമസിച്ചിരുന്ന മുറി മുൻപുണ്ടായിരുന്നവിധത്തിൽത്തന്നെ പരിരക്ഷിക്കാൻ കനിവുകാട്ടി.

അദ്ദേഹം മരിച്ചിട്ട് വർഷങ്ങൾ ഏറെയായിട്ടുണ്ടായിരുന്നു. എവിടെയാണു, ഏതു പള്ളിമുറ്റത്താണു അടക്കം ചെയ്തത് എന്ന വിവരങ്ങളും മ്യൂസിയത്തിലെ രേഖകളിലുണ്ടായിരുന്നു. ലണ്ടൻ വിടുന്നതിനു മുൻപ് ആ ഫ്രഞ്ച് സൈനിക ഉദ്യോഗസ്ഥൻ ചരിത്രരേഖകളിൽ സൂചിപ്പിച്ചിട്ടുള്ള പള്ളിയിലെത്തി, വികാരിയോടു ചോദിച്ച് തന്റെ നിശാസന്ദർശകന്റെ ശവകുടീരം തേടിപ്പിടിച്ച് വെളുത്ത പുഷ്പങ്ങൾ കൊണ്ടുള്ള ഒരു പൂച്ചെണ്ട് അതിന്മേൽ അർപ്പിച്ചു. ■

LENDING THESE TOO..........

Title	Author
Ranjit Singh : Maharaja of the Punjab	Khushwant Singh
Blood Ties	Ameeta Rathore
Kimono : Fashioning Culture	Liza Dalby
Swept Away	Deepak Munjral
Cold Zero	Christopher Whitcomb
The Dark - Eyed Girls	Judith Lennox
It was Five Past Midnight in Bhopal	Dominique Lapierre
The Kingdom of God and Peace : Essays	Leo Tolstoy
Misconceptions	Naomi Wolf
Bin Laden : The Man who Declared war on America	Yossef Bodansky
The Sign of the Tiger : SubhasChandra Bose	Rudolf Hartog
Executive Orders	Tom Clancy

ELOOR
LENDING LIBRARIES

Press Club Road, Ernakulam, Ph : 363539 Spencer-Vanrose Road, Thiruvananthapuram Ph: 326926; Off Link Road, Kozhikode Ph: 703472; Bangalore Ph: 5591408; Chennai, Ph : 8282876, Calcutta Ph: 4402842

OPEN ON ALL DAYS NOW

എഴുത്തിന്റെ കാണാപ്പുറങ്ങൾ

കല • പുസ്തകം



പ്രകൃതിയുടെ അനുപമ സാന്നിധ്യം

പ്രകൃതിദൃശ്യങ്ങളുടെ [illegible] ഗുണപരമായ [illegible] നടത്തിയെന്ന സവിശേഷത [illegible] ചന്ദ്രന്റെ സൃഷ്ടികളെ ശ്ര

ധേയമാക്കുന്നു. ഈയിടെ ഫ്രഞ്ച് ഗവൺമെന്റ് സ്കോളർഷിപ്പോടെ പാരീസിൽ ചിത്രകലാപഠനത്തിന് തിരഞ്ഞെടുക്കപ്പെട്ട ചന്ദ്രനെ എലീനാ അവായുടെ രചനകൾ ആകർഷിച്ചിട്ടില്ലെന്നല്ല.

സങ്കീർണ്ണമായ സമകാലീന ഇന്ത്യൻ യാഥാർത്ഥ്യങ്ങളോടുള്ള സൗമ്യപ്രതികരണങ്ങളാണ് ചന്ദ്രന്റെ പല ചിത്രങ്ങളും. സംഘർഷഭരിതമായ സമൂഹത്തിന്റെ മാനസികാവസ്ഥ തിരുത്തിയെഴുതാൻ ലാന്റ്സ്കേപ്പുകൾക്ക് സാധിക്കുമെന്ന് ഉറച്ചുവിശ്വസിക്കുന്ന ചന്ദ്രന്റെ ചിത്രങ്ങളെ സാമൂഹിക യാഥാർത്ഥ്യത്തിന്റെ മണ്ണിൽ കാലുറപ്പിച്ചുനിർത്തുന്നത് ഈ പ്രതിജ്ഞാബദ്ധത തന്നെ.

പൊളിറ്റിക്സിൽ ബിരുദാനന്തര ബിരുദമുള്ള ചന്ദ്രൻ കൂത്തുപറമ്പ് ഹൈസ്കൂളിൽ ചിത്രകലാ അധ്യാപകനാണ്. ചെന്നൈ, ബാംഗ്ലൂർ, മുംബൈ എന്നിവിടങ്ങളിലടക്കം 15 ഏകാംഗ ചിത്രപ്രദർശനം നടത്തിയ ചന്ദ്രനെ '92, '94 വർഷങ്ങളിൽ ലളിതകലാ അക്കാദമി പുരസ്കാരവും, '96-ൽ അധ്യാപക കലാ-സാഹിത്യവേദി അവാർഡും, 99-ൽ ജേസീസ് കേരളാചാപ്റ്റർ [illegible] അവാർഡും തേടിയെത്തിയിട്ടുണ്ട്.

[illegible]

- കവിതയിലെ ആധുനികത: ഒരു സൂക്ഷ്മവായന: കെ.കെ.ഹിരണ്യൻ
- സാഹിത്യവാരഫലം: എം. കൃഷ്ണൻനായർ
- എഴുത്ത് പ്രതിരോധ പ്രവർത്തനമാകുമ്പോൾ: പി.എം.ഷുക്കൂർ
- മാർക്സിനെ മനസ്സിലാക്കാൻ: അജയ് പി.മങ്ങാട്ട്
- ദൂരദർശനം: ഷാജി ജേക്കബ്

എഴുത്തിന്റെ കാണാപ്പുറങ്ങൾ

എം. കൃഷ്ണൻനായർ



സാഹിത്യവാരഫലം

വ്യാതാണ്ട് പത്തുവർഷംമുൻപ് ഞാൻ മസ്കറ്റിലേക്ക പോയപ്പോൾ കേരള സമാജത്തിന്റെ പ്രവർത്തകരും അതിന്റെ പ്രസിഡന്റായ സി.എൻ.പി. നമ്പൂതിരിയും എനിക്ക് ഏർപ്പാട്ട ചെയ്തുതന്നതു് വലിയ ഹോട്ടലായിരുന്നു. ആ ഹോട്ടലിലെ വലിയ മുറി. എല്ലാ സൗകര്യങ്ങളുമുണ്ട്. മദ്യപനാണ് താമസക്കാരനെങ്കിൽ ഷെൽഫിലേയ്ക്കു ഒന്നു നോക്കുകയേ വേണ്ടു. വിലകൂടിയ എല്ലാ മദ്യങ്ങളുമുണ്ട്. ഷീവാസ്റീഗൽ, സ്കോച്ച് വിസ്കി അങ്ങനെ പലതും. എങ്കിലും പ്രാതലിന് പ്രാധാന്യമില്ല ഹോട്ടലിൽ. കാലത്തു ചെന്നാൽ കോൺഫ്ലേക്സ് പാലിലിട്ടുതരും. അല്ലാതെ വേറൊന്നുമില്ല. ഗത്യന്തരമില്ലാതെ ഈ കോൺഫ്ലേക്സും പാലും ഒരാഴ്ചയോളം രാവിലെ ഞാൻ അകത്താക്കി. ഞാൻ ഭക്ഷണമുറിയിൽ ചെല്ലുമ്പോൾ ഒരമേരിക്കക്കാരനും എത്തും. ഞങ്ങൾ തമ്മിൽ ആദ്യമായി കാണുകയാണ്. എങ്കിലും സായ്പ് വിനയത്തോടെ തലകുനിക്കും. ആകർഷകമായ രീതിയിൽ പുഞ്ചിരി പൊഴിക്കും. എന്നുമുണ്ടാവും ഈ തലകുനിക്കലും പുഞ്ചിരിയിടലും. അതു കാണുമ്പോൾ സായ്പിന്റെ സംസ്കാരസവിശേഷത എന്റെ സമീപത്തെത്തും. അതിന്റെ ഊഷ്മളതയിൽ ഞാൻ ആഹ്ലാദിക്കും. സായ്പ് തലകുനിക്കുകയും മന്ദസ്മിതം പൊഴിക്കുകയും ചെയ്യുന്നുവെന്ന് കരുതി അറബികളും അങ്ങനെ പ്രവർത്തിക്കുന്നുവെന്നു കരുതരുത്. അവർ നമ്മെ നോക്കുകപോലുമില്ല. നോക്കിയാൽത്തന്നെ ദേഷ്യഭാവത്തോടെയായിരിക്കും അതനുഷ്ഠിക്കുക. പെൺപിള്ളേരുടെ കാര്യം പറയാനുമില്ല. ഒരുത്തിയും നമ്മളെ അംഗീകരിക്കില്ല, പരിഗണിക്കില്ല. എന്നാൽ നേരെമറിച്ചാണ് നമ്മുടെ കേരളത്തിലെ സ്ഥിതി. അവർ മന്ദസ്മിതം പൊഴിക്കും. മരുന്നുകടയിലെ പടികൾ കയറാൻ ഞാൻ പ്രയാസപ്പെട്ടുമ്പോൾ ബസ് കാത്തുനില്ക്കുന്ന എത്രയെത്ര പെൺകുട്ടികളാണ് എനിക്ക് സഹായം നല്കുന്നതു്. എന്റെ പേരക്കുട്ടികളോളം പ്രായമുള്ള അവർക്ക് ഞാൻ നന്ദി പറയും. അവരുടെ ബഹുമാനവും സ്നേഹവും എന്നെ വളരെനേരം ആവരണം ചെയ്യും. മഴക്കാലമാണെങ്കിൽ ആ വികാരങ്ങളുടെ ഊഷ്മളതയിൽ എന്റെ ശൈത്യം മാറും. ഇമ്മട്ടിൽ ചൂടുപകരുന്നതാണ് നല്ല കവിതകളും. ഇടപ്പള്ളി രാഘവൻപിള്ളയുടെ കവിതകളാകെ വായിക്കു. അവ ഉൽപാദിപ്പിക്കുന്ന സവിശേഷതയാർന്ന ലോകത്തിന്റെ ഒരു ഭാഗമായിത്തീരും നമ്മളെല്ലാം; എന്നെ സഹായിക്കുന്ന കുട്ടികൾ എന്റെ പേരക്കുട്ടികളാകുന്നതുപോലെ. പക്ഷേ, ഒ.എൻ.വി മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'അമേരിക്കയ്ക്ക് സസ്നേഹം' എന്ന കവിത നമുക്ക് ഊഷ്മളത പകരുന്നില്ല. സായ്പിന്റെ മന്ദസ്മിതം എന്നെ അദ്ദേഹത്തിന്റെ സഹോദരനാക്കി മാറ്റുന്നതുപോലെ ഇക്കവിത എനിക്കു പരിവർത്തനം വരുത്തുന്നില്ല. എന്താണ് ഇതിനു കാരണം? അഫ്ഗാനിസ്ഥാനിൽ യുദ്ധം ചെയ്യുന്ന അമേരിക്കയെ പ്രത്യക്ഷമായും പരോക്ഷമായും നിന്ദിക്കുന്ന ഈ രചന ദുർബ്ബലമാണ്. സർവസാധാരണങ്ങളായ (commonplace) ആയ ചിന്തകളേ എല്ലാ വരികളിലുമുള്ളു. അവയെ വ്യഞ്ജനശൂന്യതയിൽനിന്ന് ധ്വന്യാത്മകതയിലേക്ക് ഉയർത്തുന്ന കല്പനകൾ ഇവിടെയില്ല. കവിതന്നെ പ്രയോഗിച്ചു പ്രയോഗിച്ചു ക്ലീഷേയായിത്തീർന്ന 'ഗോതമ്പും' 'പൊന്നാര്യനും' 'കുങ്കുമപ്പൂവും' 'തൊടിയിലെ പൂക്കളും' മാത്രമേ അനുവാചകന്റെ വൈരസ്യം വർദ്ധിപ്പിക്കാൻ ഇവിടെയുള്ളു. ആവർത്തനം ആയുർവ്വേദത്തിലെ ചില ഔഷധങ്ങൾക്കു കൊള്ളാം. ക്ഷീരബല നൂറ്റൊന്നു തവണ ആവർത്തിച്ചതു് എന്ന് പത്രത്തിൽ കണ്ടാൽ ആളുകൾ ഓടിച്ചെന്ന് അതു വാങ്ങും. പക്ഷേ, 'സ്വച്ഛനീലാകാശ'മെന്നു കേട്ടാൽ അവർ പിന്തിരിഞ്ഞു് ഓടുകയേയുള്ളു. ഞാൻ ഇനിയുമെഴുതുന്നില്ല. ചില കവികൾക്ക് ഒരുപരിധിവിട്ട് അപ്പുറം പോകാനൊക്കുകയില്ല. അങ്ങനെയൊരു കവിയാണ് ഒ.എൻ.വി. സുഗതകുമാരി നാല്പതുകൊല്ലത്തിലേറെയായി 'കൃഷ്ണാ നീയെന്നെ അറിയില്ല' എന്നു നിലവിളിക്കുന്നു. അതുപോലെ ഇമേജറിയുടെയും ആശയങ്ങളുടെയും ആവർത്തനങ്ങൾ ഒ.എൻ.വിയുടെ കവിതകളിലും കാണാം. അദ്ദേഹത്തിന്റെ ഉറവയും വറ്റിക്കാണും.

ഒ.എൻ.വി



വിവരക്കേട്

റോമൻ ചക്രവർത്തിയായിരുന്ന ഹെൻട്രി ആറാമൻ വല്ലാത്ത ദുഷ്ടനായിരുന്നു. യുദ്ധത്തിൽ തോറ്റ രാജാവിനെ അയാൾ ഇരുമ്പ് സിംഹാസനത്തിലിരുത്തും. എന്നിട്ട് തീകൊണ്ടു ആ സിംഹാസനം പഴുപ്പിക്കും. അതേസമയം ഇരുമ്പുകൊണ്ടുള്ള കിരീടവും അയാൾ red hot ആക്കും. ആ കിരീടം ഹെൻട്രി പ്രതിയോഗിയുടെ തലയിൽ വച്ചുകൊടുക്കും. സിസിലിയിലെ രാജ്ഞിയായിരുന്ന സിബിലയെ അയാൾ കാരാഗൃഹത്തിലാക്കി. അവരുടെ എട്ടുവയസ്സായ മകനെ വൃഷണച്ഛേദം ചെയ്തു, കണ്ണു പൊട്ടിച്ചു. ഇതിനെയാണ് ഇംഗ്ലീഷിൽ sadistic cruelty എന്നു പറയുന്നതു്. ചരിത്രഗ്രന്ഥത്തിൽ പണ്ടെങ്ങോ ഞാൻ വായിച്ച ഈ സംഭവം ഇപ്പോൾ ഓർമ്മിച്ചതു് എ.എം.മുഹമ്മദിന്റെ 'തകഴിയിലെ വെള്ളപ്പൊക്കത്തിൽ ഒഴുകി ഒഴുകി ഒരു മനസ്സ്' എന്ന 'റബ്ബിഷ്' വായിച്ചതുകൊണ്ടാണ്. മുഹമ്മദ് സ്വന്തം വീട്ടിന്റെ മുൻവശത്തുള്ള റോഡിൽ കാലത്തിറങ്ങി നില്ക്കുന്നു. പലരെയും നോക്കുന്നു താൽപര്യത്തോടെ. വരുന്നവരൊക്കെ എട്ടു രൂപ ചെലവാക്കാൻ മടിയുള്ളവർ. എട്ടു രൂപ കൊടുത്തു് ചീരയോ പാവയ്ക്കയോ വാങ്ങിക്കൂടേ എന്നാണ് അവരുടെയെല്ലാം വിചാരം. കൂട്ടാൻവച്ചു ചോറിനോടൊപ്പം കഴിച്ചാൽ ആരോഗ്യം കൂടും. ആ സംഖ്യ പറട്ടക്കഥകളുള്ള ആഴ്ചപ്പതിപ്പിനുവേണ്ടി എന്തിനു ചെലവാക്കണം. മുഹമ്മദ് വളരെനേരം നില്ക്കുമ്പോൾ ഒരു ഹതഭാഗ്യൻ വരുന്നു. മുഹമ്മദ് തനിത്തിരുവനന്തപുരത്തുകാരനായി മാറുന്നു; പറയുന്നു: "എന്തരടേ അവിടെ പേയുറിഞ്ചിയപോലെ നില്ക്കണ്. എട്ടുരൂപാ കൊടുത്തു് ഒരാഴ്ചപ്പതിപ്പ് വാങ്ങിക്കൊണ്ടുവാ. അതിലെ 42-ാം പുറത്തു തുടങ്ങുന്ന കഥ വായിക്കു്. തലവേദന വരാതിരിക്കാൻ രണ്ടു് നോവൽജിൻ ഗുളികകൂടി വാങ്ങി നേരത്തെ കഴിച്ചോ." ഗുളികയും ആഴ്ചപ്പതിപ്പുമായിവരുന്ന ഭാഗ്യംകെട്ടവനെ ആഴ്ചപ്പതിപ്പെന്ന ഇരുമ്പുസിംഹാസനത്തിൽ മുഹമ്മദ് ബലാൽക്കാരം ചെയ്തു് ഇരുത്തുന്നു. സിംഹാസനം പഴുപ്പിക്കുന്നു. കിരീടവും താപരക്തമാക്കുന്നു. അല്ലെങ്കിൽ രക്തതപ്തമാക്കുന്നു (red hot). വായനക്കാരൻ കരിക്കട്ടയായി കിരീടവും ചൂടിയിരിക്കുന്നു സിംഹാസനത്തിൽ.

ചെറുകഥ എന്നു രചനയുടെ തലക്കെട്ടിനുമുകളിൽ അച്ചടിച്ചിട്ടുണ്ടെങ്കിലും ഇതിൽ കഥയൊന്നുമില്ല. ആകെയുള്ളതു് അന്യോന്യബന്ധമില്ലാത്ത കുറെ സംഭവങ്ങളാണ്. ആ സംഭവങ്ങളിൽ കുത്തിക്കൂട്ടി തിരുകുന്ന തകഴി ശിവശങ്കരപ്പിള്ളയുടെ ചില വാക്യങ്ങളുമുണ്ട്. ഒടുവിൽ ശിവശങ്കരപ്പിള്ള ഒരു പയ്യന്റെ കൈയിൽ മാമ്പഴം വച്ചുകൊടുക്കുന്നതു വർണ്ണിച്ചുകൊണ്ടു് രചന അവസാനിപ്പിക്കുന്നു രചയിതാവ്. ഇങ്ങനെ വായന പീഡിപ്പിക്കുന്ന രചയിതാവിന്റെ നൃശംസതയ്ക്കു കാരണം കാണേണ്ടതു് പേരു് അച്ചടിച്ചുകാണാനുള്ള അദ്ദേഹത്തിന്റെ കൗതുകത്തിലല്ല. തകഴിയെ ഒരു സ്ഥലത്തു് 'മഹാപ്രതിഭ' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ആ വിവരക്കേടിൽ കാരണം കാണുക പ്രിയപ്പെട്ട വായനക്കാർ.

ചോദ്യം, ഉത്തരം

"നിങ്ങളുടെ വലിയ ആഗ്രഹമെന്തു്?"

"കഥാകാരൻ ടി.ആറിനെപ്പോലെ (ടി.രാമചന്ദ്രൻ) ബുദ്ധിമാനാകണം. അദ്ദേഹത്തെപ്പോലെ ശുദ്ധമനസ്കനും പരോപകാര തല്പരനുമാകണം. ഞാൻ അതൊന്നുമല്ലാത്തതുകൊണ്ട് ജീവിച്ചിരിക്കുന്നു ദീർഘകാലമായിട്ടും. ടി.ആർ. ബുദ്ധിമാനും ശുദ്ധമനസ്കനും പരോപകാരതല്പരനുമായതുകൊണ്ടു് നേരത്തെ ഇവിടംവിട്ടുപോയി."

"നിങ്ങൾ ബഹുമാനിക്കുന്ന മലയാള സാഹിത്യനിരൂപകനാരു്?

"നരേന്ദ്രപ്രസാദ്. നിരൂപണത്തിൽ സത്യസന്ധത പുലർത്തുന്നു അദ്ദേഹം."

"ഇയാഗോ ഒതല്ലോയെയും അദ്ദേഹത്തിന്റെ സഹധർമ്മിണിയെയും ചതിക്കുന്നതിനുമുൻപ് ആരായിരുന്നു?"

"മലയാള സാഹിത്യകാരന്മാരുടെ പുസ്തകങ്ങൾ വാങ്ങി പബ്ലിഷ് ചെയ്യുന്ന പ്രസാധകനായിരുന്നു."

"Twinkle, twinkle little star എന്നു തുടങ്ങുന്ന നേഴ്സറി റൈം എഴുതിയതാരു്?"

"Jane Taylor."

"സി.വി. രാമൻപിള്ളയും ചന്തുമേനോനും- നിങ്ങൾ എന്തുപറയുന്നു?"

"സി.വി.രാമൻപിള്ളയുടെ പ്രതിഭ ചന്തുമേനോന് ഇല്ല. പക്ഷേ, ഒരു വ്യത്യാസം. ചന്തുമേനോന്റെ കഥാപാത്രങ്ങൾക്കു ജീവനുണ്ട്. സി.വി. കഥാപാത്രങ്ങൾക്ക് ജീവൻ ഊതിക്കയറ്റുകയാണ്."

"കമുകറയുടെയും യേശുദാസിന്റെയും പാട്ടുകൾക്കുള്ള വ്യത്യാസമെന്തു്?"

"കമുകറയുടെ പാട്ട് ചിട്ടപ്പടിയുള്ളതു്. ആചാര്യൻ പഠിപ്പിച്ചതുപോലെ അദ്ദേഹം പാടുന്നു. യേശുദാസിന്റെ ഗാനം ഭാവനയുടെ സന്തതി. The golden voice of this century എന്നു യേശുദാസിന്റെ ശബ്ദത്തെ വിശേഷിപ്പിക്കാം."

"അധാർമ്മികത്വം കണ്ടാൽ പ്രതിഷേധിക്കേണ്ടേ സാഹിത്യകാരൻ?"

"പോളണ്ടിൽ കൽക്കരിക്കു ക്ഷാമം വന്നപ്പോൾ എല്ലാക്കവികളും അതിനെക്കുറിച്ച് കവിതകളെഴുതി. കൽക്കരിയെക്കാൾ കറുത്ത കവിതകൾ ഏറെയുണ്ടായി. ചൈന നമ്മുടെ രാജ്യത്തെ ആക്രമിച്ചപ്പോൾ ഇവിടെയുള്ള കവികൾ ആ ആക്രമണത്തെ നിന്ദിച്ചു കവിതകൾ രചിച്ചു. അവ ചൈനീസ് ആക്രമണത്തെക്കാൾ നിന്ദ്യങ്ങളായിരുന്നു. അമേരിക്കൻ യുദ്ധത്തെ വേണമെങ്കിൽ നിന്ദിക്കു. പക്ഷേ, യുദ്ധത്തേക്കാൾ നിന്ദ്യമാകരുതു് കവിത."

പുതിയ പുസ്തകം

പലകകൾ ചേർത്തുവച്ച് താൽകാലികമായി ഉണ്ടാക്കുന്ന കടയ്ക്കു് ബങ്ക് എന്നു പേരു്. തിരുവനന്തപുരത്തെ പാളയം എന്ന സ്ഥലത്തു് അങ്ങനെയൊരു ബങ്ക് കടയുണ്ടായിരുന്നു. അതിൽ പഴയ പുസ്തകങ്ങൾ. ഓരോ പുസ്തകവും രത്നമാണ്. ഞാൻ ആ കടയുടെ മുൻപിൽച്ചെന്നു് വളരെനേരം നോക്കിക്കൊണ്ടു നില്ക്കും. പലതും വാങ്ങുകയും ചെയ്യും. ഒരു ദിവസം 'The Banquet Years' എന്ന പുസ്തകം അവിടെയിരിക്കുന്നതു കണ്ടു. താൽപര്യം ഒട്ടുമില്ലെന്ന് അഭിനയിച്ച് (ആ അഭിനയം കടയുടമസ്ഥനായ ശിവശങ്കരൻനായരെ പറ്റിക്കാനായിരുന്നു.) അതെടുത്തു നോക്കി. Roger Shattuck എന്ന പ്രൊഫസർ എഴുതിയതു്. ഞാൻ ബഹുമാനിക്കുന്ന ഹെർബർട്ട് റീഡിന്റെ അഭിപ്രായം കവറിൽ അച്ചടിച്ചിരിക്കുന്നു. A book which searches very deeply into the social and philosophic foundation of modern art and presents a theory that is at once comprehensive and convincing എന്നു റീഡ് പറയുന്നതു വായിച്ചപ്പോൾത്തന്നെ തീരുമാനിച്ചു. ആ



ചില കവികൾക്ക്
ഒരുപരിധിവിട്ട്
അപ്പുറം
പോകാ
നൊക്കുകയില്ല.
അങ്ങനെയൊരു
കവിയാണ്
ഒ.എൻ.വി.

“

കമുകറയുടെ പാട്ട് ചിട്ടപ്പടിയുള്ളത്. ആചാര്യൻ പഠിപ്പിച്ചതുപോലെ അദ്ദേഹം പാടുന്നു. യേശുദാസിന്റേ. ഗാനം ഭാവനയുടെ സന്തതി.

”

പ്രൂസ്റ്റ്

പുസ്തകം അതിൽ പെൻസിൽകൊണ്ടെഴുതിയ 21 രൂപ 30 പൈസയ്ക്കു വാങ്ങണമെന്ന്. പരസ്യത്തിനുവേണ്ടി പ്രശംസിക്കുന്ന ആളല്ല റീഡ് എന്നെനിക്കറിയാമായിരുന്നു. പക്ഷേ പുസ്തകത്തിലുള്ള താൽപര്യം പുറത്തു കാണിച്ചില്ല. അതു തിരിച്ചുവച്ചിട്ടു വേറെ പലതും നോക്കി. അവസാനത്തിൽ 'ഞാൻ പോകുന്നു ശിവശങ്കരൻനായരേ' എന്നു പറഞ്ഞു. അദ്ദേഹം 'ശരി' എന്നു മറുപടിയും തന്നു. എനിക്കു പുസ്തകം വാങ്ങാതെ വരാനൊക്കുമോ? അതുകൊണ്ട് 'ഇത്രയും നേരം നിന്നതല്ലേ. എന്തെങ്കിലും വാങ്ങിക്കളയാം' എന്ന് ഉറക്കെപ്പറഞ്ഞിട്ട് പുസ്തകമെടുത്തു. 'എന്തുവേണം വില?' എന്ന എന്റെ ചോദ്യം ശിവശങ്കരൻനായരോട്. അദ്ദേഹം എന്നെക്കാൾ എത്രയോ കൂടുതൽ ബുദ്ധിയുള്ളയാൾ. ശിവശങ്കരൻനായർ പറഞ്ഞു: "സാറിനു് ആ പുസ്തകം ആവശ്യമുണ്ടെന്ന് എനിക്കറിയാം. അതിൽ എഴുതിയിരിക്കുന്ന 21 രൂപ 30 പൈസ തന്നാൽ പുസ്തകം കൊണ്ടുപോകാം. ഒരു പൈസ പോലും കുറച്ചുതരില്ല." ഞാൻ ആ വിലകൊടുത്തു പുസ്തകം വാങ്ങി. അതിലെ 360 പുറങ്ങളും രണ്ടു ദിവസംകൊണ്ട് വായിച്ചു. 'ഉജ്ജ്വലം' എന്ന് പുസ്തകത്തിന്റെ അവസാനത്തെ താളിൽ എഴുതുകയും ചെയ്തു. പിന്നീട് ആ ഗ്രന്ഥകാരന്റെ മറ്റു പുസ്തകങ്ങൾ തേടിനടന്നു ഞാൻ. അദ്ദേഹത്തിന്റെ "Proust's Binoculers", നേഷനൽ ബുക്ക് എവോർഡ് കിട്ടിയ 'Marcel Proust' ഇവ കരഗതങ്ങളായി. കഴിഞ്ഞവർഷം ഷട്ടക്കിന്റെ 'Candor and Perversion' എന്നതു കിട്ടി. 'അത്യുജ്ജ്വലം' എന്നാണ് അതിന്റെ അവസാനത്തെ 389-ാമത്തെ പുറത്തിൽ എഴുതിയതു്. വായിക്കുക. നോബൽ ലോറിയിറ്റായ നേഡീൻ ഗോർഡിമർ "Roger Shattuck's erudition is enviable and the brilliance of his discourse persuasive" എന്നു പറഞ്ഞതു് 'എത്ര ശരി'യെന്ന് നിങ്ങളിൽ ഓരോ വ്യക്തിയും പറയും എന്ന് എനിക്ക് ഉറപ്പുണ്ട്.

സാഹിത്യകൃതിയെക്കുറിച്ച് പറയാനുള്ളതൊക്കെ പറഞ്ഞുകഴിഞ്ഞാൽ, അതിനുശേഷം പുതുതായി ഒന്നും പറയാനില്ലെന്നുവന്നാൽ ആ സാഹിത്യകൃതി മരണമടഞ്ഞുവെന്നു കരുതിക്കൊള്ളണമെന്ന് ആരോ എഴുതിയിട്ടുണ്ട്. അതു സത്യമാണെങ്കിൽ സി.വി.രാമൻപിള്ളയുടെ നോവലുകളും ചന്തുമേനോന്റെ നോവലുകളും മരിച്ചു എന്നു തീരുമാനിക്കാം. തകഴി ശിവശങ്കരപ്പിള്ളയുടെയും പി.കേശവദേവിന്റെയും നോവലുകളും ചെറുകഥകളും വൈദ്യുതിശ്മശാനത്തിൽ എരിഞ്ഞുചാമ്പലായിട്ട് കാലമെത്ര കഴിഞ്ഞു! വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ, ജി.ശങ്കരക്കുറുപ്പ് ഈ കവികളുടെ കൃതികളും മുകളിൽപ്പറഞ്ഞ മതമനുസരിച്ച് മരിച്ചവയായി പരിഗണിക്കാം. ഉള്ളൂരിന്റെ 'ഉമാകേരള'മെടുത്തുവച്ച് നൂതനമായി എന്തെങ്കിലും എഴുതാൻ പറ്റുമോ? അതു മനസ്സിലാക്കിയിട്ടാണ് എൻ.വി.കൃഷ്ണവാരിയർ വള്ളത്തോൾ കവിതയെ 'സ്റ്റൈലിസ്റ്റിക്സ്' ടെക്നിക്കിലൂടെ അപഗ്രഥിക്കാൻ ശ്രമിച്ചതു്. ആ യത്നം പരാജയപ്പെടുകയും ചെയ്തു. നിരൂപണംകൊണ്ടും വിമർശംകൊണ്ടും ഉള്ളിലുള്ളതെല്ലാം വലിച്ചെടുക്കപ്പെട്ട വള്ളത്തോൾ കവിത സ്റ്റൈലിസ്റ്റിക്സ്കൊണ്ടു വീണ്ടും ഉള്ളടക്കമുള്ളതാകുമോ? എൻ.വി.കൃഷ്ണവാരിയരുടെ കളി മണ്ടൻകളിയാണെന്ന് അക്കാലത്തു് ശൂരനാട്ടു കുഞ്ഞൻപിള്ള എന്നോടു പറഞ്ഞു. എന്നാൽ എത്ര കോരിയെടുത്താലും ജലം മുകളിലേയ്ക്കു ചാടുന്ന നീരുറവകളുണ്ട്. തോമാസ് മന്നിന്റെ "മാജിക് മൗണ്ടൻ", മെൽവിലിന്റെ "മോബിഡിക്" ഇവ അത്തരം നീരുറവകളാണ്. പ്രൂസ്റ്റിന്റെ "In Search of Lost Time' എന്ന മാസ്റ്റർപീസ് വേറൊരു നീരുറവയാണ്. അതിനാലാണ് പ്രൂസ്റ്റിന്റെ നോവലിനെക്കുറിച്ച് ആയിരത്തിലധികം നിരൂപണഗ്രന്ഥങ്ങളുണ്ടായിട്ടും ഷട്ടക്ക് 'Proust's Way' എന്ന പുസ്തകംകൂടി എഴുതിയതു്. കഴിഞ്ഞവർഷമാണ് (2000-ൽ) അതു പ്രസിദ്ധപ്പെടുത്തിയതു്. ഞാനതു കഴിഞ്ഞയാഴ്ച വായിച്ചുതീർത്തു. മഹനീയമായ അനുഭവമായി ഞാൻ അതിനെ കരുതുന്നു.

ഇത്തരം പുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ സംഗ്രഹം നല്കാനാവില്ല. അപ്രധാനമായി ഒരു ഖണ്ഡികപോലും കാണില്ല. അപ്പോൾ പിന്നെങ്ങനെ സംക്ഷേപിക്കും? കാലമാണ് പ്രൂസ്റ്റിന്റെ പ്രധാനപ്പെട്ട വിഷയം. അതിനെക്കുറിച്ച് ഷട്ടക്ക് പറയുന്നതു് എടുത്തെഴുതിക്കൊണ്ട് ഞാൻ ഈ പ്രതിപാദനം അവസാനിപ്പിക്കാം.

"It conveys above all a sense of time deeply penetrated and linked back to itself in wide loops of recall and recognition. This approach lends weight to the order and pacing of events and endorses the conception of a story as basically linear, or perhaps circular like time itself. In recent years, however, a number of critics have taken up their cudgels to make the opposite case. When one has finished the novel, they contend, when one can hold its parts in the mind, its true character reveals itself as that of a single whole which stands free of temporal order and lies spread out before us in space, like a painting."

ചിത്രംപോലെ നോവൽ ശൂന്യപ്രദേശത്തു് പരന്നുകിടക്കുന്നതു് കാണാൻ പ്രൂസ്റ്റിന്റെ നോവൽ വായിക്കുക. ആ കാഴ്ചയ്ക്കു സഹായിക്കും ഷട്ടക്കിന്റെ ഉത്കൃഷ്ടമായ നിരൂപണഗ്രന്ഥം. (Proust's Way- A field guide to In Search of Lost Time- Roger Shattuck- Allen Lane, The Penguin Press- Special Indian Price £ 15=00- Pages 290)

ധീരത വേണം

റെബേക്ക വെസ്റ്റ് (Rebecca West 1892-1983) സീമോൻ ദെ ബോവ്വാറിനെപ്പോലെ ഫിലോസഫർ അല്ലായിരിക്കാം. (Simone de Beauvoir 1908-1986) എങ്കിലും എനിക്കിഷ്ടം റെബേക്കാ വെസ്റ്റിന്റെ രചനകളാണ്. അവരുടെ "Black Lamb and Grey Falcon" എന്ന ഗ്രന്ഥം ഞാൻ എത്ര പരിവൃത്തി വായിച്ചിട്ടുണ്ടെന്ന് പറയാൻ വയ്യ. അതുപോലെ Nurnberg trials-നെക്കുറിച്ചുള്ള അവരുടെ "A Train of Powder" എന്ന പുസ്തകവും ഞാൻ എത്രയോ തവണ വായിച്ചിട്ടുണ്ട്. ഇരുപതാം ശതാബ്ദത്തിലെ സുശക്തങ്ങളായ പുസ്തകങ്ങളാണ് ഇവ. World's No. 1 woman writer എന്നാണ് അവരെ വിളിച്ചിരുന്നതു്. പക്ഷേ സ്വഭാവവൈകല്യം അവരെ കുപ്രസിദ്ധയാക്കി. മകൻപോലും അവരെ വെറുത്തു. മരിക്കുന്ന വേളയിൽ അവരെ ആരും തിരിഞ്ഞുനോക്കിയില്ല. ഇതുപോലെ ചീത്ത സ്ത്രീയായിരുന്നു ജോർജ്ജ് എല്യറ്റ് എന്ന പ്രതിഭാശാലിനി. അച്ഛനെ അവർ ധിക്കരിച്ചു. കാമുകനോടുകൂടി (അയാൾക്കു വേറെ ഭാര്യയുണ്ടായിരുന്നു) വളരെക്കാലം താമസിച്ചു. ഒടുവിൽ തന്നെക്കാൾ ഇരുപതുവയസ്സു കുറഞ്ഞ ഒരു യുവാവിനോടായി അവരുടെ ലൈംഗികബന്ധം. ഏതു ദാമ്പത്യജീവിതവും തകർക്കാൻ ജോർജ്ജ് എല്യറ്റിന് മടിയില്ലായിരുന്നു. അടുത്ത വീട്ടുകാർക്കു ശല്യമുണ്ടാകുന്ന രീതിയിൽ അവർ സ്വന്തം വീട്ടിൽക്കിടന്നു നിലവിളിക്കുമായിരുന്നു. (ജോർജ്ജ് എല്യറ്റിന്റെ ജീവചരിത്രങ്ങൾ വായിച്ച ഓർമ്മയിൽനിന്നു്) റെബേക്ക വെസ്റ്റും ജോർജ്ജ് എല്യറ്റും സുനിയതങ്ങളായ സാന്മാർഗ്ഗിക നിയമങ്ങൾ ലംഘിച്ച് പെരുമാറിയെങ്കിലും എനിക്ക് അവരോട് ഒരു തരത്തിലുള്ള ബഹുമാനമുണ്ട്. അതു് അവരുടെ ധീരത കണ്ടിട്ടാണ്. നേരെ മറിച്ചാണ് എന്റെ സ്ഥിതി. ഭീരുത്വമാണ് എന്റെ സ്വഭാവത്തിന്റെ സവിശേഷത. എന്നോട് അപരാധം ചെയ്ത ആളിനോടുപോലും ഞാൻ മാപ്പു ചോദിക്കും.

ഈ ഭീരുത്വം കാണിച്ചുകൊണ്ട് ഞാൻ പ്രഭാഷണവേദിയിൽ കയറിനിന്ന് "ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ" എന്ന ഗീതാശ്ലോകം ചൊല്ലുകയും ചെയ്യും. വീട്ടിൽ വന്നിരുന്ന്, ഒരു ദിവസമേ ജീവിക്കുന്നുള്ളുവെങ്കിലും ധീരതയോടെ ജീവിക്കണം എന്ന് വിചാരിക്കും. 'മലയാളനാട്ടി'ൽ ഈ കോളമെഴുതിക്കൊണ്ടിരുന്ന വേളയിൽ എസ്.കെ.നായരോടു പിണങ്ങി പലപ്പോഴും 'ഞാൻ ഇനി എഴുതുകയില്ല' എന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഉടനെ കൊല്ലത്തുനിന്ന് ഒന്നരമണിക്കൂർ കൊണ്ട് തിരുവനന്തപുരത്തെത്തി എന്നോട് അപേക്ഷിക്കും കോളം മുടക്കരുതെന്ന്. ഞാൻ പരുക്കനായി പെരുമാറിയതു ശരിയായില്ല എന്നുപറഞ്ഞു് എസ്.കെയോടു മാപ്പുചോദിക്കും. കോളം മുടക്കാതെ എഴുതിക്കൊടുക്കുകയും ചെയ്യും. എന്റെ ഈ ഭീരുത്വംകണ്ട് എന്റെ മകൻ ഒരിക്കൽ എന്നെ ഉപദേശിച്ചു. "അച്ഛനു പണം വേണമെങ്കിൽ അപമാനം സഹിച്ചും എഴുതൂ. അല്ലാതെ 'നിറുത്തിയിരിക്കുന്ന കോളം' എന്നുപറഞ്ഞിട്ട് വീണ്ടും എഴുതരുതു്. കോളം നിറുത്തിയെന്ന് മലയാളനാട്ടുകാരോട് പറഞ്ഞാൽ പിന്നെ ജന്മകാലം എഴുതരുതു്." മകന്റെ ഈ ഉപദേശമനുസരിച്ച് എനിക്കു ധീരതയോടെ കഴിയാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇനിയും ഞാൻ എന്നെ അപമാനിക്കുന്നവരോട്, അസഭ്യം പറയുന്നവരോടു മര്യാദയോടു പെരുമാറും. വേണ്ടാത്ത സന്ദർഭത്തിൽ ആ കശ്മലന്മാരോടു മാപ്പു ചോദിക്കുകയും ചെയ്യും. റെബേക്ക വെസ്റ്റും ജോർജ്ജ് എല്യറ്റും ധീരവനിതകളായിരുന്നു. ആ ധീരത മലയാളം വാരികയിൽ 'വ്യതിയാനങ്ങൾ' എന്ന കഥയെഴുതിയ എൻ.കെ.കണ്ണൻമേനോൻ കാണിച്ചെങ്കിൽ എന്നാണ് എന്റെ ആഗ്രഹം. കഥയെഴുതാൻ പ്രേരണയുണ്ടാകുമ്പോൾ കണ്ണൻമേനോനു ആ പ്രേരണയോടു പറയാം. 'എനിക്കതിനു കഴിവില്ല. പ്രേരണേ അടങ്ങു' എന്ന്. മലയാളം വാരികയിലെ ഇക്കഥയ്ക്ക് 'ആന്റിഡിലൂവിയൻ' സ്വഭാവമാണുള്ളതു്. അച്ഛനമ്മമാരെ പണത്തിനുവേണ്ടി പീഡിപ്പിക്കുന്ന മകൻ ആത്മഹനനം നടത്തിപോലും. പ്ലോട്ട് ആന്റി ഡിലൂവിയൻ, ആവിഷ്കാരരീതി ആന്റിഡിലൂവിയൻ (മഹാപ്രളയത്തിനു മുൻപുള്ളതു്). ആത്മാവിന്റെ അഗാധതന്ത്രികളെ സ്പർശിക്കുന്നതാണ് സാഹിത്യം. അതു സൃഷ്ടിക്കാൻ കണ്ണൻമേനോനു കഴിയുകയില്ല.

നിരീക്ഷണങ്ങൾ

സാഹിത്യജീവിതം ആരംഭിക്കുമ്പോൾ അസാധാരണമായ പ്രകാശം പ്രസരിപ്പിക്കുന്നവർ നേരത്തെ മരിക്കും. കീറ്റ്സ് 26-ാമത്തെ വയസ്സിൽ മരിച്ചു. ഷെല്ലി മുപ്പതാമത്തെ വയസ്സിലും. ആൻ ബ്രോൻറേയ് (ബ്രോൻറ്റി എന്നും) ഇരുപത്തിയൊൻപതാമത്തെ വയസ്സിലും അവരുടെ സഹോദരിമാരായ ഷാർലറ്റ്, എമിലി ഇവർ യഥാക്രമം 39 വയസ്സിലും 30 വയസ്സിലും ചരമമടഞ്ഞു. എഡ്ഗർ അലൻ പോ നാല്പതാമത്തെ വയസ്സിലാണ് മരിച്ചതു്. നമ്മുടെ ചങ്ങമ്പുഴ കൃഷ്ണപിള്ള യുവാവായിരിക്കെത്തന്നെ അന്തരിച്ചു. ഇടപ്പള്ളി രാഘവൻപിള്ള ആത്മഹത്യ ചെയ്തില്ലെങ്കിലും നേരത്തെ പോകുമായിരുന്നു എന്ന് എനിക്കു തോന്നുന്നു. പ്രകൃതി നല്കുന്ന തേജസ്സ് ഇവരൊക്കെ ലോകത്തിന് ഉപകാരപ്രദമായ വിധത്തിൽ പ്രദർശിപ്പിക്കുന്നു. പിന്നെ അവരെക്കൊണ്ടു് പ്രയോജനമില്ല. പ്രകൃതി അവരെ തിരിച്ചുവിളിക്കുന്നു. അത്രയുള്ളൂ. നമ്മൾ അകാലചരമം എന്നുപറഞ്ഞു് ദുഃഖിക്കുന്നു.

2. പാൽക്കുളങ്ങര സരസ്വതിഅമ്മ ഒരിക്കലും നല്ല കഥാകാരിയായി പ്രത്യക്ഷയായിട്ടില്ല. അവരുടെ വിരസങ്ങളായ രചനകളെല്ലാം സമാഹരിച്ച് പത്തായത്തിന്റെ മട്ടിൽ ഡി.സി. ബുക്ക്സ് പ്രസിദ്ധീകരിച്ച് ഏതാനും മാസങ്ങൾക്കുമുൻപ്. പുസ്തകത്തിന്റെ 'കോർപ്യുലൻസും' (തടിച്ച അവസ്ഥ) സരസ്വതിഅമ്മയുടെ പ്രതിഭയും തമ്മിൽ ഒരു ബന്ധവുമില്ല.

ഫുട്ബോളിന്റെ വലിപ്പമുള്ള ഓറഞ്ച് വാങ്ങി തോട് പൊളിച്ചുനോക്കുമ്പോൾ ഒരു മില്ലിമീറ്റർ നീളത്തിൽ പുളിച്ച സാധനം ഇതളെന്ന പേരിൽ അകത്തുകണ്ടാൽ നമുക്ക് എന്തു തോന്നും? എന്തുതോന്നുമോ അതുതന്നെയാണ് അവരുടെ പുസ്തകം കണ്ടപ്പോൾ എനിക്കും തോന്നിയതു്. ഇപ്പോൾ കുറേ ഫെമിനിസ്റ്റുകൾ അവരെ പൊക്കിക്കൊണ്ടു നടക്കുന്നു. അതിലും കഥയില്ല. സരസ്വതി അമ്മ പുരോഗമനക്കാരിയായ ഫെമിനിസ്റ്റ് ആയിരുന്നില്ല.

3. പഞ്ഞിക്കെട്ടിൽ തീപിടിച്ചപോലെ അഗ്നിശോഭ പ്രസരിപ്പിക്കുന്ന മനസ്സ്, കലാസൃഷ്ടിയുടെ ആന്തരതലത്തിലേക്കു കടക്കാനുള്ള വൈദഗ്ദ്ധ്യം, വിശ്വസാഹിത്യകൃതികളുടെ പാരായണംകൊണ്ട് സംസ്കാരമാർജ്ജിച്ച ചിത്തവൃത്തികൾ ഇവയുള്ളവനേ നല്ല നിരൂപകനാകാൻ കഴിയൂ. നമ്മുടെ നിരൂപകരിൽ ഒന്നോ രണ്ടോ പേരൊഴിച്ചാൽ ശേഷമുള്ളവർക്കെല്ലാം ഈ മൂന്നു തലങ്ങളിലും ശൂന്യതയാണുള്ളതു്. എങ്കിലും അവർ പത്രങ്ങളുടെയും വാരികകളുടെയും താളുകൾ മെനക്കെടുത്തിക്കൊണ്ടിരിക്കുന്നു. കുറച്ചുകാലംമുൻപ് 'കാളിദാസൻ തൊട്ട് നീലമ്പേരൂർ മധുസൂദനൻനായർവരെ' എന്നൊരു 'കാച്ച്' ഞാൻ കണ്ടതായി ഓർമ്മ. ഇവിടെ ലിറ്ററേച്ചർ ലവ് അല്ല, ഫ്രൻഡ്ലവിനാണ് പ്രാധാന്യം. ഈ ഫ്രൻഡ്ലവിനെ അദ്ദേഹം ആഴ്ചതോറും പരിപോഷിപ്പിക്കുന്നു. പരിപോഷിപ്പിക്കട്ടെ. എന്നെങ്കിലും എഡിറ്റർ ഇതറിയാതെയിരിക്കില്ല.

4. നമ്മുടെ താൽകാലികമായ വൈകാരികാവസ്ഥയോടു ബന്ധപ്പെട്ടിട്ടാണ് പ്രബന്ധങ്ങൾ (essays) ആസ്വദിക്കപ്പെടുക. എന്നാൽ സമുന്നതങ്ങളായ പ്രബന്ധങ്ങളുടെ ആസ്വാദനത്തിന് ഈ വൈകാരികാവസ്ഥ വേണ്ട. മനസ്സ് ഏതുനിലയിലും ഇരിക്കട്ടെ. ആൽഡസ്ഹക്സിലി, ബർട്രൻഡ് റസ്സൽ, വാർഗാസ്യോസ ഇവരുടെ രചനകളുടെ മഹത്ത്വം നമ്മൾ കണ്ടറിയുന്നതിൽ മനസ്സിന്റെ വൈകാരികാവസ്ഥയ്ക്ക് ഒരു പങ്കുമില്ല. Maurice Blanchot എന്ന നിരൂപകന്റെ നിരൂപണപ്രബന്ധങ്ങൾ ഞാൻ ഏറെ വായിച്ചിട്ടുണ്ട്. ഓരോന്നും നിസ്തുലം, അനന്യാദൃശം എന്നേ പറഞ്ഞുകൂടൂ. ഇവരെപ്പോലെ എഴുതുന്നവർ ആരുണ്ട് കേരളത്തിൽ? ■

“

ചൈന നമ്മുടെ രാജ്യത്തെ ആക്രമിച്ചപ്പോൾ ഇവിടെയുള്ള കവികൾ ആ ആക്രമണത്തെ നിന്ദിച്ചു കവിതകൾ രചിച്ചു. അവ ചൈനീസ് ആക്രമണത്തെക്കാൾ നിന്ദ്യങ്ങളായിരുന്നു.

”

റെബേക്കാ വെസ്റ്റ്

മാർക്സിനെ മനസ്സിലാക്കാൻ

അജയ് പി.മങ്ങാട്ട്

മാർക്സിനെ വ്യാഖ്യാതാക്കളിൽനിന്ന് മോചിപ്പിക്കാനുള്ള ശ്രമം



ദി അൺനോൺ മാർക്സ്:
റീ കൺസ്ട്രക്റ്റിംഗ് എ യൂണിഫൈഡ്
പേഴ്സ്പെക്റ്റീവ്
തകാഹിസ ഒയിഷി
പ്ലൂട്ടോ പ്രസ്, ലണ്ടൻ
വില £ 40

ഇംഗ്ലീഷ് രാഷ്ട്രീയസമ്പദ്‌വ്യവസ്ഥയുടെയും ജർമൻ ക്ലാസിക്കൽ ഫിലോസഫിയുടെയും ഫ്രഞ്ച് സോഷ്യലിസത്തിന്റെയും വിമർശനമാണ് മാർക്സിന്റെ ചിന്താവ്യവസ്ഥ എന്നു ലെനിൻ പറഞ്ഞിട്ടുണ്ട്, ഈ ത്രിതല വിമർശനപദ്ധതിയുടെ യുക്തിപരമായ ഘടനയെങ്ങനെയെന്നത്, അത്ഭുതകരമെന്നു പറയട്ടെ, ഒരിക്കലും വ്യക്തമാക്കപ്പെട്ടിട്ടില്ല.

കാൾ മാർക്സ് അറിയപ്പെട്ടിട്ടില്ല, അഥവാ നേരായ രീതിയിൽ അറിയപ്പെട്ടിട്ടില്ല. തകാഹിഷ ഒയിഷിയുടെ പഠനത്തിന്റെ പശ്ചാത്തലം അതാണ്. മാർക്സിനെ പഠിക്കാൻ ശ്രമിച്ചവരൊക്കെ സോവിയറ്റ് മാർക്സിസത്തിന്റെ സ്വാധീനത്തിലാണ് അദ്ദേഹത്തെ സമീപിച്ചത്. സോവിയറ്റ് മാർക്സിസത്തിനാകട്ടെ കാൾ മാർക്സിന്റെ ചിന്താവ്യവസ്ഥയുമായി അടിസ്ഥാനപരമായിതന്നെ ഭിന്നത ഉണ്ടെന്നാണ് ഒയിഷിയുടെ കണ്ടെത്തൽ. മാർക്സിനെ ശരിയായി മനസിലാക്കാൻ, മാർക്സിന്റെ വാക്കുകൾ തന്നെയാണ് ശരിയായ സ്രോതസ് എന്ന് ഒയിഷി പറയുന്നു. ആദ്യകാലത്തെ മാർക്സിയൻ ചിന്തകരൊക്കെയും സ്റ്റാലിന്റെയും മാർക്സിസം ലെനിനിസത്തിന്റെയും തണലിലിരുന്നാണ് മാർക്സിനെ കണ്ടത്. അതുകൊണ്ട് മർദ്ദക രാഷ്ട്രീയ വ്യവസ്ഥയെ നീതികരിക്കുന്ന വിധത്തിലാണ് മാർക്സിന്റെ വീക്ഷണങ്ങൾ അവർ വ്യാഖ്യാനിച്ചത്.

മാർക്സിന്റെ ഓരോ കൃതിയും അദ്ദേഹത്തിന്റെ ചിന്താവ്യവസ്ഥയുടെ ഓരോ ഘട്ടമാണ്. ഏതെങ്കിലും ഒരു കൃതിയെ ഒഴിവാക്കിയാൽ ആ വ്യവസ്ഥ സ്വഭാവികമായും തകരും. ഒയിഷി പറയുന്നത്, മാർക്സിനെ തിരഞ്ഞെടുത്തു വായിച്ചവർ ഈ തത്ത്വം അവഗണിച്ചുവെന്നാണ്.

എക്കണോമിക് ആൻഡ് ഫിലോസഫിക്കൽ മാനുസ്ക്രിപ്റ്റ്സിൽ (1844) നിന്നു തുടങ്ങാം. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെയും തത്ത്വചിന്തയെയും സംബന്ധിക്കുന്ന ഈ പഠനത്തിൽ മാർക്സ് കണ്ടെത്തുന്ന കേന്ദ്ര ശയം 'അന്യവൽക്കരിക്കപ്പെട്ട അദ്ധ്വാനം' (alienated labour) ആണ്. ത്തിക വിശകലനത്തിൽ 'അന്യവൽക്കരിക്കപ്പെട്ട അദ്ധ്വാനം എന്നത്തിന് സുപ്രധാന സ്ഥാനമാണുള്ളത്. എന്നാൽ മാർക്സിസ്റ്റ് സൈ ിൽ പലരും 'അന്യവൽക്കരിക്കപ്പെട്ട അദ്ധ്വാനം' എന്ന മാർക്സി പ്പാടിനെ ഗൗരവമായി പരിഗണിച്ചില്ല. വാസ്തവത്തിൽ 'അന്യ പ്പെട്ട അദ്ധ്വാനം' എന്ന ആശയം മാർക്സിയൻ ചിന്തയുടെ ട്ടത്തിലും അടിസ്ഥാന ഘടകമാണെന്നാണ് തകാഹിഷ ഒയി വാദം.

ാണ് ഈ അന്യവൽക്കരണം? തൊഴിലാളിയുടെ അദ്ധ്വാനത്തി ലം അവന്റേതല്ലാതാകുമ്പോൾ ഉൽപ്പന്നത്തിൽനിന്ന് തൊഴിലാളിക്ക് അന്യവൽക്കരണം സംഭവിക്കുന്നു. ഉൽപ്പന്നം തൊഴിലാളിയുടേതല്ലെങ്കിൽ അദ്ധ്വാനവും അവന്റേതല്ല. ഉൽപ്പന്നത്തിനു കാരണമായ അദ്ധ്വാനം അവനു വേണ്ടിയല്ല, മറ്റാർക്കോ വേണ്ടിയാണ്. അങ്ങനെ ഉൽപ്പന്നത്തിൽ അന്യവൽക്കരിക്കപ്പെട്ട തൊഴിലാളി സ്വന്തം അദ്ധ്വാനത്തിൽനിന്നുകൂടി അന്യവൽക്കരിക്കപ്പെടുന്നു.

'മനുഷ്യപ്രകൃതിയുടെ ആത്മാവിഷ്കാരം' എന്ന നിലയിലാണ് മാർക്സ് ഉൽപ്പാദനത്തെ വിശകലനം ചെയ്തത്. പ്രകൃതിയിലെ മറ്റു ജീവജാലങ്ങൾക്ക് സ്വന്തം ജീവിതത്തെയോ പ്രവൃത്തിയെയോ വസ്തുനിഷ്ഠമായി വിലയിരുത്താനാവില്ല, മനുഷ്യനാകട്ടെ പ്രകൃതിയുടെ ഭാഗമായിരിക്കുമ്പോൾ തന്നെ അതിൽനിന്നു വേറിട്ട് അതിനെ പഠിക്കുന്നു. വിശപ്പടക്കാൻ വേണ്ടിയല്ലാതെയും സൃഷ്ടി നടത്തുന്ന ജീവിയാണ് മനുഷ്യൻ. അതുകൊണ്ട് ഉൽപ്പാദകവ്യവസ്ഥയെ ആഗോളമാക്കാനാകും. മനുഷ്യനു മാത്രമേ സ്വന്തം ഉൽപ്പന്നങ്ങളെ വിൽക്കാനാകൂ. അദ്ധ്വാനത്തെ വിൽക്കുകയും അതിനു പ്രതിഫലം വാങ്ങുകയും ചെയ്യുന്ന ഒരേ ഒരു ജീവി മനുഷ്യനാണെന്ന് മാർക്സ് നിരീക്ഷിക്കുന്നുണ്ട്. അന്യവൽക്കരണത്തിന്റെ ഒരു വൈരുദ്ധ്യമിതാണ്. അന്യവൽക്കരിക്കപ്പെടുന്ന അദ്ധ്വാനം മനുഷ്യന് വിൽക്കാനാകും. ഇത് മനുഷ്യപ്രകൃതത്തിൽ നിന്നുള്ള തൊഴിലാളിയുടെ അന്യവൽക്കരണമാണ്. സാമ്പത്തികമായി പറഞ്ഞാൽ, കൈമാറ്റവ്യവസ്ഥയുടേയും വാണിജ്യസമൂഹത്തിന്റെയും അടിസ്ഥാനവും ഇതുതന്നെ.

അദ്ധ്വാനവും അദ്ധ്വാനത്തിന്റെ ഫലവുംതൊഴിലാളിയുടേതല്ലെങ്കിൽ പിന്നാരുടേതാണ്? തൊഴിലാളിയുടെ അദ്ധ്വാനം കൂടാതെ കാപ്പിറ്റലിസ്റ്റിന് നിലനിൽക്കാനാവില്ല. ലാഭത്തോടെ സ്വന്തം പണത്തെ പുനരുൽപ്പാദിപ്പിക്കാനുമാകില്ല. 'സ്വകാര്യസ്വത്ത് അദ്ധ്വാന'മെന്ന നിലയിൽ നിന്ന് 'സ്വകാര്യസ്വത്ത് മൂലധന'മെന്ന നിലയിലേക്കു പരിവർത്തനം ചെയ്യുന്നതാണ് അന്യവൽക്കരണത്തിന്റെ അന്തിമഘട്ടം. ഇങ്ങനെ അന്യവൽക്കരിക്കപ്പെട്ട സാമൂഹ്യക്രമത്തിൽ മാത്രമാണു മനുഷ്യന് സ്വന്തം സാമൂഹിക ശക്തിയും വ്യക്തിഗത കഴിവുകളും വികസിപ്പിക്കാൻ കഴിയുന്നതെന്ന് മാർക്സ് കണ്ടെത്തുന്നു. 'സ്വാതന്ത്രനായ മനുഷ്യൻ' എന്ന മാർക്സിയൻ സങ്കല്പം അന്യവൽക്കരണത്തിന്റെ നിഷേധാത്മക തലത്തെ പരിഹരിക്കാനുള്ള ശ്രമമാണ്. അന്യവൽക്കരണത്തെ ഗുണാത്മക തലത്തിലും നിഷേധതലത്തിലും ഉപയോഗിക്കുന്ന 'വൈരുദ്ധ്യാധിഷ്ഠിത' രീതിയാണ് മാർക്സിന്റേത്.

സ്വകാര്യസ്വത്തിനെ മാർക്സ് നിർവ്വചിച്ചത് തൊഴിലാളിയല്ലാത്ത ഒരാളും തൊഴിലാളിയുടെ അദ്ധ്വാനവും തമ്മിലുള്ള ബന്ധം എന്ന നിലയിലാണ്. ക്ലാസിക്കൽ രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയിൽ മനുഷ്യപ്രവൃത്തി ഭൗതികമായ ഒരു ചരക്ക് എന്നതിനപ്പുറം മറ്റൊന്നുമല്ല. ഈയൊരു പരിമിതിയെ മറികടന്ന് ഉൽപ്പാദക ബന്ധങ്ങളെ പുനർസൃഷ്ടിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയാണ് മാർക്സ് വിഭാവനം ചെയ്തത്.

മാർക്സിന്റെ കമ്മ്യൂണിസം മാർക്സോളജിയുടെ അടിസ്ഥാന വിഷയങ്ങളിലൊന്നാണ്. ഒട്ടേറെ സൈദ്ധാന്തികർ അതിനു വ്യാഖ്യാനം നൽകുകയും ചെയ്തു. എന്നാൽ വ്യക്തിസ്വത്ത്, പൊതുസ്വത്ത് എന്നീ മാർക്സിയൻ മൗലിക ഘടകങ്ങളെ വിശകലനം ചെയ്യുമ്പോൾ 'മാർക്സിന്റെ വീക്ഷണം' തീരെ അറിയപ്പെട്ടിട്ടില്ലെന്നാണ് തകാഹിഷ ഒയിഷി ചൂണ്ടിക്കാട്ടുന്നത്. മാർക്സ് ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആയിരുന്നില്ല എന്ന സത്യം ആരാണു മറച്ചുവച്ചത്? എന്തായിരുന്നു ഈ അജ്ഞതയ്ക്കു കാരണം? മൂന്നു കാരണങ്ങളാണ് ഒയിഷി ചൂണ്ടിക്കാട്ടുന്നത്:

1. ഏംഗൽസ് ആണ് മാർക്സിനെ തെറ്റായി വ്യാഖ്യാനിച്ചവരിൽ പ്രമുഖൻ. കമ്മ്യൂണിസം സംബന്ധിച്ച അടിസ്ഥാന ആശയങ്ങളിൽ ഇരുവരും തമ്മിൽ സാരമായ ഭിന്നതകളുണ്ടായിരുന്നു. വ്യക്തിസ്വത്ത്, പൊതുസ്വത്ത്, സ്വാതന്ത്ര്യതലം. നിഷേധത്തിന്റെ നിഷേധം തുടങ്ങിയ മുഖ്യ ആശയങ്ങളിൽ അവരുടെ വീക്ഷണം ഒന്നായിരുന്നില്ല.

2. സ്റ്റാലിനിസം മറ്റൊരു വിലങ്ങുതടിയായി നിന്നു. എക്കണോമിക് ആൻഡ് ഫിലോസഫിക്കൽ മാനുസ്ക്രിപ്റ്റ്സ് ഉൾപ്പെടെ മാർക്സിന്റെ പല സുപ്രധാന രചനകളും പ്രസിദ്ധീകരിക്കാൻ സോവിയറ്റ് മാർക്സിസ്റ്റുകൾ തയ്യാറായില്ല. സോവിയറ്റ് യൂണിയൻ ഭരണകൂടത്തിന് സ്വന്തം മർദ്ദക രാഷ്ട്രീയ വ്യവസ്ഥയെ ന്യായീകരിക്കാൻ സഹായകമായത് ഏംഗൽസിന്റെ കമ്മ്യൂണിസ്റ്റ് വീക്ഷണങ്ങളായിരുന്നു.

3. ലോകത്തെമ്പാടുമുള്ള മാർക്സിസ്റ്റ് സൈദ്ധാന്തികരും വ്യാഖ്യാതാക്കളും മാർക്സിനെ അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിൽനിന്നു പഠിക്കാൻ വിമുഖരായിരുന്നു. മോസ്കോയിലെയും ബെർലിനിലെയും മാർക്സിസം ലെനിനിസം ഇൻസ്റ്റിറ്റ്യൂട്ടിലെ ഗ്രന്ഥങ്ങളും ഏംഗൽസിന്റെ വിശകലനങ്ങളുമാണ് മാർക്സിസം എന്നവർ കരുതി. അതായിരുന്നു അവരുടെ സ്രോതസ്, മാർക്സിന്റെ കൃതികളായിരുന്നില്ല.

അതുകൊണ്ട് മാർക്സിന്റെ വാക്കുകളിൽ നിന്നുതന്നെ അദ്ദേഹത്തെ മനസ്സിലാക്കേണ്ട സമയമായിരിക്കുന്നുവെന്നാണ് ഒയിഷി പറയുന്നത്. അത്തരമൊരു പുനർവായനയ്ക്ക് നാം ആദ്യം സോവിയറ്റ് മാർക്സിസത്തിൽ നിന്നു പൂർണ്ണമായും അകന്നു നിൽക്കണം. (സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ സോവിയറ്റ് മാർക്സിസം അക്കാദമികരംഗത്തുനിന്നു പിൻവാങ്ങിയതു എളുപ്പമായി)

നാം ജീവിക്കുന്ന ഈ കാലം, മാർക്സ് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളും ചിന്തകളും വികസിപ്പിച്ചെടുത്ത കാലത്തോടു വളരെ സാദൃശ്യം വഹിക്കുന്നതാണെന്ന് ഒയിഷി കരുതുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഫ്രാൻസിലും ജർമ്മനിയിലും സോഷ്യലിസ്റ്റുകളുടെ ഒരു 'പട' തന്നെയുണ്ടായിരുന്നു. മാർക്സ് അവരെ കഠിനമായി വിമർശിച്ചുകൊണ്ടാണ് തന്റെ 'വൈരുദ്ധ്യാധിഷ്ഠിത ചിന്ത' രൂപീകരിച്ചത്. കമ്മ്യൂണിസത്തെ സംബന്ധിച്ച മാർക്സിന്റെ നിലപാടുകൾ വ്യക്തമായി രേഖപ്പെടുത്തിയ എക്കണോമിക് ആൻഡ് ഫിലോസഫിക്കൽ മാനുസ്ക്രിപ്റ്റ്സ് എന്ന കൃതി മാർക്സിസ്റ്റുകൾ അവഗണിച്ചു. യുവാവായ മാർക്സും വൃദ്ധനായ മാർക്സും തമ്മിലുണ്ടെന്നു പറയപ്പെടുന്ന 'ഭിന്നത' സോവിയറ്റ് മാർക്സിസം പ്രചരിപ്പിച്ച ഭാവന മാത്രമാണ്.

മാർക്സ് യുവാവായിരുന്ന കാലത്തെ ലോക വീക്ഷണത്തിൽനിന്നു ഭിന്നമാണ് 'മൂലധനം' പോലുള്ള കൃതികൾ രചിക്കുമ്പോഴുള്ള ലോകവീക്ഷണം എന്നു സോവിയറ്റ് മാർക്സിസ്റ്റു ബുദ്ധിജീവികളും അവരുടെ പാശ്ചാത്യ പിന്നണിക്കാരും പ്രചരിപ്പിക്കുകയുണ്ടായി. ഈയൊരു തെറ്റിദ്ധാരണക്കു പിന്നിൽ മാർക്സിന്റെ ചിന്താവ്യവസ്ഥ സംബന്ധിച്ച അജ്ഞത മാത്രമല്ല, ലെനിനിന്റെ വിശകലനത്തിന്റെ സ്വാധീനവും പ്രധാന പങ്കുവഹിച്ചു. മാർക്സിന്റെ ചരിത്ര വിശകലനത്തിലെ 'ഭൗതികവാദപരമായ അടിസ്ഥാനത്തെ' 'ഭൗതികവാദപരമായ ചരിത്ര വ്യഖ്യാന'മായി യാഥാസ്ഥിതികർ തെറ്റിദ്ധരിച്ചുവെന്ന് ഒയിഷി അവകാശപ്പെടുന്നു. ലെനിൻ മാർക്സിനെ തെറ്റായി വിശകലനം ചെയ്യാൻ കാരണമുണ്ട്. എക്കണോമിക് ആൻഡ് പൊളിറ്റിക്കൽ മാനുസ്ക്രിപ്റ്റ്സ് 1930 വരെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല, അക്കാരണത്താൽ ലെനിന് അതു വായിക്കാനുള്ള അവസരവും ഉണ്ടായില്ല. ക്ലാസിക്കൽ ലേബർ തിയറിയുടെ മൂല്യസങ്കൽപ്പത്തെ മാർക്സ് മേൽപ്പറഞ്ഞ പുസ്തകത്തിൽ നിരാകരിച്ചത് ലെനിനു മനസ്സിലാക്കാനായില്ല. 'വിശുദ്ധ കുടുംബ'ത്തിന്റെ രചന (1845) യോടെ മാർക്സ് ക്ലാസിക്കൽ ലേബർതിയറിയെ അംഗീകരിച്ചുവെന്നു അങ്ങനെ ലെനിൻ വ്യാഖ്യാനിക്കുകയും ചെയ്തു.

അദ്ധ്വാന മൂല്യ സിദ്ധാന്തവുമായി ബന്ധപ്പെട്ട മാർക്സിന്റെ രചനകളുടെ വിശകലനത്തിൽ ജർമ്മൻ ഐഡിയോളജിക്കു മുമ്പും ശേഷവും ഉള്ള കൃതികൾ സുപ്രധാനമായിരിക്കുന്നത്, അത് പ്രധാന സിദ്ധാന്തം ആയതു മാത്രമല്ല, സൈദ്ധാന്തികർ മാർക്സിന്റെ ചിന്താവ്യവസ്ഥയിൽനിന്നു അകന്നു പോയതും അവിടെ നിന്നാണ്.

മാർക്സിന്റെ ദൗത്യം എന്തായിരുന്നു?

'മുതലാളിത്ത മാതൃകയിലുള്ള ഉൽപ്പാദനം ഒരു ഭാഗത്ത് സമ്പത്ത് വർദ്ധിപ്പിക്കുമ്പോൾ മറുവശത്ത് ദാരിദ്ര്യം വർദ്ധിപ്പിക്കുന്നു'. ഇത് സാമാന്യധാരണയാണ്. മാർക്സിന്റെ കാലം വരെയുള്ള രാഷ്ട്രീയ-സാമ്പത്തിക ചിന്തകർ സമ്പത്തിനെപ്പറ്റി മാത്രം പറഞ്ഞപ്പോൾ ഫ്രഞ്ച് സോഷ്യലിസ്റ്റുകൾ ദാരിദ്ര്യം മാത്രം ചർച്ച ചെയ്തു. മനുഷ്യന്റെ സാമൂഹിക പുരോഗതിയിൽ, മുതലാളിത്തത്തിന്റെ ഈ 'ഇരട്ട' തെളിവുകൾ സൃഷ്ടിക്കുന്ന വൈരുദ്ധ്യങ്ങളെ പരിഹരിക്കുന്ന സാമൂഹ്യദർശനം രൂപപ്പെടുത്തുകയായിരുന്നു മാർക്സിന്റെ ചരിത്രദൗത്യം. മാർക്സ് എഴുതി, "ഒരു വശത്ത്, ജീവിതത്തിന്റെ സാക്ഷാത്കാരത്തിന് മനുഷ്യന് സ്വകാര്യസ്വത്ത് ആവശ്യമാണ്, മറുവശത്ത് സ്വകാര്യസ്വത്തിനെ നിരാകരിക്കേണ്ടതും ആവശ്യമാണ്".

'നിലവിലുള്ള തത്ത്വങ്ങളിൽ നിന്ന് ലോകത്തിനു വേണ്ടി പുതിയ തത്ത്വങ്ങളെ വികസിപ്പിക്കുകയായിരുന്നു' മാർക്സിന്റെ ചരിത്രധർമ്മമെന്ന് ഒയിഷി പറയുന്നു. ഇതേവരെ മാർക്സിനെ പഠിച്ചവരുടെ വിശകലനരീതിയിൽ നിന്നുള്ള പൂർണ്ണമായ വഴിമാറലാണ് ഒയിഷിയുടെ കൃതി എന്നു മുഖവുരയിൽ ബ്രിസ്റ്റോൾ സർവകലാശാലയിലെ പൊളിറ്റിക്കൽ തീയറി പ്രൊഫസർ ടെറൽ കാർവർ എഴുതുന്നു. ഗ്രന്ഥകർത്താവായ തകാഹിഷ ഒയിഷി ടോക്യോയിലെ തകുഷോകു സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്രപ്രൊഫസറാണ്. ■

കവിതയിലെ ആധുനികത: ഒരു സൂക്ഷ്മവായന

കെ.കെ.ഹിരണ്യൻ

കവിതയിലെ സൂക്ഷ്മപരിണാമങ്ങൾ രേഖപ്പെടുത്തുന്ന ഗ്രന്ഥം



ആധുനികത മലയാള കവിതയിൽ
എൻ. അജയകുമാർ
കറന്റ് ബുക്സ്
വില 65 രൂപ

നല്ല കവിത തിരിച്ചറിയാനുള്ള കഴിവും മനസ്സിരുത്തി വായിക്കാനുള്ള ക്ഷമയും മലയാളത്തിലെ പുതിയ നിരൂപകർക്ക് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കേട്ടു കേൾവിയുടെ അടിസ്ഥാനത്തിലുള്ള ചില അഭിപ്രായ പ്രകടനങ്ങളും നവസിദ്ധാന്തങ്ങളുടെ പുറംപകിട്ടിൽ ഭ്രമിച്ചുപോകുന്ന ചില ഉപരിപ്ലവ വായനകളുമാണ് സമകാലീന കവിതാവിമർശനത്തിൽ പൊതുവേ കാണപ്പെടുന്നത്. ആധുനിക കവിതയിലെ സെൻസിബിലിറ്റിയിൽ സംഭവിച്ച സൂക്ഷ്മപരിണാമം നവീന വിമർശകരിൽ വേണ്ടത്ര വിശകലനം ചെയ്യപ്പെട്ടിട്ടില്ല. നവീന കവിതാപഠനത്തെ മലയാളത്തിൽ മുന്നോട്ടു കൊണ്ടുപോയിട്ടുള്ളത് നമ്മുടെ 'പ്രശസ്ത' വിമർശകരല്ല; നവീനകവികളിൽ ചിലർ തന്നെയാണ് - അയ്യപ്പപ്പണിക്കർ, കക്കാട്, സച്ചിദാനന്ദൻ തുടങ്ങിയവർ. (കവിതയിലെ മോഡേണിസത്തെ സമഗ്രമായി പഠിക്കാൻ

ശ്രമിക്കുന്ന ഡോ. ഇ.വി.രാമകൃഷ്ണന്റെ 'Making it New' (1995) എന്ന ഇംഗ്ലീഷ് നിരൂപണഗ്രന്ഥത്തെ വിസ്മരിക്കുന്നില്ല) മലയാള കാവ്യവിമർശനം ഇന്ന് ഒരു പ്രതിസന്ധിയിലാണ്. കാലബോധവും ചരിത്രബോധവും സഹൃദയത്വവും സമ്മേളിച്ച ഒരു നവനിരൂപകനെ കണ്ടുകിട്ടാനില്ല. ഇത്തരം ഒരു സന്ദർഭത്തിൽ കവിതയിലെ ആധുനികതയെ ആഴത്തിൽ മനസ്സിലാക്കിയ ഒരു പുതിയ നിരൂപകന്റെ മൗലികമായ സ്വരം ആഹ്ലാദകരമായ അനുഭവമാണ്. വായനയിലെ ആ അനുഭവമാണ് എൻ.അജയകുമാറിന്റെ 'ആധുനികത മലയാള കവിതയിൽ' എന്ന പഠനഗ്രന്ഥം നമുക്കു നൽകുന്നത്. കവിത എങ്ങനെ വായിക്കണം, ആസ്വദിയ്ക്കണം, അപഗ്രഥിയ്ക്കണം എന്നറിവുള്ള കാവ്യാസ്വാദകനായ ഒരു നിരൂപകന്റെ സാന്നിദ്ധ്യം ഈ പഠനഗ്രന്ഥത്തിലുണ്ട്. (ജി.കുമാർപിള്ള, ഒ.വി.ഉഷ, ലളിതാ ലെനിൻ, സാവിത്രിരാജീവൻ എന്നിവരുടെ കവിതകളെപ്പറ്റി അജയകുമാർ എഴുതിയ പുസ്തകനിരൂപണങ്ങൾ -മലയാളം വാരികയിൽ - ഇതിനകം തന്നെ വായനക്കാരുടെ ശ്രദ്ധ നേടിയിട്ടുണ്ട്) മലയാളത്തിലെ നിരൂപണ ഭാഷയിൽ ഇന്നു പൊതുവായി കാണപ്പെടുന്ന കാൽപ്പനികമായ അതിഭാവുകത്വത്തിന്റെ ജടിലോക്തികളെ ഈ യുവനിരൂപകൻ ഒഴിവാക്കിയിട്ടുണ്ട്. നിരീക്ഷണങ്ങളിൽ മാത്രമല്ല നിരൂപണത്തിന്റെ ഭാഷയിലും വിവേകത്തിന്റെ തെളിച്ചമുണ്ട്, ഈ കവിതാ പഠനത്തിൽ അയ്യപ്പപ്പണിക്കർ, കക്കാട്, കടമ്മനിട്ട, ആറ്റൂർ, സച്ചിദാനന്ദൻ എന്നിവരെ മുൻനിർത്തി 1960–80 കാലത്തെ ഭാവുകത്വത്തെ നിർണ്ണയിച്ച മലയാള കവിതകളുടെ പ്രമേയപരവും രൂപപരവുമായ സവിശേഷതകളാണ് അജയകുമാർ രേഖപ്പെടുത്തുന്നത്. ആധുനികത പാശ്ചാത്യ സാഹിത്യത്തിൽ, ആധുനികതയുടെ പശ്ചാത്തലം മലയാളത്തിൽ, ആധുനികത മലയാള കവിതയിൽ – എന്നിങ്ങനെ മൂന്ന് അധ്യായങ്ങളായി ഗ്രന്ഥത്തെ വിഭജിച്ചിട്ടുണ്ട്. പാശ്ചാത്യ ആധുനികതയുടെ ലക്ഷണങ്ങൾ ചുരുക്കിയെഴുതുന്നതാണ് ആദ്യത്തെ അധ്യായം. നാഗരികത, അന്യവത്ക്കരണം, അസംബന്ധവാദം, ദുരന്തബോധം, രൂപശില്പം എന്നിവയെ പരിചയപ്പെടുത്തുന്ന ഈ അധ്യായം ആധുനികതയെ അറിയാൻ ശ്രമിക്കുന്ന സാഹിത്യവിദ്യാർത്ഥികൾക്കു തീർച്ചയായും ഉപകരിക്കും. ചങ്ങമ്പുഴയ്ക്കും കാൽപ്പനിക പുരോഗമന കവിതയ്ക്കും ശേഷം യഥാതഥരീതിക്കു തുടക്കമിട്ട ഇടശ്ശേരി, വൈലോപ്പിള്ളി, അക്കിത്തം, ഒളപ്പമണ്ണ, എൻ.വി.കൃഷ്ണവാരിയർ എന്നിവർ ആധുനിക കവിതയ്ക്കൊരുക്കിയ പശ്ചാത്തലം വിശദമാക്കുന്നതാണ് രണ്ടാമധ്യായം. ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം', വൈലോപ്പിള്ളിയുടെ 'യുഗപരിവർത്തനം എന്നിവയെ ആധുനികതയ്ക്കു മുമ്പും കവിതയിലുണ്ടായ നഗരബോധത്തിന്റെ തെളിവുകളായി ചൂണ്ടിക്കാട്ടുന്നുണ്ട് (പുറം. 41) എന്നാൽ പ്രധാനപ്പെട്ട ചില കവിതകളെ ഇവിടെ വിട്ടുപോയിരിക്കുന്നു. അക്കിത്തത്തിന്റെ പണ്ടത്തെ മേശാന്തി, ഇടിഞ്ഞുപൊളിഞ്ഞ ലോകം, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം–അന്യവത്ക്കരണത്തിന്റേയും ആധുനിക നഗരഭീതിയുടേയും ആശയം അവതരിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച ഈ കവിതകളുടെ പ്രാധാന്യം എടുത്തു പറയേണ്ടതായിരുന്നു. അമ്പതുകളിൽ തന്നെ ആധുനികമായ ലോകാവബോധം അവതരിപ്പിച്ച ബാലാമണിയമ്മ, പി. കുഞ്ഞുരാമൻനായർ എന്നിവരെയും ആധുനികതയുടെ പശ്ചാത്തലമെഴുതുമ്പോൾ സൂചിപ്പിയ്ക്കാമായിരുന്നു.

ശില്പപരമായ നൂതനത്വം പ്രകടമായ കവിതകൾ മാത്രമേ ആധുനികമായി പരിഗണിക്കുന്നുള്ളു എന്നു ലേഖകൻ വാദിക്കുന്നുണ്ട് (പുറം: 45) തുടർന്ന് മാധവൻ അയ്യപ്പത്തിന്റെ കവിതകളിലാണ് അതു കണ്ടു തുടങ്ങുന്നതെന്നും നിരീക്ഷിക്കുന്നു. ചെറിയാൻ കെ. ചെറിയാൻ, എം.എൻ. പാലൂർ എന്നിവരുടെ പേരുകൾ പറഞ്ഞുപോവുകയും ചെയ്യുന്നു. എന്നാൽ അറുപതുകളിൽ ആധുനിക മലയാള കവിതയുടെ ഭാവുകത്വ പരിണാമത്തിൽ മുഖ്യപങ്കുവഹിച്ച സുപ്രധാന കവികളെ/കവിതകളെ എന്തിനാണ് ഒഴിവാക്കിയത്? സുഗതകുമാരി (ബയാഫ്ര, ബീഹാർ, കൊളോസസ്സ്), വിഷ്ണുനാരായണൻ (മുഖമെവിടെ, ദിലീപൻ), ആർ.രാമചന്ദ്രൻ (ദിവ്യ ദു:ഖത്തിന്റെ നിഴലിൽ, അജന്ത), ജി.കുമാരപിള്ള (മുഗ്ദ്ധം, വളവുകൾ), ഒ.എൻ.വി.കുറുപ്പ് (നാലുമണിപ്പൂക്കൾ, വളപ്പൊട്ടുകൾ), എം.ഗോവിന്ദൻ (ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം) – രൂപപരവും പ്രമേയപരവുമായി കവിതയുടെ ആധുനികവത്ക്കരണത്തെ ത്വരിതപ്പെടുത്തിയ ഇവരുടെ സംഭാവനകളും സ്മരിക്കാമായിരുന്നു.

ആധുനിക മലയാള കവിതയിലെ നഗരാനുഭവം കൃത്രിമമായിരുന്നു എന്ന തിരിച്ചറിവ് അജയകുമാറിനുണ്ട്. "നഗര സംസ്കാരത്തിന്റെ ഭീകരതയെക്കുറിച്ചും യാന്ത്രികത്വത്തെക്കുറിച്ചും കേരളത്തിലെ കൊച്ചുനഗരങ്ങളെ ആസ്പദമാക്കി ആധുനികർ എഴുതി – ഇത് നഗരഭീകരതയെക്കുറിച്ചുള്ള ആശയങ്ങളായാണ് കാണപ്പെടുന്നത്" (പുറം:42) എന്ന നിരീക്ഷണം വളരെ ശരിയാണെന്ന് അറുപതുകളിലെ ആധുനിക കവിത ഇന്ന് വായിക്കുമ്പോൾ ബോധ്യപ്പെടും. അതുകൊണ്ട് അനുഭവങ്ങളായി എന്നതിലേറെ ആശയങ്ങളായി പ്രശ്നങ്ങളെ സമീപിക്കുന്ന ഒരു രീതി ആധുനിക കവിതയിലുണ്ട് എന്ന് അജയകുമാർ കണ്ടെത്തുന്നു. ആശയങ്ങളുടെ ആദർശവൽക്കരണമാണ് ആധുനികരിലധികവും നടത്തിയത് എന്ന നിരീക്ഷണവും (പുറം:133) ശ്രദ്ധിയ്ക്കപ്പെടേണ്ടതാണ്.

എഴുപതുകളിൽ മലയാള കവിതയിൽ സംഭവിച്ച രാഷ്ട്രിയവത്ക്കരണം, വിപ്ലവപരമായ രൂപപരീക്ഷണം എന്നിവയെക്കുറിച്ച് അജയകുമാർ സൂചിപ്പിക്കുന്നുണ്ടെങ്കിലും ചില കാര്യങ്ങൾ വിശദമാക്കുന്നില്ല. കെ.ജി. ശങ്കരപ്പിള്ളയുടെ ആദ്യകാല കവിതകൾ (ബംഗാൾ, ആനന്ദൻ, കഷണ്ടി, നിശ്ശബ്ദത) കവിതയിൽ സൃഷ്ടിച്ച രാഷ്ട്രീയ ഭാവുകത്വവും പുതുബോധവും ചർച്ച ചെയ്യപ്പെടണമായിരുന്നു – പ്രത്യേകിച്ച് 'ബംഗാളി'ന്റെ (1972) ചരിത്ര പ്രാധാന്യം. ആധുനിക മലയാള കവിതയുടെ കാലാവസ്ഥ മാറ്റിയ കവിതയാണത്. അസംബന്ധ ആധുനികതയിൽ നിന്ന് അർത്ഥമുള്ള രാഷ്ട്രീയ- ആധുനികതയിലേക്ക് മലയാളത്തിലെ ആധുനിക കവിത മാറാനുണ്ടായ നിമിത്തമായി 'ബംഗാൾ'. പിന്നീടുള്ള മലയാള കവിതയുടെ രൂപശില്പത്തെ നിർണ്ണയിക്കുന്നതിലും (വിപ്ലവാത്മകമായ ഗദ്യരൂപം) ഈ കവിത വഹിച്ച പങ്ക് വിശദീകരിയ്ക്കപ്പെടേണ്ടതാണ്, ആധുനിക കവിതയുടെ സൂക്ഷ്മചരിത്രമെഴുതുമ്പോൾ. ആധുനികത മലയാള കവിതയിൽ ഒരു ഭാവുകത്വ സാന്നിധ്യമായിതീർന്നത് ലിറ്റിൽ മാഗസിനുകളിലൂടെയാണ്. അജയകുമാർ പഠനവിഷയമാക്കുന്ന ആറ്റൂർ, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ ഒട്ടുമിക്ക കവിതകളും വെളിച്ചം കണ്ടത് മുഖ്യധാരാ മാധ്യമങ്ങളിലല്ല –ലിറ്റിൽ മാഗസിനുകളിലാണ്. അതുകൊണ്ട് ആധുനികത മലയാള കവിതയിൽ വന്നത് എങ്ങനെ എന്ന് ആലോചിക്കുമ്പോൾ സമീക്ഷ, അക്ഷരം, പ്രസക്തി – എന്നീ പ്രതിസംസ്കാര പ്രസിദ്ധീകരണങ്ങളേയും സൂചിപ്പിയ്ക്കാമായിരുന്നു. ഇങ്ങനെ ചില കുറവുകൾ ചൂണ്ടിക്കാട്ടാമെങ്കിലും, കവിതയുടെ ഭാവുകത്വത്തിലും ഭാഷയിലും സമീപനത്തിലും ഉണ്ടായ കാൽനൂറ്റാണ്ടുകാലത്തെ സൂക്ഷ്മപരിണാമം രേഖപ്പെടുത്തുന്നതിൽ ഈ കവിതാ പഠനഗ്രന്ഥം സത്യസന്ധമാണ്; ആധികാരികവുമാണ്.■

അടുത്തലക്കത്തിൽ



ഒരിക്കലും മരിക്കാത്ത ആ ഓർമ്മ

സി.എൻ.ശ്രീകണ്ഠൻനായരുടെ
ഇരുപത്തഞ്ചാം ചരമവാർഷികമാണ് ഡിസംബർ 17.
ഒരിക്കലും മറക്കാത്ത ആ സ്മരണ പുതുക്കാൻ–
അയ്യപ്പപ്പണിക്കരും കെ.പി.അപ്പനും എഴുതിയ ലേഖനങ്ങൾ.
സി.എന്റെ സംഭാവനകളെപ്പറ്റിയുള്ള വിലയിരുത്തലുകൾ, ഓർമ്മക്കുറിപ്പുകൾ.

പുസ്തകക്കുറിപ്പ്



ഭാവന എന്ന വിസ്മയം

സുകുമാർ അഴീക്കോട്
ഡി.സി.ബുക്സ്
വില 50 രൂപ

സുകുമാർ അഴീക്കോടിന്റെ പതിമൂന്നു ലേഖനങ്ങളുടെ സമാഹാരം. സാഹിത്യം, തത്ത്വചിന്ത, സംസ്കാരം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് ഈ ലേഖനങ്ങൾ. അഴീക്കോടിന്റെ പാണ്ഡിത്യവും നിരീക്ഷണ വൈഭവവും വ്യക്തമാക്കുന്നവയാണ് ഇവയെല്ലാം. സാഹിത്യവിമർശനം വന്ധ്യമായി മാറുന്ന ഇക്കാലത്ത് ഇത്തരം പുസ്തകങ്ങളുടെ വായന ആസ്വാദകർക്ക് നവോന്മേഷം പകരും.

പ്രണയാകാശത്തിലെ നീലനക്ഷത്രങ്ങൾ

അപ്പൻ തച്ചേത്ത്
മാളവിക പബ്ലിക്കേഷൻസ്
വില 100 രൂപ

പ്രണയത്തിന്റെ ലോലമായ അനുഭൂതികൾ ആവിഷ്കരിക്കുന്ന കവിതകൾ. മൗനമുദ്ര, ശ്യാമരാധ, നിന്നെ ഞാനറിയുന്നു തുടങ്ങി 140 കവിതകളാണ് ഈ സമാഹാരത്തിൽ. "സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള അകൽച്ച, ഇച്ഛയ്ക്കും സാക്ഷാത്കാരത്തിനും ഇടയ്ക്കുള്ള ദുസ്തരമായ വിടവ്, ദൈവികമായ അസ്വാസ്ഥ്യമുളവാക്കുന്നു. അത് ഈ കവിയുടെ മുഖ്യകാവ്യപ്രമേയങ്ങളിലൊന്നാണെ"ന്ന് അവതാരികയിൽ ഡോ. എം.ലീലാവതി.



മേയ്ദിനം

എൻ.ജെ.ഫ്രാൻസിസ്
നീമാ പബ്ലിക്കേഷൻസ്
വില 110 രൂപ

മേയ്ദിനം, തോമസ് ജഫേർസൻ ചിന്തകൾ, എന്തുകൊണ്ട് സോഷ്യലിസം: ആൽബർട് ഐൻസ്റ്റീൻ, തൊഴിലാളിവർഗം: ആഗോളവസ്തുതകൾ, മാർക്സിസം, മനോവിശ്ലേഷണം, പെരുമാറ്റശാസ്ത്രം എന്നീ പ്രബന്ധങ്ങളാണ് ഈ സമാഹാരത്തിൽ. ജാഗ്രതയോടെ വായിക്കുകയും സൂക്ഷ്മമായി അപഗ്രഥിക്കുകയും ചെയ്യുന്ന ഒരാളുടെ പ്രബന്ധങ്ങളെന്ന് ഈ പുസ്തകം വിളിച്ചുപറയുന്നു. ആമുഖമായി ചേർത്തിരിക്കുന്ന കത്തിൽ പി.ഗോവിന്ദപിള്ള പറയുന്നതുപോലെ. ഹേയ് മാർക്കറ്റ് സംഭവത്തിന്റെ പിറകിൽ ഉണ്ടായിരുന്നതെല്ലാം അരാജകവാദികൾ ആണെന്ന് അംഗീകരിക്കാൻ നിവൃത്തിയില്ലെങ്കിലും ഇത്രയും പഠിച്ച് മേയ്ദിനചരിത്രം വ്യത്യസ്തമായ വീക്ഷണകോണിലൂടെ ആണെങ്കിലും രേഖപ്പെടുത്തിയതിന് ഗ്രന്ഥകാരന് അഭിനന്ദനം അർഹിക്കുന്നു.



വിമർശനം മലയാളത്തിൽ

മാരാർ സാഹിത്യ പ്രകാശം
വില 42 രൂപ

കുട്ടികൃഷ്ണമാരാരുടെ ഷഷ്ടിപൂർത്തി ആഘോഷങ്ങളുടെ ഭാഗമായി 1960-ൽ സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ പുതിയ പതിപ്പ്. ജോസഫ് മുണ്ടശ്ശേരി, പി.ദാമോദരൻപിള്ള, ഗോവിന്ദൻകുട്ടിനായർ, എം.കെ.സാനു, സുകുമാർ അഴീക്കോട്, എൻ.വി.കൃഷ്ണവാരിയർ, എസ്.ഗുപ്തൻനായർ, കരിമ്പുഴ രാമകൃഷ്ണൻ എന്നിവരാണ് പ്രബന്ധകർത്താക്കൾ. മാരാരുടെ നിരൂപണ സമ്പ്രദായങ്ങളും പൊതുവിൽ സാഹിത്യവിമർശനത്തിന്റെ സമീപനരീതികളും ഈ പ്രബന്ധങ്ങളിൽ ചർച്ച ചെയ്യുന്നു.

ഹൈന്ദവം ക്രൈസ്തവം

പ്രൊഫ. മാത്യു ഉലകംതറ
മെറിറ്റ് ബുക്സ്
വില 60 രൂപ

'വിശ്വാസംകൊണ്ട് ക്രൈസ്തവനും സംസ്കാരംകൊണ്ട് ഹൈന്ദവനും ആയിരിക്കാൻ ആഗ്രഹിക്കുന്ന' പ്രൊഫ. മാത്യു ഉലകംതറയുടെ 30 ലേഖനങ്ങൾ. വത്തിക്കാൻ പണ്ടേ അംഗീകരിച്ച സാംസ്കാരികാനുരൂപണം- ഭാരതത്തെ സംബന്ധിച്ചിടത്തോളം ഭാരതവൽക്കരണംതന്നെ- അടിസ്ഥാനപ്പെടുത്തിയാണ് ലേഖനങ്ങൾ രചിച്ചിരിക്കുന്നത്. ഭാരതത്തിന്റെ മഹത്തായ പാരമ്പര്യത്തിന്റെ നിരാസമായിരിക്കരുത് ഇന്ത്യയിലെ ക്രൈസ്തവരുടെ സമീപനമെന്ന് ഗ്രന്ഥകാരൻ വാദിക്കുന്നു. തികച്ചും സ്വാഗതാർഹമായ ആ നിലപാടിന്റെ വെളിച്ചത്തിൽ കേരളത്തിലെ കത്തോലിക്കാ സഭ ഉദയംപേരൂർ സൂനഹദോസിലെ കാനോനുകൾ സംബന്ധിച്ച് എന്തു തീരുമാനമാണ് ഭാവിയിൽ കൈക്കൊള്ളുക എന്നത് പ്രസക്തമായ വിഷയമായിരിക്കുന്നു.



സായിപ്രേമധാര ശ്രീസത്യസായി പ്രഭാഷണങ്ങൾ

സായികൃപാ പ്രസാധനം
വില 96 രൂപ

വിശ്വാസികൾ ആരാധനാപൂർവ്വം കേൾക്കാൻ കാതോർക്കുന്നവയാണ് സത്യസായി ബാബയുടെ പ്രഭാഷണങ്ങൾ. ദൈനംദിന ജീവിതത്തിൽ അനുഭവിച്ചുതീർക്കുന്ന സർവ്വസാധാരണമായ സന്ദർഭങ്ങൾക്കപ്പുറത്ത് അതീന്ദ്രിയാനുഭൂതികളുടെ ലോകം തുറന്നുകാട്ടുന്നവയാണ് ഈ പ്രഭാഷണങ്ങൾ.



പേജ്മേക്കർ

സത്യൻ നെടുമാഞ്ചേരി
അസിസ്സി പബ്ലിക്കേഷൻസ്
വില 75 രൂപ

കമ്പ്യൂട്ടറിന്റെ ഉപയോഗം കൂടുതൽ മേഖലകളിലേയ്ക്കു വ്യാപിപ്പിക്കുന്നതിന്റെ ഫലമായി അതുസംബന്ധിച്ച് കൂടുതൽ ഗ്രന്ഥങ്ങൾ ഭാഷയിൽ ആവശ്യമായി വരുന്നു. പേജ്മേക്കർ 6.5–ഉം 6.0–ഉം ഉപയോഗിക്കുന്ന എല്ലാത്തരം ഉപയോക്താക്കൾക്കും വേണ്ടിയാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്. കാര്യങ്ങൾ ലളിതമായി വിശദീകരിക്കുന്ന ഈ ഗ്രന്ഥത്തിൽ പ്രധാന ഓപ്ഷനുകളെല്ലാം ചിത്രങ്ങൾസഹിതം നൽകിയിട്ടുണ്ട്.

രോഗങ്ങളും പ്രതിവിധികളും ആയുർവേദത്തിൽ

ഡോ. സി.എ.രവീന്ദ്രൻ
ലാലു ബുക്സ്, കോട്ടയം
വില 60 രൂപ

ആയുർവേദത്തിന്റെ ചരിത്രവും ദർശനവും പരിചയപ്പെടുത്തി ചില രോഗങ്ങൾക്ക് ചികിത്സ വിധിക്കുകയാണ് ഗ്രന്ഥകാരൻ. പാർശ്വഫലങ്ങൾ താരതമ്യേന ഒഴിവാക്കുന്ന ആയുർവ്വേദതത്ത്വം ഇന്ത്യയുടെ പാരമ്പര്യത്തിന്റെ ഭാഗംകൂടിയാണ്. അവയെ പുതിയ കാലവുമായി ഇണക്കിച്ചേർക്കാനുള്ള ഗ്രന്ഥകാരന്റെ ശ്രമവും സ്വാഗതാർഹമാണ്.■

എഴുത്ത് പ്രതിരോധ പ്രവർത്തനമാകുമ്പോൾ

പി.എം.ഷുക്കൂർ

ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ ലേഖനങ്ങാ

ആരാണ് ഹിന്ദു?
ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ
എഡിറ്റർ: രവി കുറ്റിക്കാട്
ഫേബിയൻ ബുക്സ്
വില 55 രൂപ

വി. ആർ.കൃഷ്ണയ്യരുടെ പന്ത്രണ്ടു വ്യത്യസ്തങ്ങളായ ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. സമകാലിക ഇന്ത്യനവസ്ഥകളെ സമഗ്രമായി വിശകലനം ചെയ്തുകൊണ്ട് വായനക്കാരെ ജാഗ്രതയിലേയ്ക്കുണർത്തുവാൻ വേണ്ടി എഴുതപ്പെട്ടവയാണ് ഈ ലേഖനങ്ങളെല്ലാം. സമകാലിക സമൂഹത്തിൽ മഹാവ്യാധികൾപോലെ ഉരുവംകൊണ്ടിട്ടുള്ള അഴിമതി, വർഗ്ഗീയത, നീതിന്യായക്കോടതികളുടെ അപര്യാപ്തത തുടങ്ങിയ വിഷയങ്ങളിലേയ്ക്ക് പണ്ഡിതോചിതമായി കടന്നുചെല്ലുകയാണ് ലേഖകൻ.

"ഞാൻ ഒരു മനുഷ്യജീവിയാണ്, മനുഷ്യനെ ബാധിക്കുന്ന ഒന്നും എനിക്ക് അന്യമല്ല. "മനുഷ്യസ്നേഹം" അതെന്റെ ജീവവായുവാണ്. മാർക്സിസത്തിന്റെ കാതലും അതല്ലെ? ജനങ്ങളെ അടിമകളായി കാണുക എന്ന മുതലാളിത്ത ചിന്താധാരയിൽനിന്ന് മനുഷ്യനെ മനുഷ്യനായി കാണുന്ന സാമ്പത്തികശാസ്ത്രം വളർത്തിയെടുത്ത മാർക്സിസത്തിന്റെ അടിത്തറ മാനുഷിക മൂല്യങ്ങളും മനുഷ്യസ്നേഹവുമാണ്...."

ഈ വാക്കുകളത്രയും ഹൃദയത്തിൽ തൊട്ടുപറഞ്ഞ ഒരു മനുഷ്യാവകാശ പ്രവർത്തകന്റെ ആശങ്കകളുടെയും നിരീക്ഷണങ്ങളുടെയും സർവ്വോപരി കറയറ്റ നീതിബോധത്തിന്റെയും സാക്ഷ്യങ്ങളാണ് ഈ ലേഖനങ്ങൾ. വെറും വചോടോപങ്ങളായി അധപ്പതിയ്ക്കുന്നില്ല ഇവ.

"ന്യായാധിപ ജീവിതത്തിലെ മൂന്നു ദിനങ്ങൾ" എന്ന ഒന്നാമദ്ധ്യായത്തിൽ മൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിയ്ക്കുകയും അതിനുവേണ്ടി പ്രവർത്തിയ്ക്കുകയും ചെയ്ത ഒരു ന്യായാധിപന്റെ ധീരസ്വരമാണ് നാം കേൾക്കുന്നത്. മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് അസാധുവാക്കിക്കൊണ്ട് അലഹബാദ് ഹൈക്കോടതി വിധി പ്രസ്താവിച്ചതിനുശേഷം സമർപ്പിക്കപ്പെട്ട അപ്പീലും സ്റ്റേ ഹർജിയും സംബന്ധമായി അന്ന് ജഡ്ജിയായിരുന്ന കൃഷ്ണയ്യർ പുറപ്പെടുവിച്ച വിധിയെക്കുറിച്ച് ഈ അധ്യായത്തിൽ പ്രതിപാദിയ്ക്കുന്നു. അധികാരകേന്ദ്രങ്ങളിൽനിന്ന് അകന്നുനിൽക്കുകയും അത്തരം കേന്ദ്രങ്ങളിൽനിന്നുമുണ്ടായ സമ്മർദ്ദങ്ങളെ ചെറുത്തു തോൽപ്പിക്കുകയും ചെയ്ത ഒരു ന്യായാധിപന്റെ ഗംഭീരസ്വരങ്ങളാണ് ഈ അധ്യായത്തിൽ മുഴങ്ങിക്കേൾക്കുന്നത്. ഒരു ന്യായാധിപന് ആദ്യമായും അവസാനമായും പ്രതിബദ്ധത വേണ്ടത് ആരോടാണെന്നും ഇവിടെ സംശയങ്ങൾക്കതീതമാംവിധം പരാമർശിക്കുന്നുണ്ട്.

ഈ പുസ്തകത്തിന്റെ പേരായ്ത്തീർന്ന 'ആരാണ് ഹിന്ദു' എന്ന രണ്ടാമത്തെ ലേഖനം യാഥാസ്ഥിതികരായ ഹിന്ദുമത വിശ്വാസികളിൽ ക്ഷോഭമുണർത്തുവാൻ പര്യാപ്തമായ ഒന്നാണ്. ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്ന ആൾ എന്നാണ് ഹിന്ദു എന്ന പദത്തിന്റെ അർത്ഥമെന്നും ക്ഷേത്രഭരണം ഏൽപ്പിക്കേണ്ടത് ഇങ്ങനെയുള്ള വിശ്വാസികളെയായിരിക്കണമെന്നും പറയുന്ന കോടതിവിധിയുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ് ഈ ലേഖനം.

"ക്ഷേത്രങ്ങൾക്കും വിഗ്രഹങ്ങൾക്കും അതീതമായി പാപിയെയും വിശുദ്ധനെയും സ്പർശിച്ചുണർത്തി സാർവത്രികവും സജീവവുമായ ദൈവികത്വത്തെ തിരിച്ചറിഞ്ഞ്. ഭ്രാന്തമായ നിഷാതാവസ്ഥയെയും പ്രാദേശിക പരിമിതികളെയും വിഗണിച്ച് അഹം ബ്രഹ്മാസ്മി എന്ന് വിളംബരം ചെയ്യുന്ന സാർവ്വലൗകികതാ സവിശേഷതയായ അതിരുകളില്ലാത്ത" ഒന്നാണ് യഥാർത്ഥ ഹിന്ദുമതമെന്നും മേൽപ്പറഞ്ഞ കോടതിവിധി ഹിന്ദുമതത്തിന്റെ വിശാലമായ തലങ്ങളെ നിർദ്ദയമായി സങ്കോചിപ്പിക്കുകയാണെന്നും ലേഖകൻ നിരീക്ഷിക്കുന്നു. ഒരു ന്യായാധിപനെന്ന നിലയിലും ഹിന്ദുമത വിശ്വാസി എന്ന നിലയിലും വളരെ പ്രസക്തമാണ് ഈ നിരീക്ഷണം. വിവേകാനന്ദനെയും, അരബിന്ദോവിനെയും ടാഗൂറിനെയുമൊക്കെ തന്റെ വാദങ്ങളുടെ പിൻബലത്തിനുവേണ്ടി വളരെ സമർത്ഥമായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട് ലേഖകൻ.

ഒരു സാമൂഹിക ശാസ്ത്രജ്ഞനെന്ന നിലയിൽ വധശിക്ഷയെ എതിർക്കുന്ന മനുഷ്യസ്നേഹിയായ ഒരാളുടെ വാചകങ്ങളാണ് 'തൂക്കിലേറ്റപ്പെടേണ്ട വധശിക്ഷ' എന്ന അദ്ധ്യായത്തിൽ നാം വായിക്കുക. അടിച്ചമർത്തപ്പെടുന്ന പക്ഷം കൂടുതൽ ദുരന്തങ്ങൾ ആവർത്തിക്കപ്പെടുമെന്നതുകൊണ്ട് തടവുകാരനെ ചികിത്സാപരമായ നടപടികളിലൂടെ പരിഷ്കരിക്കണമെന്നും അയാളുടെ മനസ്സിൽ നന്മയും സംസ്കാരവും ആവാഹിക്കണമെന്നും ലേഖകൻ പക്വമായ കാരുണ്യസ്വരത്താൽ വാദിക്കുന്നു. ഈ ലേഖനത്തിന്റെ തുടർച്ചയെന്നോണം എഴുതപ്പെട്ടതാണ് 'തടവുകാരും മനുഷ്യാവകാശവും' എന്ന അധ്യായം. കോടതികളുടെ ഇടപെടലുകൾ ഇന്ത്യൻ ജയിലറകളെ എത്രമാത്രം നവീകരിച്ചിട്ടുണ്ടെന്നു വിശദീകരിക്കുന്ന ഈ ലേഖനത്തിൽ തടവറക്കുള്ളിലെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

'നവകൊളോണിയലിസം', രണ്ടാം സ്വാതന്ത്ര്യസമരത്തിന് സമയമായി, 'ഭരണഘടനയെവഞ്ചിച്ചു', അഴിമതി: നിയമമാറ്റം വിമർശിക്കപ്പെടുന്നു 'ഓർമ്മകളിലെ ഏ.കെ.ജി.' 'ഇന്ത്യയെ അറിഞ്ഞ അംബേദ്കർ' എന്നീ ലേഖനങ്ങളും ഇന്നത്തെ രാഷ്ട്രീയ സാമൂഹിക ചുറ്റുപാടുകളിൽ ഏറെ പ്രസക്തമായവയാണ്. കൃഷ്ണയ്യരെക്കുറിച്ച് ഇ.എം.എസ് എഴുതിയ ലേഖനവും കൃഷ്ണയ്യർ: വിശ്വപൗരൻ, ' ഈ കാവലാൾ നമുക്കു വഴികാട്ടി' എന്ന ശീർഷകത്തിലുള്ള അഭിമുഖവും ഈ പുസ്തകത്തിന്റെ പ്രത്യേകതയാണ്.

നമ്മുടെ സമൂഹം ആഗോളവത്ക്കരണത്തിന്റെയും അഴിമതിയുടെയുമൊക്കെ കൊടുംപാപങ്ങൾ പേറി മുട്ടിലിഴയുന്ന വർത്തമാനകാല ദുരിത സാഹചര്യങ്ങളിൽ അവക്കെല്ലാം എതിരെ ഉയർത്തുന്ന പ്രതിരോധം എന്ന നിലയിൽ ഈ പുസ്തകം കൂടുതൽ പരിഗണനയർഹിക്കുന്നു. ഈ പുസ്തകത്തിൽ സമകാലിക ഇന്ത്യനവസ്ഥകൾ തുടിച്ചുനിൽക്കുന്നു.——■

കൈരളിയിലെ മാനവീയങ്ങൾ

ഷാജി ജേക്കബ്

എം.ടിക്കെതിരെയുള്ള എം.എ.ബേബിയുടെ അജണ്ട നടപ്പാക്കലാണ് കൈരളിയുടെ പുതിയ ആത്മാവിഷ്കാരം.

ഒരു വ്യക്തിയുടെ സ്വകാര്യതാൽപര്യങ്ങൾക്കനുസരിച്ച് ഒരു പ്രസ്ഥാനത്തിന്റെ സാംസ്കാരികനയങ്ങൾമൊത്തം ആസൂത്രണം ചെയ്യപ്പെടുമ്പോഴാണ് എം.ജി.എസ്.നാരായണൻ പറഞ്ഞതുപോലെ. 'കൾച്ചറൽ കമ്മിസാറന്മാർ' രൂപപ്പെടുക. എം.എ.ബേബി ഈയർത്ഥത്തിൽ കേരളത്തിലെ സി.പി.എമ്മിന്റെ കൾച്ചറൽ കമ്മിസാറായി സ്വയം അവതരിച്ചയാളാണ്. ഒരുപക്ഷേ ഇ.എം.എസിന്റെ മരണശേഷം കേരളത്തിൽ സി.പി.എമ്മിനു സംഭവിച്ച ഏറ്റവും വലിയ രാഷ്ട്രീയ. സാംസ്കാരിക പരാജയം, പാർട്ടി പ്രവർത്തകരും അനുഭാവികളും വൻതോതിൽ തിരസ്കരിക്കുമ്പോഴും തലച്ചോറു ചീഞ്ഞ ഔദ്യോഗിക നേതൃസംഘത്തിൽ ബേബിയുടെ സ്വയം പ്രതിഷ്ഠക്കു ലഭിച്ച സ്വീകാര്യതയാണ്. കൈരളിചാനലാണ് ഈ പ്രതിഷ്ഠയുടെ വാഴ്ത്തലും പാടലും നടക്കുന്ന ക്ഷേത്രം. ബേബി. തോമസ് ഐസക്, പിണറായി വിജയൻ എന്നിവരുടെ പ്രൈവറ്റ് ആർമിയായി ചാനലിൽ കയറിക്കൂടിയ പത്രപ്രവർത്തകർ പരികർമ്മികളും. സ്വാഭാവികമായും ബേബിയുടെ ക്ഷുദ്രങ്ങളായ അജണ്ടകൾ നടപ്പാക്കാൻ മാത്രമുള്ളവയായി കൈരളിയിലെ പല പരിപാടികളും അധ:പതിക്കുന്നു. അടുത്തകാലത്ത് ഇതിനുള്ള ഏറ്റവും നല്ല ഒരുദാഹരണം എം.ടി.വാസുദേവൻ നായർക്കെതിരെയുള്ള കൈരളിയുടെ പ്രവർത്തനങ്ങളാണ്. 'ശുഭദിനം' മുതൽ അർദ്ധരാത്രി നടക്കുന്ന 'സംവാദം' വരെയുള്ള പരിപാടികളിൽ, നേരിട്ട് പറയാനോ പ്രവർത്തിക്കാനോ (തിരഞ്ഞെടുപ്പിലെന്നപോലെ തന്നെ) ധൈര്യമില്ലാത്തതിനാൽ മഹാഭാരതം കഥയിലെപ്പോലെ തന്നെ മറ്റൊരാളെ മുന്നിൽ നിർത്തി ബേബി എം.ടിക്കെതിരെ യുദ്ധം ചെയ്യുകയാണ് എന്നു മാത്രം.

തുടക്കം, ടി.പത്മനാഭനും എം.വി.ദേവനും പുരോഗമന സാഹിത്യകാരന്മാരാണ് എന്ന ബേബിയുടെ 'യുറേക്കാ' വിളിയിലാണ്. അര നൂറ്റാണ്ടിലധികം കാലം കേരളത്തിലെ ഇടതുപക്ഷ ചിന്തകരും സാമാന്യപ്രവർത്തകരും പോലും 'പുരോഗമന'ത്തെക്കുറിച്ച് പുലർത്തിയ സകല 'അബദ്ധ' ധാരണകളും തിരുത്തിക്കുറിച്ച ബേബിയുടെ വിപ്ലവസൂക്തത്തിന് എം.എൻ.വിജയനിൽ നിന്ന് ഉടൻ തിരിച്ചടിയുണ്ടായി. തൽക്കാലം മാനം പോയെങ്കിലും, നാലുകാലിൽ വീണ ബേബി പിന്നെ പരസ്യമായൊന്നും പറഞ്ഞിട്ടില്ല. പിന്നീട് ഓരോ അജണ്ടയും രഹസ്യമായി കൈരളിയിലൂടെ നടപ്പാക്കിവരികയാണ് കമ്മിസാർ.

തുടക്കം. 'ഗ്രന്ഥപ്പുര' അവതരിപ്പിച്ച ഇ.പി.രാജഗോപാലനെ വെട്ടിനിരത്തിയതിലാണ്. കേരളത്തിലെ ആത്മാർത്ഥതയും വകതിരിവുമുള്ള ഇടതുപക്ഷ നിരൂപകരിലൊരാളായ രാജഗോപാലൻ തന്റെ പരിപാടിയിൽ ടി.പത്മനാഭന്റെ കഥകളെ സാമാന്യമായി ഒന്നു വിമർശിച്ചതിന്റെ പേരിൽ പരിപാടി തന്നെ കൈരളി വേണ്ടെന്നു വച്ചു. പത്മനാഭോ/മര പ്രഭു!

അടുത്തഘട്ടം സംസ്കാര കൈരളിയാണ്. എം.ടി.ക്കെതിരെ ഒരു ആഴ്ചപ്പതിപ്പ് ആരോപണമുന്നയിച്ച സമയത്തായിരുന്നു സംസ്കാര കൈരളി തുടങ്ങിയത്. പ്രത്യക്ഷത്തിൽ പക്ഷമൊന്നും പിടിച്ചില്ലെങ്കിലും എം.ടി.ക്കെതിരെ ആരോപണമുന്നയിച്ചയാളെ ഈ പരിപാടി അസാമാന്യമായി പ്രോത്സാഹിപ്പിച്ചു. സാഹിത്യവിവാദങ്ങളെക്കുറിച്ചു പറഞ്ഞുകൊണ്ടു പൊഴിച്ച നിഗൂഢമായ ചിരിയിൽ കാരശ്ശേരി എന്തൊക്കെ ഒളിപ്പിച്ചുവെന്ന് കമ്മിസാർക്കേ അറിയൂ.

ബേബി പു.ക.സ പട്ടം നൽകിയ പത്മനാഭന് വയലാർ അവാർഡ് ലഭിച്ചതുമായി ബന്ധപ്പെട്ടാണ് അടുത്ത അജണ്ട നടപ്പായത്. അവാർഡ് വാങ്ങാൻ തിരുവനന്തപുരത്തെത്തിയ പത്മനാഭനെ ചാനലിലെ ശുഭദിനത്തിൽ പാർവ്വതിയും അനൂപും ചേർന്ന് ഒന്നര മണിക്കൂർ വാഴ്ത്തി. സംസാരത്തിലുടനീളം എം.ടിക്കെതിരെയുള്ള പത്മനാഭന്റെ കുത്തുവാക്കുകൾ. ചിരിച്ചു മറിഞ്ഞ ചാനൽ പ്രവർത്തകർ ''ഈ ഭാഗം എഡിറ്റുചെയ്യുകയേയില്ല" എന്ന ഉറപ്പോടെ പത്മനാഭനെ പ്രോത്സാഹിപ്പിച്ചു. പപ്പേട്ടൻ ഉറഞ്ഞുതുള്ളി. മറിഞ്ഞുവെട്ടി. ചിലപ്പോഴെങ്കിലും മലർന്നുതുപ്പി.

അടുത്ത ഊഴം ഇപ്പോൾ കൈരളിയിൽ രണ്ടുവാരം പിന്നിട്ട 'സംവാദ'മാണ്. മലയാളത്തിൽ ചെറുകഥ വായിക്കുന്നവരും പത്മനാഭനെക്കുറിച്ചു കേട്ടിട്ടുള്ളവരും നൂറുതവണയെങ്കിലും കേട്ട് കതിനാവെടികൾ ആവർത്തിക്കുന്ന ഈ പൈങ്കിളിക്കിന്നാരത്തെയാണോ അശോകനും അനൂപും ചേർന്ന് 'സംവാദം' എന്നു വിളിക്കുന്നത്? എം.രാജീവ്കുമാർ പാനൽ അംഗമായിരുന്ന് എം.ടിയെ ക്രൂരമായി വധിക്കുകയും ശങ്കുണ്ണിനായരുടെ പാരമ്പര്യത്തിൽ പത്മനാഭനെ സ്തുതിക്കുകയും ചെയ്യുന്നു.

26-ാം തീയതി തിങ്കളാഴ്ച രാത്രി കൈരളിവാർത്തയിലും കണ്ടു, പത്മനാഭൻ എവിടെയോ പ്രസംഗിക്കുന്നതിന്റെ വിശ്വമോഹനദൃശ്യങ്ങൾ. കൈരളി എക്സ്ക്ലൂസിവ്! സന്ദർശനം മതിയാക്കി ചോംസ്കിപോയതിനാലും പഴയ മാനവീയം അഴിമതിയന്വേഷണം നേരിടുന്നതിനാലും ഇനി കുറെക്കാലം ഈ മാനവീയം ആടിക്കാണാനിടയുണ്ട് എന്ന് വാരഫലത്തിൽ കാണുന്നു.

കണ്ടതും കേട്ടതും

- എം.ടിക്കെതിരെ പത്മനാഭനെ മുൻനിർത്തി നടത്തുന്ന ഈ ഒളിപ്പോരിന് പുറമെ മാനവീയത്തിന്റെ വേറെയും ചില ഏടുകൾ കൈരളിയിൽ ഉണ്ട്. അതിൽ ഒന്ന് 'കലാലയവർണ്ണങ്ങൾ' എന്ന പരിപാടിയാണ്. കേരളത്തിലെ കോളേജുകളിൽ ഞരമ്പുരോഗം പോലെ പ്രചരിച്ചുകഴിഞ്ഞ സിനിമാറ്റിക് ഡാൻസ് പല സ്പോൺസർമാർ വഴിയും സ്റ്റേജ് പ്രോഗ്രാമായി ചെയ്ത് ചാനൽ സംപ്രേക്ഷണം ചെയ്യുന്നു. അടുത്തിടെ കൈരളിയിൽ തന്നെ അടൂരും ശരത്തുമൊക്കെ പങ്കെടുത്ത ഒരു 'സംവാദ'ത്തിലെ മുഖ്യ വിഷയം തന്നെ ഇത്തരം ഇളകിയാട്ടങ്ങളുടെ അശ്ലീലത്തെക്കുറിച്ചായിരുന്നുവെന്ന സങ്കടകരമായ സംഗതി ആരോർക്കുവാനിനി! വളർച്ചയെത്താത്ത നെഞ്ചും ചന്തിയും കുലുക്കി. മാധുരിദീക്ഷിതും. പൂജാഭട്ടുമായി മാറുന്ന മക്കളെക്കണ്ട് കോൾമയിർകൊള്ളുന്ന അമ്മമാരുടെ വികാരം മാനിക്കണ്ടായോ? ഡോസ് കുറവാണെങ്കിൽ അമ്മമാരും മക്കളും വിഷമിക്കേണ്ട. അടുത്ത ആഴ്ചമുതൽ കലാലയവർണ്ണങ്ങളിൽ ഫാഷൻ ഫോർകാസ്റ്റ് എന്ന ഏ ഗ്രേഡ് പരിപാടിയാണുള്ളത്. ഒരു സംശയം ബാക്കി- ഫാഷൻഷോയ്ക്കും സൗന്ദര്യമത്സരത്തിനുമെതിരെ പ്രകടനം നയിക്കുന്ന എസ്.എഫ്. ഐക്കാർ ഈ കലാലയ വർണ്ണങ്ങളിൽ ഏതു റോൾ അഭിനയിക്കും?

മറ്റൊരു മാനവീയം 'ഒടിയ'നാണ്. മുൻപും സൂചിപ്പിച്ചിട്ടുള്ളതുപോലെ. കരണക്കുറ്റിക്ക് നാലുകിട്ടാതെ മര്യാദ പഠിക്കാത്ത ഈ വിപ്ലവകാരി

കൾ അമ്പൂരിയിൽ കാട്ടിക്കൂട്ടിയ വിക്രിയകൾ പത്രങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നല്ലോ? (സെബാസ്റ്റ്യൻപോൾ എത്ര ന്യായീകരിച്ചാലും!) ഒന്നാലോചിച്ചാൽ ഒടിയനോട് സഹതാപമേ തോന്നൂ. ജീവിക്കാൻ വേണ്ടി കെട്ടുന്ന ഈ ശിഖണ്ഡി വേഷം, മറ്റെന്തെങ്കിലും ഗതിയുണ്ടെങ്കിൽ ഇയാൾ ചെയ്യുമോ? അഥവാ, പിന്നണിയിലിരുന്ന് ഒടിവിദ്യ പ്രയോഗിക്കുന്ന സാംസ്കാരിക നായകനേക്കാൾ ഭേദമല്ലേ, തല്ലുകൊള്ളാൻ ഇറങ്ങിത്തിരിക്കുന്ന ഈ ഒടിയൻ?

● അതേ സമയം 'കൈരളി'യിലുള്ളവരെല്ലാം എബ്രഹാംമാത്യുമാരാണെന്നും കരുതേണ്ട. ഡെൽഹി ബ്യൂറോയിലെ ജോൺബ്രിട്ടാസ് ഒരുദാഹരണം. കഴിഞ്ഞ വെള്ളിയാഴ്ച (നവംബർ 23) മനേകാഗാന്ധിയുമായി ബ്രിട്ടാസ് നടത്തിയ അഭിമുഖം വാസ്തവത്തിൽ ശ്രദ്ധേയമായ ഒരു വാർത്ത സൃഷ്ടിക്കുകയായിരുന്നു. ''സോണിയാഗാന്ധിയുടെ കുടുംബം നൂറുകണക്കിനു കോടി രൂപയുടെ പുരാവസ്തുക്കൾ ഇന്ത്യയിൽ നിന്ന് അനധികൃതമായി കടത്തിക്കൊണ്ടുപോയി" എന്ന് മനേക. എന്തോ, മറ്റ് മാധ്യമങ്ങളൊന്നും ഈ വാർത്ത ഏറ്റെടുത്തില്ല. കൈരളിയിലും ഫോളോഅപ്പ് ഒന്നും കണ്ടില്ല. അടുത്ത ദിവസം, കെ.വി.തോമസും പത്മജയും ചേർന്ന് പാതിരാമണൽ ഒബ്റോയിക്കു തന്നെ.വിൽക്കാൻ നടത്തുന്ന ശ്രമത്തിന്റെ അവിശുദ്ധിയെക്കുറിച്ച് വയലാർരവി നടത്തിയ ഗിരിപ്രഭാഷണവും ബ്രിട്ടാസുമായുള്ള അഭിമുഖത്തിലായിരുന്നു. (ബ്രിട്ടാസിനെപ്പോലെ ഒന്നോ രണ്ടോ പേരുള്ളതാണ് കൈരളി വാർത്തയുടെ ഏക ബലം)

● സിനിമയിൽ നിന്നുള്ള കോമഡിസീനുകൾ കോർത്തിണക്കി മുഴുനീള കോമിക് പരിപാടികളവതരിപ്പിക്കുന്ന രീതി എല്ലാ ചാനലുകളിലുമുണ്ട്. ജഗതി, ഇന്നസെന്റ് തുടങ്ങിയ നടന്മാരുടെ രംഗങ്ങളാണ് ഇവയിൽ മിക്കവാറും ആവർത്തിക്കപ്പെടുക. പൊതുവെ പെൺകുട്ടികളവതരിപ്പിക്കുന്ന ഈ പരിപാടി 'സൂര്യ'യിൽ മാത്രം ഒരു മിമിക്രി കലാകാരനാണ് അവതരിപ്പിക്കുന്നത്. കുട്ടിക്കൽ ജയചന്ദ്രൻ. രണ്ടു തരത്തിൽ ജയചന്ദ്രന്റെ പരിപാടി ശ്രദ്ധേയമാണ്. ഒന്ന്, പരിപാടി അവതരണം പെൺകുട്ടികൾക്കു മാത്രമുള്ളതാണ് എന്ന സാമാന്യധാരണ തെറ്റാണെന്നു തെളിയിക്കുന്നു രണ്ട്, കോമിക് പരിപാടിയിൽ പ്രേക്ഷകരുടെ കത്തുകൾ വായിച്ച് അവരാവശ്യപ്പെടുന്ന രംഗങ്ങൾ നൽകുന്നു 'കോമഡിടൈം' എന്ന ഈ പരിപാടി തിങ്കൾ–വെള്ളി രാത്രി പത്തുമണിക്ക്. പ്രേക്ഷകരുടെ കത്തുകൾ വായിച്ച്, മിതവും മാന്യവുമായി അവയോടു പ്രതികരിച്ച്, ഇടയ്ക്ക് ഒന്നു രണ്ടു മിമിക്രിയുമവതരിപ്പിച്ച്, എഴുതിക്കൊടുത്ത സ്ക്രിപ്റ്റ് കാണാതെ പഠിച്ചുപറയുന്ന അവതാരകരെ വെല്ലുവിളിച്ച്, ജയചന്ദ്രൻ രസകരമായി, തന്റെ പരിപാടി അവതരിപ്പിക്കുന്നു. അങ്ങനെ, സർഗോ വിജയരാജ് നിർമ്മിക്കുന്ന 'കോമഡിടൈം' വൈവിധ്യമുള്ള രംഗങ്ങൾകൊണ്ടും വേറിട്ട അവതരണം കൊണ്ടും ശ്രദ്ധേയമാകുന്നു.

● ഏഷ്യാനെറ്റ് വാർത്തകൾക്ക് അടുത്തകാലത്തു സംഭവിച്ചിരിക്കുന്ന വൻ പരാജയങ്ങളിലൊന്ന് വാർത്താവതരണത്തിലെ പാളിച്ചകളാണ്. രാത്രി പത്തരയുടെ വാർത്ത ചാനൽ നിർത്തി പകരം ഏഴുമണിയുടെ വാർത്ത മുഴുവൻ പഴയതുപോലെ ഒരാൾ വായിച്ചു തുടങ്ങിയിരിക്കുന്നു. ഏറെക്കാലം ഭേദപ്പെട്ടരീതിയിൽ വാർത്ത അവതരിപ്പിച്ച മായ ശ്രീകുമാർ ഈ പണി തനിക്കാവില്ല എന്നു തെളിയിച്ചുകൊണ്ടിരിക്കുകയാണ് ഇപ്പോൾ. ഉറക്കം തൂങ്ങിയും, കടിച്ചുപിടിച്ചും, ആരോടൊക്കെയോ ദേഷ്യപ്പെട്ടും മായ അരമണിക്കൂർ വാർത്ത വായിക്കും. കഷായം കുടിച്ച മുഖത്തോടെയുള്ള വാർത്താവതാരകയുടെ ഈ പ്രത്യക്ഷപ്പെടൽ എന്തായാലും തികച്ചും വിരസമാണ്. വാർത്തയുടെ മൊത്തം അനുഭവത്തെ ഇതുകെടുത്തിക്കളയുന്നു.

● ഏഷ്യാനെറ്റ്, കൈരളി എന്നീ ചാനലുകളിൽ രാവിലെ വാർത്തക്കൊപ്പമുള്ള പരിപാടിയാണ് 'പത്രങ്ങളിലൂടെ'. എല്ലാ പത്രങ്ങൾക്കും പ്രാതിനിധ്യം നൽകി നടത്തുന്ന വെറുമൊരു സുഖിപ്പിക്കലാണിത്. ഏതെങ്കിലും പത്രം നൽകുന്ന സവിശേഷ വാർത്തകളോ അവയുടെ വിശകലനമോ ഈ പരിപാടിയിൽ കാണുകയില്ല. പ്രശ്നാധിഷ്ഠിതമോ വാർത്താധിഷ്ഠിതമോ അല്ല പത്രാധിഷ്ഠിതമാണ് ഈ പരിപാടി എന്നു ചുരുക്കം. അടുത്തിടെ മാത്രം ഇത്തരമൊരു പരിപാടി തുടങ്ങിയ സ്റ്റാർന്യൂസ് ഇത് അവതരിപ്പിക്കുന്ന രീതി ഒന്നു കണ്ടുനോക്കണം, മോഹനനും ചേക്കുട്ടിയും. ജോർജ് ഓണക്കൂറും സെബാസ്റ്റ്യൻപോളും പത്രവിമർശനം വേറെ തന്നെ നടത്തുന്നുണ്ടെങ്കിലും പ്രതിദിന പത്രാവലോകനത്തിൽ വെറും സുഖിപ്പിക്കൽ ഒഴിവാക്കി ചിലപ്പോഴെങ്കിലും മുഖം നന്നാക്കാൻ പറ്റിയേക്കും.

സുരാസു: ഒരു നാടകാനുഭവം

വി.എസ്.ഗിരീശൻ



സുരാസുവിന്റെ സമഗ്രമായ, ജീവചരിത്രത്തെ പകർത്തിവയ്ക്കാതെ, 'സാംസ്കാരിക ഭടൻ' എന്ന സുരാസുവിന്റെ സങ്കല്പത്തെ സ്വന്തം പരിപ്രേക്ഷണത്തിലൂടെ സാക്ഷാത്കരിക്കുമ്പോൾ നിലവിലുള്ള നാടകസിദ്ധാന്തങ്ങളെയും, സാങ്കേതികതകളെയും മറികടന്ന് പുതിയൊരു രംഗഭാഷയിലേയ്ക്ക് സംവിധായകൻ ചുവടുവയ്ക്കുമ്പോൾ സിദ്ധാന്തവാദികൾ കലഹിച്ചേക്കാം. എങ്കിലും ആലസ്യത്തിലാണ്ടുകിടക്കുന്ന നാടകവേദിയെ സജീവമാക്കിക്കൊണ്ട് 'സുരാസു' ഒരൊറ്റ കയ്യടിശബ്ദത്തിന്റെ ദർശനം നമുക്ക് തരുന്നു.

വിരൽമറവു മാത്രമുണ്ടെങ്കിൽപോലും സ്ത്രീയോട് എന്ത് ധിക്കാരവും പ്രവർത്തിക്കാൻ മടിക്കാത്ത പുരുഷാധിപത്യത്തിനുമുൻപിൽ പകൽ വെളിച്ചത്തിൽ പരസ്യമായി സ്ത്രീയെ ലേലം കൊള്ളാൻ വയ്ക്കുന്ന രംഗത്തിലൂടെ പകൽ മാന്യതയുടെ കുപ്പായങ്ങൾ വലിച്ചുകീറി, നീണ്ടുപോകുന്ന ഫെമിനിസ്റ്റ് പ്രസംഗത്തേക്കാൾ ഊർജ്ജപ്രസരണം നടത്തിക്കൊണ്ട് 'സുരാസു' നാടകത്തിൽ സംവിധായകൻ കൊണ്ടുവരുന്ന സ്ത്രീസാന്നിദ്ധ്യം സ്ത്രീയോടു നീതി പുലർത്താത്ത മനസ്സുകളിൽ അസ്വാസ്ഥ്യം വിതറുന്നു.

മലയാള നാടകവേദിയിൽ തനതു മുദ്രകൾ പതിപ്പിച്ചുകൊണ്ടിരിക്കുന്ന തൃശൂർ രംഗചേതനയ്ക്ക് തികച്ചും അഭിമാനിക്കാവുന്ന ചൈതന്യപൂർണ്ണമായ സ്പർശമായി കെ.വി.ഗണേഷ് രചനയും സംവിധാനവും നിർവ്വഹിച്ച 'സുരാസു' വളരുന്നു. ചെറുതായി കാണാൻ ആഗ്രഹിക്കുന്നവർക്ക് ചെറുതായും വലുതായി കാണാൻ ആഗ്രഹിക്കുന്നവർക്ക് വലുതായും പ്രത്യക്ഷപ്പെട്ടുകൊണ്ട് 'സുരാസു' നമ്മോട് സ്വകാര്യം പറയുന്നു.

ജീവിതരേഖ



ടി.എച്ച്.പി.ചെന്താരശ്ശേരി

ദളിത ചരിത്രകാരൻ

ചെറായി രാമദാസ്

ദളിത ചരിത്രകാരനായ ചെന്താരശ്ശേരിയുടെ ജീവിതകഥ

തങ്ങൾക്കും ഒരു ചരിത്രമുണ്ടെന്നു മനസ്സിലായത് റ്റി.എച്ച്.പി.ചെന്താരശ്ശേരിയുടെ പുസ്തകങ്ങളിലൂടെയാണെന്ന് കേരളത്തിലെ ഒട്ടേറെ ദളിതർ വിശ്വസിക്കുന്നുണ്ട്. ആ വിശ്വാസം മൂലം അദ്ദേഹത്തോട് ഒരു തരം ആരാധനതന്നെ ഉടലെടുത്തിരിക്കുന്നു. 'ഗുരു' എന്നാണ് ചിലർ കത്തിൽ സംബോധന ചെയ്യുന്നത്.

പുറത്തിറങ്ങിയ 19 എണ്ണം ഉൾപ്പെടെ 27 പുസ്തകം എഴുതിയിട്ടുണ്ട് ചെന്താരശ്ശേരി. അവയിൽ ഏറ്റവും പ്രശസ്തമായത് 'അയ്യങ്കാളി' എന്ന ജീവിതചരിത്രമാണ്. ഇതിനിടയ്ക്ക് 1991–ൽ മാതൃഭൂമി പ്രസിദ്ധീകരിച്ച 'അയ്യങ്കാളി നടത്തിയ സ്വാതന്ത്ര്യസമരങ്ങ'ളുടെ സമ്പാദകനും ചെന്താരശ്ശേരിയാണ്. അതിലെ പ്രധാന കൃതിയും അദ്ദേഹത്തിന്റേതു തന്നെ. 1996–ൽ അദ്ദേഹത്തിന്റെ 'അയ്യൻകാളി ദ് ഫസ്റ്റ് ദളിത് ലീഡർ' എന്ന പുസ്തകം ഡൽഹിയിലെ നവദിൻ പ്രകാശൻ കേന്ദ്ര പുറത്തിറക്കി. കഴിഞ്ഞ വർഷം സി.ഐ.സി.സി ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച 'കേരള ചരിത്രത്തിന്റെ ഗതിമാറ്റിയ അയ്യങ്കാളി'യും ചെന്താരശ്ശേരിയുടേതാണ്. ചുരുക്കത്തിൽ, കേരളത്തിലാകെ പുതിയ തലമുറയ്ക്ക് (പഴയവർക്കും) അയ്യൻകാളിയെ വ്യക്തമാക്കിക്കൊടുത്തത് മുഖ്യമായും ചെന്താരശ്ശേരിയാണ്.

ചെന്താരശ്ശേരിയുടെ ആദ്യമായി പുറത്തിറങ്ങിയ പുസ്തകം, 1970–ൽ പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച 'കേരളചരിത്രത്തിലെ അവഗണിക്കപ്പെട്ട ഏടുകൾ' എന്ന ഗവേഷണ കൃതിയാണ്. ഇതിന്റെ രണ്ടാം പതിപ്പും ഇറങ്ങി. ആകെ 2000 കോപ്പി വിറ്റു. മറ്റു പുസ്തകങ്ങൾ: കേരളത്തിന്റെ മലർവാടി: വയനാട് (യാത്രാവിവരണം, പ്രഭാത്, 1976), കേരള ചരിത്രധാര (ഗവേഷണം, ചരിത്രം പബ്ലിക്കേഷൻസ്, 1978), ചേരനാട്ടു ചരിത്രശകലങ്ങൾ (ചരിത്രകഥകൾ, നവോത്ഥാനം പബ്ലിക്കേഷൻസ്, 1980), പൊയ്കയിൽ കുമാരഗുരുദേവൻ (ജീവിതചരിത്രം, നവോത്ഥാനം, 1983), കേരളചരിത്രത്തിനൊരു മുഖവുര (ഗവേഷണം, പ്രഭാത്, 1987), ഇളംകുളവും കേരളചരിത്രവും (പഠനം, പ്രഭാത്, 1988), പാമ്പാടി ജോൺ ജോസഫ് (ജീവിതചരിത്രം, ബി.പി.ഡി.സി.തിരുവല്ല, 1989), ഡോ. അംബേദ്കർ– തത്ത്വ

ചിന്തകളും പ്രവർത്തനങ്ങളും (പ്രഭാത്. 1990), ആദി ഇന്ത്യയുടെ ചരിത്രം (ഗവേഷണം, മൈത്രി ബുക്ക്സ്, മുരുക്കുംപുഴ, 1999), ഭാരതരത്നം അംബേദ്കർ (ജീവിതചരിത്രം, സി.ഐ.സി.സി., 2000), ചാതുർവർണ്യവും അംബേദ്കറിസവും (മൈത്രി, 2001), ഹിസ്റ്ററി ഒഫ് ദി ഇൻഡിജിനസ് ഇന്ത്യൻസ് (ഗവേഷണം, എ.പി.എച്ച്.പബ്ലിഷിങ്ങ് കോർപ്പറേഷൻ, ന്യൂഡൽഹി, 1998), ഡോ. അംബേദ്കർ ഓൺ സം ആസ്പെക്റ്റ്സ് ഓഫ് ദ് ഹിസ്റ്ററി ഓഫ് ഇന്ത്യ (ഗവേഷണം. റാവത്ത് പബ്ലിക്കേഷൻസ്, ജയ്പൂർ. 2000). ആദി ഇന്ത്യാ ചരിത്രത്തിലൂടെ (ഗവേഷണം. പ്രഭാത്. 1993).

വെള്ളിക്കര ചോതി, റ്റി.റ്റി.കേശവൻശാസ്ത്രി, കുറുമ്പൻ ദൈവത്താൻ എന്നീ ജീവിതചരിത്രങ്ങളും അവതാര തിര, കേരതരുവിന്റെ തുമ്പോലകൾ എന്നീ നോവലുകളും അനന്തൻകാടു മുതൽ ബേക്കൽകോട്ട വരെ (യാത്രാവിവരണം), ഇന്ത്യാ ചരിത്രത്തിലെ ചില ചതിക്കുഴികൾ, അംബേദ്കറുടെ വ്യക്തിത്വവും യുക്തിചിന്തകളും എന്നിവയും പുറത്തുവരാനുള്ള കൃതികളാണ്.

''ദളിതരുടെ അപകർഷബോധം മാറ്റാനാണ് എന്റെ എല്ലാ പുസ്തകങ്ങളും എഴുതിയത്. അതു സാധിച്ചു. ഇപ്പോൾ ആത്മാഭിമാനത്തോടെ സ്വന്തം ചരിത്രമുണ്ടെന്നു പറയാൻ അവർ തയ്യാറാണ്" –73 വയസ്സുള്ള ചെന്താരശ്ശേരി പറയുന്നു. തന്റെ ജീവിതം സഫലമായെന്നും അദ്ദേഹം വിലയിരുത്തുന്നു.

ആദ്യ പുസ്തകം വൻ തിരയിളക്കമാണ് ദളിത് സമൂഹത്തിലുണ്ടാക്കിയത്. കേരള പട്ടികജാതി ഫെഡറേഷൻ തിരുവനന്തപുരം ശ്രീചിത്ര ഗ്രന്ഥശാലാ ഹാളിൽ വലിയ യോഗം സംഘടിപ്പിച്ചാണു സ്വീകരണം നൽകിയത്. ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് യോഗത്തിൽ ഗ്രന്ഥകാരനു മെഡൽ നൽകി ആദരിച്ചു.

തിരുവല്ല ഓതറയിൽ മുട്ടിനുപുറത്ത് വീട്ടിൽ കണ്ണൻ തിരുവന്റെയും മീന്തലക്കര പള്ളിപ്പറമ്പിൽ അണിഞ്ചൻ അണിമയുടെയും ഏഴു മക്കളിൽ ആദ്യത്തെയാളാണ് 29.7.1928–നു ജനിച്ച ചെന്താരശ്ശേരി. പാട്ടം കൃഷിക്കാരനും കർഷകത്തൊഴിലാളിയുമാണ് അച്ഛൻ. ഏഴു മക്കളെയും പഠിപ്പിക്കാൻ പാങ്ങില്ല. 'ചേട്ടൻ പഠിക്കട്ടെ' എന്നു പറഞ്ഞ് അനുജൻ വേലായുധൻ നാലര ക്ലാസിൽ പഠിപ്പു നിർത്തി. വീട്ടിലെ പ്രയാസങ്ങൾ മൂലം ചെങ്ങന്നൂർ ഗവ.ഹൈസ്കൂളിൽ നിന്ന് ഫിഫ്ത്ത് ഫോറത്തിൽ (9–ാം ക്ലാസിൽ) വച്ച് കോട്ടയം കാരാപ്പുഴ നായർ സമാജം എച്ച്.എസിലേക്കു മാറി ചെന്താരശ്ശേരി. അവിടെ ഹോസ്റ്റൽ സൗകര്യമുണ്ട്. നല്ല മാർക്കോടെയാണ് ഇ.എസ്.എൽ.സി പാസായത്. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ നിന്നു ഇന്റർമീഡിയറ്റും തിരുവനന്തപുരം മാർ ഇവാനിയോസിൽ നിന്ന് (ഹോസ്റ്റലിൽ താമസിച്ച്) ബി.എ. ഇക്കണോമിക്സും പാസായി.

വീട്ടിലെ ബുദ്ധിമുട്ടു മൂലം പലയിടത്തും ജോലിയ്ക്കപേക്ഷിച്ചു. 30-75 രൂപ സ്കെയ്ലുള്ള ക്ലാർക്ക് ജോലിക്ക് ആറു തവണ മെമ്മോ കിട്ടി; ശമ്പള സ്കെയിലിൽ തൃപ്തിയില്ലാത്തതുമൂലം പോയില്ല. നല്ല ജോലി കിട്ടണമെന്ന ലക്ഷ്യംവച്ച് തിരുവനന്തപുരം എം.ജി.കോളേജിൽ ബി.കോമിനു ചേർന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിച്ചു ജയിച്ചു. 1954–ൽ മൃഗസംരക്ഷണവകുപ്പിൽ 40–120 രൂപ സ്കെയ്ലിൽ തിരുവനന്തപുരത്ത് ക്ലാർക്കായി ജോലി കിട്ടി. 150 രൂപ ശമ്പളം കിട്ടും തുടക്കത്തിൽ. പിന്നെ ഇലക്ട്രിസിറ്റി വകുപ്പിൽ ഇതേ സ്കെയ്ലിൽ ക്ലാർക്കായി. എ.ജി. ഓഫീസിൽ നിന്ന് ഓഡിറ്റിങ്ങിനു വന്നവരാണു പറഞ്ഞത്, അവിടെ ഓഡിറ്റർ തസ്തികയിലേക്ക് (80–220 രൂപ സ്കെയ്ൽ) അപേക്ഷിക്കാൻ. നിങ്ങളുടെ സമുദായത്തിൽ ജോലിക്കു താൽപ്പര്യമുള്ളവരുണ്ടെങ്കിൽ അപേക്ഷിക്കാൻ ആവശ്യപ്പെട്ട് ഓൾ ട്രാവൻകൂർ പുലയ മഹാസഭയ്ക്ക് എ.ജി. (ക്വാദിരി) കത്തയച്ചിരുന്നു. ടെസ്റ്റിൽ പാസായി, തിരുവനന്തപുരം എ.ജി.ഓഫീസിൽ 1956–ൽ ഓഡിറ്ററായി. (ഒരു സ്ഥലംമാറ്റവുമില്ലാതെ. 30 വർഷം കഴിഞ്ഞ് അവിടന്നു സീനിയർ ഓഡിറ്ററായി റിട്ടയർ ചെയ്തു.)

പമ്പാ തീരത്താണ് ഓതറ. കുഗ്രാമമായിരുന്നു. കുന്നുംപ്രദേശമാണ്. വയലുകളുമുണ്ട്. കഥാപുരുഷന് 10 വയസ്സുള്ളപ്പോൾ ഒരിയ്ക്കൽ കണ്ടങ്കാളി എന്ന അപ്പൂപ്പൻ വീട്ടിൽ വന്നു രാത്രി തങ്ങി. പയ്യന്റെ സംശയങ്ങൾക്കനുസരിച്ച് അപ്പൂപ്പൻ ആ സ്ഥലത്തിന്റെ പഴയ കഥകൾ പറഞ്ഞുകൊടുത്തു: 'ഒരു 500 വർഷം മുൻപ് നാട്ടുകാരെ 'ഓതറ 75' എന്നാണു പറഞ്ഞിരുന്നത്, അവിടത്തെ ജനങ്ങൾ 75 പുലയ കുടുംബക്കാർ മാത്രം. അവർ ഓരോ കുന്നിന്റെ മുകളിലാണു താമസം. അവർക്ക് ഒരു തലവനും ആസ്ഥാനവുമുണ്ടായിരുന്നു. 'എണ്ണിയ്ക്കാട്ട്' എന്നാണ് ആ സ്ഥാനത്തിന്റെ പേര്. പിന്നീട് വെളിയിൽനിന്നു വന്നവർ അവരുടെ സ്ഥലവും മറ്റും സൂത്രത്തിൽ കൈയേറി. അവർ കടക്കാരായി' (അപ്പൂപ്പൻ കഥ പറയുന്ന കാലത്ത് അവിടെ പഴയ ബൗദ്ധ–ജൈന ആരാധനാലയങ്ങളുടെ ശേഷിപ്പുകളുണ്ടായിരുന്നു. ചാത്താമോടി (ശാസ്താമോടി) എന്നാണ് ഒരു വിഗ്രഹത്തിന്റെ പേര്. ആ കുന്നിന്റെ പേര് 'ചാത്താമോടിക്കുന്ന്'. അടുത്ത് 'മണ്ഡപത്തിൻമുകൾ' എന്ന കുന്നിലും പഴയ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. രണ്ടിടത്തും ജനം ആണ്ടുതോറും അവിലും മലരും കള്ളും നിവേദിച്ചു പൂജ നടത്തുമായിരുന്നു.) പിന്നീട് ചെന്താരശ്ശേരി കാണാൻ ചെല്ലുമ്പോൾ, ചാത്താമോടിക്കുന്നിലെ ഒരു ഗുഹയ്ക്കകത്തുള്ള ബുദ്ധവിഗ്രഹത്തിന്റെ രണ്ടു കൈയും ഒടിച്ചു കളഞ്ഞിരുന്നു.

ചെന്താരശ്ശേരി എഴുതു തുടങ്ങുന്നത് ഹൈസ്കൂളിൽ വച്ചാണ്. ആദ്യം ചെറുകഥയിലാണു കൈവച്ചത്. ആദ്യ കഥയുടെ പ്രമേയം സ്വന്തം അനുഭവം തന്നെ. ചിലപ്പോൾ സ്കൂളിലേക്കിറങ്ങുമ്പോൾ അമ്മ ഒരു പണം (4 ചക്രം) തരും, പുതുക്കുളങ്ങര ദേവീക്ഷേത്രത്തിലെ കാണിക്കപ്പെട്ടിയിലിടാനാണ്. അയിത്ത ജാതിക്കാരനായതുകൊണ്ട് ക്ഷേത്രത്തിൽ കടക്കാനാവില്ല. എന്നാൽ കാണിക്കപ്പെട്ടി ദൂരെ വച്ചിരിക്കുന്നത് അയിത്തജാതിക്കാരെയും ഉദ്ദേശിച്ചാണ്. പണത്തിന് അയിത്തമില്ല. ദൈവാരാധനയുടെ പകുതി മാത്രം അനുവദിക്കുന്നിടത്ത് കാണിക്കയും പകുതി മതിയെന്നു 'ഭക്തൻ' അങ്ങു തീരുമാനിച്ചു! രണ്ടു ചക്രമേ പെട്ടിയിലിടൂ. അതിനായി പണം നേരത്തെ ചില്ലറയാക്കിയിരിക്കും. ഈ പ്രതിഷേധ സമരമാണ് ആദ്യ കഥയുടെ പ്രമേയം. കഥ ആരെയും കാണിച്ചില്ല. കോളേജിൽ വച്ച് അത് വികസിപ്പിച്ചു നോവൽ രൂപത്തിലാക്കി, 'കർഷകന്റെ നാട്' എന്നു പേരിട്ടു. ഒരു സ്നേഹിതൻ പറഞ്ഞതനുസരിച്ച് അതു നാടകമാക്കി. നോവൽ പിൽക്കാലത്ത് പലവട്ടം മാറ്റിയെഴുതി. 'അവതാര തിര' എന്ന ആ കൃതി ഇന്നും പ്രസിദ്ധീകൃതമായിട്ടില്ല. (കാൽ നൂറ്റാണ്ടു മുൻപായിരിക്കണം അത് 'കേരളശബ്ദം' നോവൽ മത്സരത്തിൽ മൂന്നാം സമ്മാനം നേടിയത്.)

ഓതറയിൽ ആദ്യമായി ചെങ്കൊടി ഉയർത്തിയത് ചെന്താരശ്ശേരിയാണ്. തിരഞ്ഞെടുപ്പിൽ ജയിച്ച കമ്മ്യൂണിസ്റ്റ് എം.എൽ.എമാർക്കു സ്വീകരണം നൽകിയപ്പോഴാണത്. തിരുവല്ല ലോക്കൽ കമ്മിറ്റിയംഗമായിരുന്നു. പാർട്ടി പിളർപ്പിനുശേഷം രംഗം വിട്ടു.

തിരുവനന്തപുരം കേശവദാസപുരത്തെ പുളിവിള വീട്ടിൽ വേലുവിന്റെ മകൾ കമലയാണ് ചെന്താരശ്ശേരിയുടെ ഭാര്യ; പി.എസ്.സി ഓഫീസിൽ ഡഫേദാർ ആയിരുന്നു. 12.11.1957–നായിരുന്നു വിവാഹം. അഞ്ച് മക്കളുണ്ട്: എച്ച്.ശ്രീലത, അനിൽ (എഞ്ചിനീയറിംഗ് അസിസ്റ്റന്റ്, തിരുവനന്തപുരം ദൂരദർശൻ), സുജാത, ഡോ.സുനിൽ ബി.എച്ച്.എം.എസ്, ജയശ്രീ (ടീച്ചർ, ഇടുക്കി), ജയശ്രീ ഒഴിച്ച് എല്ലാവരും വിവാഹിതർ.

തിരുവനന്തപുരം പട്ടത്തെ റ്റി.കെ.ഡി റോഡിൽ ചെന്താരശ്ശേരി വീടുവച്ചു താമസമാക്കിയിട്ട് 30 വർഷമായി. സ്വന്തം ജനതയെ ഉണർത്തുക എന്ന ജീവിതലക്ഷ്യം നിറവേറിയതിൽ സന്തുഷ്ടനായി കഴിയുന്ന ചെന്താരശ്ശേരിക്ക് ഈയിടെ വലിയൊരു പുരസ്കാരം കൂടെ കിട്ടി. കാനഡയിലെ ഡോ. അംബേദ്കർ ഇന്റർനാഷണൽ മിഷന്റെ 2000–ലെ 'ഡോ. അംബേദ്കർ ഇന്റർനാഷണൽ മിഷൻ ലിറ്ററി അവാർഡി'നു തിരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന്റെ 'അംബേദ്കർ ഓൺ ഇന്ത്യൻ ഹിസ്റ്ററി'യാണ്. 25,000 രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. ഡിസംബറിൽ ചെന്നൈയിൽ സംഘടിപ്പിക്കുന്ന പൊതുചടങ്ങിൽ അവാർഡ് സമ്മാനിക്കും.

1999–ലെ 'ഡോ. അംബേദ്കർ നാഷണൽ അവാർഡ്' കിട്ടിയത് ചെന്താരശ്ശേരിയുടെ 'ഹിസ്റ്ററി ഓഫ് ദി ഇൻഡിജിനസ് ഇന്ത്യൻസി'നാണ് ■

പ്രസാദാത്മകമായ കർമ്മധീരത

മനുഷ്യത്വത്തിന് വില കല്പിക്കുന്ന ദർശനം

പി.ടി.ബി എന്ന ത്ര്യക്ഷരിയിൽ അടുപ്പമുള്ളവർ വിളിച്ചിരുന്ന പി.ടി.ഭാസ്കരപ്പണിക്കർ എനിയ്ക്ക് ഒരു വിസ്മയമായിരുന്നു. പ്രതിഭയുടെ ഒരു തീപ്പൊരി ആരിലെങ്കിലും ഉണ്ടെങ്കിൽ, പി.ടി.ബിയുമായി ബന്ധപ്പെടാൻ ഇടവന്നിട്ടുണ്ടെങ്കിൽ ആ അഗ്നിബിന്ദുവിനെ ഊതിക്കത്തിച്ചുവിടുന്ന കാര്യം അദ്ദേഹം ഏറ്റു എന്ന് ഉറപ്പിക്കാം. അത്തരത്തിൽ കേരളത്തിൽ നിരവധി എഴുത്തുകാരേയും, പ്രഭാഷകരേയും, സാമൂഹ്യപ്രവർത്തകരേയും ഊതിക്കാച്ചിയെടുത്ത നിഷ്കാമകർമ്മിയായിരുന്നു അദ്ദേഹം. ഭാസ്കരപ്പണിക്കർ മരിച്ചിട്ട് ഡിസംബർ 30 ന് നാലു വർഷം തികഞ്ഞു.

വ്യക്തമായും മൂന്നു സവിശേഷതകൾ ഞാൻ അദ്ദേഹത്തിൽ കണ്ടിട്ടുണ്ട്. എങ്ങും ഇതുവരെ ദർശിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രസാദാത്മകതയും സമഭാവനയും ആദർശനിഷ്ഠയും അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. അറുപതുകളുടെ അവസാനംതൊട്ടാണ് അദ്ദേഹം തിരുവനന്തപുരത്തെ കലാ–സാംസ്കാരിക, സാമൂഹിക-വിദ്യാഭ്യാസ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്നത്. തൂവെള്ള മുറിക്കയ്യൻ ഷർട്ടിട്ട്, മുണ്ടും മടക്കിക്കുത്തി കുടയും പിടിച്ച്, തിരുവനന്തപുരത്തെ പ്രധാന വീഥിയിലൂടെ വൈകുന്നേരങ്ങളിൽ ധൃതിപിടിച്ചു നടന്നുപോയിരുന്ന പി.ടി.ബിയുടെ കുലീനതയും, വ്യക്തിവൈഭവവും അനിതര സാധാരണമായിരുന്നെന്ന് ആരും സമ്മതിക്കും. അദ്ദേഹവുമായി ബന്ധപ്പെട്ടാൽ ഏതു കീറാമുട്ടിയ്ക്കും ഒരു പരിഹാരം കിട്ടും. ഏതൊരു നിസ്സാര കാര്യത്തെക്കുറിച്ചും ഒരു ഗ്രന്ഥം രചിക്കാനുള്ളത്ര വിഭവങ്ങൾ സംഭാഷണമധ്യേ പറഞ്ഞു തരും. ആളുകളെ ഉത്സാഹിപ്പിച്ച് അവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ പുറത്തുകൊണ്ടുവരുന്ന ഒരു 'ടാസ്ക്മാസ്റ്റർ' പി.ടി.ബിയെപ്പോലെ അധികമാരുമില്ല എന്നുറപ്പാണ്.



വിജ്ഞാനത്തിന്റെ അപാരമായ കടലിലേക്ക് എടുത്തുചാടാൻ മടിച്ചു നിൽക്കുന്നവരെ അദ്ദേഹം പ്രേരിപ്പിക്കും. അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'കാർഡെഴുത്ത്' (ഒരു ദിവസം പത്തു നാല്പതു പോസ്റ്റുകാർഡുകൾ എഴുതി അയക്കുന്ന ജീവിതശൈലിയെക്കുറിച്ച് മകൻ സുരേഷ് പറഞ്ഞിട്ടുണ്ട്) വഴി അശ്രാന്തപരിശ്രമികളായ അഭ്യസ്തവിദ്യരും സാധാരണക്കാരുമുണ്ട്. 1968-ൽ പയ്യന്നൂർ കോളേജിൽ ജൂനിയർ ലക്ചററായി ജോലി ചെയ്തിരുന്ന കാലത്ത് പി.ടി.ബിയുടെ ഒരു കത്ത് (പോസ്റ്റുകാർഡ് തന്നെ) എനിക്കുകിട്ടി, വിശ്വവിജ്ഞാനകോശത്തിൽ ശാസ്ത്രലേഖനങ്ങൾ എഴുതി അയക്കാൻ. പ്രസ്തുതകോളേജിൽതന്നെ എന്റെ സഹപ്രവർത്തകനായിരുന്ന കെ.കുഞ്ഞികൃഷ്ണനും (ഇപ്പോൾ ദൂരദർശൻ ഡയറക്ടറേറ്റിൽ ഡയറക്ടർ ജനറൽ) ഇതേതരത്തിൽ ആജ്ഞ കിട്ടി. യഥാർത്ഥത്തിൽ പി.ടി.ബിയുടെ ക്ഷണം വിശാലമായ ഒരു ലോകത്തിലേക്കായിരുന്നു എന്ന് എനിക്ക് പിൽക്കാലത്ത് മനസ്സിലായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച സ്പെഷൽ എംപ്ളോയ്മെന്റ് പ്രൊജക്റ്റിൽ സബ് എഡിറ്ററായി ചേർന്ന അവസരത്തിൽ അദ്ദേഹത്തിന്റെ ചതുരശ്രശോഭയാർന്ന വ്യക്തിപ്രഭാവം ഞാൻ അടുത്തുനിന്ന് കണ്ടു. സംഘാടകൻ, വാഗ്മി, എന്നീ നിലകളിൽ ജനകീയാംഗീകാരം നേടിയ പി.ടി.ബി തനിയ്ക്ക് മനസ്സിൽ പിടിക്കാത്ത പ്രവൃത്തി ആരു ചെയ്താലും നിശിതമായി മുഖത്തുനോക്കിപ്പറയും. ''1981 ലാണെന്നുതോന്നുന്നു ആകാശവാണിയിലെ പ്രോഗ്രാം അഡ്വൈസറിസമിതി അംഗമായിരുന്നപ്പോൾ ശാസ്ത്രഗവേഷണം സംബന്ധിച്ച ചില നൂതനാശയങ്ങൾക്ക് തർക്കം പിടിച്ച നിലയം ഡയറക്ടറോട് പി.ടി.ബി മുഖത്തടിച്ചതുപോലെ പറഞ്ഞു ''നിങ്ങൾ മാറാതെ ഈ കാര്യം നടക്കാൻ പോണില്ല്യാ" നടക്കാത്ത കാര്യങ്ങൾ എന്നൊന്ന് അദ്ദേഹത്തിന്റെ നിഘണ്ടുവിലില്ല. സൂര്യനുതാഴെയുള്ള ഏതുവിഷയമായാലും ശരി ഒറ്റ ദിവസംകൊണ്ട് ഒരു ചെറുഗ്രന്ഥം അദ്ദേഹം രചിക്കും. അഞ്ചാറുമാസം കൊണ്ട് തന്റെ കൂടെയുണ്ടായിരുന്ന യുവശാസ്ത്ര–സാഹിത്യകാരന്മാരെക്കൊണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്നു വേണ്ടി അദ്ദേഹം 75 ഓളം രചനകൾ നടത്തിച്ചു എന്നത് അത്ഭുതമാണ്. വൈവിധ്യമാർന്ന വിഷയങ്ങളിൽ പി.ടി.ബി നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ചിരുന്നു. അവയ്ക്കു പുറമെ വിശ്വ വിജ്ഞാനകോശം തൊട്ട് പല വിജ്ഞാനസാഹിത്യഗ്രന്ഥങ്ങളും നിഷ്കർഷയോടെ തയ്യാറാക്കി. കർമ്മധീരതയുടെ മറ്റൊരു പേരാണ് പി.ടി.ഭാസ്കരപ്പണിക്കർ. ശാസ്ത്രസാഹിത്യപരിഷത്ത്, ഗ്രന്ഥശാലാസംഘം, കാൻഫഡ്, ലെനിൻ ബാലവാടി, സ്റ്റെപ്സ്, ഇസ്ക്കസ്, ഭരണപരിഷ്കാരവേദി തുടങ്ങി നിരവധി സംഘടനകളുടേയും സ്ഥാപനങ്ങളുടേയും മുന്നണിയിൽ അദ്ദേഹം എന്നും ഉണ്ടായിരുന്നു.

1946–ൽ പാലക്കാട്ടെ പെരിഞ്ഞനം സ്കൂളിൽ അധ്യാപകനായി ചേർന്നതു മുതൽ അദ്ദേഹം കേരളത്തിലെ വിദ്യാഭ്യാസമണ്ഡലം കർമ്മനിരതമാക്കാൻ ജീവിതത്തിന്റെ എല്ലാ മേഖലയിലുമുള്ളവർക്ക് വെളിച്ചം നൽകി. 1954–ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റായും, ജോസഫ് മുണ്ടശ്ശേരിയുടെ പ്രൈവറ്റ് സെക്രട്ടറിയായും ദീർഘകാലം സർവ്വീസ് കമ്മീഷൻ അംഗമായും തുടർന്ന് നിരവധി സന്നദ്ധസംഘടനകളുടെ ചുക്കാൻപിടിച്ചും രാഷ്ട്രീയ വീക്ഷണങ്ങൾക്കപ്പുറം കണ്ണുപായിച്ച് മനുഷ്യത്വത്തിന് വിലകല്പിക്കുന്ന ഒരു ദർശനം അദ്ദേഹം സൂക്ഷിച്ചു. ശാസ്ത്രമാനവികതയാണ് നമുക്ക് വേണ്ടത് എന്നദ്ദേഹം കരുതി. ചുരുക്കം ചിലർക്കു മാത്രമേ രാഷ്ട്രീയരംഗത്തും സാംസ്കാരികരംഗത്തും ഒരുപോലെ കാലുറപ്പിക്കാൻ സാധിക്കൂ. അരനൂറ്റാണ്ടു കാലം പി.ടി.ഭാസ്കരപ്പണിക്കർക്ക് അതുസാധിച്ചു.■

എ.പ്രഭാകരൻ

classified advertisements

ജാതകം

സമ്പൂർണ്ണ ജാതകം സൂക്ഷ്മമായി ഗണിച്ചു തയ്യാറാക്കി ഫലനിരൂപണം ചെയ്ത് അയച്ചുകൊടുക്കും. K. Sreedharan, P.O. Puthoor, Panoor, Kannur 670 692, Ph : 0490 312672

BOOKS

മന:ശാസ്ത്രവിജ്ഞാനകോശം: ആന്റണി മൈക്കൾ തയ്യാറാക്കിയത്. മുഖവില 400. പ്രി പബ്ലിക്കേഷൻ 250. തവണ 100+100+100. വിദേശം 500. പ്രസിദ്ധീകരണം 2002 ജനുവരി. വിശദവിവരങ്ങൾക്ക്, UNIQUE BOOKS, ALAPPUZHA. 688 003

145 രൂപയുടെ പുസ്തകം 100 രൂപയ്ക്ക്. ഹിപ്നോട്ടിസം തത്ത്വവും പ്രയോഗവും– 40. നിത്യജീവിതത്തിലെ മാനസിക പ്രശ്നങ്ങൾ– 50. പ്രേമത്തിനൊരു മുഖവുര– 25. പ്രായോഗിക മന:ശാസ്ത്രചിന്തകൾ– 30. 100 രൂപ M.O അയക്കുക VPP 115. UNIQUE BOOKS, ALAPPUZHA. 688 003, Tele. 252488. 9846117288

MEDICAL

സോറിയാസിസ് രോഗം പഴക്കമുള്ളതാണെങ്കിലും പ്രാചീന താളിയോല ചികിത്സയിലൂടെ പൂർണ്ണമായും സുഖപ്പെടുത്തുന്നു.

ലൈംഗികശേഷി വാർദ്ധക്യത്തിലും നിലനിർത്താൻ, മൂലക്കുരു, പ്രമേഹം, മുഖക്കുരു, കൈകാൽ മുട്ടുകളിലെ ആണി തുടങ്ങിയ അസുഖങ്ങൾ പൂർണ്ണമായും താളിയോല ചികിത്സയിലൂടെ സുഖപ്പെടുത്തുന്നു. ധന്വന്തരി ആയുർവ്വേദിക്സ്, നന്മണ്ട, കോഴിക്കോട് – 673613

BUSINESS OFFER

EARN 9800/- PER MONTH! Do some paper work at your home! FREE DETAILS. Send stamped envelop. Subin V.R., Vattaparambil, P.O. Porathissery - 680125, Thrissur.
ACB/15159/01

ജീവിതം എന്നെ എന്തു പഠിപ്പിച്ചു?

നാം ജീവിതത്തിൽ നിന്നും എന്തെങ്കിലും പഠിക്കുന്നുണ്ടോ? സംസ്ക്കാര സമ്പന്നമായ ഒരു പൈതൃകം അവകാശപ്പെടാൻ നമുക്ക് എന്താണ് യോഗ്യത? ഏതൊരു സമൂഹത്തെയും രൂപപ്പെടുത്തുന്നത് ആ സമൂഹത്തിന്റെ കണ്ണീർ ഏറ്റുവാങ്ങുന്നവരാണെന്ന യാഥാർത്ഥ്യം നാം മറക്കുകയാണോ? യാത്രയ്ക്കിടയിൽ എന്ന ഈ പംക്തിക്ക് എന്നെ പ്രേരിപ്പിച്ചത് സദാ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഈ ചോദ്യങ്ങളാണ്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ പുകൾപെറ്റ പലരുമായും കത്തിടപാടു നടത്തി. പ്രതികരണം തികച്ചും ആശാജനകമായിരുന്നു. അവരുടെ പ്രതികരണമാണ് ഈ പംക്തി

സമ്പാദകൻ: ടി. എൻ. ജയചന്ദ്രൻ



പി.കെ.പാറക്കടവ്

ഫോറങ്ങൾ പൂരിപ്പിക്കുക, ക്യൂ നിൽക്കുക, 25 പൈസ തുട്ടുകൊടുത്ത് റെയിൽവേ സ്റ്റേഷനിലെയും ബസ്സ്റ്റാൻഡിലെയും മൂത്രപ്പുരകളിൽ കയറി മൂത്രമൊഴിക്കുക, പല നിറങ്ങളിൽ ചായംതേച്ച തുണിക്കഷണങ്ങളുടെ പേരിൽ അടിപിടികൂടുക– ഇതിനിടയിൽ എവിടെ സാറേ ജീവിതം?

●

വലിയ ആളുകളും വലിയ കൃതികളും അത്ര വലുപ്പമുള്ളതല്ലെന്നറിയാം– ചെറുത് സുന്ദരം മാത്രമല്ല, വലുതുംകൂടിയാണ്.

●

പടിയിറങ്ങാൻ കൊട്ടാരവും പുറത്ത് ബോധിവൃക്ഷവുമുണ്ടായാൽപോലും ഞാനൊരു സിദ്ധാർത്ഥനാവുകയില്ല. കാരണം കുടുംബം ഒരു അരയാൽവൃക്ഷംകൂടിയാകുന്നു.

●

റേഷനരി വിതരണം ചെയ്യുംപോലെ ഓരോ ആഴ്ചയും വിതരണം ചെയ്യേണ്ട ഒന്നല്ല സാഹിത്യം. പന്ത്രണ്ടുവർഷം കഴിഞ്ഞ് പൂക്കുന്ന നീലക്കുറിഞ്ഞിപ്പൂവുമല്ല അത്.

●

ഞാൻ എഴുതാനിരിക്കുമ്പോൾ ഗബ്രിയേൽ മാലാഖ എന്നോടൊപ്പമുണ്ടാകും. എഴുതിക്കഴിഞ്ഞാൽ എന്റെ ആദ്യവായനക്കാരി എന്തുപറയുന്നു എന്നാരായും. ഇതല്ലാതെ രചനാവേളയിൽ ഗബ്രിയേൽ ഗാർസിയ മാർക്കേസിനെപ്പോലും ഇടപെടാൻ അനുവദിക്കാറില്ല.

●

അഹങ്കാരിയെന്നും പരുക്കൻ പ്രകൃതക്കാരനെന്നും ചിലരെങ്കിലും പറയുന്നവരുടെ ഹൃദയശുദ്ധിയും നന്മയും തൊട്ടറിയാൻ കഴിഞ്ഞിട്ടുണ്ട്. പൂപോലെ മൃദുലരെന്നു കരുതുന്നവരുടെ മുള്ളുകളേറ്റു മുറിഞ്ഞിട്ടുമുണ്ട്.

●

മരണം മറ്റൊരു മരത്തണൽ മാത്രം. അതിനപ്പുറവും ജീവിതമുണ്ട്.

●

സ്വയം കത്തുന്നവർക്കേ മറ്റുള്ളവർക്കു വെളിച്ചം നൽകാനാവൂ.

●

ഉറുമ്പും പാറ്റയും കൂറയും ഇവിടെ എനിക്കുമുൻപേ വന്നവർ. അവരുടേതുകൂടിയാണ് ഈ ഭൂമി. അതുകൊണ്ട് 'ഭൂമിയിൽ അഹങ്കാരത്തോടെ നടക്കരുത്' എന്ന വചനം എനിക്ക് പ്രിയപ്പെട്ടത് ■

'മാധ്യമം' ദിനപത്രത്തിന്റെ സബ്എഡിറ്റർ. നേരത്തെ കുറച്ചുകാലം ബഹ്റൈൻ, യു.എ.ഇ, ഖത്തർ എന്നീ ഗൾഫ്നാടുകളിൽ പ്രവർത്തിച്ചു. 'ഖോർഫുക്കാൻ കുന്ന്' (കഥകൾ), 'ഞായറാഴ്ച നിരീക്ഷണങ്ങൾ' (വിവർത്തനക്കവിതകൾ), 'ഗുരുവും ഞാനും' (ബാലസാഹിത്യം) തുടങ്ങി പതിനൊന്നു പുസ്തകങ്ങൾ. 'മൗനത്തിന്റെ നിലവിളി' (കഥകൾ) 1995–ൽ എസ്.കെ.പൊറ്റെക്കാട്ട് അവാർഡ് നേടി; 'തോണി' എന്ന കഥ, 'ഫൊക്കാന' അവാർഡും.